അലി ശരീഅത്തി

# സാമൂഹ്യശാസ്ത്ര ലേഖനങ്ങൾ

വിവർത്തകൻ
കെ.സി. സലീം



ഇസ്ലാമിക് ഫൗണ്ടേഷൻ പ്രസ്സ്

അരീക്കോട് - 673 639

Malayalam Title
**Samoohya Sastra Lekhanangal**

Original Title
**Man and Islam**

Author
**Ali Shareeati**

Translator
**K.C. Saleem**

Publisher
**Islamic foundation Press**
**Areekode-673 639**
**Kerala, India**

Printed at
**United Commercial Printes**
**Elayur, Areekode**

First Edition
**February**
**1985**
**All Rights Reserved**

## ഉള്ളടക്കം


| | | |
|---|---|---|
| 1. | പ്രസാധകക്കുറിപ്പ് | 9 |
| 2. | പ്രപഞ്ചവീക്ഷണം | 11 |
| 3. | നാലു തടവറകൾ | 42 |
| 4. | മനുഷ്യൻ | 73 |
| 5. | സാംസ്കാരിക സമൂഹം: ഒരു പിരമിഡ് | 89 |
| 6. | സാംസ്കാരിക വിഭവങ്ങൾ | 120 |
| 7. | ആദർശം | 157 |
| 8. | ബുദ്ധിജീവികളുടെ പങ്ക് | 187 |

# പ്രസാധകക്കുറിപ്പ്

അലിശരീഅത്തിയുടെ ചിന്തകൾ നമ്മുടെ നാട്ടിൽ പ്രവേശിക്കാൻ തുടങ്ങിയത് 1979 ഫെബ്രുവരി മുതലിങ്ങോട്ടാണ്. അതായത് അവ അദ്ദേഹത്തിന്റെ രാജ്യമായ ഇറാനിൽനിന്ന് ഒരിസ്‌ലാമിക വിപ്ലവമായി രൂപപ്പെടുകയും ഒരിസ്‌ലാമിക് റിപ്പബ്ലിക്കിനു പിറവി നൽകുകയും ചെയ്തതിനുശേഷം. അപ്പോഴേക്കും ആ ദിവ്യനിഷ്യന്ദം നിലച്ചു കഴിഞ്ഞിരുന്നു. 1977 ജൂൺ 19നു ലണ്ടനിൽവെച്ചു ഷാപഹ്‌ലവിയുടെ ഖലഹൃദയരായ രഹസ്യപ്പോലീസുകാർ അലി ശരീഅത്തിയെ വധിക്കുകയാണുണ്ടായത്. അതിനാൽ വിജയത്തിലെത്തിയ ഒരു സമകാലിക വിപ്ലവത്തിന്റെ ദാർശനിക ഗുരുവിന്റേതെന്നപോലെത്തന്നെ അതിന്റെ വിലപ്പെട്ട ഒരു രക്തസാക്ഷിയുടേതെന്ന നിലയക്കുകൂടിയാണ് ഇവിടത്തുകാർ ശരീഅത്തി ചിന്തകലുമായി പരിചയപ്പെട്ടത്. അവയ്ക്കു അവിടെ പെട്ടെന്നു സിദ്ധിച്ച പ്രചുരപ്രചാരത്തിന് ഭാഗികമായി ഇതും കാരണമായിരിക്കാം. എന്നാൽ പ്രധാനകാരണം ആ ചിന്തകളിൽ കാണപ്പെടുന്ന പ്രത്യേകതകളും പ്രതിപാധന ശൈലിയിലുള്ള വശ്യതയും മൂന്നാം ലോക രാഷ്ട്രങ്ങളിൽ പ്രത്യേകിച്ച് അവയ്ക്കുള്ള പ്രസക്തിയും തന്നെയായിരിക്കണം ശരീഅത്തിയുടെ പ്രചോദനമൂല്യങ്ങളാൽ പരിവർത്തിപ്പിക്കപ്പെടേണ്ട പരിതഃസ്ഥിതികളിൽ ജീവിക്കുന്നവർ അവ സതൃഷ്ണം വായിച്ചു കൊള്ളുക സ്വാഭാവികമാണല്ലോ.

ഇസ്‌ലാമിക് ഫൗണ്ടേഷൻ പ്രസ്സിലൂടെ മലയാളത്തിലെത്തുന്ന അലീ ശരീഅത്തിയുടെ മൂന്നാമത്തെ പുസ്തകമാണ് ഈ സാമൂഹ്യശാസ്ത്ര സമാഹാരം. ആറു പ്രഭാഷണങ്ങളും ചില ചോദ്യോത്തരങ്ങളുമാണ് ഇതിൽ സ്വരൂപിച്ചിരിക്കുന്നത്. ഫ്രാൻസിൽനിന്നു സാമൂഹ്യശാസ്ത്രത്തിലും ചരിത്രത്തിലും ഡോക്ടറേറ്റ് നേടി തിരിച്ചെത്തിയശേഷം ഇറാനിലെ വിവിധ യൂണിവേഴ്സിറ്റികളിലായി ശരീഅത്തി നടത്തിയതാണിവ. ഗുലാം എം. ഫായസിന്റെ ‘മാൻ ആൻഡ് ഇസ്‌ലാം’ എന്ന ഇംഗ്ലീഷ് വിവർത്തനമാണ് ജനാബ് കെ. സി. സലീം ഈ മൊഴിമാറ്റത്തിന് ഉപയോഗിച്ചിട്ടുള്ളത്.

1964 കാലത്താണ് ശരീഅത്തി ഈ പ്രഭാഷണങ്ങൾ ചെയ്തിട്ടുള്ളതെന്ന സംഗതി ഓർത്തുകൊണ്ടുവേണം ഈ സമാഹാരം പാരായണം ചെയ്യാൻ. എന്തുകൊണ്ടെന്നാൽ ശരീഅത്തി ജീവിച്ച ഇറാനല്ല ഇന്നത്തെ ഇറൻ. മറിച്ച് അദ്ദേഹം ദർശിച്ചതും കൊതിച്ചതുമായ ഇറാനാണ് ഇന്നത്തേത്. അതുകൊണ്ടുതന്നെ വിപ്ലവപൂർവ്വ ഇറാനോട് സാദൃശ്യമുള്ള ഇറാനേതര പ്രദേശങ്ങളിലായിരിക്കും ശരീഅത്തിയുടെ മറ്റു പല കൃതികളെയും പോലെ ഇതിലെ ചില ഭാഷണങ്ങൾക്കും പ്രസക്തി. ജീവിതത്തിന്റെ അടിയിലോളം ഇറങ്ങിച്ചെന്നും ചുറ്റുപാടിന്റെ ആവശ്യങ്ങളറിഞ്ഞുമാണ് അദ്ദേഹം ചിന്തച്ചതും എഴുതിയതും പറഞ്ഞതുമെന്നതിനാലാണിത്.

മതത്തെ ഒരു ബഹുജന സംസ്കാരവും ദൈനംദിന ജീവിത്തിലെ ആവശ്യ വസ്തുവുമാക്കാൻ കഴിഞ്ഞുവെന്നതാണ് ശരീഅത്തി രചനകളുടെ സർവ്വോപരിയായ വിജയം. മതചടങ്ങുകൾ അവയുടെ ചൈതന്യമറിയാതെയും ആന്തരാർത്ഥം ഗ്രഹിക്കാതെയും ശീലിക്കുകയും പാലിക്കുകയും ചെയ്യുന്ന ഇവിടങ്ങളിൽ ശരീഅത്തി കൃതികൾക്ക് തീർച്ചയായും പല പങ്കും നിർവ്വഹിക്കാനുണ്ട്. ജീവിതം കൊണ്ട് എന്തുചെയ്യണമെന്ന് നിശ്ചയമില്ലാത്തവരെയും ഭൗതികവാദത്തിനടിപ്പെട്ട് ജീവിതം ദുരുപയോഗപ്പെടുത്തുന്നവരെയും ഇരുത്തിച്ചിന്തിപ്പിക്കാനും അവയ്ക്കുള്ള കഴിവ് അസാമാന്യമാണ്. തഖീ ആറാനിയുടെയും ഇഹ്സാൻ ത്വബ്‌രിയുടെയും ഭൗതികവാദചിന്തകൾക്ക് ഇറാൻ ജനത ഒരു വരവേൽപും നൽകാതിരുന്നതിന് ശരീഅത്തിതന്നെയാണ് മുഖ്യ കാരണക്കാരൻ. ഇതിൽ കൂടുതലായി, ഈ പുസ്തകത്തിലെ പ്രതിപാദ്യത്തെപ്പറ്റി ഒരു മുൻധാരണയും സൃഷ്ടിച്ചുതരാൻ തടഞ്ഞു നിർത്താതെ വായനക്കാരെ നേരെ ഉള്ളിലേക്ക് കടത്തിവിടുകയാണ്. ശരീഅ

ത്തിയുടെ അഭിലാഷവും ജീവിതഫലവുമായ ഇറാൻ ഇസ്‌ലാമിക വിപ്ലവത്തിന് സമഗ്ര വിജയം ആശംസിച്ചികൊണ്ട് ഈ കൃതി മലയാളികളുടെ മുമ്പാകെ കാഴ്ചവെയ്ക്കുന്നു.

അരീക്കോട്}

12-12-84

**- ഇസ്‌ലാമിക് ഫൗണ്ടേഷൻ പ്രസ്സ്**

# പ്രപഞ്ച വീക്ഷണം

ദാർശനികവും സാമൂഹ്യശാസ്ത്രപരവും നരവംശശാസ്ത്രപരവുമായ ഒരു വിഷയമായി വണം പ്രപഞ്ചവീക്ഷണം എന്നതിനെ കാണാൻ. ഭൂമിശാസ്ത്രം നിർവജിക്കുന്നത് പോലെയോ വിശദീകരിക്കുന്നത്പോലെയോ മനുഷ്യൻ ഒരിക്കലും ലോകത്തെ ോക്കി ക്കാണുന്നില്ല. ഒരു വ്യക്തിയുടെ ലോകവീക്ഷണം അവനുൾക്കൊള്ളുന്ന സമൂഹത്തിന്റെ പ്രത്യേകമായ ആത്മീയ ഭൗതിക ഘടകങ്ങളാൽ പലപ്പോഴും സ്വാധീനിക്കപ്പെടുന്നുണ്ട്. തന്റെ നാട്ടിലുണ്ടാകുന്ന ഏതു മാറ്റങ്ങളും, വികാസങ്ങളും, സ്വാഭാവികമായും, സ്വന്തം ലോകത്തിനപ്പുറത്തുള്ള വിശാലമായ ലോകത്തെക്കുറിച്ച് അവൻ അന്നുവരെ വച്ചു പുലർത്തിക്കൊണ്ടിരുന്ന കാഴ്ചപ്പാടുകളിൽ മാറ്റം വരുത്തുന്നു. ബാഹ്യലോകത്തെക്കു റിച്ച് ഒരാളുടെ മനസ്സിലുള്ള ചിത്രം അയാൾ സാമൂഹ്യമായി ഏത് വർഗ്ഗത്തിലാണോ ആ വർഗത്തിന്റെ ചട്ടക്കൂടുകളും രൂപഭാവങ്ങളുമായി സജാത്യമുള്ളതായിരിക്കും. അയാ ളുടെ കണ്ണിൽ അയാളുൾക്കൊള്ളുന്ന സമൂഹത്തിന്റെ തദ്‌രൂപമാണ് ബാഹ്യലോകം. അതിനാൽ സാമൂഹ്യശാസ്ത്രം പ്രേക്ഷകനെ കാണുന്നത്, ഒരു വസ്തുവെ തന്റെ ഭാവന യയ്ക്കനുസരിച്ച് രൂപപ്പെടുത്തുന്ന ശില്പകലാ വിദഗ്ദനോ പെയിന്ററോ ആയാണ്.

ബന്ധിത സമൂഹത്തിൽ കഴിയുന്ന ഒരാളുടെ വീക്ഷണത്തിൽ ലോകം നിശ്ചലവും ബന്ധനസ്ഥവുമായ ഒന്നായിരിക്കുമെന്ന് ഹെന്റി ബർഗ്സൺ പറയുന്നു. നേരെ മറിച്ച് ഒരു തുറന്ന സമൂഹത്തിൽ ജീവിക്കുന്ന ഒരാളുടെ അഭിവീക്ഷണത്തിൽ ലോകം അനന്തവും വിശാലവും ചലനാത്മകവുമായിരിക്കും. ആദ്യം പറഞ്ഞ വീക്ഷകന്നു തന്റെ രാജ്യത്തേക്കാൾ അല്പം വലിയ, ബന്ധുക്കളും അയൽവാസികളും ഇതരവർഗ്ഗങ്ങളുമട ങ്ങുന്ന പരിമിതമായ ഒരു വൃത്തമായിരിക്കും ലോകം. ഭൂമിക്കുമേലെ പരന്നു കിടക്കു ന്നതും കണ്ണെത്താവുന്ന രണ്ട് ചക്രവാളങ്ങളിൽ അവസാനിക്കുന്നതുമായ ഒരു വിതാനം മാത്രമായിരിക്കും ആകാശം. ലോകത്തിന്റെ അതിർത്തിയായിരിക്കും ഖാഫ്മല. ജബോൽസാ-ജബോൽഖാ* ദ്വീപുകൾ ലോകത്തിന്റെ രണ്ടറ്റങ്ങളായിരിക്കും. അറേബ്യൻ ഉപഭൂഖണ്ഡത്തിൽ ജീവിക്കുകയും അബദാന്നപ്പുറമുള്ള ഭൂപ്രദേശങ്ങളിൽ ജീവനോ വസ്തുക്കളോ നിലനിൽക്കുന്നില്ലെന്ന മൂഢധാരണയിലെത്തപ്പെടുകയും ചെയ്യപ്പെടുന്ന ഒരാളെപ്പോലെയാണയാൾ. തനിക്കപ്പുറമുള്ള ലോകത്തെക്കുറിച്ച് തികച്ചും അന്ധകാര നായി അന്ധകാരത്തിന്റെ ലോകത്ത് തന്റേതായ തടവറയിൽ ജീവിക്കുന്ന ഒരാൾ.

മതവും സമൂഹവും എല്ലായ്പ്പോഴും ബിഹ്യലോകത്തെക്കുറിച്ച മനുഷ്യന്റെ പരിപ്രേ ക്ഷ്യത്തെ നിർണ്ണയിക്കുന്നു. ജീവിതരീതികളും ശൈലികളും പാരമ്പര്യങ്ങളും വൈയ ക്തിക സാമൂഹ്യാവകാശങ്ങളും അടങ്ങുന്ന സമുച്ചയത്തെ അനന്തമായി നിലനിർത്തുന്ന ഒന്നാണ് സമൂഹമെന്നു പൊതുവിൽ പറയാം. അതേപോലെ പൂർണ്ണവും

* ജബോൽസയും ജബോൽഖയും രണ്ട് സാങ്കൽപിക നഗരങ്ങളാണ്. ഒന്നാമത്തേത് പടിഞ്ഞാറിന്റെ അതിർത്തിയിൽ സ്ഥിതിചെയ്യുന്നു. അതിന്നു ആയിരം കവാടങ്ങളുണ്ടെന്നും ഓരോ കവാടത്തിനും ആയിരം കാവൽക്കാർ വീതമുണ്ടെന്നും ഇതിഹാസങ്ങൾ പറയുന്നു. ഇത്രതന്നെ കവാടങ്ങളോടും കാവൽക്കാരോടും കൂടി കിഴക്കിന്റെ അതിർത്തിയിൽ സ്ഥിതിചെയ്യുന്നതാണ് ജബോൽഖ. സൂഫിസ ത്തിന്റെ പ്രതീകാത്മകഭാഷയിൽ ഈ രണ്ട് സങ്കൽപക നഗരങ്ങൾ സൂഫീ പാതയുടെയ ആദ്യ ത്തെയും ഒടുവിലത്തെയും ഘട്ടങ്ങൾ കുറിക്കുന്നു.

സ്ഥായിയും മാറ്റമില്ലാത്തതും യുക്തി ഭദ്രവും ലളിതവുമായ വിശ്വാസകർമ്മങ്ങളുടെ സമാഹാരമാണ് മതം. ജനഹൃദയങ്ങളിൽ ഒന്നുപോലെ ചോദ്യം ചെയ്യപ്പെടാതെയും നിസർഗജമായി പിന്തുടരപ്പെട്ടും നിലനിൽക്കുന്നു അത്. ദർഖീമിന്റെ വാക്കുകളിൽ, സാമൂഹ്യ ചൈതന്യത്തിന്റെ ബഹിർപ്രകനമാണ് മതം. അതാണു സമൂഹത്തിനു വിശുദ്ധി നൽകുന്നത്.

ഒരു വ്യക്തിയുടെ ലോകത്തോടുള്ള നിലപാട് അയാളുടെ കർമ്മങ്ങളെ പലപ്പോഴും നിർണ്ണയിക്കുന്നു. ലോകത്തെക്കുറിച്ച് നമുക്കുള്ള സങ്കൽപ്പങ്ങൾ നമ്മുടെ വിശ്വാസ കർമ്മങ്ങളിലും സ്വകാര്യജീവിത്തിലും പെരുമാറ്റത്തിലും സ്വാധീനം ചെലുത്തും. ആ നിലയ്ക്ക് ലോകവീക്ഷണത്തെക്കുറിച്ചുള്ള അന്വേഷണം, വാസ്തവത്തിൽ, മനുഷ്യനെക്കുറിച്ചുള്ള അന്വേഷണമാണ്. ഒരു പ്രത്യേകവിഭാഗത്തിന്റേയോ ചിന്താസരണിയുടെയോ ലോകവീക്ഷണത്തെക്കുറിച്ച് പഠിക്കുക എന്നതിനർത്ഥം, ആ വിഭാഗം ഇന്നോളം വളർത്തി വികസിപ്പിച്ചുകൊണ്ടുവന്ന സാംസ്കാരികരീതികളെയും സവിശേഷതകളെയും കുറിച്ച് പഠിക്കുകയെന്നാണ്.

ലോക വീക്ഷണങ്ങൾ വിഭിന്ന പ്രകടിപ്പിക്കപ്പെട്ടിട്ടുണ്ടെന്നു സാമൂഹ്യശാസ്ത്രവും നരവംശശാസ്ത്രവും പറയുന്നു. പേർഷ്യൻ കഥകളിലും കവിതകളിലും ചൊല്ലുകളിലും കാണുന്ന രണ്ടുദാഹരണങ്ങളെടുക്കാം. ഹാഫിസന്റെ കവിതയിൽ ഒരുതരത്തിലുള്ള ലോക വീക്ഷണം പ്രതിഫലിച്ചു നിൽക്കുന്നു: "ഈ നിമിഷത്തെ കഴിയും വേഗം പിടിച്ചെടുക്കുക; കാമണം, ശ്യൂന്യതയ്ക്കകത്തുള്ള ശ്യൂന്യതയാണു ലോകം,". ഈ വരികളിൽ ലക്ഷ്യമില്ലാതെ വൃഥാനിലനിൽക്കുന്ന ഒരു ലോകം വീക്ഷിക്കപ്പെട്ടിട്ടുള്ളത്. അതിന്റെ രണ്ടാമത്തെ വരിയിൽ ഒരു വ്യക്തിയുടെ സ്വകാര്യ സാമൂഹ്യ-ജീവിതത്തെ ശക്തമായിത്തന്നെ സ്വാധീനിക്കുമാറുള്ള ഒരു ലോകവീക്ഷണമാണ് കവി മുമ്പോട്ടുവെക്കുന്നത്.

എന്നാൽ ജലാലുദ്ദീൻ റൂമിയുടെ പ്രപഞ്ചവീക്ഷണം ഹാഫിസിന്റേതിൽനിന്നും തികച്ചും വ്യതിരക്തി പുലർത്തുന്നു: "ഒരണു അതിന്റെ യഥാസ്ഥാനത്തുനിന്നു നീക്കപ്പെട്ടാൽ പ്രപഞ്ചം അടിമുതൽ മുടിവരെ തകർന്നു പോകും". ഉദ്ദേശ്യ ലക്ഷ്യങ്ങളോടുകൂടി ദൈവത്താൽ രൂപം കൊടുക്കപ്പെട്ട ഒരു വ്യവസ്ഥാപിത പ്രപഞ്ചമാണ് ഈ വരികളിൽ ദൃശ്യമാവുന്നത്. പ്രപഞ്ചത്തിൽ ദൈവികതയും വ്യവസ്ഥപിതത്വവും കാണുന്ന പ്രതിസ്പന്ദമായ അത്തരമൊരു പ്രപഞ്ചവീക്ഷണം മനുഷ്യനെ തന്റെ അന്തരംഗത്ത് സ്വതഃസിദ്ധമായുള്ള ധർമ്മിക ബോധത്തെ കണ്ടെത്താൻ സഹായിക്കുന്നു. പ്രപഞ്ചത്തിലെ ഓരോ പരമാണുവും അതീവശ്രദ്ധയോടും ഉദ്ദേശ്യലക്ഷ്യങ്ങളോടും കൂടി തഷ്ടിക്കപ്പെട്ടാതാണെന്നു വിശ്വസിക്കുന്ന ഒരാൾ സ്വാഭാവികമായും, തന്നെയും വ്യവസ്ഥാപിതമായ ആ പ്രപഞ്ചത്തിന്റെ ഭാഗമായി കാണുകയും സ്വജീവിതത്തിനു സുനിശ്ചിതമായൊരു ലക്ഷ്യം കണ്ടെത്തുകയും ചെയ്യും. ക്രമപ്രകാരം ചലിക്കുന്ന ഒരു യന്ത്രത്തിന്റെ ഭാഗം പോലെയാണയാൾ. പ്രപഞ്ചത്തെ ദൈവസൃഷ്ടപ്രിഭാസമായി കാണുന്ന ഒരാൾക്ക് അത് ലക്ഷ്യരഹിതമായി വൃഥാ സൃഷ്ടിച്ചതാണെന്ന് സങ്കൽപിക്കാൻ പോലും കഴിയില്ല. അക്കാരണത്താൽ സ്വജീവിതത്തെ, അന്തിമമായി അഗാധ ഗർത്തത്തിൽ ആപതിക്കുമാറ് നിർലക്ഷ്യമായി, ക്ഷണികമായ സുഖലോലുപതയിൽ തളച്ചിടുകയല്ല അയാൾ.

നമ്മുടെ അവസ്ഥയേതോ, അതിന്നനുസൃതമായാണ്, മനുഷ്യരായ നാം ലോകത്തെ നോക്കിക്കാണുന്നത്. സാർത്ര പറഞ്ഞതുപോലെ ലോകത്തെ മനസ്സിലാക്കിയതനുസരിച്ച് നാം ജീവിതത്തെ ക്രമപ്പെടുത്തുന്നു. ഉദാഹരണമായി, ഉമർ ഖയ്യാമും ഹാഫിസും, റൂമിയും മുല്ലാസദ്റും അബൂമുസ്‌ലിം ഖുറാസാനിയും ഴങ്ങ് പോൾ സാർത്രും അൽബേർകാമ്യുവും വീക്ഷണങ്ങളൽ പരസ്പരം വിഭിന്നത പുലർത്തുന്നതെങ്ങനെയാണെന്നറിയാനുള്ള ശരിയായമാർഗം, എത്രത്തോളം വിഭിന്നമായാണ് അവർ ജീവിതത്തെയും പ്രപഞ്ചത്തെയും നോക്കിക്കണ്ടത് എന്നു പഠിക്കുകയാണ്. ഇത് സുഗ്രാഹ്യമാണെങ്കിൽ വ്യത്യസ്ത ലോക വീക്ഷണങ്ങളെ നാം പഠിക്കേണ്ടിയിരിക്കുന്നു.

ആശയത്തേക്കാൾ പദത്തിനു പ്രഥമസ്ഥാനം നൽകുന്ന ഭൗതികവാദമാണ് കൂടുതൽ പ്രചാരത്തിലുള്ള ഒരു ലോക വീക്ഷണം. പ്രപഞ്ചത്തിൽ ഒരേയൊരു യഥാർത്ഥ്യമേയുള്ളുവെന്നും അത് പദാർത്ഥമാണെന്നും ഭൗതികവാദത്തിന്റെ തത്ത്വശാസ്ത്രം പറയുന്നു. പ്രപഞ്ചത്തിലെ എല്ലാ മൂലകങ്ങളും പ്രതിഭാസങ്ങളും കരണ-പ്രതികരണങ്ങളും മൗലികമായി നിരാക്ഷേപമായ പദാർത്ഥത്തിന്റെ വ്യത്യസ്തരൂപങ്ങൾ മാത്രമാണ്. പ്രപഞ്ചസൃ

ഷ്ടിയുടെ പിന്നിൽ ഒരുലക്ഷ്യമോ ശക്തിയോ ഉള്ളതായി അതംഗീകരിക്കുന്നില്ല: ഉൽപത്തി മുതൽക്കേ അതിന്റെ പിന്നിൽ ഒരു യുക്തിയുമാണ്ടായിരുന്നില്ലത്രെ. സാർത്രിന്റെ ഭാഷയിൽ, ശാരീരികവും രാസപരവുമായ അടിസ്ഥാനത്തിൽ വൈജാത്യം പുലർത്തുന്ന കുറേ ഘടകങ്ങൾ തിങ്ങിപ്പാർക്കുന്നതും സംവേദനക്ഷമതയോ യുക്തിയോ ഇല്ലാത്ത ഒരു വിഡ്ഢിയുടെ ഉടമസ്ഥയിലുള്ളതുമായ ഒരു മൂഢ ഭവനമാണിത്. എന്നാൽ ലക്ഷ്യരഹിതവും നിശൂന്യവുമായ ഈ പദാർത്ഥിക സാകല്യത്തിൽ, സ്വയം കണ്ടെത്തി അതുല്യത നേടിയ ഏക ഘടകം മനുഷ്യനിൽ മാത്രമാകുന്നു.

അവന്റെ ആത്മബോധത്തോടൊപ്പം തന്നെ അവന്റെ ഉൽകണ്ഠയും രൂപം കൊണ്ടു. അനുപാതരഹിതവും പരസ്പര ബന്ധമില്ലാത്തതും പൊരുത്തമില്ലാത്തതുമായ ഒരു ലോകത്തിലാണ് താനുള്ളതെന്ന ബോധ്യം, ലക്ഷ്യരഹിതമായ ലോകത്തിൽനിന്നവനെ അകറ്റിനിർത്തി. അവന്റെ അന്യവത്ക്കരണം അവിടെനിന്നാരംഭിച്ചു.

പ്രപഞ്ചവുമായുള്ള മനുഷ്യന്റെ സംഘട്ടനവും അതിൽനിന്നുള്ള അന്യവത്ക്കരണവും ഭൗതികവാദം സംഭാവന ചെയ്ത ലോകവീക്ഷണത്തിന്റെ ഫലമായുണ്ടായതാണ്. ഇത്തരത്തിലുള്ള ഒരു വീക്ഷണം ഭൗതികമായ ലോകത്തോട് ഒരു തരത്തിലും പൊരുത്തപ്പെട്ടു പോവാനാവില്ലെന്ന നിഗമത്തിൽ മനുഷ്യനെ എത്തിക്കുന്നു. അൽബേർ കമ്യുവിന്റെ *പ്ലേയ്ഗ്* എന്ന നോവലിൽ മനുഷ്യന്റെ അന്യവത്ക്കരണം വളരെ നാടകീയമായി അവതരിപ്പിച്ചിട്ടുണ്ട്. വൈജാത്യമാർന്ന പ്രപഞ്ചവീക്ഷണങ്ങൾ പുലർത്തുന്നവരാണു ആ നോവലിലെ കഥാപാത്രങ്ങൾ. ഒരു പുരോഹിതനാണ് കഥാപാത്രങ്ങളിലൊലാൾ. മതപരമായ ഒരു വീക്ഷണത്തിലൂടെയാണ് അയാൾ പ്ലെയ്ഗിനോട് പ്രതികരിക്കുന്നത്. മറ്റൊരു കഥാപാത്രം സാമൂഹ്യബോധവും ശാസ്ത്രബോധവുമുള്ള ഒരു തത്വചിന്തകനാണ് അയാളുടെ വീക്ഷണം ശാസ്ത്രീയവും യുക്തിഭദ്രവുമാണ്. ഈ രണ്ട് കഥാകാത്രങ്ങളുടെ വീക്ഷണവും അംഗീകരിക്കാത്ത ഒരു ബുദ്ധിജീവിയാണ് മൂന്നാമത്തെ കഥാപാത്രം. നോവലിൽ, ജനങ്ങളുടെ ജീവൻ ഒന്നടങ്കം അപകടപ്പെടുത്തുന്ന നിലയിൽ അതിഭയങ്കരമായ പ്ലേഗ് രോഗം ഓറാൻ നഗരത്തെ ബാധിച്ചിരിക്കുകയാണ്. ഓരോ കഥാപാത്രവും താൻ പുലർത്തുന്ന ലോകവീക്ഷണമനുസരിച്ച് ഈ അത്യാഹവും നേരിടാൻ ശ്രമിക്കുന്നു.

മതപരമായ വീക്ഷണമാണു പുരോഹിതന്റെ പ്രതികരണത്തിനാധാരം. ഉദ്ദേശ്യലക്ഷ്യങ്ങളുള്ളതും ബോധപൂർവ്വം സൃഷ്ടിക്കപ്പെട്ടതുമായ ഒന്നാണു പ്രപഞ്ചമെന്നയാൾ വിശ്വസിക്കുന്നു. താൻ ഈ പ്രപഞ്ച വ്യവസ്ഥയുടെ അവിഭാജ്യമായ ഭാഗമാണ്. എന്നു മാത്രമല്ല ഈ പ്രപഞ്ചത്തിന്റെ സൃഷ്ടാവു തന്നെ സദാ വീക്ഷിച്ചുകൊണ്ടിരിക്കുന്നുണ്ട്. അത്കൊണ്ട് ഒറാൻ പട്ടണത്തിലെ ജനങ്ങളെ പിശാചിന്റെ പിടുത്തത്തില്ഡ നിന്നും ഈ അത്യാഹിതത്തിൽ നിന്നും മോചിപ്പിക്കുവാനായി, സർവേശ്വരനായ ദൈവത്തോട് ധാർമികമായി കടപ്പെട്ടവനെന്ന നിലയിൽ പ്ലേയ്ഗ് ബാധയെ മാറ്റാൻ അയാൾ ജീവിതം ഉഴിഞ്ഞുവെക്കുന്നു. പുരോഹിതൻ തന്റെ വിശ്വാസത്തെ കർമപഥത്തിൽ കൊണ്ടുവരുന്ന തിങ്ങനെയാണ്. മാനുഷ്യകത്തിന്റെ പുരോഗതിയിലും വിധിനിർണയത്തിലും ധാർമികമായി തനിക്കുപങ്കുണ്ടെന്നയാൾ വിശ്വസിച്ചു.

രണ്ടാമത്തെ കഥാപാത്രത്തിനു ജീവിതത്തോട് ഭൗതികമായ കടപ്പാടാണുള്ളത്. ലോകം ഭ്രാന്തമാണയാളുടെ കണ്ണിൽ. അസ്തിത്വത്തന്നർത്ഥമോ പ്രപഞ്ചത്തിനു വ്യവസ്ഥയോ ഇല്. രക്ഷാ-ശിക്ഷൾ നൽകുന്ന ഒരു പരമശക്തി ഇല്ലാത്തതിനാൽ ആത്മഹത്യയും രക്തസാക്ഷ്യത്വവും തമ്മിലുള്ള വ്യത്യാസം അയാൾക്കപരിചിതമാണ്. മനിഷ്യന്നുമാത്രമാണ് സ്വന്തം വർഗത്തിൽപ്പെട്ടവരുടെ ആവശ്യങ്ങളോട് പ്രതികരിക്കാൻ കഴിയുക എ്നയാൾ വിശ്സസിക്കുന്നു. അന്യമായ ഈ ലോകത്ത് പരസ്പരം ഉത്തരവാദിത്വമുള്ളവനാണ് ആത്മബോധമുള്ള മനുഷ്യൻ. അത്കൊണ്ട് അവന്റെ ഉത്തരവാദിത്വം മനുഷ്നനോയാണ്. പ്രപഞ്ചത്തോടോ പ്രകൃത്യതീത ശക്തിയോടോ അല്ല. എല്ലാവർക്കും അന്യമായ ഒരു ലോകത്ത് ജീവിക്കുന്നവരെന്ന നിലയിൽ, മരണവും ഉൽക്കണ്ഠയും കുറക്കുവാനായി

എല്ലാ മുഷ്യരും അന്യോന്യം സബകരിക്കേണ്ടതാണ്. അസ്തിത്വത്തിന്റെ മരുപ്പറമ്പിൽ അലക്ഷ്യമായി എറിയപ്പെട്ട ഒരു കല്ലിൻ കഷ്ണമാണു ഹൈഡഗ്ഗറുടെ അഭിപ്രായത്തിൽ മനുഷ്യൻ. അഭയം തേടാൻ ഇടമോ രക്ഷാകേന്ദ്രമോ പ്രതീക്ഷയോ ഇല്ലാത്ത ഈ മരുപ്പറമ്പിൽ അവൻ പിറന്നു വീണു. എന്നാൽ സഹവർത്തിത്വത്തിനു ഈ ഭീഷണികളെയും ഉൽകണ്ഠകളെയും അതിജീവിക്കാൻ കഴിയും. കൂട്ടിത്ത്വരവാദിത്വവും കൂട്ടുപ്രയത്നവും ഉള്ള ഒരു സമൂഹത്തിലേ സന്തോഷദായകമായ ഒരു ജീവിതത്തിനു മുളപൊട്ടൂ. ഒറാനിലെ ജനങ്ങളെ ബാധിച്ച പ്ലേയ്ഗിനെ നേരിടാൻ അയാൾക്ക് പ്രചോദനമരുളുന്ന യുക്തിബോധം ഇതാണ്. അയാളുടെ സാമൂഹ്യ പ്രവർത്തനം തനിക്കും തന്റെ സഹജീവികൾക്കും നൻമയേകുമെന്ന് അയാൾക്ക് വിശ്വാസമുണ്ട്.

പ്ലേയ്ഗിനോടു പൊരുതുന്നതിൽ മൂന്നാമത്തെ കഥാപാത്രത്തിനുള്ള പ്രേരകം തികച്ചും നാസ്തികത്വത്തിലധിഷ്ഠിതമത്രെ. നോവലിസ്റ്റിന്റെ നിലപാടിനെ പ്രതിനാധീകരിക്കുന്ന നോവലിലെ മുഖ്യ കഥാപാത്രമായ ഇയാൾ, ദൈവമില്ലാത്ത പ്രപഞ്ചത്തിൽ എന്തും അനുവദനീയമാണെന്നു പറയുന്നു. ദോസ്തോയവ്സ്കിയുടെ പ്രസ്താവനയാണത്. നന്മയും തിന്മയും തമ്മിലോ ബലികർമ്മവും കൊലപാതകവും തമ്മിലോ വേർതിരിക്കാൻ ഒരു മാനദണ്ഡവുമില്ല. മനുഷ്യ കർമ്മങ്ങൾക്ക് വിധിയെയുതുന്ന പരമാധികാരിയായ ഒരു ദൈവമില്ല. ലളിതമായിപറഞ്ഞാൽ, ആരും നിരീക്ഷിക്കാനും ചോദ്യം ചെയ്യാനുമില്ലങ്കിൽ, നിങ്ങൾക്ക് തോന്നുന്നതെന്തും ചെയ്യാമെന്നർത്ഥം. ആരെങ്കിലും നിങ്ങളുടെ പ്രവർത്തനങ്ങളെ നിരീക്ഷിക്കാനുണ്ടെന്നുവരുമ്പോൾ, പ്രവർത്തനങ്ങളെ നിങ്ങൾ സ്വയം നിയന്ത്രിക്കുന്നു. മറിച്ചാണെങ്കിൽ സ്വഭാവ-കർമങ്ങളിലും വിനോദങ്ങളിലുമെല്ലാം നിങ്ങൾ ഇഷ്ടമുളഅള വഴി തിപഞ്ഞെടുക്കുന്നു. പ്രപഞ്ചത്തിൽ നിന്നു ദൈവത്തെ മാറ്റി നിർത്തിയാൽ മനിഷ്യൻ പ്രത്യക്ഷനായ പരമാഘികാരിയായി മാറും. എല്ലാ നിർണ്ണായക രംഗങ്ങളിലും 'ഞാൻ' സ്ഥലം പിടിക്കും. നന്മ-തിന്മകൾ തമ്മിൽ നിശ്ചിതമായ അതിർവരമ്പുകളുണ്ടാവില്ല. ജീവിതത്തിനു സുഖം പകരുന്നതല്ലാം നന്മയാണെന്നു വരും. പിന്നെ ഈ പ്രപഞ്ചത്തിൽ നന്മ-തിന്മകൾക്ക് യാതൊരടിസ്ഥാനവും അവശേഷിക്കുകയില്ല.

അബദ്ധദർശനങ്ങളിൽനിന്നുരുത്തിരിയുന്ന ഈ തത്വ ചിന്തയാണു മൂന്നാമത്തെ കഥാപാത്രത്തിന്റെ നിലപാടിന്നു പ്രേരകമായി വർത്തിക്കുന്നത്. * ഈ അവസ്ഥയിലത്തിയ മനുഷ്യൻ തന്റെ ജീവിത്തെയും സാമൂഹ്യബന്ധങ്ങളെയുമെല്ലാം സുഖ ജീവിത്തിനുള്ള അടിസ്ഥാനമായി കാണുന്നു. അയാളുടെ എല്ലാ വിധികളും തനിക്ക് സുഖം പകരുന്നതെന്തോ അതിനെ ആശ്രയിച്ചിരിക്കും. വീക്ഷണം മൗലികമായിതന്നെ എപിക്യൂറിയൻ - ഭൗതിക സുഖാനുഭോഗനരിതം - ആയതിനാൽ ത്യാഗബദ്ധമായ ഒരു ജീവിതത്തിനു അയാൾ ആഗ്രഹിക്കുകയില്ല.

ഈ അടിസ്ഥാനത്തിൽ നിന്നുകൊണ്ട്, മനുഷ്യന്റെ പ്രവർത്തനങ്ങളെയും ഉത്തരവാദിത്വങ്ങളെയും മനുഷ്യൻ തന്നെയാണ് മനസ്സിലാക്കേണ്ടതെന്ന് ഈ കഥാപാത്രം അനുസ്മരിപ്പിക്കുന്നു. പക്ഷെ, ആത്മത്യാഗത്തിനു തത്തുല്യമായ എന്തെങ്കിലും പ്രതിഫലം കിട്ടിയെ തീരൂ. അല്ലാത്ത പക്ഷം പൂർണ്ണമായും മാനുഷികമായ ഒരു കർത്തവ്യ നിർവഹണത്തിനു ആരും മുന്നോട്ടു വരില്ല എന്നും അതോടപ്പം തന്നെ അയാൾ മനസ്സിലാക്കുന്നു. നിഷ്പ്രയാസം സാധീനിക്കപ്പെടുന്ന ഒരു കൂഞ്ഞാടിന്റെ മനസ്സില്ലെങ്കിൽ ജനങ്ങൾ ത്യാഗസന്നദ്ധരാവുക വളരെ വിഷമകരമത്രെ സമൂഹത്തിനു വേണ്ടി ജീവിതം ബലിയർപ്പിക്കാമെങ്കിൽ ഈ ലോകത്തോ പരലോകത്തോ തനിക്കെന്ത് ലഭിക്കും എന്ന് ചോദിക്കുന്ന ഒരുവനോട്, പ്രപഞ്ചത്തിനു പിന്നിൽ ഒരു പരമ ശക്തിയോ ഉദ്ദേശലക്ഷ്യങ്ങളോ ഇല്ലെന്നും അത് കൊണ്ട് ഒന്നും ലഭിക്കുകയില്ലെന്നുമാണു മറുപടി പറയുന്നതെന്നു വെക്കുക.

---

* ഈ അവസ്ഥയെ അൽബേർ കമ്യു കാർപീഡിയം എന്നു വിളിക്കുന്നു.

അവൻ സ്വാഭാവികമായും തന്റെ സ്വന്തം ജൂവിതത്തിനു സുഖദായകമായ ഒരു ജീവിതശൈലി തിരഞ്ഞെടുക്കുകയേ ഉള്ളൂ. സമൂഹത്തെ സേവിക്കുന്നതിനു പകരം സ്വന്തത്തെ

യാണവർ സേവിക്കുക. കമ്യൂ പറഞ്ഞ *കാർപീഡിയം* എന്നവസ്ഥയിലെത്തി സുഖനുഭോഗനിരതനാവുമവൻ.

ഇങ്ങനെയാണു ഭൗതികമായ ലോകവീക്ഷണം അബദ്ധത്തിൽ കലാശിക്കുന്നത്. മതത്തിൻമേൽ ഭൗതികവാദം വിജയം നേടാനിടയാക്കിയെന്നു പറയപ്പെടുന്ന നവോത്ഥാനകാലഘട്ടം മുതൽ പാശ്ചാത്യ സമൂഹം ഭൗതികവാദത്തിനും അതിന്റെ ഉൽപന്നമായ മൂഢതക്കും വിധേയമായിരുന്നു. ഇന്നാകട്ടെ, ആ മൂഢതയുടെ സ്വാധീനം കലയിലും സാഹിത്യത്തിലും ദർശനങ്ങളിലും വ്യാപിച്ചിരിക്കുകയാണ്. അർത്ഥമില്ലെന്നു ഞാൻ ഗണിക്കുന്നതിന്നർത്ഥം കണ്ടെത്തുകയാണു ഇന്നത്തെ അബ്സേർഡിസ്റ്റ് കലാകാരന്റെ കല. അർത്ഥമില്ലാത്ത ഈ പ്രപഞ്ചത്തിൽ ഒന്നിനും അർത്ഥമില്ലെന്നു റുഗ്റിയ പറയുന്നു. ഒന്നും നല്ലതോ ചീത്തയോ, വിശുദ്ധമോ, അവിശുദ്ധമോ, മനോഹരമോ, വൃത്തികെട്ടതോ അല്ല. കലാകാരനോ തത്വചിന്തകനോ ആണു പ്രപഞ്ചത്തിലെ ഒരു വസ്തുവിൻമേൽ നല്ലതും ചീത്തയും ആരോപിക്കുന്നത്.

ആംഗ്ലോ-ഐറിഷ് നാടകകൃത്തും നോവലിസ്റ്റുമായ സാമുവൽ ബക്കറ്റ് തന്റെ *വെയിറ്റിംഗ് ഫോർ ഗോദോത്ത്* എന്ന കൃതിയിൽ ആധുനിക നാടക വേദിയിലെ അഹബ്സേഡിറ്റിയുടെ അംശങ്ങളെ അനാവരണം ചെയ്യുന്നുണ്ട്. യഥാർത്ഥത്തിൽ ഈ നൂറ്റാണ്ടിലെ നാടകവേദി മൂഢതയുടെ തിയേറ്റർ ആണ്. മതപരവും ധാർമികവും ദാർശനികവും ശാസ്ത്രീയവുമായ ആശയങ്ങളുടെ പ്രചാരണം ലക്ഷ്യം വെച്ചുകൊണ്ടുള്ള മുൻകാലത്തെ തായേറ്ററുകളിൽ നിന്നു ഭിന്നമായി, ആധുനിക തിയേറ്ററുകൾ ശ്യൂന്യതയെയാണ് നാടകവൽകരിക്കുന്നത്. രണ്ടാമതൊരാൾ കേൾക്കാനില്ലങ്കിൽ ഭാഷക്കർത്ഥമില്ല. ഈ പ്രപഞ്ചം ഊമയും ബധിരയുമാണെന്നാണ് അബ്സേഡിസ്റ്റ് പറയുന്നത്. അതിനാൽ ഇന്നത്തെ നാടകങ്ങൾക്ക് പ്രത്യേകിച്ച് ഒരു ഇതിവൃത്തമില്ല. എന്തെങ്കിലും ചിലകാര്യങ്ങൾ ചെയ്യുകയോ ഏതെങ്കിലും ലക്ഷ്യം നേടാൻ ശ്രമിക്കുകയോ ചെയ്യുന്ന കുറെ കഥാപാത്രങ്ങൾ; ഒടുവിൽ എല്ലാം ഒന്നുമില്ലായ്മയിൽ ചെന്നവസാനിക്കുന്നു.! ശ്യൂന്യത! ശ്യൂന്യതയാണ് അത് എന്നും ലക്ഷ്യം വെക്കുന്നതും. ജീവിതത്തെ ഭൗതികവാദി കാണുന്നതിങ്ങനെയാണ്.

ഇരുപതാം നൂറ്റാണ്ടിൽ പാശ്ചാത്യലോകത്ത് പ്രാമുഖ്യം നേടിയത് അബ്സേഡിസം ആണ്. പത്തൊമ്പതാം നൂറ്റാണ്ടിൽ ആദർശമായിരുന്നു ആ സ്ഥാനത്തുണ്ടായിരുന്നത്. പടിഞ്ഞാറ് ഇന്നാരും ആശയത്തെ മെനഞ്ഞടുക്കില്ല. 'ആദർശനിർമാണം' കഴിഞ്ഞ നൂറ്റാണ്ടിന്റെ സവിശേഷതയായിരുന്നു. എന്നാൽ ഇരുപെതാം നൂറ്റാണ്ട് ആദർശത്തെ പരിഹസിക്കുന്നു. എഴുത്തുകാരും കലാകാരൻമാരും ദാർശനികരും പണ്ഡിതൻമാരുമെല്ലാം ആരോടും പ്രതിബദ്ധതയില്ലാതെ, നിരാദർശവാദികളായി, സാമൂഹ്യ-രാഷ്ട്രീയ പ്രശ്നങ്ങളിൽ നിന്നു മുഖം തിരിച്ച് കഴിയുകയെന്നതാണ് ഈ നൂറ്റാണ്ടിലെ പ്രവണത. ഇന്നത്തെ എഴുത്തുകാരൻ കാര്യങ്ങളെ ഗൗരവത്തിലെടുക്കുമെന്നു പ്രതീക്ഷിച്ചുകൂടാ. ആധുനിക ജീവിതത്തിലെ വ്യർത്ഥതയാണ് അവരുടെയെല്ലാം പ്രമേയം. അതിനോട് ഒന്നും അവർ കൂട്ടി ചേർക്കുന്നില്ല. മനുഷ്യനെ നല്ലവനായോ ചീത്തയായോ, ധാർമിക ബോധമുള്ളവനോ ഇല്ലാത്തവനായോ ചിത്രീകരിച്ചാൽ, അത് യാഥാർത്ഥ്യത്തിന് വിരുദ്ധമാണെന്നവർ പറയുന്നു. മനുഷ്യന്റെ വ്യർത്ഥതയാണവന്റെ യാഥാർത്ഥ്യം. വ്യർത്ഥമായ ഒരു പ്രപഞ്ചത്തിൽ ജീവിക്കുന്ന അവന്റെ അസ്തിത്വത്തിന്നു അർത്ഥം നൽകുന്നത് അബദ്ധമാണത്രെ.

മതപരമായ പ്രപഞ്ചവീക്ഷണമാണ് നമുക്ക് ചർച്ച ചെയ്യാനുള്ളത്. പ്രപഞ്ചം ദൈവസൃഷ്ടമാണ്. ഉദ്ദേശ്യപൂർവ്വം സൃഷ്ടിക്കപ്പെട്ടതാണ്; അത് മനുഷ്യന്റെ ആത്മീയാവശ്യങ്ങളുമായൊത്തു പോകുന്നതാണ്. ഈ വീക്ഷണം പറയുന്നു. സാധാരണ മതപ്രാസംഗികർ പറയുന്ന തരത്തിലല്ല ഞാനീ വിഷയം ഇവിടെ കൈകാര്യം ചെയ്യുന്നത്. ശാസ്ത്രീയമായ രീതിയിൽ ഗവേഷണം നടത്തി എത്തിയ നിഗമനങ്ങളാണിവിടെ സമർപ്പിക്കുന്നത്.

തീവ്രമായ ഭൗതികവീക്ഷണം മനുഷ്യനെ ഒരു തരത്തിലുള്ള ഖയ്യാമിയൻ അതിഭൗതിക സുഖാസക്തിയിലേക്ക് നയിക്കുന്നു എന്നത് പോലെതന്നെ, അതിരുകടന്ന മതവീക്ഷണം മനുഷ്യന്റെ ശക്തി ക്ഷയിപ്പിക്കുകയും അവനെ ഐഹിക വിരക്തനാക്കുകയും ചെയ്യുന്നു. ശാസ്ത്രമാണു ഭൗതിക വീക്ഷണത്തിന്റെ ആധാരശിലയെങ്കിൽ ആധുനിക ശാസ്ത്രത്തിന്റെ തേജഃപ്രസരമേൽക്കാത്ത ഭൂതകാലത്തിലെ അന്ധവിശ്വാസാവശിഷ്ടങ്ങളാണ് അതിരു കടന്ന മതവീക്ഷണത്തിന്റെ അടിക്കല്ല്. പ്രപഞ്ചത്തിന്റെ നാഥനും മനുഷ്യനടക്കമുള്ള എല്ലാറ്റിന്റെയും സൃഷ്ടാവും സർവ്വലോകപരിപാലകനുമായ സർവ്വശക്തൻ തന്നെയാണ് അതിരുകടന്ന മതവീക്ഷണം പുലർത്തുന്നവരുടെയും ദൈവം. അവന്റെ ഇച്ഛക്ക് മുമ്പിൽ മനുഷ്യന്റെ ഇച്ഛക്ക് സ്ഥാനമില്ല. ചോദ്യം ചെയ്യപ്പെടാത്ത അനുസരണം ഈവശ്യപ്പെടുന്ന പരമാധികാരിയാണവൻ. അവന്റെ മുമ്പിൽ സ്വതന്ത്രാസ്തിത്വമുള്ള മനുഷ്യന്നു തന്റെ ഇച്ഛാശക്തി പ്രകടിപ്പിക്കാനാവില്ല. ഭൗതികവാദികൾ പ്രപഞ്ചത്തെ വ്യർത്ഥമായി സൃഷ്ടിക്കപ്പെട്ട അർത്ഥരഹിതമായ ഒരു പദാർത്ഥിക സമുച്ചയമായി കാണുമ്പോൾ പ്രപഞ്ചത്തിലെ വളരെ പ്രധാനവും ദുർബലവും ആയ ഒരു നിസ്സാര സൃഷ്ടിയായാണ് മനുഷ്യനെ ഒരു പറ്റം മതവാദികൾ കാണുന്നത്. പ്രപഞ്ചം ദൈവത്താൽ ഭരിക്കപ്പെടേണ്ടതാണ് എന്നാണ് ആ മതം പറയുന്നതെങ്കിലും, അത് മനുഷ്യനെ സൃഷ്ടാവിന്റെ കയ്യിലെ ഒരു കളിക്കോപ്പ് മാത്രമാക്കി അവന്റെ വിലയിടിച്ചു കളയുന്നു. മനുഷ്യന്റെ സത്തയും വ്യക്തിത്വവും സ്വതന്ത്രമായ ഇച്ഛയും ഇല്ലായ്മചെയ്യുന്ന മനുഷ്യത്വരഹിതമായ ഒരു ഒരു പരിപ്രേക്ഷ്യമാണിത്. മനുഷ്യന്റെ ആത്മബലത്തെ തളർത്തി. ദൈവേച്ഛയുടെ മുമ്പിൽ സ്വന്തം ഇച്ഛയെ അന്ധമായി അവധീരണം ചെയ്യുവാനും തന്റെ ബോധശക്തിയെ വിസ്മരിക്കുവാനും അതവനെ നിർബന്ധിക്കുന്നു. ഒപ്പം അവന്റെ സ്വാതന്ത്ര്യവും നിഷേധിക്കപ്പെടുന്നു.

താളം തെറ്റിയ ഇത്തരം മതവീക്ഷണം സർവാദികാര സ്വഭാവമുള്ളതും ക്ഷയോന്മുഖമായതും മനുഷ്യഗുണനിഷേധകവും ആകുന്നു. അത് മനുഷ്യന്റെ സത്തയെയും വ്യക്തിത്വത്തെയും അംഗീകരിക്കാതിരിക്കാൻ പ്രതിജ്ഞാബദ്ധമാണ്. എന്നാൽ മാനുഷികമായ മതവീക്ഷണം മനുഷ്യന് അർഹമായ ഉന്നതപദവി നൽകുന്നു. അത് പുരോഗമനപരവും ശ്രേഷ്ടവും മാനുഷികവുമാണ്. മധ്യകാല ചർച്ച് പുലർത്തിവന്ന കർക്കശമായ വിശ്വാസാചാരങ്ങളോടുള്ള പ്രതികരണമെന്ന നിലയിൽ നവോത്ഥാനാന്തര ഘിഷണാശാലികളിൽ പ്രതിഫലിച്ചുകണ്ട ഒന്നാണു ഈ മത വീക്ഷണം.

മതത്തിൽ വിശ്വസിക്കലും അതിനെ അംഗീകരിക്കലും രണ്ടും രണ്ടാണെന്ന് മനസ്സിലാക്കേണ്ടതുണ്ട്. ഉദാഹരണമായി സ്വർഗത്തെക്കുറിച്ചൊരു സങ്കൽപ്പം നമ്മുടെ മനസ്സിലുണ്ട്. ഒരു വിശ്വാസി അതംഗീകരിക്കുന്നു, ഒരു ഭൗതികവാദി അത് അംഗീകരിക്കുന്നില്ല എന്ന വ്യത്യാസം മാത്രമേയുള്ളൂ. ആ സങ്കൽപ്പത്തോടുള്ള നിലപാടിൽ മാത്രമാണിവിടെ വ്യത്യാസം. അത്പോലെ ദൈവത്തെക്കുറിച്ച ഒരു സാമാന്യ സങ്കൽപ്പം നാമെല്ലാവരുടെയും മനസ്സിലുണ്ട്. ചിലർ അത് നിശേധിച്ചേക്കാം. എന്നാൽ അവരുടെ നിശേധം തന്നെ അവർ നിശേധിക്കാൻ ശ്രമിക്കുന്ന ഒന്നിന്റെ അസ്തിത്വത്തെയാണ് വിളിച്ചോതുന്നത്. അതിനാൽ ഈ സങ്കൽപ്പത്തെ അംഗീകരിക്കുന്നവരും നിശേധിക്കുന്നവരും പ്രത്യക്ഷമായോ പരോക്ഷമായോ ആ സങ്കൽപ്പം അവരുടെ മനസ്സിലുണ്ടോന്നു സമ്മതിക്കുന്നു. അത് പോലെ തന്നെ ചിലർ ഇമാം ഹുസൈന്റെ ദുരമന്തത്തെ അംഗീകരിക്കാതിരിക്കുകയും അതിനെ പരിഹസിക്കുകയും ചെയ്യുന്നു. ഒരു ചരിത്ര സംഭവമെന്ന നിലയിൽ പൊതുവെ അംഗീകരിക്കപ്പെട്ടതാണത്. അതിനോടുള്ള പ്രതികരണം രണ്ട് രൂപത്തിലായിപ്പോയി എന്നേയുള്ളൂ. ഒരു സങ്കൽപ്പത്തിലുള്ള വിശ്വാസമോ അവിശ്വാസമോ ആ സങ്കൽപ്പത്തിന്റെ അസ്തിത്വം തെളിയിക്കാതിരിക്കുന്നില്ല.

വിശ്വാസാവിശ്വാസ വിശകലനമല്ല ഞാനിവിടെ ഉദ്ദേശിച്ചിട്ടുള്ളത്. വിഷയത്തെ ശാസ്ത്രീയമായി വിശകലനം ചെയ്യുന്നതിൽ ഞാൻ തൽപരനാണ്. ഇന്നു വിശ്വാസത്തിന്റെ അംഗീകാരത്തിനാണു കേവലമായ വിശ്വാസത്തെക്കാളും അവിശ്വാസത്തെക്കാളും പ്രാധാന്യമുള്ളത്. പലരും ഇന്ന് കേവലമായ വിശ്വാസമാണു അംഗീകാരത്തെക്കാൾ

ഇഷ്ടപ്പെടുന്നത് എന്നതൊരു സത്യമത്രെ. എന്നാൽ അംഗീകാരമില്ലാതെയുള്ള കേവലമായ വിശ്വാസം അടിസ്ഥാനരഹിതമാണ്. കർമതലത്തിൽ പ്രതിഫലിച്ചുകാണാത്ത കേവലമായ വിശ്വാസം വാസ്തവത്തിൽ അത്യധികം ആപൽക്കരമാണ്. വിശ്വാസത്തിനു വേണ്ടിയുള്ള വിശ്വാസം പ്രയോജന രഹിതവും.

അലിയെയോ പ്രവാചകനെയോ വ്യക്തി പൂജ നടത്തുന്നതും ദൈവത്തിനു മനുഷ്യരൂപം കൽപ്പിച്ചു ആരാധിക്കുന്നതും അടിസ്ഥാനരഹിതമാണെന്നു മാത്രമല്ല; നാശഹേതുകവും കൂടിയാണ്. അങ്ങിനെ ചെയ്യുന്ന ഒരു ജനതയുടെ മേൽ നാശം ആപതിക്കുകയേ ഉള്ളൂ. നല്ല വണ്ണം മനസ്സിലാക്കിയിട്ടില്ലങ്കിൽ, അലിയെ റുസ്തമിൽ നിന്നോ മറ്റേതങ്കിലും മനുഷ്യരിൽ നിന്നോ ഭിന്നമായി കാണാനാവില്ല. നമ്മുടെ മനസ്സു നൽകുന്ന അംഗീകാരമനുസരിച്ചാണ് ഓരോ മനുഷ്യനും ഇതരരിൽ നിന്നോ ഭിന്നനായി നിൽക്കുന്നത്. അംഗീകാരമില്ലാത്ത കേവല വൈകാരികത ഒരു ഫലവും ചെയ്യുന്നില്ല. കൂടാതെ, വ്യക്തിപൂജ ഇസ്‌ലാമിനെ തകർക്കും, അത് ഇസ്‌ലാമിനെ ബഹു ദൈവ മതങ്ങളെപ്പോലെ ഒരു തരം നിസ്സംഗവിശ്വാസ പ്രമാണമാക്കും. നല്ലതിനെയും തിയ്യതിനെയും വേർതിരിച്ചു മനസ്സിലാക്കാനാവണം. റൂമിയുടെ മസ്നവിയും ഹുസൈൻ കുർദിന്റെ പുസ്തകവും തമ്മിലുള്ള വിശ്വാസം മനസ്സിലാക്കാൻ കഴിയുന്നത്.

നാം വിശ്വാസികളാണെന്നതോ ശാസ്ത്രീയചിന്തകരാണെന്നതോ നമ്മെ ഒരു തരത്തിലും സഹായിക്കുകയോ എവിടെയെങ്കലുമെത്തിക്കുകയോ ചെയ്യുന്നില്ല. ദൈനംദിന ജീവിത്തിൽ പ്രയോഗവത്ക്കരിക്കാതെ മതത്തെ വിശ്വാസാചാരങ്ങളുടെ ഒരു സമുച്ചയമായോ കേവലമൊരു സങ്കൽപമായോ നമ്മുടെ മനസ്സിൽമാത്രം കുടികൊള്ളുന്ന സർവ്വലൗകികമായ ഒരു ലോകവീക്ഷണമായോ നിലനിർത്തുന്നത് പരമാബദ്ധമാണെന്നത് പലപ്പോഴും നാം മനസ്സിലാക്കാറുണ്ട്.

ചരിത്രാരംഭം മുതൽക്ക് തന്നെ മനുഷ്യ സമൂഹങ്ങൾ ഇവിടെ ന്ലനിന്ന് വന്നിട്ടുണ്ട്. പരസ്പരം പോരടിക്കുന്ന രണ്ട് വിരുദ്ധ ധ്രുവങ്ങളിലാണവ നിലനിന്നു വന്നിരുന്നത്. ചരിത്രവരവും സാമൂഹ്യവുമായ സാഹചര്യങ്ങൾക്കനുസരിച്ച് സംഘട്ടനങ്ങൾ വ്യത്യസ്ത രൂപവും ഭാവവും കൈകൊണ്ടിരുന്നു. തമസ്സിന്റെ കൂട്ടുകാരാണ് ഒരു വിഭാഗം. അവർ പുരോഗതിയെയും പരിണാമത്തെയും തടയുകയും അക്രമവും അടിമത്തവും ചൂഷമവും സമൂഹത്തിൽ നിലനിർത്തി കൊണ്ട് പോകുകയും വിഭാഗീയതയും വർഗീയതയും പരത്തി സമൂഹത്തെ എന്നന്നും അജ്ഞതയിൽ തന്നെ തളച്ചിടാൻ ശ്രമിക്കുകയും ചെയ്യുന്നു. അവർ ജനങ്ങളുടെ താൽപര്യങ്ങളെക്കാൾ സ്വന്തം താൽപര്യങ്ങൾക്കാണ് പ്രാമുഖ്യം കൊടുക്കുന്നത്. മനുഷ്യ സഞ്ചയത്തിന്റെ സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ദൈഷണികവുമായ വളർച്ചയെ തടയുകയെന്നതാണ് ചരിത്രത്തിലിന്നോളം അവർ പാലിച്ച ജീവിത തത്ത്വശാസ്ത്രം. ചരിത്രത്തിലൂടെ കടന്നുപോയിട്ടുള്ള ഇത്തരക്കാരുടെ ജീവചരിത്രങ്ങൾ അവർ സാമൂഹ്യ നീതിക്കും സമത്വത്തിനും ഐക്യത്തിനുമെല്ലാം എതിരായിരുന്നു എന്നതിന് അനിഷേധ്യ സാക്ഷ്യം നൽകുന്നു.

അക്രമത്തിനും അനീതിക്കും അഴിമതിക്കും എന്നും എതിർ നിൽകുകയും ഭൂമിയിൽ നീതിയും സമാധാനവും സാഹോദര്യവും സ്ഥാപിക്കാൻ എന്നും തീവ്രയത്നം ചെയ്തവരാണ് രണ്ടാമത്തെ വിഭാഗം. അവരെപ്പോഴും തമസ്സിന്റെ ശക്തികളുമായി പോരാട്ടത്തിലായിരുന്നു. നീതിരഹിതമായി അധികാരം വാഴുന്നവരുടെ അവുഹിതമായ അവകാശങ്ങൾക്കും അധികാരത്തിന്നുമെതിരിൽ കൂട്ടായി സമരം ചെയ്യുന്നവരായിരുന്നു രണ്ടാമത്തെ വിങാഗം. ആർ വിജയിച്ചു. ആർ പരാജയപ്പെട്ടു എന്നതല്ല, ഇരു വിഭാഗവും പരസ്പരം ശാശ്വത സമരത്തിലായിരുന്നു എന്നതാണു ശ്രദ്ധേയമായ വസ്തുത.

ദൗർഭാഗ്യവശാൽ, ഇരു മുന്നണികളുടെയും സമരായുധം മതമായിരുന്നു. ഇരു ധ്രുവങ്ങളിലുള്ളവരും മതത്തെ ഇതിനായുപയോഗപ്പെടുത്തി. പ്രത്യക്ഷത്തിൽ മതം മതത്തിന്നു തന്നെ എതിരാണെന്നും മതം ആന്തരവോരുദ്ധ്യങ്ങളിൽ പെട്ടിരിക്കുകയാണെന്നും

തോന്നുമെങ്കിലും ഈ രണ്ടു മതങ്ങളുടെ മേലും ഒരേ  നിലയിൽ വിധിയെഴുതിക്കൂടാ. രണ്ടിനെയും 'മതം' എന്ന ഒരൊറ്റ സങ്കൽപ്പത്തിൽ കൊണ്ടുവരുന്നത് തന്നെ അബദ്ധമാണ്. ഖാബീലിന്റെയും ഹാബീലിന്റെയും സംഭവാഖ്യാനത്തിലൂടെ ഖുർആൻ ഈ രണ്ട് മത ങ്ങളുടെയും സ്വഭാവത്തെയാണ് അനാവരണം ചെയ്യുന്നത്.

മനുഷ്യ ചരിത്രത്തിന്നു കൂടുതൽ വെളിച്ചമേകുന്ന അർത്ഥങ്ങൾ കണ്ടെത്താനായി ആധു നിക പാശ്ചാത്യ ചിന്തകൻമാരും എഴുത്തുകാരും ഗ്രീക്ക് ഇതിഹാസങ്ങളിലാണന്വേഷമം നടത്താറ്. ജുപിറ്റർ, അത്‌ലാന്റസ്, അപ്പോളോ തുടങ്ങിയുള്ള ഒളിമ്പിയൻ ദേവൻമാരെ ക്കുറിച്ച ഇതിഹാസങ്ങളെല്ലാം പ്രാക്തനകാലത്തെ ആശയങ്ങളാലും സങ്കൽപ്പങ്ങളാലും നിർഭരമത്രെ. ആശയങ്ങളിലും പ്രതീകങ്ങളിലും സമ്പന്നതപുലർത്തുന്ന ഇതിഹാസ ങ്ങൾ ഇസ്‌ലാമിന്റെ ഗ്രന്ഥങ്ങളിലും കാണാം. ചരിത്രത്തിന്നു അർത്ഥം നൽകുവാൻ ഏറ്റവും പര്യാപ്തമായ ഇതിഹാസങ്ങളിലൊന്നാണ് ഖുർആൻ വിരചിച്ച ഖാബീലി ന്റെയും ഹാബീലിന്റയും കഥ. ചരിത്ര-നരവംശ ശാസ്ത്ര മേഖലകളിൽ കൂടുതൽ വെളിച്ചം നൽകുവാൻ ഇതിഹാസങ്ങൾക്ക് കഴിയുമെന്ന് അത് കാണിക്കുന്നു.

ആദ്യ മനുഷ്യനായ ആദമിന്റെ സന്താനങ്ങളിലായിരുന്നു ഖാബീലും ഹാബാലും. അവ രുടെ രണ്ട് സഹോദരികളെ അവർക്ക് രണ്ട് പേർക്കും വിവാഹനിശ്ചയം ചെയ്തിരുന്നു. എന്നാൽ ഖാബീൽ തനിക്ക് നിശ്ചയിക്കപ്പെട്ട സഹോദരിയിൽ സംതൃപ്തനായില്ല. അയാൾക്ക് ഹാബീലിനു നിശ്ചയിക്കപ്പെട്ടവളെ വേണമായിരുന്നു. അയാളുടെ അസം തൃപ്തി അയാളെ ഒരക്രമിയാക്കി മാറ്റി. ഹാബീലിനു ന്ശ്ചയിക്കപ്പെട്ടവളെ എങ്ങനെയെ ങ്കിലും കരസ്ഥമാക്കണമെന്നു തന്നെ നിശ്ചയിച്ചു അയാൾ. അത് മുതൽക്കാണ് മനുഷ്യ സഹോദരൻമാർ തമ്മിൽ സംഘട്ടനമാരംഭിച്ചത്. ഘാബീലും ഹാബീലും അങ്ങനെ ചര്ത്ര ത്തിന്നു തുടക്കം കുറിച്ചു.

ഒരു തർക്കമായിരുന്നു അത് ആദ്യ ഘട്ടത്തിൽ. അത് തീർക്കാൻ അവർ ആദമിന്റടുത്ത് പോയി. അവരുടെ വാദങ്ങൾ ശ്രദ്ധിച്ചുകേട്ടതിനു ശേഷം ഓരോരുത്തരും ഒരു ബലി കൊടുക്കണമെന്നു ആദം നിർദ്ദേശിച്ചു. ആരുടെ ബലിയാണോ സ്വീകരിക്കപ്പെയുന്നത് അയാൾക്ക് വിവാദ വിഷയമായ സഹോദരിയെ ലഭിക്കും. ബലി സ്വീകരിക്കപ്പെടാത്ത വൻ ഫലം അനുഭവിക്കുകയോ നിവൃത്തിയുള്ളൂ. ആദം വിധിച്ചു. രണ്ടു പേരും സമ്മതി ച്ചു. അത് അനുസരിച്ച് ഹാബീൽ തന്റെ തന്റ ഒട്ടകപ്പറ്റത്തിൽ നിന്നേറ്റവും നല്ല ഒന്നിനെ ദൈവത്തിനു സമർപ്പിക്കുകയും അത് സ്വീകരിക്കപ്പെടുകയും ചെയ്തു. ഖാബീലാകട്ടെ, ധാന്യമണികളില്ലാത്ത ഉണങ്ങിയ വൈക്കോൽ കറ്റകളാണ് ദൈവത്തിനു സമർപ്പിച്ചത്. സ്വാഭാവികമായും അത് സ്വീകരിക്കപ്പെടുകയുണ്ടായില്ല. ജീവിതത്തിൽ ഇങ്ങനെ ഒരു പരാജയം നേരിടേണ്ടി വന്നത് ഖാബീലിനെ നിരാശപ്പെടുത്തുകയും അക്രമിയായി മാറി ഖാബീൽ തന്റെ ഇച്ഛാപൂർത്തീകരണത്തിനായി സഹോദരൻ ഖാബീലിനെ വധിക്കാൻ തീരുമാനിക്കുകയും ചെയ്തു. ചരിത്രത്തിലെ ഒന്നാമത്തെ രക്തചൊരിച്ചിലായിരുന്നു അത്. സഹോദരനെതിരിൽ സഹോദരൻ മടത്തിയ ആദ്യത്തെ പാതകം.

ഐക്യം ഭിന്നതക്കും സ്നേഹം ശത്രുതക്കും വഴിമാറികൊടുത്തുവെന്നതാണ് ഖാബീലി ന്റെയും ഹാബീലിന്റെയും കഥക്ക് നൽകാനുള്ള സന്ദേശം. ചരിത്രത്തിന്റെ പ്രഥമതാളിന് അരുണവർണ്ണം പകർന്ന സംഭവമാണിത്. ഐക്യത്തിൽ നിന്ന രണ്ടുപേർ രണ്ട് 'ഞാൻ' ആയിത്തീർന്നതിനെത്തുടർന്നാണതുണ്ടായത്. പ്രഥമ പാതകത്തിന്റെ കാരണമെന്തായി രുന്നു?

കുടുംബം, വിദ്യാഭ്യാസം, സമൂഹം, സാഹചര്യം എന്നിവയിൽ ഹാബീലിൽ നിന്ന് വ്യത്യ സ്തനാണ് ഖാബീൽ എന്നാർക്കും പറയാനാവില്ല. പിന്നെ ഖാബീലിനെ ഒരു കൊലപാത കിയും ഹാബീലിനെ ഒരു സൂക്ഷ്മശാലിയുമാക്കുമാറ് അവർ തമ്മിലുള്ള വ്യത്യാസമെന്തായിരുന്നു? ഈ വ്യത്യാസം അവരുടെ തൊഴിലിലാണു കണ്ടെത്തുന്നത്. ഖാബീൽ ദൈവത്തിനു ഗോതമ്പ് മണികൾ ബലിയർപ്പിച്ചതിൽ നിന്ന് അയാളൊരു കർഷ

കനായിരുന്നു എന്നു വരുന്നു. ഒട്ടകത്തെ ദൈവത്തുനു സമർപ്പിച്ച ഹാബീലാകട്ടെ ഒരിടയനാണെന്നും വരുന്നു. മനുഷ്യന്നാവശ്യമായ വിഭവങ്ങൾ അത്രയേറെ സുലഭമായിരുന്നു. കരയിലും കടലിലും വനങ്ങിലും മറ്റും. എല്ലാവർക്കും ഇഷ്ടാനുസാരം ഉപയോഗിക്കാവും വിധം പ്രകൃതി അതിന്റെ വാതായങ്ങൾ ആദം സന്തതികൾക്ക് മുമ്പിൽ തുറന്നു വെച്ചു. ഏവർക്കും ഇഷ്ടാനുസാര ലഭ്യതയുണ്ടായിരുന്നതിനാൽ, ആരും ധനദുരയോ സ്വകാര്യ ഉടമാവകാശ മോഹമോ വെച്ചു പുൽർത്തുകയുണ്ടായില്ല. എന്നാൽ ഖാബീൽ ദൈവത്തിന്റെ ഭൂമി മനുഷ്യൻ കൈയടക്കി വെച്ച യുഗത്തിന്റെ പ്രതിനിധിയാണ്. തന്റെ ഉടമാവകാശം വർദ്ധിപ്പിക്കാൻ മനുഷ്യൻ തന്റെ സഹജീവികളെ അടിമകളും കുടിയന്മാരുമാക്കിയത് ഈ യുഗത്തിലായിരുന്നു. തന്മൂലം മനുഷ്യവർഗം തന്നെ ക്രമേണ ഉടമയും അടിമയും ഭരണാധിപനും ഭരണീയനും ചൂഷകനും ചൂഷിതനും ആയി വിഭജിക്കപ്പെട്ടു പോയി.

ഹാബീലിന്റെ വധം ചരിത്രത്തിലെ ഒരു വഴിത്തിരിവായിരുന്നു.ചരിത്രം അതോടെ ഐക്യത്തിന്റെ ഘട്ടത്തിൽനിന്നു ഭിന്നിപ്പിന്റെയും സ്വാർത്ഥതയുടെയും കുത്തകയുടെയും ഘട്ടത്തിലേക്കു മാറി. നിഷ്കളങ്കതയും നിരപരാധിത്വവും നിഷാദ തൃഷ്ണകൾക്ക് വഴിമാറിക്കൊടുത്തു. ഹാബീൽ വധിക്കപ്പെടുകയും ഖാബീൽ അവശേഷിക്കുകയും ചെയ്തതിനാൽ, നാമെല്ലാം ദൗർഭാഗ്യവശാൽ പ്രസൂതികളാവാൻ വിധിക്കപ്പെട്ടവരാണ്

വരാനിരിക്കുന്ന യുഗങ്ങളെ സമൂഹ-സംസ്കാരങ്ങളെ സ്വാധീനിച്ചുകൊണ്ട് ഖാബീലിന്റെ പാരമ്പര്യം ചരിത്രത്തിലൂടെ നിലനിന്നു വന്നു. കേവലം ഒരു വ്യക്തി എന്നതിനേക്കാൾ ഒരു മതവാദി കൂടിയായിരുന്നു ഖാബീൽ. അയാൾ ദൈവത്തിന്റെ അസ്തിത്വത്തെ നിഷേധിച്ചവനായിരുന്നില്ല. ആദം അനുദാവനം ചെയ്തമതമാണ് പേരിൽ ഖാബീൽ പിന്തുടർന്നിരുന്നതെങ്കിലും, അയാൾ അതിനെ തന്റെ ഇഛാഭിലാഷങ്ങളെ പൂർത്തീകരിക്കാൻ ഉപയോഗിച്ചുവന്നു. ഇഛാപൂരണ വ്യഗ്രതയിൽ ക്രമേണ അയാൾ മതാധ്യാപനങ്ങളെ പിന്നിലേക്ക് തള്ളുകയാണുണ്ടായത്. അയാൾ തന്റെ മതത്തെ വെടിയുകയും ദൈവത്തെ നിഷേധിക്കുകയും പിതാവിനെ വെല്ലുവിളിക്കുകയും സഹോദരനെ കൊലപ്പെടുത്തുകയും ചെയ്തു. സ്വകാര്യ ലക്ഷ്യങ്ങളുടെ പൂർത്തീകരണത്തിനു മതത്തെ ദുരുപയോഗപ്പെടുത്താൻപോലും തയാറായിരുന്നു അയാൾ. ഖാബീലിന്റെ മനോഭാവം വെച്ചുപുലർത്തിയ അയാളുടെ പ്രസൂതികൾ ചരിത്രത്തിലിന്നോളം മനുഷ്യവർഗത്തെ ചൂഷണം ചെയ്തും അടിമകളാക്കിയും അധികാരം വാഴുകയാണ്. എങ്കിൽ മാത്രമേ സുഖലോലുപതയെ പരിരംഭണം ചെയ്ത അവർക്ക് അഭിലാഷ സഫല്യം സാധിക്കുമായിരുന്നുള്ളൂ.

ബൈബിൾ പഴയ നിയമവും പുതിയനിയമവും ഖുർആനുമടക്കം ലോകത്തിലെ വേദഗ്രന്ഥങ്ങളിലെല്ലാം ഖാബീലിന്റെ വർഗം ഒരുതരത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ ചരിത്രത്തിന്റെ മറ്റുപല ഘടകങ്ങളിലും ഭരണം കയ്യാളിയതായി എണ്ണമറ്റ പരാമർശങ്ങളുണ്ട്. രണ്ട് ധ്രുവങ്ങൾ ചേർന്നതാണ് ഖുർആന്റെ വീക്ഷണത്തിൽ മനുഷ്യവർഗ്ഗം. അതിലൊന്നാമത്തേത് ജനതതി (**അന്നാസ്**) ആണ് രണ്ടാമത്തേത് ചരിത്രത്തെയും ജനങ്ങളെയും തങ്ങളുടെ ഇംഗതത്തിനനുസരിച്ച് ചലിപ്പിക്കാൻ ശ്രമിച്ച ഖാബീലിന്റെ വർഗവും ഖാബീലിന്റെ വർഗത്തിനു മൂന്നു മുഖങ്ങളുണ്ട്: സ്വർണം, അധികാരം, മതം എന്നിവ. ചരിത്രത്തിൽ ചെങ്കോലേന്തിയവർക്കും ഇതേ മുഖങ്ങൾ തന്നെയാണുണ്ടായിരുന്നത്. ഖുർആനിലും ബൈബിൾ പഴയ നിയമത്തിലും ഈ മൂന്നു മുഖങ്ങളെ പ്രതിനിധാനം ചെയ്യുന്നത് ഫറോവയും ഖാറൂനും ബിലെയാമും (ബൽആമുബ്നു ബാഊറ) ആണ്. ഫറോവ അധികാരത്തെയും ഖാറൂൻ ധനത്തെയും സാമ്പത്തിക ശക്തിയെയും ബിലെയാം അധികാര വർഗത്തിനൊപ്പമുള്ള പുരോഹിതന്മാരെയും പ്രതിനിധീകരിക്കുന്നു.

മനുഷ്യ ഹൃദയത്തിൽ നിലനിൽക്കുന്ന ഒരു ശക്തിയാണ് മതം. എന്നാൽ ഖാബീലിന്റെ മതം ഔദ്യഗിക പുരോഹിതൻമാരുടെ കൈയിൽ എന്നും ഒരുപകരണമായിരുന്നു. ഗതകാല ചരിത്രത്തിൽ ചെങ്കോലേന്തിയ ഉൽകൃഷ്ടവർഗത്തിന്റെ നെടുംതൂണുകളിലൊ

ന്നായി അവരു ഉപയോഗിച്ചതും മതത്തെ തന്നെയായിരുന്നു. ഈ വർഗമായിരുന്നു പുരാതന പേർഷ്യയിലും ഗ്രീസിലും റോമിലും ഇതര നാഗരികതകളിലുമെല്ലാം ജനങ്ങളെ വാണരുളിയിരുന്നത്.

ത്രിയേകത്വ വാദത്തിലും മൂന്നുമുഖങ്ങളുണ്ട്. ദൈവം ഒരേ സമയത്ത് തന്നെ ഏകനാണ്. മൂന്നാണ്. മൂന്നിൽ ഓരോന്നിനും തനതായ അസ്തിത്വമുണ്ട്. 'വീഞ്ഞില്ലാത്ത ചഷകത്തിൽ നിന്ന് ചഷകത്തിലല്ലാത്ത വീഞ്ഞിനു ചോദിക്കുക". എന്ന് ജലാലുദ്ദീൻ റൂമി പറയുന്നത് പോലെ, അയുക്തികമാണത്. എന്നാൽ ചരിത്രത്തിൽ മറ്റൊരു നിലയ്ക്ക് ത്രിയേകത്വമുണ്ട്. ഭരണവർഗത്തിൽ മതവും വിത്തവും പൗരോഹിത്യവും ഒത്തുചേർന്നു. ബിലെയാം നെറികെട്ട് പൗരോഹിത്യത്തിന്റെ പ്രതീകമാണ്. ഫറോവ കടിഞ്ഞാണില്ലാത്ത അധികാര വാഴ്ചയുടെയും സ്വേച്ഛാധിപത്യത്തിന്റെയും പ്രതീകമാണ്. എണ്ണമറ്റ ഖജനാവുകൾ സ്വന്തമായുള്ള സുഖലോലുപനായ ഖാറൂൻ ഭൗതികവാദത്തിന്റെയും മുതലാളിത്തത്തിന്റെയും പ്രതീകമാണ്. സത്യപ്രബോധകനായ പ്രവാചകൻ മൂസയ്ക്കെതിരെ അണിചേർന്നവരായിരുന്നു. ഫറോവയും ഖാറൂനും ബിലെയാറും.

ഈ മുഖങ്ങളോട് കൂടി യുഗാന്തരങ്ങളിലൂടെ ഖാബീലിന്റെ വർഗം ജനങ്ങളെ ഭരിച്ചുവന്നു. ജനങ്ങളെ അടക്കിവവാഴുന്നതിനു അവരെ ചൂഷണം ചെയ്യുന്നതിനും ലോകത്തെ ഭരിക്കാനർഹപ്പെട്ടവർ തങ്ങളാണെന്നവകാശ വാദമുന്നയിക്കുന്നയിക്കുന്നതിനും അവർ മതത്തെ ദുരുപയോഗപ്പെടുത്തിവന്നു. വിത്ത പ്രതാപത്തിന്റെയും അധികാര പ്രമത്തതയുടെയും പൗരോഹിത്യത്തിന്റെയും ശക്തികൾ മനുഷ്യ സഞ്ചയത്തെ എത്രത്തോളം അടക്കിവാണിരുന്നുവെന്നു കാണുവാന്, സസ്സാനിയക്കാരുടെയും അക്കമേനിയക്കാരുടെയും മാത്രം ചരിത്രം മതി ഉദാഹരണമായി. പൗതോഹിത്യത്തെ കൂട്ടുപിടിച്ച് ദേവാലയങ്ങളുടെ മേൽപോലും ആധിപത്യം വാണ രണ്ട് ഭരണഗോത്രങ്ങളായിരുന്നു അവർ. ഭരണത്തിൽ വന്ന ഘട്ടത്തിൽ രാജ്യത്തെ കൃഷിഭൂമിയുടെയും സ്വത്തിന്റെയും പത്തൊമ്പത് ശതമാനം സുഖലോലുപരായവരുടെ അധീനതയിലായിരുന്നു. പൗരിഹിത്യത്തെ കൂട്ടുപിടിച്ച് ജനങ്ങളെ അടക്കിവാണ അവർ അടുത്ത മുപ്പത് വർഷങ്ങൾക്കുള്ളിൽ എൺപത് ശതമാനം ഭൂമിയുടെ ഉടമകളായി മാറുകയുണ്ടായി ജനങ്ങളിൽ നിന്നു അവരുടെ സമ്പാദ്യത്തിന്റെ ബഹുഭൂരിഭാഗവും ദൈവത്തിനെന്ന പേരിൽ ഇവർ പിടിച്ചെടുക്കുമായിരുന്നു. റാംസെ* ഒന്നാമന്റെ യുഗത്തിലെ ശിലാലിഖിതത്തിൽ ഉല്ലേഖനം ചെയ്യപ്പെട്ട ഒരു പ്രാചീന ഈജിപ്ഷ്യൻ കവിയുടെ വരികൾ, അന്നത്തെ ഈ ഈജിപ്ഷ്യൻ ദൈവങ്ങളെത്ര അത്യാർത്തികളായിരുന്നുവെന്നതിന്റെ നിദർശനമാണ്. "എന്റെ കുഞ്ഞിന്റെ വായിൽ ഒരി കഷണം റൊട്ടിവെച്ചു കൊടുക്കുമ്പോൾ ആർത്തിയോടെ നോക്കിയിരിക്കുകയും അത് പിടിച്ചെടുക്കുകയും ചെയ്യുന്ന ഈ ദൈവം (ഇഖ്തൂൺ) എത്ര അത്യാർത്തിയാണ്! വിശന്നുനിൽക്കുന്ന ഈ ദൈവങ്ങളുടെ അന്നപദങ്ങൾ നിറയക്കാൻ ആർക്കുകഴിയും?".

മനുഷ്യസമൂഹം വിഭജിക്കപ്പെടുകയും ത്രിമാനാധികാരങ്ങളുള്ള വർഗജനങ്ങളുടെ മേൽ കുത്തകയനുഭവിക്കുകയും ചെയ്തത്. മുതൽ ദൈവങ്ങളെ ഭരണ വർഗത്തിന്റെ മുഖത്രയങ്ങളോട് കൂടി സങ്കൽപിക്കാൻ തുടങ്ങി ത്രിയേകത്വസങ്കൽപവും ബഹുദൈവത്വ സങ്കൽപങ്ങളുമല്ലാം ഭൂമിയിൽന്നിന്നു ആകാശത്തിൽ

* ബി. സി. പതിമൂന്നാം നൂറ്റാണ്ടിനും പതിനൊന്നാം നൂറ്റാണ്ടിനുമിടയിൽ ഈ ജിപ്തിൽ ഭരണം നടത്തിയ പന്ത്രണ്ട് രാജാക്കന്മാർ ഈ പേരിലാണറിയപ്പെടുന്നത്.--വിവ.

പ്രതിഫലിച്ച് ദൈവരൂപം കൊണ്ടവയാണ് ഏകദൈവത്ത സങ്കൽപവും ബഹുദൈവത്ത സങ്കൽപവും മതസങ്കൽപങ്ങളായാണറിയപ്പെടുന്നതെങ്കിലും രണ്ടാമത്തേത് മനുഷ്യന്റെ സാമൂഹ്യവ്യവസ്ഥ ദൈവക്രമമനുസരിച്ചായിരിക്കണമെന്ന് പറയുന്നില്ല. ഭൂമിയിലെ ക്രമത്തിനനുസരിച്ച് അവർ ആകാശത്തിൽ ദൈവങ്ങളെ സങ്കൽപിക്കുകയാണ് ചെയ്തത്.

പ്രപഞ്ച വീക്ഷണത്തിൽ ഇത്തരമൊരു വികലത വെച്ചുപുലർത്തുന്നതിനാൽ മതവും ജീവിതവും ബന്ധിപ്പിക്കേണ്ട പ്രശ്നം വരുമ്പോഴും സാമൂഹ്യഘടനയിൽ മാറ്റം വരുത്തേണ്ട പ്രശ്നം വരുമ്പോഴും അവർ വഞ്ചനാത്മകമായി വൈരുധ്യാന്തമക പുലർത്തുകയാണ് ചെയ്യാറ്.

ഐക്യത്തിന്റെ അസ്തിവാരത്തിൽ പടുത്തുയർത്തപ്പെട്ട പ്രാചീന സാമൂഹ്യക്രമം വർഗ വിവേചന വ്യവസ്ഥയായി മാറി വന്നപ്പോൾ സാമൂഹ്യ ഘടന ശിഥിലമായി. മതപരമായ ഏകാത്മതയോട് ഒത്തുപോവുന്നതല്ല ശൈഥില്യം വന്ന സാമൂഹ്യഘടന. അതിൽ വ്യത്യസ്ഥ വിഭാഗങ്ങൾ തങ്ങളുടെ സാമൂഹ്യ പദവിയെയും രാഷ്ട്രീയ-സാമ്പത്തികപങ്കിനെയും തങ്ങളുടെ വീക്ഷണങ്ങൾക്കനുസരിച്ച് ന്യായീകരിക്കാൻ ശ്രമിക്കുകയാണ് ചെയ്യുക.

വസ്തുവിന്റെ തലത്തിൽ മാറ്റം വരുമ്പോൾ ബോധതലത്തിലും മാറ്റം വരുക അസാധാരണമല്ല. മനുഷ്യവർഗം ഭിന്നധ്രുവങ്ങളായി മാറിയപ്പോൾ, അതിന്റെ അനന്തരഫലമെന്നോണം ദൈവസങ്കൽപങ്ങളിലും വൈജാത്യങ്ങളുടലെടുത്തു തുടങ്ങി. അതോടെ മനുഷ്യനിൽ ബഹുദൈവത്വത്തത്തിലധിഷ്ഠിതമായ പ്രപഞ്ച വീക്ഷണങ്ങൾ വളർന്നു വരുകയും അത് സമൂഹത്തെ സ്വാധീനിക്കാൻ തുടങ്ങുകയും ചെയ്തു. ആകാശത്തിലെ ദൈവങ്ങളാണു ഭൂമിയിലെ വസ്തുക്കളുടെ സൃഷടാക്കളെന്ന് വിശ്വസിക്കാൻ മനുഷ്യവർഗം നിർബന്ധമാക്കപ്പെട്ടിരിക്കുന്നുവെങ്കിലും യഥാർത്ഥത്തിൽ ഭൂമിയിലെ ദൈവങ്ങളായിരുന്നു ബഹുദൈവത്വ സങ്കൽപങ്ങളിലെ ആകാശദൈവങ്ങൾക്ക് രൂപകൽപന ചെയ്തിരുന്നത്. സാമൂഹ്യമായ വസ്തുനിഷ്ഠത മതപരമായ ആത്മനിഷ്ഠഗ സൃഷ്ടിച്ചതങ്ങനെയായിരുന്നു.

ധർമ്മത്തിലും കർമ്മത്തിലും രണ്ട് വിരുദ്ധ ശക്തികളാണു പ്രപഞ്ചത്തെ ഭരിക്കുന്നതെന്ന ഡ്യൂഎലിസ്റ്റ് തത്വവാദത്തിനു അതിനെയും അതിന്റെ സാമൂഹ്യഘടനയെയും ന്യായീകരിക്കാൻ മതത്തെ ആശ്രയിക്കേണ്ടി വന്നു. സാമൂഹികവും ദാർശനികവും മറ്റുമായ ശക്തി ദ്വൈതവാദാധിഷ്ഠിതമായ സാമൂഹ്യവ്യവസ്ഥ നേടിയെടുത്തത് മതത്തെ ദുരുപയോഗപ്പെടുത്തിയായിരുന്നു.

ഖാബീലിന്റെ വർഗം പുലർത്തിവന്ന പ്രപഞ്ചവീക്ഷണം ഇപ്പറഞ്ഞതായിരുന്നു. അവർ ത്രിമാനാധികാരങ്ങൾ-മതം, ധനം, ഭരണം എന്നിവ-ഉപയേഗിച്ചു ജനങ്ങളുടെ മേൽ ആധപത്യം വാഴുകമാത്രമല്ല ചെയ്തത്; അവർ പ്രപഞ്ചത്തിനു തന്നെ ഒരു ത്രിയേകത്വസ്വഭാവം നൽകി ഖാബീലിനെ പോലെത്തന്നെ, ആ സങ്കൽപത്തിലെ ദൈവവും മൂന്നുരൂപങ്ങൾ സ്വീകരിച്ചു. ഖാബിൽ ഫറോവയും ഖാറൂനും ബിലെയാമും ഒത്തുചേർന്നതുപോലെ. ദൈവവം പിതാവും പുത്രനും പരിശുദ്ധാത്മാവും ചേർന്ന ഒരു സമുച്ചയമായി. ആദ്യഘട്ടത്തിലെ ഏക ദൈവത്വ സങ്കൽപം പോയി ക്രിസ്തുമതത്തിൽ ത്രിയേകത്വം സ്ഥലംപിടിച്ചതും ഇസ്ലാമിനു മുമ്പുള്ള പേർഷ്യൻ മതങ്ങളിൽ അഹുരമസ്ദയുടെ മൂന്നഗ്നികളുടെ സങ്കൽപമുണ്ടായതും യഹൂദമതത്തിലും ഇന്ത്യൻ മതത്തിലും വ്യത്യസ്തരൂപങ്ങളിൽ ബഹുദൈവത്വം കടന്നുവന്നതുമെല്ലാം ഇങ്ങനെയാണ്.

ദ്വൈതാത്മക പ്രപഞ്ചവീക്ഷണത്തിൽ രണ്ട് ദൈവങ്ങളുണ്ട്- രണ്ട് വിരുദ്ധ ശക്തികൾ: നന്മയും തിന്മയും, വെളിച്ചവും ഇരുട്ടും, അഹുറയും അഹ്രിമാനും. എന്നാൽ ത്രിയേകത്വത്തിൽ മൂന്നെണ്ണം ചേർന്നു ഒന്നാവുകയാണ്. മൂന്നും ഒറ്റയായ അസ്തിത്വങ്ങളല്ല. മറിച്ച്, അവയിലൊരെണ്ണം മറ്റു രണ്ടിൽ ചേർന്നു ഒന്നാവുന്നു. ഈയർത്ഥത്തിൽ മതത്തിലുള്ള ദ്വൈതാത്മക വാദം സമൂഹത്തിലെ രണ്ട് വർഗങ്ങളെയാണു കാണുന്നതെന്നു തോന്നുന്നു: ഭരണാധിപന്മാരും ഭരണീയന്മാരും. എന്നാൽ ത്രിയേകത്വത്തത്തിൽ, ഭരണവർഗം തന്നെ മൂന്നുരൂപങ്ങൾ സ്വീകരിച്ചിരിക്കുകയാണ് ചെയ്യുന്നത്. ഓരോന്നും മറ്റു രണ്ടിൽ നിന്നും ശക്തി സ്വീകരിക്കുന്നു.

ബഹുദൈവത്വവും ദ്വൈതാത്മകവാദവും കാലാന്തരേണ ഏകദൈവവിശ്വാസത്തിനു പോറലേൽപിക്കുകയുണ്ടായിട്ടുണ്ട്. ബഹുദൈവത്വത്തത്തിന്റെ സ്വാധീനം എത്രത്തോള മെന്നാൽ, ഏകദൈവ മതങ്ങളുടെ അനുയായികളിൽപോലും അവരറിയാതെ ബഹുദൈ വത്വത്തിന്റെ വേഷമിട്ട് കടന്നുവരുന്നു. വേഷം മാറിയ ബഹുദൈവത്വമാണ് ഏത് ബഹു ദൈവത്വ സങ്കൽപങ്ങളെക്കാളും കൂടുതൽ ഹാനികരം. ഇസ്‌ലാമിൽ നിർബന്ധിച്ചു ചേർക്കാൻ ശ്രമിക്കുന്ന ബഹുദൈവത്വമാകട്ടെ, ഏറ്റവും ശക്തവും അതേയവസരത്തിൽ ഗോപ്യവുമാണുതാനും.

ത്രിയേകത്വത്തിന്റെ ശക്തികൾ തന്ത്രപരമായ മാർഗങ്ങളിലൂടെ ഏകദൈവത്വമെന്ന വ്യാജേന ക്രിസ്തുമത സിദ്ധാന്തങ്ങളും ബഹുദൈവത്വവും പ്രചരിപ്പിക്കാൻ ശ്രമിച്ച കഴി ഞ്ഞകാലങ്ങളിൽ സാമാന്യ ജനങ്ങൾ വഞ്ചിതരായിപ്പോയിട്ടുണ്ട്. എന്നാൽ പതിനെട്ടും പത്തൊമ്പതും നൂറ്റാണ്ടുകളിൽ നവോത്ഥാനം അതിന്റെ ഉത്തുംഗതയിലെത്തിയപ്പോൾ യഥാർത്ഥ ചൈതന്യം ചോർന്നുപോയ മതം കപടമായ ആത്മീയത പുലർത്തുന്നത് കണ്ട ധിഷണാശാലികൾ വിസ്മയിച്ചുപോയി. അതുപോലെ ശാസ്ത്രത്തിനും യുക്തിവാദത്തി നുമനുസൃതമായി അതിനെ ഒരു തരം ഹ്യൂമനിസമാക്കി മാറ്റുന്നത് കണ്ടപ്പോഴും അവർ അമ്പരന്നു ചരിത്രത്തിലെ ഈ വഞ്ചനകൾക്ക് നിദാനമായി വർത്തിച്ചത് രണ്ട് ഘടകങ്ങ ളായിരുന്നു. ഇവയെ നമ്മുടെ കാലഘട്ടത്തിലെ ധിഷണാശാലികളും ചിന്തകന്മാരും അവ ഗണിക്കുകയേ ചെയ്തിട്ടുള്ളൂ. അതിനാൽ അതിനെക്കുറിച്ച് പറയാൻ ഞാൻ നിർബന്ധി തനായിരിക്കുകയാണ്.

ഭൗതികവാദത്തിലധിഷ്ഠിതമായ പ്രപഞ്ചവീക്ഷണം വികസിപ്പിച്ചെടുത്ത പ്ഥമ ഘടകം ശാസ്ത്രമത്രെ. രണ്ടാമത്തെ ഘടകം സോഷ്യലിസവും. ഭൗതികവാദത്തിന്റെ അടിത്തറ യിൽ അടിസ്ഥാനതത്വങ്ങൾ പടുത്തുയർത്തിയ സോഷ്യലിസം, പത്തൊമ്പതാം നൂറ്റാ ണ്ടിൽ മതത്തിന്നെതിരായ നല്ലൊരുശക്തിയായി രംഗത്ത് വരികയുണ്ടായി. അന്നത്തെ ശാസ്ത്രീയ ദാർശനിക വീക്ഷണങ്ങളെല്ലാം, പാശ്ചാത്യൻ നാഗരികതയുടെ വളർച്ചയെ തുടർന്നുണ്ടായ നവോത്ഥാനതരംഗങ്ങളാൽ സ്വാധീനിക്കപ്പെട്ടവരായിരുന്നുആ കാലഘട്ട ത്തിലെ പ്രധാനമൊരു വസ്തു പശ്ചാത്യ ലോകത്ത് 19-ാാം നൂറ്റാണ്ടിൽ ബൂർഷാസി രംഗപ്രവേശനം ചെയ്തതാണ്.

മാദ്ധ്യ കാലങ്ങളിൽ, മതത്തിന്റെ പിന്തുണയോടും ന്യായീകരണത്തോടും കൂടി നിലനി ന്നിരുന്ന ഫ്യൂഡലിസമായിരുന്നു സമൂഹത്തിന്റെ അന്തർഘടന. മതം അതിന്റെ ബാഹ്യാ വരണമായിരുന്നു. എന്നാൽ ഏറെ കഴിയുന്നതിനു മുമ്പ് ഫ്യൂഡലിസത്തിന്റെ തകർച്ചയ്ക്കും സമൂഹത്തിന്റെ ചുക്കാൻ പിടിക്കുന്നവനായിക്കൊണ്ടുള്ള ബൂർഷ്വാസി യുടെ രംഗപ്രവേശത്തിനും ആധുനിക നൂറ്റാണ്ടുകൾക്ക് സാക്ഷിയാവേണ്ടിവന്നു. ഫ്യൂഡ ലിസത്തിന്റെ തകർച്ചയ്ക്ക് വ്യത്യസ്ത കാരണങ്ങളുണ്ടായിരുന്നു. വിശാലതയും മതസ ഹിഷ്ണുതയും ജീവിതത്തെ ഒരേകകമായി രാഷ്ട്രീയ-സാമൂഹ്യ ഘടനയും ഉള്ള സവി ശേഷതയാർന്ന ഇസ്‌ലാമിക സംസ്കാരം, ഫ്യൂഡലിസത്തിനും മധ്യ നൂറ്റാണ്ടിലെ കത്തോലക്കാ സഭയുടെ കർശനമായ വ്യവസ്ഥക്കും മേൽ നിർണായകമായ സ്വാധീനം ചെലുത്തിയതാണ് ഒന്നാമത്തെ കാരണം. കൂടാതെ, നാവിക രംഗത്ത് പിന്നീടുണ്ടായ വികസനങ്ങളെ തുടർന്ന് അമേരിക്കയെയും ആഫ്രിക്കയെയും കണ്ടെത്താനും ഇടപഴ കാനുമിടയായതോടെ മധ്യകാലയൂറോപ്പിന്റെ അടിത്തറകൾക്കിളക്കം തട്ടുകയും ബാഹ്യ സ്വാധീനങ്ങൾക്ക് അത് വിധേയമാവാൻ തുടങ്ങുകയും ചെയ്തു. കൂടാതെ, നാവിക വികസനത്തോടെ പാശ്ചാത്യ-പൗരാസ്ത്യ രാഷ്ട്രങ്ങൾ തമ്മിലുണ്ടായ വാണിജ്യ ബന്ധ ങ്ങൾ മദ്ധ്യകാല യൂറോപ്പിന്റെ ഹ്രസ്വമായ ലോകത്തെ കൂടുതൽ വികസിപ്പിച്ചു. പൗരാസ്ത്യ ലോകവുമായും ഇതര ഭൂഖണ്ഡങ്ങളുമായുമുള്ള അതിന്റെ ബന്ധങ്ങൾ, യൂറോപ്പിന്റെ മത-സമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയ കാഴ്ചപ്പാടുകളിൽ മാറ്റം വരുത്തു വാനും വീക്ഷണങ്ങൾക്ക് വ്യാപ്തി വരുത്തുവാനുമിടയാക്കി. ഗ്രാമീണത, സന്യാസം, പൗരോഹിത്യം തുടങ്ങിയവയുടെ സ്ഥാനത്ത് വ്യവസായവത്ക്കരണം, നഗരവത്ക്കരണം , മതേതരത്വം, ദേശീയത തുടങ്ങിയവ സ്ഥലം പിടിച്ചു. ചിന്താരംഗത്തും അതിന്റെ പ്രതി

ഫലനങ്ങളുണ്ടായി. പ്രൊട്ടസ്റ്റന്റ് മതം കാലാകാലമായാദരിക്കപ്പെട്ടുവന്ന കത്തോലിക്കാ സഭയെ വിമർശിച്ചു. ശാസ്ത്രം, യുക്തിബോധം, സ്വതന്ത്ര ചിന്ത തുടങ്ങിയവ മദ്ധ്യകാല യൂറോപ്പിന്റെ ജീർണമായ വിശ്വാസപ്രമാണങ്ങളെ വെല്ലുവിളിച്ചു. ചർച്ചിന്റെ ദൈവാധിപ ത്യത്തിന്നെതിരിൽ നാഷനിലിസം-ദേശീയത-ഒരു ശക്തിയായി വളർന്നുവന്നു. ഇതിന്റെ യെല്ലാം അനന്തരഫലമെന്നോണം ഫ്യൂഡലിസത്തിന്റെ അസ്ഥിവാരം തന്നെ തകർന്നു തരിപ്പണമാവുകയും ഫ്യൂഡൽ പ്രഭുക്കളുടെയും ഭൂവുടമകളുടെയും സ്ഥാനത്ത് പുതിയ ബൂർഷ്വാസികളും അവരുടെ ബൂർഷ്വാസാമൂഹ്യ ക്രമവും സ്ഥലം പിടിക്കുകയും ചെയ്തു.

പുതുതായി രംഗപ്രവേശനം ചെയ്ത ബൂർഷ്വാസി ഫ്യൂഡലിസത്തിന്റെ അവശിഷ്ട ങ്ങൾക്കെതിരിലും അത് വെച്ചുപുലർത്തിയ മത-സാംസ്കാരിക പാരമ്പര്യങ്ങൾക്കെതി രിലും വ്യപകമായ അക്രമണം തന്നെ സംഘടിപ്പിക്കുകയുണ്ടായി. ഒടുവിൽ അവർ യൂറേപ്പിന്റെ നായകത്വമേറ്റെടുക്കുകയും ഏറ്റവും പ്രമുഖ്യമുള്ള ശക്തിയായി സ്വയം അവരോധിക്കുകയും ചെയ്തു. പുതിയ ബൂർഷ്വാ ഭരണവർഗംവീക്ഷണത്തിൽ മതേതര മായതിനാൽ അതിന്റെ ധാർമ്മിക-സാംസ്കാരിക തത്വങ്ങളുടെ അടിസ്ഥാനങ്ങൾ വ്യഷ്ടി വാദം, ഭൗതികവാദം, സാമ്പത്തിക-രാഷ്ട്രീയ ലിബറലിസം എന്നിവയിന്മേലായിരുന്നു. കെട്ടിപ്പൊക്കിയെടുത്തിരുന്നത്. സ്വന്തം സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയ താത്പര്യ ങ്ങൾക്കും ലക്ഷ്യങ്ങൾക്കുമനുസൃതമായ ഗവൺമെന്റുകൾ അവർ സ്ഥാപിച്ചു. ബൂർഷ്വാ താത്പര്യങ്ങളെ സ്ഥായിയായും നേർക്ക് നേരെയും പരിരക്ഷിക്കാനായി ശാസ്ത്രം, തത്ത്വചിന്ത, മതം, സദാചാരം, കല, സംസ്കാരം എന്നീ മേഖലകളിലെല്ലാം പാർണ്ണമായ ബൂർഷ്വാവത്ക്കരണ ശ്രമങ്ങൾ നടത്തുകയുണ്ടായി അവർ. അവരുടെ മൂല്യങ്ങൾ പ്രയോജനാ വാദത്തിലധിഷ്ഠിതമായിരുന്നു. അതിനാൽ ഗുണം, ആത്മീയത, സത്യന്വേ ഷണം, വിവേകം, പ്രബുദ്ധത, സ്നേഹം, ആദരവ്, പരലോകജീവിതം, എന്നിവ യ്ക്കെല്ലാം പകരമായി അവർ യുക്തി, അധികാരമോഹം, ചൂഷണം തുടങ്ങിയവയെ സ്വീകരിച്ചു. സത്യം, സൗന്ദര്യം, ദാനധർമ്മം എന്നിങ്ങനെ മനുഷ്യ സംസ്കാരം താലോലി ച്ചാദരിച്ചു പുലർത്തിപ്പോന്ന ഉദാത്തമായ മൂല്യങ്ങളുടെ സ്ഥാനത്ത് അവർ അധികാരം, ഉപഭോഗം, റിയലിസം എന്നിവയെ സ്ഥാപിച്ചു. അവരുടെ സമൂഹത്തിലും സംസ്കാർത തിലും ശാസ്ത്രത്തിലും ജീവിതത്തിലുമെല്ലാം സ്വാധീനം ചെലുത്തുന്നത് ബൂർഷ്വാസി യുടെ ഈ പുതയ മൂല്യങ്ങളത്രെ.

ഉപരിലോകത്തെ എഴുതിത്തള്ളിയതിനാൽ പുതിയ ബൂർഷ്വാസി ഭൗതിക ജീവിതത്തിൽ അള്ളിപ്പിടിച്ചുവെന്നുവേണം പറയാൻ, ആത്മാവിന്നനുഭൂതി പകരുന്ന ഉദാത്തമായി വികാരവിചാരങ്ങലേക്കാൾ ശരീരത്തിന്റെ നൈമിഷികമായ ലൈംഗിക സുഖത്തിനും ഉദാര പൂരണവ്യഗ്രതയ്ക്കും അവൻ കൂടുതൽ പ്രാധാന്യം നൽകുകയുണ്ടായി. അവൻ തന്റെ ജീവിതത്തെ സുഖാനുഭോഗ നിരതത്വത്തിലും ഉപഭോഗ്തതിലും തളച്ചിടുകയും തനിക്ക് ജീവിതായോധന്തതിനും ജീവിതോപകരണങ്ങളുണ്ടാക്കുന്നതിനും ഉഴിഞ്ഞുവെ ക്കുകയും, മനുഷ്യജീവിതത്തിനർത്ഥവും ലക്ഷ്യവും നൽകുന്ന പാഥേയത്തെ കൈവെടി യുകയും ചെയ്തു. ബൂർഷ്വാസി മനുഷ്യന്റെ ജന്മസിദ്ധികൾ കണ്ടെത്താനും തന്റെ വിധി യുടെ ഇടുങ്ങിയ അകത്തളങ്ങളിൽനിന്നു രക്ഷപ്പെടാനും അവനെ സഹായിച്ചുവെന്നതു ശരിയാണ്. അതുപോലെത്തന്നെ മനുഷ്യനിൽ ശാസ്ത്രീയബോധം ഉണ്ടാക്കാനും അതി ലൂടെ പ്രകൃതി വിഭവങ്ങൾ തന്റെ ആവശ്യങ്ങൾക്കനുസരിച്ച് ഉപയോഗപ്പെടുത്തുവാനും അവനെ സഹായിച്ചുവെന്നതും ശരിതന്നെ. എന്നാൽ മനുഷ്യന്റെ അന്തരാത്മാവിൽ നേട്ട ങ്ങളെ സഫലീകരിക്കാനോ ഈ ലോകത്തിനപ്പുറത്തേക്ക് വ്യാപിച്ചുകിടക്കുന്നു അവന്റെ സ്വപ്നങ്ങളെ സാക്ഷാത്കരിക്കാനോ ബൂർഷ്വാ സംസ്കാരത്തിനു സാധിച്ചില്ല.

ആധുനിക സാംസ്കാരിക നാഗരികതകളിൽ മുഴച്ചുനിൽക്കുന്നത് ബൂർഷ്വാസിയുടെ സമ്പ്രദായങ്ങളാണ്. വഞ്ചനങ്ങളായ കമ്പോളങ്ങളിൽ സ്റ്റോക്ക് എക്സ്ചേഞ്ചുകളിൽ, ഉല്പാദനങ്ങളിൽ, വാണിജ്യ രംഗത്ത്, എല്ലാറ്റിനുമുപരി, അധമവികാരങ്ങളുടെ പരി പൂർത്തീകരണത്തിനുള്ള നെട്ടോട്ടത്തിൽ, എല്ലാം ബൂർഷ്വാസിയുടെ എല്ലാം ബൂർഷ്വാസി

യുടെ സമ്പ്രദായങ്ങളും ശൈലികളുമാണു കണ്ടെത്താൻ കഴിയുക. വൈകാരികതയും വിഡ്ഢിത്തവും വ്യതിചലനങ്ങളും വഴിപിഴപ്പിക്കുന്ന പ്രചാരണങ്ങളും കൊണ്ട് നിറഞ്ഞതാണ് ബൂർഷ്വാ കലകളും സാഹിത്യങ്ങളും. പഴയ ജീർണമായ സംസ്കാരത്തെ തൂത്തെറിഞ്ഞ് സങ്കരമായ ആശയങ്ങളും മൂല്യങ്ങളും അതിനു പകരം വെക്കുമ്പോൾ ബൂർഷ്വാസി ഒരു പാതകം ചെയ്തിട്ടുണ്ട്. അവൻ ഭൂലോകത്ത് നിന്നു തൂത്തെറിഞ്ഞത് മദ്ധ്യകാല യൂറോപ്യൻ സംസ്കാരത്തെയായിരുന്നു. മദ്ധ്യനൂറ്റാണ്ടുകളിലെ ഫ്യൂഡലിസമാണ് ഒരു നാൾ സർവാദരണീയമായി കരുതിപ്പോന്ന ആ സംസ്കാരത്തിനു മേൽ അഴക്കുപുരട്ടിയത്. ഫ്യൂഡലിസം ഇഴുകിച്ചേർന്ന് ആ സാംസ്കാരിക സൗധത്തെ നിലം പരിശാക്കിയ ബർഷ്വാസി, അതിന്നുപകരമായി, ശാസ്ത്രം, സാഹിത്യം, സംസ്കാരം തുടങ്ങിയ മേഖലകളെ മധ്യകാല ചർച്ചിന്റെ ചങ്ങലകളിൽനിന്നും ഫ്യൂഡലിസത്തിന്റെ പിടുത്തത്തിൽനിന്നും മോചിപ്പിക്കുകയും ആ മേഖലകളിൽ സംഭാവനകളർപ്പിക്കുകയും ചെയ്തു. എന്ന മധ്യ യൂറോപ്യൻ സംസ്കാരത്തെ തകർത്ത് തരിപ്പണമാക്കുന്നതിനിടയിൽ മനുഷ്യൻ ആദരിച്ചംഗീകരിട്ടുപോന്ന അനേകം മൂല്യങ്ങളെയും അവൻ കാറ്റിൽ പറത്തുകയുണ്ടായി. പൗരോഹിത്യത്തെയും ഫ്യൂഡലിസത്തെയും തകർക്കുന്നതിനിടയിൽ ബൂർഷ്വാസി ചെയ്ത ഈ കൊടും പാതകം ഒരിക്കലും വേണ്ടത്ര വിധേയമായിട്ടില്ല. പകരം ശാസ്ത്രം, സാഹിത്യം, പരണാമം, ലിബറലിസം, അന്ധവിശ്വാസ വിരക്തി തുടങ്ങി അവൻ മുന്നോട്ടുവെച്ച  സുമോഹന മദ്രാവാക്യങ്ങളിൽ ലോകം ആകൃഷ്ടമായിപ്പോവുകയും അതിന്നു ബൂർഷ്വാസി സ്തുതിക്കപ്പെടുകയുമാണു ചെയ്തുപോന്നിട്ടുള്ളത്.

നവോത്ഥാനവും അതിനെത്തുടർന്ന് വ്യത്യസ്ത മേഖലകളലുണ്ടായ പരിവർത്തനങ്ങളും പൂർണ്ണമായും ശുദ്ധമായ ഒരു കാര്യമല്ല. ആദർശനം, സ്നേഹം, പൂർണത, ജീവിത ലക്ഷ്യം, ആത്മാവിന്റെ രഹസ്യം തുടങ്ങിയവയ്ക്ക് വേണ്ടിയുള്ള മനുഷ്യന്റെ അന്വേഷണത്തിനു വിരാമമിടുക വഴി. ഏറ്റവും പ്രധാനപ്പെട്ട സവിശേഷതകളാണു മനുഷ്യന്നതു നഷ്ടപ്പെടുത്തിയിട്ടുള്ളത്. ഭൂമിയിൽ ദൈവത്തിന്റെ പ്രതിനിധിയായ, പ്രപഞ്ചത്തിന്റെ സൃഷ്ടി ശിൽപങ്ങളിൽ ഉൽകൃഷ്ടനായ മനുഷ്യനെ കേവലമൊരു മൃഗമാക്കി തരം താഴ്ത്തിക്കളഞ്ഞു അത്. മനുഷ്യനെ ഒരു നികൃഷ്ട ജീവിയായി തരം താഴ്ത്തിക്കളഞ്ഞതിനുത്തരവാദി ബൂർഷ്വാ സംസ്കാരമാണ്. അമൂല്യമായ മനുഷ്യഅത് നാണയത്തുട്ടുകളിലൂടെ മാത്രം നോക്കിക്കണ്ടു. മനുഷ്യനെയും പ്രകൃതിയെയും അത് ഉൽപാദനത്തിനുള്ള വിഭവങ്ങളായും ഉൽപന്നങ്ങളായും തരം താഴ്ത്തുകയും ഒരു ഉപഭോകൃത സംസ്കാരം വികസിപ്പിച്ചെടുക്കുകയും ചെയ്തു. മനുഷ്യന്റെ സിദ്ധികളും പ്രകൃതി വിഭവങ്ങളും ബൂർഷ്വാ താൽപര്യങ്ങളുടെ പൂർത്തീകരണത്തിനായി ചൂഷണം ചെയ്യപ്പെട്ടു. അതീന്ദ്രിയമായ മാനങ്ങളോ പവിത്രതയോ ഇതര സൃഷ്ടികളെക്കാൾ ഉൽകൃഷ്ടതയോ ഇല്ലാത്ത കേവലമൊരു ജീവിമാത്രമായി മനുഷ്യൻ തരംതാഴ്ത്തപ്പെട്ടു.

ചരിത്രത്തെ ശാസ്ത്രീയമായി നോക്കിക്കാണുകയും വസ്തുവും ബോധവും തമ്മിലുള്ള ബന്ധത്തിലും സാമൂഹ്യഘടനയിലും ധൈഷണികതലത്തിലും സാംസ്കാരിക-സാമ്പത്തിക രംഗങ്ങളിലുമെല്ലാം വൈരുദ്ധ്യാത്മകത ദർശിക്കുകയും ചെയ്യുന്ന സോഷ്യലിസ്റ്റുകളും, മനുഷ്യന്റെ ശ്സ്ത്രീയ ബോധം വളർന്നത് മതത്തെ കയ്യൊഴിച്ചത് കൊണ്ടണെന്ന് വിശ്വസിക്കുന്നത് അപഹാസ്യമത്രെ. മതത്തിന്റെ തകർച്ചയോടെയാണ് ആധുനിക ശ്ത്രവും വൈരുദ്ധ്യാത്മക ചിന്തയും വികസിച്ചതെന്ന അവരുടെ വാദം കേട്ടാൽ തോന്നും മറ്റൊന്നിന്റെയും സഹായമില്ലാതെ, സ്വതന്ത്രമായാണ് ഈ വികസനങ്ങളൊക്കെ ഉണ്ടായതെന്ന്. യഥാർത്ഥത്തിൽ ആധുനിക യുഗത്തിലെ മാറ്റങ്ങൾക്ക് നിദാനമായി വർത്തിച്ച ഘടകങ്ങളെക്കുറിച്ച് വിശകലനം ചെയ്താൽ, ശസ്ത്രീയ പുരോഗതിയെക്കുറിച്ചുള്ള മാർക്സിയൻ വിക്ഷണങ്ങൾ വികലവും അടിസ്ഥാനരഹിതവുമാണെന്ന് കണ്ടെത്താനാവും. അഭൗമികമായി യാഥാർത്ഥ്യങ്ങളിൽ വിശ്വസിച്ച് ആത്മീയാനുഭൂതി തേടിയുള്ള മനുഷ്യന്റെ യാത്രയാണ് ശാസ്ത്രീയ-ഭൗതിക പുരോഗതികൾക്ക് വിഘാതമായി നിന്നത് എന്നായിരുന്നു അവരുടെ വീക്ഷണം.

ശാസ്ത്രം ശക്തിയാണെന്നു ബേക്കൺ പറഞ്ഞു. ശക്തിയുപയോഗിച്ചാണ് അത് നടപ്പാക്കേണ്ടതെന്നും. ശാസ്ത്രത്തിന്റെ പേരിൽ ബൂർഷ്വാസി നിലവിലെ സാമൂഹ്യഘടനയെ പുഃനസംവിധാനം ചെയ്തപ്പോൾ മനുഷ്യന്റെ ആത്മീയ ആവശ്യങ്ങളെ പരിഗണിച്ചതേയില്ല. ഇതിനു ശാസ്ത്രത്തെ കുറ്റം പറയേണ്ട കാര്യമില്ല. യഥാർത്ഥത്തിൽ ശാസ്ത്രത്തിന്റെ പേരിൽ ബൂർഷ്വാസിയായിരുന്നു സംസാരിച്ചിരുന്നത്. അവൻ തന്റെ താത്പര്യങ്ങൾ പരിരക്ഷിക്കാൻ ശാസ്ത്രത്തെ ദുരുപയോഗപ്പെടുത്തുകയായിരുന്നു.

ഭൗതികവാദമാണ് മനുഷ്യനെ തരംതാഴ്ത്തിക്കളഞ്ഞത്. ഭൗതികവാദത്തിലധിഷ്ഠിതമായ ഒരു പ്രപഞ്ചവീക്ഷണം ഇവിടെ അടിച്ചേൽപിക്കപ്പെട്ടിട്ടുണ്ട്. ഉൽപാനവും ഉപഭോഗവും അടിസ്ഥാനമായി മാറിയ ഒരു ഭൗതികവൽകൃത സമൂഹമായി മാറിയിരിക്കുന്നു നമ്മുടെ സമൂഹം. ശാസ്ത്രവും തത്ത്വചിന്തയും ലോകത്തിനു ഒരു ഭൗതിക വീക്ഷണം നൽകാൻ രൂപപ്പെട്ടു വരികയാണ്. മനുഷ്യനും പ്രപഞ്ചവുമെല്ലാം ഭൗതികാധീത മാനങ്ങളില്ലാത്ത കേവല പദാർത്ഥങ്ങളായി ഗണിക്കപ്പെട്ടു വരികയാണ്. മതത്തെ പുറം തള്ളി രംഗത്തുവ്നനു ഭൗതികവാദം ഇന്നു സമൂഹത്തെ മുഴുവനും ചൂഴ്ന്നു നിൽക്കുന്നുണ്ട്. ഇന്നത്തെ ഭരണവർഗത്തിന്റെ അടിസ്ഥാന സ്വഭാവം ഭൗതികതയാണ്.

മധ്യനൂറ്റാണ്ടിൽ അന്നത്തെ ഭരണവർഗം പൗരോഹിത്യത്തിന്റെ പിന്തുണയോടെ ഏകദൈവത്വത്തിന്റെ സ്ഥാനത്ത് ത്രിയേകത്വവും ബഹുദൈവത്വവും സ്ഥാപിച്ചെടുക്കുകയുണ്ടായി. തദ്വാരാ ഭൗതികലോകത്തും അവർ ചെയ്തുവന്ന എല്ലാ കൃത്യങ്ങൾക്കും പവിത്രതയുടെ പരിവേഷം അവരണിയിച്ചിരുന്നു. അന്ന് തങ്ങളുടെ ഭരണത്തെ ന്യായീകരിക്കാൻ വക്രീകൃതമായ ഒരു മതത്തിന്റെ പുടവയാണവരതിനെ അണിയിച്ചതെങ്കിൽ, ആധുനിക യുഗത്തിലെ ഭരണാധികാരികൾ തങ്ങളുടെ അധീശത്വത്തിൽനിന്നു നീതീകരണം നൽകാൻ ഭൗതി സംസ്കാരത്തെ ജനങ്ങളുടെ മേൽ അടിച്ചേൽപിക്കുകയാണ് ചെയ്യുന്നത്.

ഉൽപാദനത്തിനു വേണ്ടി അധികാരവും അധികാരത്തിനു വേണ്ടി ഉൽപാദനവും ലക്ഷ്യം വെക്കുന്ന ഉൽപാദനാധികാര വ്യവസ്ഥയാണ് ഇന്നത്തെ ബൂർഷ്വാസിയുടേത്. സാമൂഹ്യഘടനയെ യന്ത്രസമാനം വീക്ഷിക്കുന്ന ആ വ്യവസ്ഥയ്ക്കു കീഴിൽ മനുഷ്യന്നു ഒരു യന്ത്രത്തിലെ പല്ലിന്റെ സ്ഥാനമേയുള്ളൂ. ബൂർഷ്വാ ബ്യൂറോക്രസിക്ക് അതിന്റെ സാങ്കേതിക മേധാവിത്വത്തിനും ദാസ്യവേല ചെയ്യുന്ന ചെയ്യുന്ന കേവലമായൊരു വസ്തുവായിരിക്കുന്നു ഇന്നു മനുഷ്യൻ. അവന്റെ സ്വാതന്ത്രം അവന്നു നഷ്ടപ്പെട്ടു പോയിരിക്കുന്നു. ബൂർഷ്വാ അടിമ വ്യവസ്ഥയ്ക്ക് പാദസേവചെയ്യുകയും അതിനു വേണ്ടി വിയർപ്പൊഴുക്കുകയും വേദനിക്കുകയും ചെയ്യുന്ന കേവലമൊരു ചരക്കുമാത്രമാണിന്നു മനുഷ്യൻ. ശാസ്ത്രത്തെയും തത്വചിന്തയെയും കലയെയും തന്റെ ദാസ്യവർത്തിക്കുപയോഗിച്ചുകൊണ്ടിരിക്കുന്നു ബൂർഷ്വാസി തന്റെ ഔദ്യോഗിക മതസ്ഥാപനങ്ങളിലൂടെയും നിയമിത ബുദ്ധിജീവികളിലൂടെയും അതിന്റെ അതിന്റെ നിലനിൽപ്പിന്നെ ന്യായീകരണം പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

ഹാബീലിന്നവകാശപ്പെട്ടത് തട്ടിയെടുക്കാൻ വേണ്ടി ഖാബീൽ നടത്തിയ സഹോദരവധത്തിൽ പിന്നെ ചരിത്രത്തിലിന്നോളം നടന്നിട്ടുള്ള പ്രക്രിയ അതാണ്. ഹാബീലിന്റെയും ഹാബീലിന്റെ വർഗത്തിന്റെയും അവകാശങ്ങൾ നിഷേധിക്കപ്പെട്ടു; ധനദുരയുടെയും കുത്തകയുടെയും പേരിൽ അവർ ചൂഷണം ചെയ്യപ്പെടുകയും അധമ വികാരങ്ങളുടെ പേരിൽ വധിക്കപ്പെടുകയും ചെയ്തു. അധികാര പീഠത്തിൽ ആസനസ്ഥനായ ഖാബീലിന്റെ വർഗം പുരോഹിതരെയും ബുദ്ധിജീവികളെയും എന്നും തങ്ങളുടെ പാദസേവകരാക്കി. സിംഹാസനത്തിന്റെ തണലിൽ സുഖാസ്വാദകരായ പുരോഹിതവർഗവും ബുദ്ധിജീവികളും അവിഹിതമായി അധികാരം കീഴടക്കിയ ഖാബീലുമാർക്ക് ഹലേലൂയ പാടുകയും അവരുടെ സ്വേഛാധിപത്യങ്ങളെ ന്യായീകരിക്കുകയും അതിനു മതത്തിന്റെ പരിവേഷം ചാർത്തുകയും ചെയ്തു. ഇതിനും പുറമെ ഖാബീലുമാരുടെ താത്പര്യങ്ങളെയും അഭിരുചികളെയും അപാഡചൂഢം പരിരക്ഷിക്കുന്ന തരത്തിലുള്ള വൈയക്തിക-സാ

മൂഹ്യ പെരുമാറ്റച്ചട്ടങ്ങൾക്കും സാംസ്കാരിക മൂല്യങ്ങൾക്കും അവർ രൂപം കൊടുക്കുകയും അത് വഴി മതത്തെയും ശാസ്ത്രത്തെയും മനുഷ്യവർഗത്തെത്തന്നെയും വ്യാജ ശോഭയാർന്ന ഖാബീലിയൻ വർഗത്തിനു ചുറ്റും മിഥ്യാഭ്രമത്തിൽ പെട്ടു പ്രദിക്ഷണം നടത്തുന്ന ഉപഗ്രഹങ്ങൾ മാത്രമാക്കി മാറ്റുകയും ചെയ്തു. ഒരുനാൾ മതമായിരുന്നു സമൂഹത്തിന്റെ കേന്ദ്രബിന്ദു. ബൂർഷ്വാസി അതിനെ നേർക്ക് നേർക്ക് നശിപ്പിക്കുകയല്ല ചെയ്തത്. പൗരോഹിത്യത്തിന്റെ പിന്തുണ എന്നുമുണ്ടായിരുന്നു അവർ ഏകദൈവത്വ സങ്കൽപത്തിൽ ബഹുദൈവത്വത്തിന്റെ അംശം കടത്തിക്കൂടുകയും മതത്തെ ക്രമേണ ഛിന്നഭിന്നമാക്കുകയുമാണു ചെയ്തത്. അങ്ങനെ മതം കാലാന്തരേണ നിർവ്വീര്യമാവുകയും മതത്തിനു സമൂഹത്തിലുണ്ടായിരുന്ന സ്ഥാനം ബൂർഷ്വാസി കൈക്കലാക്കുകയും ചെയ്തു.

നിലവിലുള്ള സമൂഹത്തെ എല്ലാവിധ ബഹുദൈവത്വ സ്വഭാവങ്ങളിൽ നിന്നും മോചിപ്പിച്ച് ഏകത്വത്തിലേക്ക് കൊണ്ടുവരേണ്ട ബാദ്ധ്യത തങ്ങൾക്കാണെന്നു ഏകത്വത്തിൽ വിശ്വസിക്കുന്നവർ മനസ്സിലാക്കി തുടങ്ങിയിട്ടുണ്ട് . പ്രകൃതിക്ക് ആത്മീയമായ അർത്ഥം നൽകുവാനും മനുഷ്യനു അവന്റെ നഷ്ടപ്പെട്ട മതബോതം തിരിച്ചുകൊണ്ടുവരാനും അവനെ ദൈവത്തിന്റെ പ്രതിനിധി എന്ന നിലക്കുള്ള ബോധമുള്ളവനാക്കാനും ഇന്ന് തീവ്രമായ ശ്രമങ്ങൾ നടന്നു വരുന്നുണ്ട്. ഏകദൈവത്തിലധിഷ്ടിതമായ മതങ്ങളുടെ വേദഗ്രന്ഥങ്ങളിൽ മനുഷ്യനും പ്രകൃതിയും ഉദ്ദേശ്യ- ലക്ഷങ്ങളോടെ സൃഷ്ടിക്കപ്പെട്ട പ്രതിഭാസങ്ങളാണെന്നു കാണാം . മനുഷ്യന്റെ ആത്മീയാവശ്യങ്ങളെ പരിഗണിക്കാതെ വൃഥാ സൃഷ്ടിക്കപ്പെട്ടതല്ല അവയൊന്നും. മനുഷ്യൻ സ്വതന്ത്രനും അനന്തമായ സാധ്യതകളും സിദ്ധികളുമുള്ളവനുമാണ്. അവന്റെ ഭാഗധേയം നിർണ്ണയിക്കേണ്ടത് അവൻ തന്നെയാണ്; ബാഹ്യശക്തികളല്ല. ഏകദൈവവിശ്വാസം മനുഷ്യനുജ്ഞാനവും സന്മാർഗവും പ്രദാനം ചെയ്യുന്നു.

♣♣♣

# നാലു തടവറകൾ

ശാസ്ത്ര-സാങ്കേതിക സിദ്ധികളുടെ സഹായത്തോടെ അനേകം ജീവിത പ്രശ്നങ്ങളെ പരിഹരിക്കാനും അസംഖ്യം പ്രതിബന്ധങ്ങളെ തരണം ചെയ്യാനും മനുഷ്യനു കഴിഞ്ഞി ട്ടുണ്ടെങ്കിലും, 'എന്താണു മനുഷ്യൻ' എന്ന മൗലികമായ ചോദ്യത്തിനുത്തരം കണ്ടെ ത്താൻ മനുഷ്യനു ഇന്നേവരെ കഴിഞ്ഞിട്ടില്ല. മനുഷ്യൻ എന്താണെന്നു യഥാവിധി മന സ്സിലാക്കിയിട്ടില്ലെങ്കിൽ, സമൂഹത്തെയും സംസ്കാരത്തെയും വികസിപ്പിക്കാനും പരി ഷ്ക്കരിക്കാനുമുള്ള നമ്മുടെ എല്ലാശ്രമങ്ങളും വൃഥാവിലാവുകയേ ഉള്ളൂ. ആളുകൾക്ക് ഏതു തരം പഴങ്ങളാണു വേണ്ടതെന്ന പ്രാഥമികജ്ഞാനം പോലുമില്ലാത്ത, എന്നാൽ തോട്ടംവെച്ചു പിടിപ്പിക്കുന്നതിൽ അതിവൈദഗ്ധ്യമുള്ള ഒരു തോട്ടം തൊഴിലാളിയെ പോലെയിരിക്കും നാം. ആദ്യമായിത്തന്നെ മനുഷ്യനെ അറിയുകയും അവന്റെ ആവശ്യ ങ്ങൾ മനസ്സിലാക്കുകയും ചെയ്തെങ്കിൽ മാത്രമേ അവനുവേണ്ടി സംവിധാനിക്കുന്ന ഒരു സാമൂഹ്യവ്യവസ്ഥയിൽ എന്തെങ്കിലും പുരോഗതി പ്രതീക്ഷിക്കാനാവൂ. ആദർശ ങ്ങളും ചിന്താസരണികളും മനുഷ്യനെ കേന്ദ്രികരിച്ച് കൊണ്ടുവരണം അല്ലാത്ത പക്ഷം അവയോരിക്കലും വിജയത്തിലെത്തുകയില്ല.

എന്താണ് മനുഷ്യൻ? അവൻ എന്താവണം? അവന്റെ ആവശ്യങ്ങളും അന്തിമലക്ഷ്യങ്ങ ളുമേവ? ഇവയാണ് മനുഷ്യന്റെ സാമൂഹ്യ-സാംസ്കാരിക-സാമ്പത്തിക-രാഷ്ട്രീയ പുരോഗതിയെയും അവന്റെ വിദ്യാഭ്യാസത്തെയും കുറിച്ച് പരിചിന്തിക്കുമ്പോൾ പരിഗ ണിക്കേണ്ട പ്രശ്നങ്ങൾ. മനുഷ്യനെയും അവന്റെ സമൂഹത്തെയും പുരോഗതിയിലേക്ക് നയിക്കാനുദ്ദേശിക്കുന്ന ഏത് സംസ്കാരത്തിന്റെയും പ്രഥമ കാൽവെയ്പ് മനുഷ്യന്റെ സത്തയെയും ലക്ഷ്യത്തെയും അറിയുകയെന്നതത്രെ.

മനുഷ്യൻ അവന്റെ ലക്ഷ്യസ്ഥാനത്തെത്തുന്നതിന് നാല് തടവറകളെ തരണം ചെയ്യേണ്ട തുണ്ട്. അവൻ ഒരു യഥാർത്ഥ മനുഷ്യൻ-*ഇഹ്സാൻ*-ആവുന്നതിനു മുമ്പ് അവൻ നാലു ജയിലുകളിൽ തടവുപുള്ളിയാണ്. ഇവയിൽ നിന്നു മോചനം നേടിയാലേ അവനു ഒരു യഥാർത്ഥ മനുഷ്യനാവാൻ സാധിക്കൂ.

സാധാരണ മനുഷ്യന്റെ അവസ്ഥയിൽനിന്നും പുരോഗമിച്ച്. *ഇഹ്സാൻ*-അവന്റെ യഥാർത്ഥ സത്തയോട് സാമീപ്യം പ്രാപിച്ചവൻ ആവുകയാണ് ഇതിലെ രണ്ടാമത്തെ ഘട്ടം. സാധാരണ മനുഷ്യരേക്കാൾ സവിശേഷമായ ഗുണങ്ങളുള്ളവരായിരിക്കും ഈ പദവിയിലെത്തിയവർ. അവരാകട്ടെ, തങ്ങളുടെ യഥാർത്ഥ സത്തയുമായിട്ടുള്ള സാമീപ്യ ത്തിന്റെ തോതനുസരിച്ച് തങ്ങളുടെ സ്വഭാവങ്ങലിൽ അല്പസ്വൽപം വൈജാത്യം പുലർത്തുന്നവരായിരിക്കും. *ഇഹ്സാൻ* എന്നുപറയുമ്പോൾ ലോകത്തിലെ മുന്നൂറ് കോടിയിലേറെ വരുന്ന ഇരുകാലി മൃഗങ്ങളെയല്ല ഞാനുദ്ധേശിക്കുന്നത്. എല്ലാ മനു ഷ്യരും *ഇഹ്സാൻ* അല്ല. എന്നാൽ അവർക്ക് ആ പദവിയിലെത്താൻ കഴിയും. എല്ലാ ഓരോ മനുഷ്യരും ആപദവിയിലെത്താൻ ശ്രമിക്കുന്നുണ്ട്. ചില മനുഷ്യർ ആ ശ്രമ ങ്ങൾക്കനുസരിച്ച് ഉന്നതപദവികളെത്തുന്നുമുണ്ട്.

*ബശർ* എന്നാൽ സാധാരണ മനുഷ്യനാണ്-ഭൂമിയിലെ ഒരു ജീവി. ഒരു സാധാരണ മനു ഷ്യൻ ആയിത്തീരേണ്ടതെന്തോ അതാണ് *ഇഹ്സാൻ*. പ്രകൃതിയിലെ ജീവജാലങ്ങളിൽ വെച്ച് മനുഷ്യന് മാത്രമേ ഈയൊരു പദവി കരസ്ഥമാക്കാനാവൂ. ഉദാഹരണമായി, ചിത ലിന്നോ പ്രാണികൾക്കോ അവയുടെ നിലവിലുള്ള അവസ്ഥയിൽനിന്നു തെല്ലും മുമ്പോട്ടു പോകാനാവില്ല. പതിനഞ്ച് ദശലക്ഷം വർഷങ്ങൾക്ക് മുമ്പ് എങ്ങനെയായിരു ന്നുവോ, അങ്ങനെത്തന്നെയാണിന്നും അവ നിലനിന്നു വരുന്നത്. ഇതരജീവികളും തഥൈവഭൂമിയിൽ രണ്ട് കാലുകളുബയോഗിച്ച് നടക്കുന്ന അവസ്ഥയിലുള്ള ജീവി എന്ന

അർത്ഥത്തിലാണ് മനുഷ്യനെ *ബശർ* എന്നു വിളിക്കുന്നത്. മനുഷ്യന്റെ ഈ അവസ്ഥയും ഇതരജീവികളെപ്പോലെ മാറുന്നില്ല. ഒരു ശാസ്ത്രകഥയിൽ മനുഷ്യനെക്കുറിച്ചുള്ള ഇത്തരമൊരു ചിത്രം വളരെ ആകർഷകമായി ചിത്രീകരിച്ചിട്ടുണ്ട്.

ചൊവ്വാ ഗ്രഹം സന്ദർശിച്ച ഭൂമിയിലെ പ്രസിദ്ധനായ ഒരു പണ്ഡിതന്റെ കഥയാണത്. ചൊവ്വയിലിറങ്ങിയ അയാൾ അവിടത്തെ വ്യത്യസ്ത സ്ഥലങ്ങളിലൂടെയും തെരുവുകളിലൂടെയും സഞ്ചരിക്കുന്നു. ഒരിക്കൽ ഒരു തെരുവിലൂടെ നടക്കുമ്പോൾ അവിടെയുള്ള ഒരു കോളേജിന്റെ മതിലിൽ ഒരു പോസ്റ്റർ ഒട്ടിച്ചത് കാണാനിടയായി അയാൾ. അതിൽ, ഭൂമി എന്നഗ്രഹം അയ്യിടെ സന്ദർശിച്ചചൊവ്വയിലെ ഒരു പ്രോഫസർ അവിടെ കണ്ട വിചിത്ര ജീവികളെ കുറിച്ച് എന്താണ് ചൊവ്വയിലെ പ്രോഫസർ പറയുക എന്നറിയാനുള്ള കൗതുകത്തോടെ, ആ പ്രഭാഷണത്തിൽ പങ്കെടുക്കാൻ തീരുമാനിച്ചു.

ചൊവ്വക്കാരനായ പ്രോഫസർ ആദ്യമായി നിരവധി തെളിവുകൾ നികത്തി ഭൂമിയിൽ ജീവനുണ്ടെന്ന് സ്ഥാപിക്കുന്നു. ചൊവ്വയിലെ മറ്റനേകം ശാസ്ത്രജ്ഞൻമാരും അത്തരമൊരവകാശവാദം മുമ്പ് തന്നെ ഉന്നയിച്ചിരുന്നു. പിന്നീടയാൾ, തങ്ങളറിഞ്ഞതിൽ നിന്നു തികച്ചും ഭിന്നമായ, വളരെ പുരോഗതി പ്രാപിച്ച വർഗമായ മനുഷ്യരെക്കുറിച്ച് സംസാരിക്കാനാരംഭിക്കുന്നു. മനുഷ്യൻ എന്ന ജീവിയെ സദസ്സിനു മനസ്സിലാകുമാറ് ചിത്രികരിക്കാൻ വളരെ പ്രയാസമാണെന്നയാൾ പറഞ്ഞു. പിന്നിടയാൾ മനുഷ്യനെ രണ്ടു ദ്വാരങ്ങളും നാലു പിടികളുമുള്ള ഒരു തരം പാത്രത്തോടുപമിക്കാമെന്ന് പറയുകയുണ്ടായി. “മനുഷ്യർ എന്നു വികളിക്കപ്പെടുന്ന ആ ജിവികൾ ഭൂമിയിൽ അങ്ങോട്ടുമിങ്ങോട്ടും ഒടിക്കൊണ്ടിരിക്കുകയാണ്. അവർ വളരെ വേഗതയുള്ളവരും വളരെ ക്രൂരൻമാരുമാണ്. പലപ്പോഴും പരസ്പരം കൊല്ലാനുള്ള ഒരു ത്വര അവരിൽ കാണുന്നു. പലഅവസരങ്ങളിലും ഭൂമിയുടെ പലഭാഗങ്ങളിൽ അവർ സംഗംചേർന്നു അടങ്ങാത്ത പ്രതികാര ദാഹത്തോടെ പരസ്പരം പോരടിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. അധുനാതനങ്ങളായ നശീകരണായുധങ്ങളുപയോഗിച്ച് അവർ മനുഷ്യരെ വീഴ്ത്തുകയും അംഗവിഛേദം നടത്തുകയും മൃതശരീരങ്ങളെ വികലമാക്കുകയും ചെയ്യാറുണ്ട്. ആദ്യം ഞാൻ കരുതി, അവർ ഭക്ഷണത്തിനു വേണ്ടിയാണ്കൊല്ലുന്നതെന്ന്. എന്നാൽ മൃതദേഹങ്ങളെ അവർ യുദ്ധക്കളത്തിൽ തന്നെ വിട്ടേച്ച് പോകുന്നത് കണ്ടപ്പോൾ എനിക്ക് മനസ്സിലായി, പരസ്പരം കൊല്ലുന്നതിലാണ് അവർക്ക് സന്തോഷമെന്നും അതിനാണവർ കൊല്ലുന്നതെന്നും. അതിക്രൂരമായി പരസ്പരം കൊല്ലുന്നതിന്നു അവർക്ക് യുക്തിഭദ്രമായ വലിയ കാരണങ്ങളോന്നുമില്ലെങ്കിലും അവരുടെ കഴിവിന്റെ സമയത്തിന്റെയും ഊർജത്തിന്റെയും ബഹുഭൂരിഭാഗവും കൊല്ലുകയും നശിപ്പിക്കുകയും ചെയ്യുന്ന ഉപകരണങ്ങളുണ്ടാക്കാനാണ് അവരുപയോഗിക്കുന്നത്. കൊല്ലുകയും കൊള്ളയടിക്കുകയും അഗ്നിക്കിരയാക്കുകയും ഇതരന്റെ സ്വത്തുക്കളെ സ്വന്തമാക്കുകയും ചെയ്തു കഴിഞ്ഞാൽ അവരിൽ അഭിമാനവും അനുഭൂതിയും കണ്ടെത്തുകയും അത്യതികമായ ആഹ്ലാദത്തോടു കൂടി അത് ആഘോഷിക്കുകയും ചെയ്യുന്നു. . ഇതിനെക്കുറിച്ചവർ വീരഗാഥകൾ പോലും രചിക്കാറുണ്ട്,” അയാൾ പറഞ്ഞു.

അയാൾ തുടർന്നു: “ഇനി അവരുടെ ഭക്ഷണകാര്യത്തിലാണെങ്കിൽ അവർ നരഭോജികളല്ല. ശരീരത്തിൽനിന്നു പുറത്തേക്കു തൂങ്ങിനിൽക്കുന്ന പിടികളുണ്ടവർക്ക്. അതിനെക്കൊണ്ടവർ ആവശ്യമുള്ള ധാന്യം, പച്ചക്കറി, പഴങ്ങൾ തുടങ്ങി. വസ്തുക്കൾ വാരിയെടുക്കുകയും വീട്ടിൽ കൊണ്ടുപോവുകയും ചെയ്യുന്നു. അവിടെ വെച്ചവർ അവയെ ചട്ടികളിലും കലങ്ങളിലും വെച്ച് വേവിക്കുകയോ ചൂടാക്കുകയോ പൊരിക്കുകയോ മറ്റോ ചെയ്യുന്നു. ഇതു ചെയ്യുമ്പോൾ അവർ മസാലയോ മധുരമോ ചേർക്കുന്നു. പിന്നീടവർ അത്യാർത്തിയോടു കൂടി അതിനെ അവരുടെ ആമാശയങ്ങളിലേക്ക് എത്തിക്കും. ഇടയ്ക്കിടെ അവർക്ക് രോഗം വരും അവർ കരയുകയും ഞെരിയുകയും ചെയ്യും. എന്നാൽ അവർക്കിടയിൽ ഭിഷഗ്വരന്മാർ എന്ന ഒരു വിഭഗമുണ്ട്. അവർ വന്നു ഇവരുടെ ശരീരത്തിൽനിന്നു എന്തോ വലിച്ചെടുക്കുകയോ അകത്താക്കുകയോ ചെയ്യും. അതോടെ അവ

രുടെ അസുഖങ്ങൾ മാറും. മനുഷ്യൻ വളരേയേറെ പുരോഗമിച്ചെന്നു പറയാറുണ്ടെ ങ്കിലും യഥാർത്ഥത്തിൽ അവന്റെ സ്ഥിതി വളരെ പരിതാപകരമാണ്.''

ഒരു തരത്തിൽ മനുഷ്യനെ കുറിച്ച് അമ്പരപ്പുളവാക്കുന്ന ഒരു ചിത്രമാണിത്. എന്നാൽ *ബശർ* എന്നത് കൊണ്ട് നാമുദ്ദേശിക്കുന്നതിന്റെ യഥാർത്ഥ വിവരണമാണത്. അവന്റെ ചരിത്രം പഠിച്ചാൽ, മനുഷ്യന്റെ പ്രപിതാമഹനെന്നു പറയപ്പെടുന്ന അമ്പതിനായിരം വർഷങ്ങൾക്ക് മുമ്പ് ഭൂമിയിൽ ജീവിച്ച മനുഷ്യക്കുരങ്ങിനേക്കാൾ താഴ്ന്ന ജീവിയാണവ നെന്ന് നമുക്കു ബോധ്യമാവും . അവന്റെ വസ്ത്രവും ഭക്ഷണവും പാർപ്പിടവും ആയുധ ങ്ങളും മാത്രമേ മാറിയിട്ടുള്ളൂ. അവന്റെ അധമ പ്രകൃതിക്ക് ഒരുമാററവും വന്നിട്ടില്ല. കിരാതമായ ഗോത്രങ്ങൾ ഭരിച്ച ചെങ്കിസ്ഖാനെ ക്കാളോ വിശാലമായ സാമ്രാജ്യ ങ്ങൾക്കും വൻ നാഗരികതകൾക്കും മേൽ ആധിപത്യം വാണ പ്രാചീന രാജാക്കൻമാരെ ക്കാളോ ഒട്ടും നല്ലവരല്ല അഭിനവ ലോകത്തെ ഭരണകർത്താക്കൾ, ജനങ്ങളെ ക്ഷണനേര ത്തിൽ കൂട്ടംകൂട്ടമായി കൊല്ലാൻ സഹായിക്കുന്ന അധുനാതനങ്ങളായ നശീകരണായുധ ങ്ങൽ പ്രാചീനരാജക്കന്മാരുടെ പക്കലുണ്ടായിരുന്നില്ല. എന്നതു മാത്രമാണ് രണ്ടും തമ്മി ലുള്ള വ്യത്യാസം. പഴയ കാലത്തുള്ളവർ തങ്ങൾ കൊല്ലുന്നവരാണെന്ന് നേർക്കുനേരെ പറഞ്ഞിരുന്നു., എന്നാൽ ഇന്നത്തെ ശക്തികൾ പറയുന്നത് തങ്ങൾ സമാധാനത്തിനു വേണ്ടി കൊല്ലുന്നു വെന്നാണ്. സംസാരിക്കുമ്പോൾ ഉപയോഗിക്കുന്ന പദങ്ങളിൽ മാത്ര മാണ് വ്യത്യാസം. ക്രിയയിൽ ഒട്ടും വ്യത്യാസമില്ല. കഴിഞ്ഞുപോയ നൂറ്റാണ്ടുകളിലേത് പോലെ, ഒരു പക്ഷെ അതിനേക്കാളേറെ, ചതിയും വഞ്ചനയും കൊലയും കൊള്ളയും രാക്ഷസീയതയുമെല്ലാം ഇന്നും നിതനിൽക്കുന്നുണ്ട്. ഇവയെല്ലാം ബശറിനെ അതിന്റെ യഥാർത്ഥമായ അർത്ഥത്തിൽ, മാറ്റമില്ലാത്ത സത്തയെന്ന നിലയിൽ, പ്രതിനിധീകരിക്കു ന്നു.

എന്നാൽ മനുഷ്യൻ അവനിൽ അന്തർലീനമായ കുറേ ഗുണങ്ങളുണ്ട്. അത് നേടിയെടു ക്കാൻ നാം ശ്രമിക്കുക തന്നെവേണം. *ബശർ* എന്ന പദവിയിൽ തന്നെ നിൽക്കുമ്പോൾ ആ ഗുണങ്ങളൊന്നും നമ്മിലുണ്ടാവുന്നില്ല. എന്നാൽ നാം മുന്നോട്ടു പോകണമെന്നും ഉദ്ദേശിച്ചാൽ നമുക്കവയെ നമ്മിൽ സൃഷ്ടിച്ചെടുക്കാനാവും. നാം ലക്ഷ്യം വെക്കുന്ന ഉദാത്തമായ ലക്ഷ്യസ്ഥാനത്തെത്തുക എന്നു പറഞ്ഞാൽ ഒരിക്കലും നിശ്ചലമായി നിൽക്കാതെ, നിരന്തരം മുന്നോട്ട് ചലിച്ചുകൊണ്ടിരിക്കുകയാണെന്നർത്ഥം.

''എല്ലാ വസ്തുക്കളും അവങ്കലേക്ക് മടങ്ങുന്നു.'' എന്ന ഖുർആൻ സൂക്തം, ലക്ഷ്യം സാക്ഷാത്ക്കരണം എന്നത് അതിലേക്കുള്ള മനുഷ്യന്റെ നിരന്തരമായ പ്രയാണമാ ണെന്നു പറയുന്നു. *ഇലൈഹി* എന്ന പദത്തിന്റെ യഥാർത്ഥ അർത്ഥം 'അവങ്കലേക്ക്' എന്നാണ്; 'അവനിൽ' എന്നല്ല. എന്റെ ആശയത്തിന്റെ കേന്ദ്രബിന്ദുവും ഇതാണ്: ദൈവത്തിങ്കലേക്ക് സമ്പൂർണ്ണതയിലേക്ക് ഉള്ള മനുഷ്യന്റെ നിരന്തര ചലനം. മേൽപദ ത്തിനു ''അവനിൽ'' എന്നർത്ഥം പറയുന്ന സൂഫികൾ, 'ഞാൻ സത്യമാണ്' എന്നുൽഘോഷിച്ച ഹല്ലാജിനെപ്പോലെ മനുഷ്യനു ദൈവത്തിലെത്താൻ കഴിയുമെന്നവ കാശപ്പെടുന്നു. സൂഫിസം ദൈവത്തെ ഒരു നിശ്ചിതസ്ഥാനത്തുള്ളവനെപ്പോലെയാണ് സങ്കൽപിക്കുന്നത്. അവിടെയാണ് സൂഫികൾ എത്താൻ കൊതിക്കുന്നത്. എന്നാൽ *ഇലൈഹി* എന്ന പദത്തിനു 'അവനിൽ' എന്ന അർത്ഥമില്ല. 'അവങ്കിലേക്ക്' എന്നേ അർത്ഥമുള്ളൂ. അവനെ ലക്ഷ്യമാക്കി നീങ്ങുന്നുവെന്നു പറയുമ്പോൾ അവൻ ഒരു നിശ്ചിത സ്ഥലത്ത് ഉണ്ട് എന്നു പറയുന്നതു പോലെയാവും. ദൈവം അന്തമാണ്, അനാ ദിയാണ്; സമ്പൂർണനാണ്. അതിനാൽ ദൈവത്തിലേക്കുള്ള മനുഷ്യന്റെ പ്രയാണം എന്ന തിനർത്ഥം സമ്പൂർണ്ണ തേടിയുള്ള മനുഷ്യന്റെ നിരന്തര പ്രയാണമെന്നാണ്. ലക്ഷ്യസ്ഥാ നത്തേക്കു പ്രയാണം ചെയ്യുന്ന മനുഷ്യനു ഇങ്ങനെയാണു നിർവചനം നൽകേണ്ടത്.

പരമമായ ലക്ഷ്യസ്ഥാനത്തേക്ക് പ്രയാണം ചെയ്യുന്ന മനുഷ്യനു പരസ്പരം ബന്ധിത മായ മൂന്നു ഗുണങ്ങലുണ്ടായിരിക്കും. ആത്മബോധം, ഇഛാ സ്വാതന്ത്രം, ക്രിയാത്മകത

എന്നിവ. മറ്റേതെങ്കിലും ഗുണം അവനിലുണ്ടെങ്കിൽ അവയെല്ലാം ഇതിൽ നിന്നുത്ഭവിക്കുന്നതായിരിക്കും. ഇഛാസ്വാതന്ത്രം മനുഷ്യനെ തിരഞ്ഞെടുപ്പിലേക്ക് നയിക്കുന്നു. തെരഞ്ഞെടുക്കാനുള്ള അവന്റെ കഴിവ് സൃഷ്ടിപ്പിന്ന്-പ്രകൃതിയിലില്ലാത്തവ സൃഷ്ടിക്കുന്നതിന്-സഹായിക്കുന്നു. ഈ മൂന്നുഗുണങ്ങളും പരസ്പര ബന്ധിതങ്ങളും പരസ്പര പൂരകങ്ങളുമായാണ് വർത്തിക്കുന്നത്.

ഇതിൽ നിന്നും മനുഷ്യനെ തടയുന്ന ഘടകങ്ങളെന്തൊക്കെയാണ്? ദെക്കാർത്തിന്റെ പ്രസിദ്ധമായ വചനം കോജിറ്റോ എഗൗസം ( ഞാൻ ചിന്തിക്കുന്നു അതിനാൽ, ഞാനുണ്ട്) ആത്മബോധത്തിന്റെ തത്ത്വത്തിന്നു ചിന്തയാണടിസ്ഥാനമാക്കുന്നത്. അതായത് എല്ലാറ്റിലും തനിക്ക് സംശയമുണ്ടെന്നും എന്നാൽ താന്നെ സംശയിക്കുകയാണെന്ന യാഥാർത്ഥ്യത്തിൽ തനിക്ക് സംശയമില്ലെന്നും പറഞ്ഞ തന്റെ അസ്ഥിത്വത്തെ തെളിയിക്കുകയാണദ്ധേഹം. തന്റെ അസ്ഥിത്വത്തെ ചിന്തിച്ചുകൊണ്ടദ്ധേഹം ഉറപ്പു വരുത്തുന്നു.

“എനിക്കനുഭവപ്പെടുന്നു, അത് കൊണ്ട് ഞാനുണ്ട്” എന്ന വാചകത്തിലൂടെയാണ് ആന്ദ്രേഗൈഡ് തന്റെ ആത്മബോധവികാരത്തെ പ്രതിഫലിപ്പിക്കുന്നത്. “ഞാൻ വഴങ്ങാതിരിക്കുന്നു, അതിന്ൽ നില നിൽക്കുന്നു” എന്ന കുറെകൂടി ബോധപൂർവമായ പ്രവർത്തനത്തിലൂടെയാണ് അൽബേർ കമു തന്റെ ബോധത്തെ പ്രധിഫലിപ്പിക്കുന്നത്. ഞാനുണ്ട് എന്ന അസ്ഥിത്വത്തിന്റെ അവസ്ഥയെ ഉറപ്പുവരുത്തുന്ന മൂന്നു മാനദണ്ഢങ്ങളാണിവ. ചിന്തിക്കുന്വൻ നിലനിൽക്കുന്നു. അതല്ലെങ്കിൽ അവൻ ചിന്തിക്കുന്നില്ല. അനുഭവിക്കുന്നവൻ നിലന്ൽക്കുന്നു. അതല്ലെങ്കിൽ അവന് ഒന്നും അനുഭവപ്പെടുന്നില്ല. വഴങ്ങാതിരിക്കുന്നവനും നിലനിൽക്കുന്നു. അതല്ലെങ്കിൽ ചെറുക്കുന്നില്ലെന്നർത്ഥം. ഇവയിൽ ഞാൻ ചെറുക്കുന്നു, അതിന്ൽ ഞാനുണ്ട് എന്നതാണ് പരമമായ ലക്ഷ്യത്തിലേക്ക് പ്രയാണം ചെയ്യുന്ന അവസ്ഥയെ ഏറ്റവും നാടകീയമായി പ്രതിഫലിപ്പിക്കുന്നത്.

സ്വർഗത്തിൽ നിഷ്കളങ്കനായിരുന്ന ഒരു സൃഷ്ടിമാത്രമായിരുന്നപ്പോൾ അവൻ മനുഷ്യനായിരുന്നില്ല. അതിനു വഴങ്ങാതിരുന്നപ്പോഴാണ് അവൻ മനുഷ്യനായത്. നിഷ്കളങ്കനും നിഷ്ക്രിയനുമായി സ്വർഗത്തിൽ കഴിയാൻ വിധിക്കപ്പെട്ടവനാണ് താനെന്നറിഞ്ഞപ്പോൾ വിജ്ഞാനത്തിന്റെയും വിപ്ലവത്തിന്റെയും ആത്മബോധത്തിന്റെയും കനികൾ ഭക്ഷിച്ചുകൊണ്ട് അവനതിനെ എതിർത്തു. അങ്ങനെയവൻ ആയാസരഹിതമായ ആസ്വാദനത്തിന്റെയും ക്ലേശരഹിതമായ ഉപഭോഗത്തിന്റെയും ശാരീരികമായ സംതൃപ്തിയുടെയും പറുദീസയിൽ നിന്നു പുറത്താക്കപ്പെട്ടു.

ഭൂമിയിലെത്തിയപ്പോൾ തന്നോടും തന്റെ ജീവിതത്തോടും ഉത്തരവാദിത്വമുള്ളവനാണ് താനെന്ന് അവന്നുഭവപ്പെട്ടു. അംഗീകാരമില്ലാത്തവനായി പറുദീസയിൽ നിന്നു ചവിട്ടി പുറത്താക്കപ്പെട്ടവനായി തോന്നിയെങ്കിലും പ്രകൃതിയുമായി ഒത്തിണങ്ങി ജീവിക്കാനും ജീവിത യത്നം സ്വയം അനുഭവിച്ചറിയുവാനും അവൻ ദൃഢനിശ്ചയം ചെയ്തിരുന്നു.അന്യനാക്കപ്പെട്ടങ്കിലും തോൽക്കാൻ അവൻ തയ്യാറായിരുന്നില്ല. അതിനാൽ ഉത്തരവാദിത്വബോധത്തോട് കൂടു പുതിയൊരു ജീവിതം ആരംഭിച്ചു അവൻ.

ഭൂമിയിൽ അവൻ ഇതര ജീവികളിൽനിന്നൊറ്റപ്പെട്ടു നിൽക്കേണ്ടതുണ്ടായിരുന്നു. സാർത്രിന്റെ ദിലാസിമാൻ സങ്കൽപം പോലെ, അവൻ ഒറ്റതിരിഞ്ഞുനിന്നു. തിരഞ്ഞടുപ്പിനുള്ള സ്വാതന്ത്ര്യം നൽകപ്പെട്ടിരുന്നതിനാൽഇതര ജീവികളിൽ നിന്നു ഭിന്നനാണു താനെന്നു അവനു ബോധ്യമായി.ആത്മബോധത്തിൽ നിന്നാണ് അവൻ തനിക്ക എന്ത് വേണമെന്ന് തിരഞ്ഞെടുക്കാനുള്ള കഴിവ് ആർജിക്കുന്നത്. താൻമററജീവികളെപ്പോലെയല്ലെന്ന ബോധമാണ് സ്വർഗ്ഗത്തിൽ വെച്ച് വില്ലനാവാനുള്ള ത്വര അവനിൽ അങ്കരിപ്പിച്ചത്. മൃഗതുല്ല്യമായ ജീവിതത്തിന്നെതിരിൽ മാത്രമായിരുന്നില്ല. അടിമയെപ്പോലുള്ള അനുസരണം ആവശ്യപ്പെടുന്ന പരമേഛക്കെതിരിൽ മാത്രമായിരുന്നില്ല അവന്റെ സമരം.

അന്ധമായ  അനുസരണം ആവശ്യപ്പെടുന്ന മേഖലയിൽ നിന്നു സ്വയം മോചിതനായ ശേഷം താൻ തെരെഞ്ഞെടുക്കുന്ന ആരാധനാ രീതികളിലൂടെ ആത്മീയ മോക്ഷം കരഗതമാക്കാമെന്നവൻ തീരുമാനിച്ചു.തന്റെ ഇചഛാശക്തിക്കനുസരിച്ച് സവയം തിരഞ്ഞെടുപ്പു നടത്താനാണവൻ സ്വർഗത്തിൽ വെച്ച് അനുസരണക്കേട് കാണിച്ചത്.

പ്രകൃതിക്കും സമൂഹത്തിന്നും ആചാരങ്ങൾക്കുമെതിരിൽ പടപൊരുതുന്നതിനെക്കുറിച്ച കമ്യുവിന്റെ സങ്കൽപവും ഏതാണ്ട് ഇതേ നിഗമനങ്ങൾക്കൊപ്പം വരുന്നുണ്ട്. മനുഷ്യൻ വിപ്ലവകാരിയാവുന്നത് തനിക്ക് വേണ്ടിതാൻ തന്നെ തിരഞ്ഞെടുക്കണമെന്നത് കൊണ്ടാണ് തന്റെ അസ്ഥിത്വത്തെ ഉറപ്പ് വരുത്തുന്നത് 'ഞാൻ ഉണ്ട്' എന്ന് മനുഷ്യൻ തന്റെ അസ്തിത്വത്തെ ഉറപ്പ് വരുത്തുന്നത് 'ഞാൻ ചിന്തിക്കുന്നു' എന്ന് പറഞ്ഞുകൊണ്ടാണ്. എന്നാൽ  മേൽ പരാമർശിക്കപ്പെട്ട വാചകങ്ങളിലൊന്നും ഇൻസാൻ  എന്ന പദവിയിലെത്തിയ മനുഷ്യൻ പരാമർശിക്കപ്പെട്ടിട്ടില്ല.

ആത്മബോധമുള്ള പ്രകൃതിയിലെ ഏകജീവിയാണ്  മനുഷ്യൻ. തന്നെക്കുറിച്ചും ലോകത്തെക്കുറിച്ചും പ്രകൃതിയെകുറിച്ചുമുള്ള ബോധമാണ് അവനെ ഉന്നതങ്ങളിലേക്ക് നയിക്കുന്നത്. ഇവയെകുറിച്ച് എത്ര കൂടുതലവൻമനസ്സിലാക്കുന്നുവോ അത്ര വേഗതയിലായിരിക്കും തന്റെ പരമലക്ഷ്യത്തിലേക്കുള്ള അവന്റെ പ്രയാണം. ആത്മ ബോധമാണു മനുഷ്യന്റെ പ്രഥമ സവിശേഷത. അതാണവനെ മൃഗീയ തൃഷ്ണതകൾക്കതീതനാക്കുന്നത്.

രണ്ടാമത്തെ സവിശേഷത, തെരഞ്ഞെടുപ്പ് നടത്തുന്നതിൽ അവൻ സ്വതന്ത്രനാണെന്നാതാണ്. വിവേചന ശക്തിയുള്ള പ്രകൃതിയിലേ ഏകജീവിയാണ് മനുഷ്യൻ അവ് തനിക്കു വേണ്ടി തിരഞ്ഞെടുക്കുന്നത ്ചിലപ്പോൾ സമൂഹത്തിന്നോ മറ്റുചിലപ്പോൾഅവൻന്റെ തന്നെ ശാരീരികവും മനശാസ്ത്രപരവുമായആവശ്യങ്ങൾക്കോ എതിരായെന്നു വരും ഇച്ഛാശക്തിയുംതിരഞ്ഞെടുപ്പിനുള്ള സ്വാതന്ത്യവുമുപയോഗിച്ച് തന്നെ മനുഷ്യനു തന്റെ പരമലക്ഷ്യമായ  ഇൻസാൻ  എന്ന പദവിയിലുമെത്താം. മനുഷ്യപ്രകൃതിക്കു തന്നെ വിരുദ്ധമായത് തിരഞ്ഞെടുക്കാനുള്ള കഴിവുണ്ട്. എത്രതന്നെ ശക്തമായ+അന്തഃപ്രേരണകളുണ്ടെങ്കിലും അവയെ അവന്നു നിയന്ത്രിക്കാനും തടുത്തു നിർത്താനും കഴിയും. എന്നാൽ മൃഗങ്ങളാവട്ടെ, അവയുടെ സഹജ ചോദനകളാൽ നിയന്ത്രിതമാണ്. ചിലമൃഗങ്ങൾക്ക് വർഷത്തിലെരിക്കലും ലൈംഗികതയുടെ യാതൊരടയാളങ്ങളും അവ കാണിക്കുന്നുമില്ല.

എന്നാൽ മനുഷ്യനു തന്റെ പ്രകൃതിപരമായ ഇഛകളെ നിയന്ത്രിക്കാം: ശാരീരികമായ ആവശ്യങ്ങളെ അവഗണിക്കാം: തന്നെത്തന്നെ കൊല്ലാം. മഹത്തായൊരു ലക്ഷ്യത്തിനു വേണ്ടി തന്റെ ജീവൻ ബലിയർപ്പിക്കാം. സമാധാനത്തിന്റെയും സുഖത്തിന്റെയും സന്തോഷത്തിന്റെയും ജീവിതത്തിനുപകരം അപകടത്തിന്റെയും സമരത്തിന്റെയും വിപ്ലവത്തിന്റെയും അതുമല്ലെങ്കിൽ സന്യാസനത്തിന്റെയും പാത അവർ തിരഞ്ഞെടുത്തെന്നു വരാം. അവന്നു സമൂഹത്തിന്റെ നിയമങ്ങളെതന്നെ ധിക്കരിക്കാം. ഇതല്ലങ്കിൽ സ്വന്തത്തിനുവേണ്ടത് തെരഞ്ഞെടുക്കാൻ അവനുള്ള സ്വാതന്ത്രത്തിന്റെ ബഹിർ പ്രകടനങ്ങളാണ്.

ക്രിയാത്മകതയാണ് അവന്റെ മൂന്നാമത്തെ സവിശേഷത, അതിസീക്,മമായ വസ്തുക്കൾ മുതൽ സ്ഥൂലമായ വസ്തുക്കൾ വരെ, വ്യത്യസ്ത  ആകൃത്കളിലും വലിപ്പത്തിലുമുള്ള വസ്തുക്കളെ അവന്നു നിർമിക്കാനാവും . പ്രപഞ്ചത്തിലെ ഉൽകൃഷ്ടനായ സൃഷ്ടിയെന്ന നിലയിൽ, സൃഷ്ടപരത അവന്റെ പ്രകൃതിയിൽ തന്നെ നിലീനമാണെന്നു മനുഷ്യന്റെ ക്രിയാത്മകത വ്യകതമാക്കുന്നു. മനുഷ്യൻ താൻ നിർവചിക്കപ്പെട്ടതുപോലെ , കേവലമൊരു ഉപകരണനിർമാതാവല്ല. പ്രകൃതിയില്ലാത്ത പലതിന്റെയും സൃഷ്ടാവും നിർമാതാവുമാണവൻ. പ്രകൃതിയിലുള്ള വസ്തുക്കൾ അസംസ്കൃതരൂപത്തിൽ തന്നെ ഉപയോഗിച്ചാൽ തന്റെ മുഴുവൻ ആവശ്യങ്ങളും പൂർത്തീകരിക്കപ്പെടുകയില്ല എന്നറിഞ്ഞതുകൊണ്ടാണ് മനുഷ്യൻ നിർമാതാവും നിർമാണ വൈദഗ്ധ്യമുള്ളവനും ആയിത്തീർന്നത്. മനുഷ്യൻ വളരുന്നതിന്നനുസൃതമായുണ്ടാകുന്ന ആവശ്യങ്ങൾ പ്രകൃതിയിൽ

നിന്ന് നേരിട്ട അവന്ന് പൂർത്തീകരിക്കാൻ കഴിയുകയില്ല. താനെങ്ഹനെയാണോ ഉള്ളത്, അങ്ങനെ തന്നെ നിലനിൽക്കാൻ സൃഷ്ടിക്കപ്പെട്ടവനല്ല മനുഷ്യൻ. തനിക്കുചുറ്റുമുള്ള പരിമിതമായ വിഭവങ്ങൾ കൊണ്ട് തൃപ്തിയടയുന്ന മനുഷ്യൻ നിത്യവും ഭക്ഷണം തേടി അലഞ്ഞുനടക്കുന്ന അന്യമൃഗങ്ങളേക്കാൾ ഒട്ടും ശ്രേഷ്ടനല്ല. അപര്യാപ്തയെക്കുറിച്ച് ബോധമുണ്ടാകുമ്പോഴാണ് മനുഷ്യൻ ഉന്നതങ്ങളിലേക്ക് പ്രയാണം ആരംഭിക്കുന്നത്.

പ്രകൃതിയിലുള്ളതൊന്നും തനിക്ക് മതിയാവില്ലെന്ന തോന്നൽ മനുഷ്യനിൽ ഒരു അന്യ താബോധം സൃഷ്ടിക്കുന്നു. ഹൈഡഗ്ഗർ ചൂണ്ടിക്കാണിച്ച അന്യഥാകാരണം ഇവിടെ നിന്നാണാരംഭിക്കുന്നത്. പ്രകൃതിയും താനും തമ്മിൽ വലിയ ബന്ധമൊന്നുമില്ലെന്ന തോന്നൽ അവനിൽ ഏകാന്തതസൃഷ്ടിക്കുന്നു. കൂടുതൽ ഏകാന്തതയനുഭവപ്പെടുകയും പ്രകൃതിയിലുള്ളവയുടെ അപര്യാപ്തത കൂടുതൽ ബോധ്യമാവുകയും ചെയ്യുമ്പോൾ, പ്രകൃതിയിലില്ലാത്തതെന്തോ അത് സൃഷ്ടിക്കേണ്ട ആവശ്യകത അവൻ മനസ്സിലാക്കു ന്നു. പിന്നെയവൻ പ്രകൃതിയെ ചൂഷണം ചെയ്യാനും അതിനെ കീഴ്പ്പെടുത്താനും സഹാ യകമായ വസ്തുക്കളുണ്ടാക്കുന്നു. ക്രമേണ ഒരു വ്യവസായ വ്യവസ്ഥതന്നെ അവൻ വികസിപ്പിച്ചെടുക്കുകയുണ്ടായി. തന്റെ കലാബോധവും ഇഛാശക്തിയുമപയോഗിച്ച് പ്രകൃതിയിൽ എന്തിന്റെ കുറവാണോ അനുഭവപ്പെടുന്നത് അതിനവൻ രൂപം കൊടുക്കു ന്നു. വ്യവസായിക സിദ്ധികളുപയോഗിച്ച് പ്രകൃതിയെ കീഴ്പെടുത്തുന്ന മനുഷ്യൻ തന്റെ കലാപരമായ കഴിവുകളിലൂടെ പ്രകൃതിയെ അലംകൃതമാക്കുന്നു. ഈ രണ്ട് ഗുണങ്ങളും അവന്റെ ക്രിയാത്മകതയെ പ്രതിഫലിപ്പിക്കുന്നു.

ആത്മബോധം, ഇഛാശക്തി, ക്രിയാത്മകത എന്നീ ത്രിമാന ഗുണങ്ങളുള്ളവനാണ് ഭൂമി യിൽ ദൈവത്തിന്റെ പ്രതിനിധിയാവുന്നത്. ഈ ഗുണങ്ങളില്ലാത്തവൻ *ബശർ* മാത്രമാണ്. ത്രിമാന ഗുണങ്ങളുള്ള മനുഷ്യൻ അവന്റെ ആ ഗുണങ്ങളെ എതിർക്കുന്ന ശക്തി കൾക്കെതിരിൽ സദാ സമരത്തിലായിരിക്കും. ആ ശക്തികൾ പലപ്പോഴും ആദർശവാദി കളുടെ വേഷത്തിൽ പ്രത്യക്ഷപ്പെടാറുണ്ട്.

ഒരിക്കൽ പാരീസിലെ ഒരു കോളേജിൽവെച്ച് "ഇസ്ലാമിക് വർഗീയത" എന്ന വിഷയ ത്തെക്കുറിച്ചൊരു പ്രഭാഷണം ഞാൻ കേൾക്കാനിടയായി. അബ്ദുൽ ഖാദിർ മാലിക് ആയിരുന്നു പ്രഭാഷകൻ. ദൗർഭാഗ്യവശാൽ പ്രസിദ്ധ അൾജീരിയൻ മുജാഹിദ് നേതാവ് അബ്ദുൽഖാദിറുമായി ഇയാൾക്കെന്തോ ബന്ധവുമുണ്ടായിരുന്നു. ഇസ്ലാം മനുഷ്യനെ വിലയിടിച്ചെതിനെക്കുറിച്ചയാൾ സംസാരിച്ചു തുടങ്ങി. മനുഷ്യന്റെ പദവിയെ ഇടിച്ചുതാ ഴ്ത്തുകയാണ് ഇസ്ലാമിന്റെ ഉദ്ദേശ്യമെന്ന് അദ്ദേഹം അവകാശപ്പെടുകയുണ്ടായി. ദൈവി കേഛയ്ക്ക് അടിമപ്പെട്ട് അനുസരണത്തിലൂടെ മോക്ഷം നേടണമെന്ന് പറയുന്ന ഇസ്ലാമിൽ മനുഷ്യന്നു യാതൊരു അന്തസ്സുമില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ വാദം. അടിസ്ഥാനരഹിതമായ ഈ ആരോപണങ്ങൾ കേട്ട് കഴിഞ്ഞശേഷം, ഇസ്ലാമിനെക്കു റിച്ച് വളരെ വികലവും വർഗീയവുമായ ഒരു വീക്ഷണമാണ് താങ്കൾക്കുള്ളതെന്ന് ഞാന ദ്ദേഹത്തോട് പറഞ്ഞു. 'ഇസ്ലാമിലെ മനുഷ്യനു ഭൂമിയിൽ ദൈവത്തിന്റെ പ്രതിനിധി യാകാം; ദൈവത്തിന്റെ സ്വഭാവഗുണങ്ങൾ ആവാഹിച്ചെടുത്തവനാവാം; ഏറ്റവും ഉൽകൃ ഷ്ടമായ സൃഷ്ടിയാവാം. മറ്റേതൊരു ആദർശമാണു മനുഷ്യനു ഇത്രയും മഹത്തായ പദവി നൽകുന്നത്?" ഞാനദ്ദേഹത്തോട് ചോദിച്ചു.

മനുഷ്യൻ കേവലം പദാർത്ഥ സമുഛയമാണെന്ന് ഭൗതികവാദം പറയുന്നു. അങ്ങനെയെ ങ്കിൽ പദാർത്ഥത്തിനതീതനായി ഉയരാൻ മനുഷ്യനു സധ്യമല്ല. പദാർത്ഥിക ലോകത്തി ന്നതീതമായി ഒരു പരിണാമവും ഭൗതികവാദത്തിന്റെ സങ്കൽപത്തിലില്ല. മനുഷ്യനെ പദാർത്ഥിക പ്രപഞ്ചത്തിൽ തളച്ചിടുകയും അവന്റെ അധ്യാത്മിക പരിണാമത്തെ നിഷേ ധിക്കുകയും ചെയ്യുന്ന ഭൗതികവാദം. മനുഷ്യന്റെ ആത്മീയ പരിണാമത്തിനു മുമ്പിൽ ശക്തിയായ ഒരു വിലങ്ങുതടിയായി തന്നെ നിൽക്കുന്നു. മനുഷ്യന്റെ ആത്മീയ പുരോ ഗതി തടസ്സപ്പെടുത്തുന്ന ഒരാദർശമാണ് ഭൗതികവാദം.

നാച്വറലിസമാണ് മറ്റൊരാദർശം. അത് അന്ധമായ സക്തികൾക്ക് മുമ്പിൽ ബലിയാടായി നിൽടക്കാൻ വിധിക്പ്പെട്ട ദുർബലനും നിസ്സാരനുമായ ഒരു ജീവിയായെ മനുഷ്യനെ കാണുന്നുള്ളു. പതിനെട്ടും പത്തൊമ്പതും നൂറ്റാണ്ടുകളിൽ യൂറോപ്പിൽ ജനസമ്മതി നേടിയ നാച്വറലിസം പ്രകൃതിയാണ് പരമമായ യാഥാർത്ഥ്യമെന്ന് പറഞ്ഞു. പ്രകൃതി യിലെ തിന്നുകയും കുടിക്കുകയും പ്രകൃതിയെ ആശ്രയിച്ചു കഴിയുകയും ചെയ്യുന്ന ഇതര ചീവികളെപ്പോലൊരു ജീവി മാത്രമണ് മനുഷ്യൻ അവന്റെ സ്രഷ്ടാവ് പ്രകൃതി തന്നെയാണ്. പ്രകൃത്യതീതമായ ഒരു ലോകത്തോളം അവന്ന് പരിണമിക്കേണ്ടതായില്ല. ഒരാർശമെന്ന നിലയിൽ നാച്വറലിസവും മനുഷ്യനെ വിലകുറച്ചു കാണുകയും അവന്റെ ത്രിമാന ഗുണങ്ങൾ നിഷേധിക്കുകയും ചെയ്യുന്ന ഒരു ചിന്താസരണിയത്രെ.

അസ്തിത്വവാദം മനുഷ്യനുനേരെ മറ്റൊരു നിലപാടാണ് പുലർത്തുന്നത്. ഹൈഡഗ്ഗർ, സാർത്ര് തുടങ്ങിയ നാസ്തികരായ അസ്തിത്വവാദികളുടെ വീക്ഷണങ്ങൾ കിർക്കെഗോ ഡിന്റേതിൽ നിന്നു വ്യത്യസ്തമാണ്. അസ്തിത്വവാദവും മനുഷ്യന്ന് ഉദാത്തമായ പദവി നൽകുന്നില്ല എന്നു പറയാം.

സാർത്ര് നാസ്തികനായ അസ്തിത്വവാദിയാണെങ്കിലും ചിലപ്പോൾ മനുഷ്യന്റെ സത്ത യെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ വീക്ഷണങ്ങൾ അധ്യാത്മിക വീക്ഷണങ്ങൾ കടുത്തുവ രുന്നുണ്ട്. ഉദാഹരണമായി മനുഷ്യനെ മറ്റെല്ലാ സൃഷ്ടികളിൽനിന്നും ഭിന്നനായ അതു ല്യമായ ഒരു സൃഷ്ടിയായാണ് അദ്ദേഹം കാണുന്നത്. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ ഉണ്മ-അസ്തിത്വം-സത്തയെ മുൻകടക്കുന്ന പ്രപഞ്ചത്തിലെ ഏക ജീവി മനുഷ്യൻ മാത്ര മാണ്. മറ്റെല്ലാ ജീവികളുടെ കാര്യത്തിലും സത്ത അസ്തിത്വത്തെ മുൻകടക്കുകയാണ്. മനുഷ്യൻ തന്റെ ഭാഗധേയം സ്വയം നിർണയിക്കണമെന്നും തദ്വാരാ പ്രപഞ്ചത്തിൽ ദൈവത്തിന്റെ അഭാവം സൃഷ്ടിക്കുന്ന ശൂന്യത അവൻ നികത്തണമെന്നുമുള്ളതുകൊ ണ്ടാണ് സാർത്ര് ഇതര അസ്തിത്വവാദികളിൽനിന്നു ഭിന്നമായി മനുഷ്യനു അതുല്യത കൽപിക്കുന്നത്. സാർത്ര് മനുഷ്യനെ സ്വതന്ത്രനും പ്രകൃതിയിലെ അതുല്യനുമൊക്കെ യായി സങ്കൽപിക്കുന്നുണ്ടെങ്കിലും, മനുഷ്യനിൽ അസ്തിത്വം സത്തയെ മുൻകടക്കുന്നു എന്ന അദ്ദേഹത്തിന്റെ സങ്കൽപം മനുഷ്യന്റെ വിലയിടിക്കുന്നുണ്ട്. ഒരു കസേരയുടെ ഉദാഹരണമെടുക്കുക. അതുണ്ടാക്കുന്നതിനു മുമ്പ് അതിന്നു അസ്തിത്വമില്ല. എന്താണു നിങ്ങൾ ഉണ്ടാക്കാൻ പോവുന്നത്?” എന്ന് ഒരാശാരിയോട് നിങ്ങൾ ചോദിച്ചുവെന്നു വെക്കുക. അയാൾ പറയും, “ഞാനൊരു കസേരയുണ്ടാക്കണമെന്ന് തീരുമാനിച്ചി ട്ടുണ്ട്”എന്ന്. അതിന്റെ രൂപത്തെ നിങ്ങളന്വേഷിച്ചാൽ, അയാൾ അതിന്റെ ചിത്രം നിങ്ങൾക്ക് തരും. ഒരു സീറ്റുണ്ട്, നാലു കാലുണ്ട്, ഒരു ചാരുണ്ട്, രണ്ട് കയ്യുണ്ട് എന്നി ങ്ങനെ. ഈ സംസാരിക്കുന്നതെല്ലാം ആ കസേരയുടെ സത്തയെക്കുറിച്ചാണ്. അതിന്നി പ്പോഴും ഉണ്മ ലഭിച്ചിട്ടില്ല.

കസേരയിൽ നിന്നു ഭിന്നമാണ് മനുഷ്യന്റെ കാര്യം. ആദ്യം അവൻ നിലനിൽക്കുന്നു. പിന്നീടാണവൻ തന്റെ സത്തയെ വളർത്തുന്നത്. കേവലം ഉണ്മ മാത്രമുള്ള മനുഷ്യൻ എന്താണ്? ഒന്നുമല്ല. അവൻ നിലനിൽക്കുന്നു എന്നു മാത്രമെയുള്ളൂ. തന്റെ അന്തഃസ ത്തയെ വികസിപ്പിച്ചെടുത്തില്ലെങ്കിൽ അവന്റെ അസ്തിത്വത്തിനു യാതൊരു അർത്ഥവുമി ല്ല.

ഉണ്മ മാത്രമുള്ള അവസ്ഥയിൽ മനുഷ്യൻ തന്റെ സത്ത വളർത്തിയെടുത്തിട്ടില്ലെങ്കിലോ അവന്ന് സ്വന്തമായി ഇഛയുണ്ട്. അതുപയോഗിച്ച് താനിദ്ദേശിക്കുന്നിടത്തോളം അവന് വളർന്ന് വലുതാകാം. ദൈവം നമുക്ക് അസ്തിത്വം തന്നു. ഇഛാ ശക്തിയുപയോഗിച്ച് അതിന് നാം ലക്ഷ്യം വെക്കുന്ന സത്തയെ സൃഷ്ടിക്കാൻ നാം ബാധ്യസ്ഥരാണ്.

സാർത്രിന്റെ കാഴ്ചപ്പാടിൽ, ഇഛാശക്തിയും ഇഛാസ്വാതന്ത്രവുമില്ലെങ്കിൽ മനുഷ്യൻ ഒന്നുമല്ല. ഭൗതികവാദവും നാച്വറലിസവും മനുഷ്യന് നൽകുന്ന നിർവ്വചനമംഗീകരി

ച്ചാൽ മനുഷ്യൻ തന്റെ പരിമിതമായ ചട്ടക്കൂടുകൾക്കുള്ളിൽ അനിവാര്യമായും ബന്ധിതനായിപ്പോകുമെന്ന് സാർത്ര് ഭയപ്പെടുന്നു. അസ്തിത്വാദം പോലും സ്വന്തം സത്തയെ കണ്ടെത്താനുള്ളേടത്തോളം മാത്രമേ മനുഷ്യനെ കൊണ്ടുപോവുന്നുള്ളൂ. അതിനപ്പുറത്ത് എത്താനുള്ള മനുഷ്യന്റെ സിദ്ധികളെ അവഗണിക്കുകയാണ് ചെയ്യുന്നത്.

ദൈവവിശ്വാസത്തിലധിഷ്ഠിതമായ ആദർശമാണെങ്കിലും അദ്വൈതവാദവും മനുഷ്യനെ ബലിയാടാക്കുകയാണ് ചെയ്യുന്നത്. ഭാരതീയ ദർശനങ്ങളിലും സൂഫീ ചിന്തകളിലും കത്തോലിക്കാ സങ്കൽപങ്ങളിലും ഇതിന്റെ അംശങ്ങൾ കാണാം. അദ്വൈതവാദി ദൈവേഛയക്ക് മുമ്പിൽ മനുഷ്യന്റെ ഇഛയെ പൂർണ്ണമായും ബലികഴിക്കുന്നു. താൻ ജനിക്കുന്നതിനു മുമ്പ്തന്നെ തന്റെ ഭാഗധേയം ദൈവത്താൽ നിർണ്ണയിക്കപ്പെട്ടിട്ടുണ്ടെന്നും അതിനാൽ മനുഷ്യന് അവൻ വിധിക്കപ്പെട്ടതല്ലാതെ ആവാൻ കഴിയുന്നല്ലന്നും അയാൾ വിശ്വസിക്കുന്നു. ഹാഫിസ് പറഞ്ഞു: “ നീ എന്താവണമെന്ന് ഉദ്ദേശിച്ചുവോ അത് നിന്നെ ഒട്ടും തൃപ്തിപ്പെടുത്തിയിട്ടില്ലെങ്കിലും നീ ആവാലാതിപ്പെടരുത്; കാരണം നിന്റെ കളിമണ്ണുണ്ടാക്കുന്ന സമയത്ത് നിന്നെ അവർ ക്ഷണിച്ചിരുന്നില്ല.” “ഒന്നും നിന്റെ ഇഛയ്ക്കനുസരിച്ചല്ലെങ്കിൽ ഒന്നിനെക്കുറിച്ചും പരാതിപ്പെടാൻ പോവേണ്ട”. എന്നു മറ്റൊരു കവി ഇതിനൊരനുബന്ധവും ചേർത്തുകയുണ്ടായി. അദ്വൈതവാദം ഒരു തരത്തിലുള്ള വിപ്ലവും പ്രതിഷേധവും അനുവദിക്കുന്നില്ല!

തന്റെ ജീവിതത്തെ രൂപപ്പെടുത്തുന്നതിൽ മനുഷ്യന്റെ ഇഛയ്ക്ക് സ്ഥാനം നൽകാതിരിക്കുന്നത് അവനെ ഉത്തരവാദിത്ത വിമുക്തനാക്കുകയേ ഉള്ളൂ. വിധി വാദത്തിനു മധ്യനൂറ്റാണ്ടുകളിൽ വളരെയേറെ ജനസമ്മതിയുണ്ടായിരുന്നു. എന്നാൽ നവോത്ഥാനത്തോടു കൂടി അതിന് സ്വാധീനം നഷ്ടപ്പെട്ടു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ഒടുവിൽ, ഭൗതികവാദികളും നാചറലിസ്റ്റുകളും മനുഷ്യ ജീവിതത്തിൽ അന്തർലീനമായ ശക്തി ഡിറ്റേർമിനിസം ആണെന്നു പറഞ്ഞു. മനുഷ്യൻ എന്താവണമെന്ന് പ്രകൃതിതന്നെ മുൻകൂട്ടി നിർണ്ണയിക്കുന്നുവെന്ന് പറയുന്നു ഡിറ്റർമിനിസം. പലപ്പോഴും മനുഷ്യന്റെ ഇഛാ സ്വാതന്ത്ര്യത്തെ ബലി കഴിച്ചുകൊണ്ടാണ് ഡിറ്റേർമിനിസ്തതിന് ഊന്നൽ കൊടക്കപ്പെടാറ്. മനുഷ്യ ജീവിതത്തെ നിയന്ത്രിക്കുന്ന പ്രകൃത്യതീത ശക്തിയിൽ വിശ്വസിക്കാത്ത ഭൗതികവാദികൾ പ്രകൃതിതന്നെയാണ് മനുഷ്യന്റെ ഭാവി ഭാഗധേയം നിർണ്ണയിക്കുന്നതെന്ന് പറഞ്ഞ് പദാർതഥത്തിനും പ്രകൃതിക്കും ദൈവീകപദവി നൽകി. പത്തൊമ്പതാം നൂറ്റാണ്ടിൽ ഈ ചിന്താരീതി പരമകാഷ്ഠ പ്രാപിച്ചെങ്കിലും ഈ നൂറ്റാണ്ടിൽ അതിന് ക്ഷയം ബാധിച്ചു വരികയാണ്.

മനുഷ്യന്റെ ഇച്ഛാസ്വാതന്ത്ര്യത്തിന്നു വില കൽപ്പിക്കാത്ത മൂന്നു ചിന്താ സരണികൾ വേറെയുമുണ്ട് : ചരിത്രവാതം (ഹിസ്റ്റോറിസ്സം), സാമൂഹ്യവാതം (സോഷ്യോലജിസിസം), ജീവസാസ്ത്രവാദം (ബയോളജിസിസം) എന്നിവ. ഹിസ്റ്റോറിസിസം മനുഷ്യനം ചരിത്രത്തിന്റെ ഒരു ഉപോൽപന്നമായി മാത്രം കാണുന്നു. മനുഷ്യനം മനുഷ്യനം മനുഷ്യനാക്കുന്നതും അവന്റെ ഭാഗധേയം നിർണയിക്കുന്നതും ചരിത്രമാണെന്ന് അത് വാദിക്കുന്നു. ഈ സിദ്ധാന്തമനുസരിച്ച് ഞാനിപ്പോൾ നിങ്ങളോട് സംസാരിക്കുന്നതും ഒരു പ്രത്യേക മതത്തെ പിൻപറ്റിയതും ഒരു പ്രത്യേക സംസ്കാരത്തെ ഉൽക്കൊണ്ടതും എന്ക്ക് ഈരൂപം സിദ്ധിച്ചതുമെല്ലാം ചരിത്രത്തിന്റെ മുൻ നിർണയ മമനുസരിച്ചാണ്. നമ്മുടെ ഇഛക്ക് ഇവിടെ എവിടെയും സ്ഥാനം ലഭിച്ചിട്ടില്ല. കാലാവസ്ഥയുടെ വിത്യാസമനുസരിച്ച് നമ്മുടെ തൊലിയുടെ നിറം മാറുന്നത് പോലെ ചരിത്രം നമ്മെ രൂപപ്പെടുത്തുന്നു.

ആധുനിക നിർണയ വാദത്തിൽ രണ്ടാമത്തേത് സാമൂഹ്യവാദമാണ്. മനുഷ്യന്റെ വ്യക്തിത്വത്തെ പൂർണമായും ബലികഴിച്ച് സമൂഹത്തിന്നാണ് പ്രധാന പങ്കെന്ന് സാർത്ര് വാദിക്കുന്നു. മനുഷ്യന്റെ ഭാഗധേയത്തിൽ പ്രകൃതിക്കും ചരിത്രത്തിന്നുമുള്ള സ്വാധീനം അത് നിഷേധിക്കുന്നില്ലെങ്കിലും സമൂഹമാണ് പരമമായ നിർണായക ശക്തിയെന്ന് അത് പറയുന്നു. മനുഷ്യൻ അവന്റെ എല്ലാ സ്വഭാങ്ങളും ആർജിക്കുന്നത് സമൂഹത്തിൽ നിന്നാ

ണ്. അവൻ ധീരനും ശൂരനുമാണെങ്കിൽ, അവൻ വളർത്തപ്പെട്ടത് ഫ്യൂഡലിസ്റ്റ് സമൂഹ ത്തിലായരിക്കും. ധനത്തിന്നു അത്യാർഥികാണിക്കുന്ന കച്ചവട മനസ്ഥിതിയും ചൂഷണ മനോഭാവവുമുള്ളവനാണെങ്കിൽ, അവൻ മുതലാളിത്ത സമൂഹത്തിൽ വളർത്തപ്പെ ട്ടവനായിരിക്കും. ധീര വീര പരാക്രമിയായ ഒരശ്വഭടമാണെങ്കിൽ, അവൻ ഗോത്ര വ്യവസ്ത നിലവിലുള്ള സമൂഹത്തിൽ ജീവിക്കുന്നവാനാണെന്നർത്ഥം. തൊഴിൽ ബന്ധങ്ങൾ സാമ്പത്തിക ബന്ധങ്ങൾ ഉൽപാദന ബന്ധങ്ങൾ മതവിശ്വസാചാരങ്ങൾ, പാരമ്പര്യങ്ങൾ ഇവയെല്ലാം ഉൽ ചേർന്നതാണ് സമൂഹം ഇവയെല്ലാം തന്നെയാണ് മനു ഷ്യന്റെ വിധിയെയും വ്യക്തിത്വത്തെയും നിർണയിക്കുന്ന ഘടകങ്ങൾ.

ഈ വാദഗതി അംഗീകരിച്ചാൽ, മനുഷ്യനെ തന്റെ പ്രവർത്തനങ്ങൾക്കുത്തരവാദിയാ ക്കാൻ സാദ്ധായമല്ല. കാരണം സാമൂഹ്യ സാഹചര്യങ്ങളാണല്ലോ അവന്റെ സ്വഭാവ ത്തെയും പ്രവർത്തനങ്ങളെയും, നിയന്ത്രിക്കുന്നത്. മനുഷ്യന്റെ വ്യക്തിത്വത്തെയും തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യത്തെയും ഇച്ഛാ സ്വാതന്ത്ര്യത്തെയും സാമൂഹ്യ വാദവും നിരാകരിക്കുന്നുവെന്നർത്ഥം.

ജീവശാസ്ത്രപരമായ നിർണയവാദമനുസരിച്ച് മനുഷ്യനെ നിർവചിക്കാൻ ശ്രമിക്കുക യാണ് ബയോളജിസിസം (ജീവശാസ്ത്രവാദം). എന്നാൽ ഭൗതികവാദത്തിന്റെ കർശന മായ ചട്ടക്കൂടുകളിൽ നിന്നും മനുഷ്യനെ അൽപ്പം കൂടി ഉയർത്തുന്നു. അതി സങ്കീർണ മായ കോശങ്ങളുടെയും അവയവങ്ങളുടെയും സമുച്ചയമാണ് മനുഷ്യ ശരീരമെന്നും അവയാമവന്റെ മന:ശാസ്ത്രപരവും ശരീരശാസ്തരപരവുമായ സ്വഭാങ്ങലെ നിർണയി ക്കുന്നതെന്നും ജീവശാസ്ത്രവാദികൾ പറയുന്നു. പ്രകൃതിയിലെ പ്രതിഭാസമെന്നതിലു പരിയായ ഒരു സ്ഥാനം അത് മനുഷ്യന്ന് നൽകുന്നെണ്ടങ്കിലും, സ്വതന്ത്രമായ, ആത്മ ബോധമുള്ള ഒരസ്തിത്വമായി അത് മനുഷ്യനെ അംഗീകരിക്കുന്നില്ല. മനുഷ്യന്റെ വ്യക്തിത്വം അവൻ തന്നെയാണ് സൃഷ്ടിക്കുന്നതെന്ന സംഗതി അത് നിഷേധക്കുകയും ചെയ്യുന്നു. മെലിഞ്ഞ ആലുകൾ കൂടുതൽ സംവേദനക്ഷമതയുള്ളവരാണെന്നും തടിച്ച വർ കൂടുതൽ വാൽസല്യം പ്രകടിപ്പിക്കുന്നവരാണെന്നുമുള്ള ചൊല്ല് ജീവശാസ്ത്രപര മായ നിർണയവാദത്തിന്റെ സ്വാധീനത്തെയാണ് സീചിപ്പിക്കുന്നത് ഈരണ്ട് വ്യക്തികളു ടേയും വൈകാരിക സ്വഭാവങ്ങൾ അവരുടെ വ്യക്തിത്വങ്ങളോട് ചേർത്തല്ല, ജീവശാ സ്ത്രപരമായ അവരുടെ ഘടനയോട് ചേർത്താണ് പറഞ്ഞിരിക്കുന്നത്. ജീവശാസ്ത്ര വാദം ഭൗതികലോങ്ങൾക്കപ്പുറത്തേക്ക് വികസിക്കാനുള്ള മനുഷ്യന്റെ കഴിവിനെ അംഗീ കരിക്കുന്നില്ലെന്ന് പറയുന്നത് ഇത് കൊണ്ടാണ്.

പദാർത്ഥം, പ്രകൃതി, ചരിത്രം, സമൂഹം - ഇവയാണ് മനുഷ്യന്റെ പ്രധാന തടവറകൾ. മനുഷ്യനു തന്റെ ഇഛാശക്തിയുപയോഗിച്ച് സ്വന്തം ഭാഗദേയം നിർണയക്കാനും തന്റെ പരമലക്ഷ്യത്തിലേക്ക് പ്രയാണം ചെയ്യാനും ഈ തടവറകളെ ചാടിക്കടക്കാനും സാധി ക്കും.

മനുഷ്യന്റെ വ്യക്തിത്വ രൂപീകരണത്തിൽ ചരിത്രത്തിന്റെയും സമൂഹത്തിന്റെയും പ്രകൃ തിയുടെയും സ്വാധീനം ഞാനംഗീകരിക്കുന്നു. ഒരാൾ കർഷകനാവുന്നതിലും ഗോത്ര ത്തിലെ പടയാളിയാവുന്നതിലും വനാന്തരങ്ങളിൽ വേട്ടക്കാരനാവുന്നതിലും അവന്റെ സാഹചര്യങ്ങൾ അവനിൽ തീർച്ചയായും നിർബന്ധം ചെലുത്തിയിട്ടുണ്ടാവും. സാഹച ര്യങ്ങളുടെ സ്വാധീനം ആർക്കും നിഷേധിക്കാനാവുകയില്ല. ഇത് ഞാൻ തന്നെ ഒരുദാഹ രണത്തിലൂടെ വ്യക്തമാക്കാം.

ടെഹ്റാനിലെ വളരെ പ്രസിദ്ധനായ ഒരു പരവിതാനി നെയ്ത്തുകാരൻ എന്നോട് അദ്ദേ ഹത്തിന്റെ ഒരനുഭവം പറയകയുണ്ടായി. ടെഹ്റാനിലെ ഒരു തടവറയിൽ പരവതാനി നെയ്യുന്നത് പഠിപ്പിക്കാൻ ഏതാനും ഗവൺമെന്റുദ്യോഗസ്ഥർ അദ്ദേഹത്തോട് ആവശ്യ പ്പെട്ടുവത്രെ. ഒരുപാധിയാന്മേൽ അദ്ദേഹമത് സമ്മിതിച്ചു. തന്റെ വിദ്യാർത്ഥികളാരെ ങ്കിലും ഈ കലയിൽ മിടുക്ക് കാണിക്കുകയാണെങ്കിൽ താനവനെ മോചിപ്പിക്കാനാവശ്യ

പ്പെടും അപ്പോളവനെ മോചിപ്പിക്കണമെന്നായിരുന്നു ഉപാധി. നിബന്ധന അംഗീകരിക്കപ്പെടുകയും അയാളവിടെ പോയിത്തുടങ്ങുകയും ചെയ്തു.

അവരെല്ലാവരും കുറ്റവാളികളായിരുന്നു. ക്രൂരതയും ശൗര്യതയും അവരുടെ നയനങ്ങളിൽ ഘനീഭവിച്ചു നിന്നത് ആർക്കും കാണാമായിരുന്നു. ഇത്രയേറെ പരുഷന്മാരായ പുരുഷന്മാരെ പരവതാനി നെയ്ത്ത് പഠിപ്പിക്കുന്നത് ക്ഷിപ്രസാധ്യമല്ലെന്നായിരുന്നു അദ്ദേഹത്തിന്റെ തോന്നൽ. വളരെ ഉത്തമവും എന്നാൽ പ്രയാസമേറിയതുമായ ഒരു കലയാണ് പരവതാനി നെയ്ത്ത്. കൂർത്ത കണ്ണുകളും, നൈപുണ്യവും, ഗതിവേഗവും, ഒത്തിണങ്ങിയ വിരലുകളും, അസാധാരണമായ ഗഹനശക്തിയും ആവശ്യമാണതിന്. തുടക്കം മതൽ ഒടുക്കം വരെ സൂക്ഷ്മതയും ആവശ്യമാണ്. വിദ്യകൾ മുഴുവനും അഭ്യസിപ്പിച്ചതിന് ശേഷം പുതിയ ഡിസൈനുകളിൽ സ്വന്തമായി പരവതാനികൾ നെയ്യാൻ അദ്ദേഹമവരെ പ്രേരിപ്പിച്ചു. അല്പ ദിവസങ്ങൾ കഴിഞ്ഞപ്പോൾ പരുഷതയും ക്രൂരതയും ഒത്തുചേർന്ന ആ കുറ്റവാളികളുടെ സ്വഭാവത്തിൽ മാറ്റങ്ങൾ പ്രത്യക്ഷപ്പെട്ടു തുടങ്ങിയതായും ഏറെ കഴിയുന്നതിന് മുമ്പ് തന്നെ അവർ സൽസ്വഭാവികളായി മാറിയതായും അദ്ദേഹം പറയുന്നു. അവർ അദ്ദേഹത്തിൽ നിന്ന് സൂഫീ കവിതകളും കേട്ടു തുടങ്ങിയത്രെ. ചില സൂഫീ കവിതകൾ കേൾക്കുമ്പോൾ അവരുടെ കണ്ണുകളിൽ വെള്ളം നിറയാറുണ്ടായിരുന്നു പോൽ.

പരവതാനി നെയ്ത്ത് ആ തടവുകാരെ സംബന്ധിച്ചിടത്തോളം ഒരു ബാഹ്യസ്വാധീനമായിരുന്നു. ആ ബാഹ്യസ്വാധീനമാണ് അരുടെ സ്വഭാവത്തെ മാറ്റി മറിച്ചത്. എന്നാൽ സാമൂഹ്യസാഹചര്യം മാത്രമാണു നിർണായകഘടകമെങ്കിൽ അവരുടെ മുൻ കുറ്റങ്ങൾക്ക് അവരെ കുറ്റപ്പെടുത്താൻ സാധ്യമല്ല. സമൂഹത്തിന് അവരോട് ഉത്തരവാദിത്തമുണ്ട് – അവർ കുറ്റവാളികളായാലും മാന്യന്മാരായാലും. സാമൂഹ്യ വാദത്തിന്റെ ഈ വാദഗതി ശരിയാണ്.

എന്നാൽ നിർണയവാദത്തെ പൂർണ്ണമായും അനുകൂലിക്കുകയോ പൂർണ്ണമായും നിരാകരിക്കുകയോ അല്ല ഞാൻ ചെയ്യുന്നത്. മനുഷ്യനു തന്റെ ലക്ഷ്യത്തിലേക്കുള്ള പ്രയാണത്തിനിടയിൽ ഈ നിർണ്ണായക ശക്തികളിൽ നിന്നെല്ലാം മുക്തിനേടി തന്റെ ഇഛാ ശക്തിയുപയോഗിച്ച് മുമ്പോട്ട് പോവാനാവും എന്നാണ് ഞാൻ പറയുന്നത്. ഒരു സമൂഹത്തിന്റെ ജീവിതം അതിന്റെ ഭൂമി ശാസ്ത്രപമായ ഘടകങ്ങളെ ആശ്രയിച്ചിരിക്കുന്നുവെന്ന ഇബ്നുൽ ഖൽദൂന്റെ വാക്കുകൾ ഡിറ്റേമ്നിസത്തിനു പ്രചാരമുണ്ടയിരുന്ന പത്തൊമ്പതാം നൂറ്റാണ്ട് വരെ ശരിയായിരുന്നുവെന്നു പറയാം. ഇന്ന് ഡിറ്റേമിനിസത്തിന് സ്വാധീനം നഷ്ടപ്പെട്ടുപോയിട്ടുണ്ട്. എത്ര ശക്തിയായി തന്റെ പരമമായ ലക്ഷ്യസ്ഥാനത്തേക്കു മനുഷ്യനു പ്രയാണം ചെയ്യാൻ കഴിയുമോ, അത്രത്തോളം അവനു ഡിറ്റേമിനിസത്തിന്റെ ശക്തികളെ തടുക്കാനാവും. കേവലമായ ഉണ്മയിൽ തന്നെ തങ്ങിനിൽക്കുന്നപക്ഷം പദാർത്ഥം, പ്രകൃതി, സമൂഹം, ചരിത്രം എന്നീ തടവറകളിലേതെങ്കിലുമൊന്നിൽ തടവുകാരനായിരിക്കുമവൻ.

ശാസ്ത്രത്തിന്റെയും സാങ്കേതികജ്ഞാനത്തിന്റെയും സഹാത്തോടെ ഈ തടവറകളിൽ നിന്നു മോചനം നേടാൻ മനുഷ്യനു കഴിഞ്ഞിട്ടുണ്ട്. വലിയൊരളവോളം ശാസ്ത്ര-സാങ്കേതിക പുരോഗതികളുപയോഗിച്ചു പ്രകൃതിയുടെമേൽ മേധാവിത്വം നേടാൻ മനുഷ്യനു കഴിഞ്ഞിട്ടുണ്ട്. കലാവസ്ഥാപരമായ അസൗകര്യങ്ങളെ മനുഷ്യൻ തരണം ചെയ്തു കഴിഞ്ഞിട്ടുണ്ട്. ആകാശത്തിൽ ഉയന്നു പറക്കുന്നതിന് ഭൂമിയിലെ ഗുരുത്വാഘർഷണബലം ഇന്നവന്നൊരു  പ്രശ്നമല്ല. കൃഷിക്ക് അവന്ന് മഴയെ മാത്രം ആശ്രയിക്കണ്ടി വരുന്നില്ല. വരൾച്ച, വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതിക്ഷോപങ്ങളെ അവൻ വലിയൊരളവോളം നിയന്ത്രിക്കുകയും കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. പ്രകൃതിയുടെ പിന്നിലെ ശക്തിയെയും നിയമങ്ങളെയും മനസ്സിലാക്കിയ മനുഷ്യൻ പ്രകൃതിയുടെ മേൽ ആധിപത്യം സ്ഥാപിക്കാൻ അതിന്നനുസൃതമായ ശാസ്ത്ര-സാങ്കേതിക രീതികളാവിഷ്ക

രിച്ചു. അതിനാൽ പ്രകൃതി മനുഷ്യന്റെ പുരോഗതിയുടെ മുമ്പിൽ ഒരു വിലങ്ങുതടിയേ അല്ല.

പ്രകൃതിയെ ഇത്തരത്തിൽ മനസസ്ിലാക്കുന്നത് ശാസ്ത്രമാണ്. തന്റെ ക്രിയാത്മകമായ മനസ്സും ശാസ്ത്രജ്ഞാനവും സാങ്കേതികവിദ്യയുമുപയോഗിച്ച് മനുഷ്യൻ പ്രകൃതിയുടെ പിടുത്തത്തിൽ നിന്ന് മോചനം നേടി. സാങ്കേതിക വിജ്യയെക്കുറിച്ച് അത് മനുഷ്യനെ വിമാനവീകരിക്കുന്ന എന്ന വിമർശനമുണ്ടങ്കിലും, അതിന്നു മനഷ്യന്റെ ഭാരവും അദ്ധ്വാനവും കുറക്കാനും ഉൽപന്നങ്ങളുടെ ഗുണവും എണ്ണവും കൂട്ടാനും മനുഷ്യനെ സഹായിക്കാനാവും. എന്നാൽ അനേകം സാങ്കേതികസൗകര്യങ്ങളുണ്ടെങ്കിലും അതൊന്നുമില്ലാതിരുന്ന പ്രാചീന കാലത്തെ മനുഷ്യൻ അദ്ധ്വാനിച്ചിരുന്നതിനേക്കാൾ ആധുനിക മനുഷ്യൻ അദ്ധ്വാനിക്കുന്നതായി കാണുന്നു. മനുഷ്യന്റെ ആവശ്യങ്ങളേക്കാളും ഉൽപാദനത്തേക്കാളും ഉപഭോഗം വർദ്ധിപ്പച്ച ബുർശ്വാസിയാണിതിന്നുത്തരവാദി. മനുഷ്യ സമൂഹത്തിന്റെ നന്മക്കും , വികാസത്തിന്നുമാണ് സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തുന്നതെങ്കിൽ അതിന്നു മനുഷ്യനെ പ്രകൃതിയുടെ പിടുത്തങ്ങളിൽ നിന്നു മോചിപ്പിച്ചു കൊണ്ട് അവന്റെ രക്ഷകനാവാൻ കഴിയും.

ചരിത്രത്തിന്റെ തടവറയിൽ നിന്നു മനുഷ്യന്നു എങ്ങനെ രക്ഷ നേടാം? ചരിത്രമെന്ന ഒരു മഹാശക്തിയുടെ കയ്യിൽ കളിപ്പാട്ടമാണു താനെന്നു കരുത്തുന്ന മനുഷ്യന്ന് ചരിത്രത്തിന്റെ നിയമങ്ങളെയും ഗതിവിഗതികളെയും അവയെങ്ങനെ തന്റെ ബോധതലത്തിലും ധാർമിക രംഗത്തും മാറ്റങ്ങൾ വരുത്തുന്നുവെന്നും മനസ്സിലാക്കാൻ കഴിഞ്ഞാൽ, ചരിത്രത്തിന്റെ പിടുത്തത്തിൽ നിന്നവന്നു മോചനം നേടാൻ സാധിക്കും.

ചില ഏഷ്യൻ-ആഫ്രിക്കൻ-ലാറ്റിനമേരിക്കൻ സമൂഹങ്ങൾക്ക് ചരിത്രത്തിന്റെ നിർണിതമായ പാദകളുടെ ദൈർഘ്യം കുറക്കാൻ കഴിഞ്ഞിട്ടുണ്ട്. ഘട്ടെ ഘട്ടമായി മുമ്പോട്ടു പോകുന്നതിനു പകരം അവർ ചരിത്രത്തിൽ ചില എടുത്തുചാട്ടങ്ങൾ നടത്തുകയാണുണ്ടായത്. ഓരോ സമൂഹത്തിന്നും ഘട്ടംഘട്ടമായേ പുരോഗതി പ്രാപിക്കാനാവുമെന്ന പഴയ സിദ്ധാന്തം തിരുത്തപ്പെട്ടു. അസിദ്ധാന്തത്തിന്റെ അടിസ്ഥാനത്തിലായരുന്നു ഓരോ സമുഹത്തേയും പഠന വിധേയമാക്കിയിരുന്നതും. തരം തിരിച്ചിരുന്നതും, അതിന്റെ ഭാവി പ്രവചിച്ചിരുന്നതും. ചരിത്ര നിർണയവാദത്തിന്നെതിരായ അനേകം തെളിവകൾ ഇന്നു നമ്മുടെ കയ്യിലുണ്ട്. സമൂഹം അതിന്റെ ഭൂതകാല ചരിത്രത്തെക്കുറിച്ച് എത്ര കൂടുതൽ ബോധമുള്ളതാകുന്നുവോ, അതേ പോലെ, ആ സമുഹത്തിലെ ബുദ്ധിജീവികൾ ചരിത്രത്തിന്റെ നിയമങ്ങളെയും, സ്വവാങ്ങലെയും എത്ര ആഴത്തിൽ മനസ്സിലാക്കുന്നുവോ, എത്രയും വേഗത്തിൽ ആ സമുഹത്തിന്നു അതിന്റെ ഘട്ടെ ഘട്ടമായുള്ള പരിണാമത്തെ മറികടക്കാവും. ഇത്തരത്തിലുള്ള സാമൂഹ്യ-ചരിത്രബോധം സമൂഹത്തെ ചരിത്രത്തിന്റെ ചില ഘട്ടങ്ങളിലേക്ക് കടക്കാതെ തന്നെ അതിന്നപ്പുറത്തുള്ള ഘട്ടത്തിലെത്താൻ സഹായിക്കുന്നു. ചരിത്രത്തിന്റെ നിയത നിയമങ്ങൾക്ക് വിധേയമാവാതെ മുന്നോളം ഘട്ടങ്ങളെ മറികടക്കാൻ സമൂഹങ്ങൾക്ക് കഴിയും. ചരിത്രനിയമങ്ങൾക്ക് വിധേയമാവാതെ പല ഘട്ടങ്ങളിലേക്കും കടക്കാതെ എടുത്തു ചാട്ടം നടത്തി ആഘുനിക കാലഘട്ടത്തിലേക്കെത്തിയ കുറെ സമൂഹങ്ങളുണ്ട്. ചരിത്ര നിയമങ്ങളും ഗതിവിഗതികളും മനസ്സിലാക്കിയതിന്നു ശേഷം ചരിത്രത്തിന്റെ പിടുത്തത്തിൽ നിന്നു മോചനം നേടുകയാണവ ചെയ്തത്.

സാമൂഹ്യ വാദത്തിനും ശക്തി ചോർന്നുകൊണ്ടിരിക്കുകയാണ്. സാമൂഹ്യശാസ്ത്രത്തിന്റെ സഹായത്തോടെ സമൂഹത്തിന്റെ ഗതിവിഗതികളെക്കുറിച്ചും അതിനു മനുഷ്യ ജീവിതത്തെ എത്രത്തോളം സ്വാധീനിക്കാൻ കഴിയുമെന്നതിനെക്കുറിച്ചും നമുക്ക് മനസ്സിലാക്കാൻ കഴിയും. അതിലൂടെ സമൂഹത്തിന്റെ ഗതിയെ ക്രിയാത്മകമായ രൂപത്തിൽ മാറ്റിയെടുക്കാൻ സാധിക്കും. നമ്മുടെ വ്യക്തിത്വ രൂപീകരണത്തിൽ സമൂഹത്തിനു പങ്കുണ്ടെന്നതിൽ സംശയമില്ല. അതിനെ അംഗീകരിച്ചു കൊണ്ടുതന്നെ പുതിയൊരു വ്യക്തിത്വത്തിനു രൂപം കൊടുക്കാൻ നമുക്ക് സാധിക്കും. അധികാരപീഠത്തെയോ വിശ്വാസാചാര

വ്യവസ്ഥകളെയോ ചോദ്യം ചെയ്യാത്ത പ്രാക്തന സമൂഹങ്ങളിൽ നിന്നും വ്യത്യസത രാണ് നാം. അവർ നിലവിലുള്ള മത-സാമൂഹ്യ ഘടനയെ ചോദ്യം ചെയ്യാതെ അംഗീക രിക്കൽ നിർബന്ധമാണെന്നു വിശ്വസിച്ചവരായിരുന്നു. അതിനാൽ സാമൂഹ്യവ്യവ സ്ഥയോ ഭരണക്രമമോ എത്ര ജീർണ്ണമായാലും അത് പരിവർത്തിപ്പിക്കേണ്ടതാണെന്ന വർക്ക് തോന്നിയിരുന്നില്ല. ഭരണ വർഗം എത്രതന്നെ അധികാര പ്രമത്തരും സുഖലോലു പരും സ്വാർത്ഥഭരികളുമാണെങ്കിലും അവർ ഭരിക്കാനും തങ്ങൾ ഭരിക്കപ്പെടാനും വിധി ക്കപ്പെട്ടവരാണെന്നും ഒരു വിപ്ലവത്തിലൂടെ ഭരണകൂടത്തെ മാറ്റിമറിക്കേണ്ടെന്നും വിശ്വ സിക്കുമാറ് അടിമത്ത മനഃസ്ഥിതിയിൽ ആപതിച്ചു പോയവരായിരുന്നു അവർ. എന്നാൽ ഇന്നത്തെ മനുഷ്യൻ തങ്ങളുടെ ഇഷ്ടതതിനനുസരിച്ച് ആദർശത്തെയും ഭരണവ്യവസ്ഥ യെയും സ്വീകരിക്കുകയും ഇഷ്ടമില്ലെങ്കിൽ അത്രതന്നെ ശക്തിയോടുകൂടി അതിനെ തൂത്തുമാറ്റുകയും ചെയ്യുന്നു. ഈ ബോധവും ഉൽബുദ്ധതയും പ്രാചീന സമൂഹങ്ങളിൽ പലതിനുമുണ്ടായിരുന്നില്ല.

ശരിയായ ഉൾക്കാഴ്ചയുള്ളവൻ സമൂഹത്തിന്റെ മതത്തെ അന്ധമായി അനുധാവനം ചെയ്യുകയില്ല. തന്റെ ഇഛാശക്തിയും വിവേചനബോധവും ഉപയോഗിച്ചാണ് അതിനെ അതിനെ സ്വീകരിക്കുകയോ തിര്സകരിക്കുകയോ ചെയ്യുന്നത്. വിവേചന ബോധമുള്ള വർ ചോദ്യംചെയ്യപ്പെടാൻ പാടില്ലാത്തതായി ഒന്നിനെയും അംഗീകരിക്കുന്നില്ല. വിശ്വാ സാചാരങ്ങളെയും സാമൂഹ്യ സാംസ്കാരിക ഘടകങ്ങളെയും നിർബന്ധിതമായി തന്റെമേൽ അടിച്ചേൽപ്പിക്കപ്പെടാൻ അവൻ അനുവദിക്കുകയില്ല എല്ലാം ചെയ്യപ്പെടേ ണ്ടതും വിമർശിക്കപ്പെടേണ്ടതും തിരഞ്ഞെടുക്കപ്പെടേണ്ടതുമാണ്. ഇന്നത്തെ മിക്ക സമൂ ഹങ്ങളിലും രണ്ടു തരം സ്വഭാവങ്ങൾ കാണാം. ഒന്നുകിൽ പഴയ സാമൂഹ്യാചാര ങ്ങളെയും വിശ്വാസ പ്രമാണങ്ങളെയും അവ തിരസ്ക്കരിക്കുന്നു. അതിന്നെതിരെ പട പൊരുതി പുതിയ ആദർശങ്ങളും നവനവങ്ങളായ ആചാരോപചാരങ്ങളും സ്വീകരിക്കു ന്നു. അല്ലെങ്കിൽ പഴയവിശ്വാസാചാരങ്ങൾക്ക് ഊന്നൽ നൽകി അതിനെ ശക്തിയായി സ്ഥാപിക്കാൻ ശ്രമിക്കുന്നു. ഇത് കാണിക്കുന്നത് മനുഷ്യന്നു വേണമെങ്കിൽ സമൂഹ ത്തിൻെ ഗതിവിഗതികളെ മാനിക്കാതെ സ്വന്തം ഇച്ഛക്കനുസരിച്ച് മുമ്പോട്ട് പോകാൻ കഴിയുമെന്നും സമൂഹത്തിന്റെ ചങ്ങലക്കെട്ടുകളിൽ നിന്ന് അവന് മുക്തനാവാൻസാധി ക്കുമെന്നുമാണ്. ഷാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യയുടെയും സഹായത്തോടെ സമൂഹത്തിന്റെ ചലനഗതി മനസ്സിലാക്കി അതിനു വേഗത കൂട്ടാനും സമൂഹഭാഗധേയ ത്തിന്മേൽ ആധിപത്യം സ്ഥാപിക്കാനും മനുഷ്യനിന്നു കഴിയുന്നുണ്ട് .

നാലാമത്തെ തടവറയാണ് പുറത്തു ചാടാൻ ഏറ്റവും ദുഷ്കരമായ തടവറ. മനുഷ്യന്റെ ഉള്ളിലാണത് സ്ഥിതിചെയ്യുന്നത്. അവന്റെ അഹംബോധമാണത്. ശാസ്ത്രത്തിന്റെയും സാങ്കേതിക വിദ്യയുടെയും കാലഘട്ടത്തിലായിട്ടു പോലും ഈ അന്തർ ജയിലിൽ നിന്നു പുറത്തു ചാടുക മനുഷ്യനു പൂർവ്വോപരി പ്രയാസം തന്നെ. ഭൗതിക രംഗത്ത് അനേകം പുരോഗതികൾ കൈവരിച്ചിട്ടുണ്ടെങ്കിലും ഈ തടവറയിൽ മോചനം അസാധ്യമാംവിധം നിസ്സഹായനാണവൻ. തൻ ഇഛകളുടെ കുരുക്കുകളിൽ അവൻ പൂർവ്വാധികം കെട്ടുപി ണഞ്ഞ് പോയിരിക്കുന്നു ദേഹേച്ഛകളുടെ ഇടുങ്ങിയ തടവറകളിൽ പെട്ടുപോയതാണ് ഭൗതിക ജീവിതത്തിലെ അവന്റെ പൊങ്ങച്ച പ്രകടനത്തിനും കോപ്രായങ്ങൽക്കും കാരണം. പ്രകൃതിയുടെയും ചരിത്രത്തിന്റെയും സമൂഹത്തിൻരെയും പിടുത്തത്തിൽ നിന്നും മോചനം നേടാനും അനേകം ജീവിത പ്രശ്നങ്ങളെ പരിഹരിക്കാനും കഴിഞ്ഞിട്ടു ണ്ടെങ്കിലും, സ്വേച്ഛയുടെ അന്ധകാരവൃതമായ അധമ ലോകത്തിൽ നിന്ന് എങ്ങനെ കരക യറാനാവുമെന്ന് അവൻ മനസ്സിലാക്കിയിട്ടില്ല.

എന്ത് കൊണ്ട് ഇത്ത്രയധികം ദുഷ്ക്കരമായി? മറ്റു തടവറകളിനൽനിന്ന് ഭിന്നമാണോ ഇത്? അതെ, ആദ്യം പറഞ്ഞ തടവറകൾക്ക് നാലു മതിൽക്കെട്ടുകളുണ്ട്. അവയെക്കു റിച്ച് അവന് നന്നായി അറിയുകയും ചെയ്യാം. ആധുനിക സാങ്കേതികസിദ്ധികൾ ആർജി ക്കുന്നതിന് മുമ്പ്തന്നെ പ്രകൃതിയിലെ ശക്തികളെക്കുറിച്ചും പ്രതിഭാസങ്ങളെക്കുറിച്ചും അവൻ മനസ്സിലാക്കിവെച്ചിരുന്നു. അവയെ എങ്ങെനെ കൈകാര്യം ചെയ്യുമെന്നും

അവനെ എങ്ങനെ ആശ്രയിച്ചു ജീവിച്ചിരുന്നിവെന്നും അവൻ ഗ്രഹിച്ചിരുന്നു. അങ്ങനെയാണു വനാന്തരങ്ങളിലോ പുഴവക്കത്തോ ജീവിച്ച അവൻ വേട്ടക്കാരനോ മീൻ പിടുത്തക്കാരനോ ആയത്. എന്നാൽ തനിക്കുള്ളിലെ തടവറയെ കടന്നുചാടാൻ അവൻ അശക്തനായിരിക്കുകയാണ്. കാരണം, അത് സ്പഷ്ടമോ സ്പർഷമോ ബാഹ്യമോ അല്ല. അതിന്റെ ഭിത്തികൾ ദൃഷ്ടി ഗോചരമല്ല. മനുഷ്യൻ തനിക്കുള്ളിൽ ചുമക്കുന്ന തടവറയാണത് ഇവിടെ തടവുകാരനും തടവറയും ഏകവും അവിഛേദ്യവുമാണ്. മറ്റു തടവറകളിൽ നിന്ന് രക്ഷിച്ച ശാസ്ത്രത്തിന് ഇവിടെ നിന്ന് അവനെ മോചിപ്പിക്കുക സാധ്യമല്ല. കാരണം ശാസ്ത്രം തന്നെ ഇതിനുള്ളിൽ തടവുകാരനത്രെ. ഇതുവരെ 'സ്വതന്ത്ര'നാണെന്നു കരുതപ്പെട്ടിരുന്ന 'ഞാൻ' ഇവിടെ സ്വയം ബന്ധിതനായരിക്കുകയാണ്. സ്വന്തം ഇഛകളുടെ തടവറയിൽ കഴിഞ്ഞുകൂടുന്ന മനുഷ്യന് എല്ലാം അർത്ഥശൂന്യമാനണെന്ന് തോന്നുകയും ഒരു തരം വിരക്തി അനുഭവപ്പെട്ടു തുടങ്ങുകയും ചെയ്യുന്നു.

മനുഷ്യന്റെ ഭൗതിക പ്രയാണത്തിന്റെ അന്ത്യമാണ് എല്ലാം അർത്ഥശൂന്യമാണെന്ന തോന്നൽ മനുഷ്യന് കുറേ ആവശ്യങ്ങളാണ് ആദ്യം ഉണ്ടാവുന്നത്. അത് പൂർത്തീകരിച്ച് കഴിയയുമ്പോൾ അവൻധന സമ്പാദനത്തിന് പിന്നാലെ പോകുന്നു. പിന്നെ സുഖലോലുപതയുടെ പിന്നാലെയായി അവന്റെ ഓട്ടം. എന്നാൽ ഈ ഓട്ടങ്ങളൊന്നും താൻ നേടുന്നതെന്തോ അതവന് നൽകുന്നില്ല. തൽഫലമായി അവൻ ഐഹികജീവിത വിരക്തിയിലേക്കും സന്യസത്തിലേക്കും തിരിയുന്നു.

അസ്തിത്വവാദവും ഹിപ്പിസവും ഈ പാദവക്കത്തെ ഒടുവിലെ സത്രങ്ങളാണ്. ചരിത്രത്തിൽ മുമ്പൊരിക്കൽ രംഗപ്രവേശം ചെയ്ത ഐഹിക ജീവിത വിരക്തിയുടെ ഒരു രൂപമായിരുന്നു സൂഫിസം. ഇന്ത്യയിൽ നിലവിലുണ്ടായിരുന്നു ഇന്തോ-ചൈനീസ് കുലീനാധിപത്യം ഇതിനേക്കാൾ ഇതിനേക്കാൾ നിസ്സംഗമായ ഒരു സന്യാസത്തിനു വഴിതെളിയിട്ടിരുന്നു. അമിതോപഭോഗത്തിലും അത്യാഢംഭരങ്ങളിലും അതിരു കടന്ന സുഖലോലുപതയിലും മുഴുകിയ പുതിയ മനുഷ്യൻ ഇതെല്ലാം വിട്ടൊഴിഞ്ഞ് മറ്റൊരു സന്യാസം സ്വീകരിക്കുമെന്നതിൽ സംശയത്തിനവകാശമില്ല.

ഭൗതികാശയങ്ങളിലും ഭൗതിക സുഖാസ്വാദനത്തിലും അമിതമായി മുഴുകിയതാണു ആധുനിക മനുഷ്യന്റെ അസ്വസ്ഥതക്ക് കാരണം. ഭൗതികോപഭോഗവും സുഖലോലുപതയും ആഗ്രഹ സാക്ഷാൽക്കാരത്തേക്കാൾ അസ്വസഥതയാണനനു പ്രദാനം ചെയ്തത്. സ്വേച്ഛകളിൽ മുഴുകിപ്പോകുന്നവൻ പരാജയപ്പെടാൻ വിധിക്കപ്പെട്ടവനാണ്. ജുവാൻ ഇസൂല പവിഴങ്ങളും കവചങ്ങളും സ്വർണ്ണ വിഭൂഷകളും കൊണ്ടലംകൃനായ ഒരു രാജകുമാരനെ ചിത്രീകരിച്ചിട്ടുണ്ട്. കാഞ്ചനകാന്തിയുള്ള പട്ടുടയാളകളുടെയും വർണ്ണപകിട്ടുകളുടെയും ഉള്ളിൽ, കാരണം കണ്ടു പിടിക്കാനാവാത്ത അസഹ്യമായ വേദനയാൽ പുളയുകയാണയാൾ. സമ്പന്നനും സർവായുധ വിഭൂഷിതനുമായ ആധുനിക മനുഷ്യൻ ജുവാൻ ഇശൂലയുടെ രാജകുമാരനെപ്പോലെയാണ്. കണ്ണഞ്ചിക്കുന്ന ബാഹ്യമോടിക്കുളളിൽ അവൻ ദുർബലനും പീഡിതനുമാണ്.

ഹോളണ്ടിലെ റോട്ടർഡാം സിറ്റി സ്ക്വയറിൽ കരിങ്കല്ലിൽ കൊത്തിയെടുത്ത വിചിത്രമയൊരു പ്രതിമയുണ്ട്. അതിന്റെ എല്ലാസന്ധിബന്ധങ്ങളും വിഛേദിക്കപ്പെട്ടതായാണു നാം കാണുക. അതിന്റെ കഴുത്ത് യഥാസ്ഥാനത്തു നിന്നൽപം ഉന്തി നിൽക്കുന്നു. കൈമുട്ടിനും സ്ഥാനം തെറ്റിയിട്ടുണ്ട്. കാലും കമങ്കാലും മൊത്തം ആകാരവുമായി ഒട്ടും യോജിക്കുന്നില്ല. അല്പം അകലെ നിന്നു വീക്ഷിക്കുന്ന ഒരാൾക്ക് ചെറിയ ഒരു കാറ്റിനു അത് തകർന്നു നിലം പതിക്കുമെന്നാണു തോന്നുക. രണ്ടാം ലോകമഹായുദ്ധത്തിനു ശേഷമുള്ള മനുഷ്യന്റെ അവസ്ഥയെ ചിത്രീകരിക്കാൻ കരിങ്കല്ലിൽ പണിതീർത്ത് പ്രതിഷ്ഠിച്ചതാണവിടെ. ശക്തനും ബുദ്ധിമാനുമെല്ലാമാണെങ്കിലും മരണ ഭീതിയുടെ മടിത്തട്ടിൽ കഴിയുന്ന ആധുനിക മനുഷ്യന്റെ പ്രതീകം കൂടിയാണത്.

ശാസ്ത്രം മനുഷ്യനെ ശക്തനാക്കിയിട്ടുണ്ടെങ്കിലും മാനസികമായി അവൻ വളരെ ദുർബലനത്രെ. ബുദ്ധികൊണ്ടനുഗ്രഹീതനായ ഇന്നത്തെ മനുഷ്യൻ ധനമോഹം കൊണ്ട് ശപ്തനായിരിക്കുന്നു പണത്തിനു വേണ്ടി എന്തും ചെയ്യുന്ന സാമ്പത്തിക ജീവിയാണ വൻ. ആഫ്രിക്കയിൽ ഇന്നും അടിമത്തം നിലനിൽക്കുന്നുവെന്നു പറയപ്പെടുന്നു. ഇന്നു യുവാക്കൾ വേട്ടയാടപ്പെടുകയും കരിംഞ്ചന്തയിൽ വിൽക്കപ്പെടുകയും ചെയ്യുന്നു. യൂറോപ്പിലെ ഏറ്റവും ശക്തിയുറ്റ ധിഷണാകേന്ദ്രങ്ങളായ കേംബ്രിഡ്ജിം സോർബോ ണിലും മറ്റൊരു തരത്തിലുള്ള അടിമത്തത്തിനു ഞാൻ സാക്ഷിയാവേണ്ടി വന്നിട്ടുണ്ട്. ആഫ്രിക്കയിലെ വനാന്തരങ്ങളിൽ നിന്നും പിടുച്ചുകൊണ്ടുവന്നവരല്ല ഇവിടെത്തെ അടി മകൾ. ലോകത്തിലെ  പുരോഗമന പരമായ മനസ്സിന്റെ ഉടമകളാണു ഇവിടെ ലേലത്തിൽ വിൽക്കപ്പെടുന്നത്. വടക്കെ അമേരിക്ക, യൂറോപ്പ്, ചൈന, റഷ്യ തുടങ്ങിയ വ്യവസായ വൽകൃതലോക്തതു നിന്നുള്ള ധനാഢ്യന്മാരും കമ്പനികളും കോർപറേഷനുകളും ഈ സർവകലാശാലകളിൽ നിന്നു പുരത്തു വരുന്ന ഡോക്ടർമാരെയും എഞ്ചിനീയർമാ രെയും ശാസ്ത്രജ്ഞന്മാരെയും ലേലം വിളിച്ചെയുക്കുകയാണ്. ഇവിടെ നിന്നു പുറത്തു വരുന്ന ബിരദധാരികളാവട്ടെ, ഇവർക്ക് മുമ്പിൽ ലേലത്തിനായി സ്വയം നിന്നു കൊടുക്കു കയും ചെയ്യുന്നു. പിന്നെ ബിരുദധാരികൾക്കു വേണ്ടി അവർ തമ്മിലുള്ള മൽസരമാണ്. ആദ്യം ചിലർ ഒരുവൻതുക ശമ്പളമായി ഓഫർ ചെയ്യുന്നു. മറ്റൊരുവൻ തന്റെ കൂടെ വന്നാൽ ഈ തുകയുടെ കൂടെ ഒരു കാർ കൂടിതരാമെന്നു പറയുന്നു. ഇത് രണ്ടിനുംപുറമെ കാറിന് ഒരു ഡ്രൈവറെ കൂടി സൗജന്യമായി വെച്ചുതരാമെന്നാണ് മറ്റൊരുവന്റെ ഓഫർ. യജമാനൻമുടെ മുന്നിൽ നിൽക്കുന്ന ഈ ബിരുദധാരിയായ അടിമ ഏറ്റവും കൂടുതൽ വിലപറയുന്ന യജമാനനോടൊപ്പം പോവുന്നു സമൂഹത്തിന്റെ പലപ്രശ്നങ്ങളും പരിഹരിക്കാൻ കെൽപുറ്റ യോഗ്യതകളുള്ളവനാണ് ഈ മനുഷ്യൻ. എന്നാൽ അവനും തന്റെ ഈ തടവറയിൽനിന്നും മോച്തനല്ല-ഇഛയുടെ തടവറയിൽനി ന്നു. ഈ തടവറ ഓരോരുത്തന്റെയും ഉള്ളിൽതന്നെ ആയതിനാൽ സ്വയംതന്നെ അതി നെതിരെ സമരം ചെയ്യുകയും അതിൽനിന്നു മോചനം നേടുകയുമാണ് വേണ്ടത്. എന്നാൽ അതിനവനു സാധിക്കുന്നില്ല കാരണം, ആ കാരാഗ്രഹത്തിന്റെ താക്കോൽ അവനു നഷ്ടപ്പെട്ടുപോയിരിക്കുന്നു.

സ്വാതന്ത്രത്തിലേക്കുവഴി തുറക്കുന്ന ആ താക്കോൽ സ്നേഹമാകുന്നു. സൂഫീ-പ്ലാറ്റോ ണിക്ക് മാതൃകകളിലോ കാണുന്ന സ്നേഹമല്ല ഞാനിത് കൊണ്ട് ഉദ്ദേശിക്കുന്നത്. കാര ണം, നിഗൂഢരായ ആ സ്നേഹങ്ങളെല്ലാം കാരാഗ്രഹങ്ങൾ തന്നെയാണ്. ആത്മാവിനു ള്ളിൽ കുടികൊള്ളുന്ന ഒരു ശക്തിയാണു സ്നേഹം. ആ സ്നേഹത്തിന് ഒരഗ്നി പർവ്വതം കണക്കെ എനിക്കെതിരിൽ സമരം ചെയ്യാനും ഞാൻ ബന്ധസ്ഥനാക്കപ്പെട്ട തടവറക ളിൽനിന്നെന്നെ മോചിപ്പിക്കാനും കഴിയും. ആ സ്നേഹത്തിന്റെ വഹ്നിജ്വാലകൾകൊണ്ട് വേണം വ്യക്തിയാകെ ശുദ്ധീകരിക്കാൻ. ശാസ്ത്രത്തിനും, യുക്തിക്കും , പ്രകൃതിനിയമ ങ്ങൾ കണ്ടെത്താനും അവയെ ഉപയോഗപ്പെടുത്തുവാനുമേ സാധിക്കൂ. മനുഷ്യന്റെ അന്തരംഗത്തിറങ്ങി അവനെ ശുദ്ധീകരിക്കാൻ സാധ്യമല്ല.

ഇറ്റാലിയൻ സാമൂഹ്യശാസ്ത്രജ്ഞനായ വിൽഫ്രെഡ് പാരത്തോ(1848 1928) യുടെ വാക്കുകളിൽ പറഞ്ഞാൽ മനുഷ്യന്റെ സ്വഭാങ്ങളെയും പ്രവർത്തനങ്ങളെയും മുന്നായി തരം തിരിക്കാം:  യുക്തികം, അയുക്തികം, യുക്ത്യായുക്തി വിരുദ്ധം.  നാം ജീവിക്കുന്ന ത്, പണിയെടുക്കുന്നത്, പണമുണ്ടാക്കുന്നത്. ചിന്തിക്കുന്നത്, പഠിക്കുന്നത്, വസ്ത്രം ധരി ക്കുന്നത് എന്നിവ യെല്ലാം യുക്തിപരമായ സ്വഭാങ്ങളും പ്രവർത്തനങ്ങളുമാണെന്ന് പറ യാം. കാരണം അവയെല്ലാം യുക്ത്യാധിഷ്ഠിതമായ ഫലങ്ങളുളവാക്കുന്നു. എക്സന്റ് റിസിറ്റീസ്  എന്ന പദം കൊണ്ടാ വിവക്ഷിക്കപ്പെടുന്ന നമ്മുടെ വിചിത്ര സ്വഭാങ്ങളും ഭ്രാന്തൻ പ്രവർത്തനങ്ങളും അയുക്തികങ്ങളത്രെ.  യുക്തികവും അയുക്തികവുമല്ലാത്ത പ്രവർത്തനങ്ങളും സ്വഭാങ്ങളുമാണ് യുക്ത്യായുക്തി വിരുദ്ധം എന്നത് കൊണ്ട് വിവക്ഷി ക്കുന്നത്.  അനന്തരഫലങ്ങൽ മുൻകൂട്ടികണ്ട് ബോധപൂർവം ചെയ്യുന്നു പ്രവര്ത്തനങ്ങ ളാണ് യുക്തിപരമായ പ്രവർത്തനങ്ങൾ.  എന്നാൽ ചില ഉന്നതമായ മൂല്യങ്ങൾ ക്ക് വേണ്ടി, അനന്തരഫലങ്ങളെക്കുറിച്ച് ബോധവാനായിക്കൊണ്ട് തന്നെ,  യുക്തിപരതയുടെ

പാതയിൽ നിന്ന് വ്യതിചലിച്ചും, മനുഷ്യൻ സഞ്ചരിക്കാറുണ്ട്. ഉദാഹരണമായി സ്വന്തം നാട്ടിന്റെ സ്വാതന്ത്ര്യം നേടിയെടുക്കുന്നതിനുള്ള സമരത്തിന്റെ ഭാഗമായി മനുഷ്യൻ ദേഹത്തിൽ എണ്ണ യൊഴിച്ച തീ കൊളുത്തി ആത്മാഹുതി ചെയ്യാറുണ്ട്. രാജ്യത്തെ മറ്റൊരഗ്നിയിൽ രക്ഷിക്കാനാണ് അവൻ സ് ശരീരം അഗ്നി ക്കിരയാക്കുന്നത്. ഇത് ഭൗതിക വീക്ഷണത്തിൽ യുക്തിപൂർവകമായ പ്രവർത്തനമല്ല. കാരണം അതിനവർ പ്രതിഫലം പറ്റുകയോ പ്രതിഫലത്തിനു കാംക്ഷിക്കുകയോ ചെയ്യുന്നില്ലല്ലോ. എന്നാൽ ധാർമികമായ ഒരു തത്വം അടങ്ങിട്ടുണ്ട്. സ്നേഹം കൊണ്ട് ഞാൻ അർത്ഥമാക്കുന്നത് അതാണ് ത്യാഗത്തിന്നു ശക്തമായി പ്രേരിപ്പിക്കുന്ന സ്നേഹം. അത് മനുഷ്യനെ അവന്റെ വസ്തുക്കളും മറ്റി ത്യാൽപര്യങ്ങളും എന്തിനേരെ ജീവിതം പോലും തന്റെ സ്ലേഹഭാജന ത്തിന്നും താൻ അനുധവം ചെയ്യുന്ന ആദർശത്തിന്നു വേണ്ടി ബലികഴിക്കാൻ കരുത്തുറ്റ വനാകുന്നു.

പ്രസിദ്ധ തത്ത്വ ചിന്തകനായ നീഷെ ഒരിക്കൽ ഒരു തെരുവിലൂടെ നടന്നു പോവുകയാ യിരുന്നു. നിറയെ ചരക്ക് കയറിറയ വണ്ടിയും വലിച്ചുകൊണ്ട് വരുന്ന ഒരു കുതിര റോഡരികിലുള്ള ഒരോടയിൽ വീണു അതിൽ നിന്ന് രക്ഷപ്പെടാൻ കഠിനാദ്ധ്വാനം ചെയ്യു ന്നത് അദ്ധേഹം കാണാനിടയായി. ചരക്ക് കയറ്റിയ വണ്ടി അതിന്റെ മേൽ ചരിഞ്ഞു വീണിരുന്നത്നാൽ ശ്വാസം കഴിക്കാൻ പോലും അത് പാടുപെടുകയായിരുന്നു. എന്നാൽ വണ്ടിക്കാരന്റെ ശ്രദ്ധമുഴുവൻ അതിലെ ചരക്കിലായിരുന്നു. അത് നഷ്ടപ്പെടാ തിരിക്കാനായി കുതിരയെ രക്ഷപ്പെടുത്താൻ ശ്രമിക്കുകയാണയാൾ. കുതിരക്ക് അങ്ങോട്ടും ഇങ്ങോട്ടും അനങ്ങാൻ പോലും കഴിയാതിരുന്നത് കണ്ടിട്ടും അയാൾ നഷ്ട പ്പെടുമെന്ന് ഭയക്കുന്ന തന്റെ ചരക്കുകളെ ഓർത്ത്, അതിനെ ക്രൂരമായി അടിക്കാൻ തുടങ്ങി. അതെവുന്നേൽക്കാൻ ശ്രമിച്ചെങ്കിലും അതിനു കഴിയാതെ കാലൊടിഞ്ഞു വീണ്ടും ഓടയിൽ തന്നെ വീണു. ഇത് ക്രൂദ്ധനായ ദാർശനികൻ കുതിരയെ അടിക്കു ന്നത് നിർത്താൻ വണ്ടിക്കാരനോടാവശ്യപ്പെട്ടു. ആദ്യം വണ്ടിയിൽ നിന്ന് ചരക്കുക ളെല്ലാം ഒഴിവാക്കണമെന്നും എന്നിട്ട് കുതിരയെ രക്ഷപ്പെടുത്തുകയാണ് വേണ്ടതെന്നും അദ്ധേഹം അയാളോട് പറഞ്ഞു. വണ്ടിക്കാരൻ ഈ വാക്കുൾ ചെവിക്കൊണ്ടില്ലെന്ന് മാത്രമല്ല, അയാൾ കുതിരയെ വീണ്ടും അടിക്കാന്ട തുടങ്ങി. ഇതിൽ കുപിതനായ നീഷെ മുമ്പോട്ടാഞ്ഞു വണ്ടിക്കാരന്റെ ഷർട്ടിന്റെ കോളറിൽ കയറിപ്പിടിച്ചു, “ഇനി ഈ പാവം മൃഗത്തെ അടിക്കാൻ ഞാൻ തന്നെ അനുവദിക്കുകയില്ല.”എന്നു പറഞ്ഞു. വണ്ടി ക്കാരൻ അതിൽ നിന്നു കുതറി മാറുകയും ആ ദാർശനികനെ തട്ടിത്താഴെയിടുകയും അതികഠിനമായി മർദ്ധിക്കുയും ചെയ്തു. ഏതാനും ദിവസങ്ങൾക്ക് ശേഷം, ഇതിനെത്തുടർന്ന് ആ ചിന്തകൻ അന്ത്യശ്വാസം വലിച്ചു. ചെറുപ്പകാലത്ത് അധികാരത്തെ സ്തുതിക്കുകയും സാനേഹിക്കുകയും ചെയ്ത അതേ ദാർശനികനാണ് ഇപ്പോൾ ഒരു ദുർബല ജീവിയെ രക്ഷിക്കാനായി, തികച്ചും മാനുഷികമായ ഒരു ലക്ഷ്യത്തിനു വേണ്ടി തന്റെ ജീവൻ ബലികഴിച്ചിരിക്കുന്നത്.

ഈ സംഭവം കേൾക്കുന്ന നാം പരസ്പര വിരുദ്ധമായ രൂപത്തിലാണ് ഇതിനോട് പ്രതിക രിക്കുക. രണ്ടു രൂപത്തിലേ നമുക്കിതിനോട് പ്രതികരിക്കാനാവൂ. കാരണം നമ്മുടെ ‘സത്വ’ത്തിൽ രണ്ട് വിരുദ്ധവ്യക്തിത്വങ്ങളുണ്ട്. അതിലൊന്നാമത്തേത് നീഷേയുടെ ആത്മീയോന്നതിയെയും ത്യാഗമനോഭാവത്തെയും പ്രതികരണ ബദ്ധമായ അദ്ദേഹ ത്തിന്റെ മനഃസാക്ഷിയെയും വിലമതിക്കും. അക്രമിയായ ഒരു മനുഷ്യനിൽനിന്നു നിരപ രാധിയായ ഒരു ജീവിയെ രക്ഷിച്ചതിൽ അദ്ദേഹത്തോട് അത് അനുഭാവം പ്രകടിപ്പിക്കും. നമ്മിലുള്ള മാനുഷികമായ വ്യക്തിത്വമാണിത്. അതിന് അക്രമത്തെയും അനീതിയെയും തെല്ലും പൊറുപ്പിക്കാനാവില്ല. നമ്മിലുള്ള രണ്ടാമത്തെ വ്യക്തിത്വം ഈ സംഭവ്തതിൽ നീഷെയോട് പുഛമാണു പ്രകടിപ്പിക്കുക. അപഹാസ്യം ബുദ്ധിശൂന്യവുമായ ഒരു പ്രവർത്തനമായാണു അത് നീഷെയുടെ കൃത്യത്തെ കാണുക. “കേവലം ഒരു കുതി രയ്ക്ക് വേണ്ടി ചരിത്രത്തിലെ മഹാനായൊരു ചിന്തകൻ തന്റെ വിലപിടിപ്പുള്ള ജീവിൻ

ത്യജിക്കുകയോ? എന്തൊരു മണ്ടത്തരം! എത്ര പരിഹാസ്യം!"ഇത്തരത്തിലേ അതിനു ചിന്തിക്കാൻ സാധിക്കൂ.

നീഷെയുടെ കൃത്യം യുക്തിക്കതീതമാണ്. യുക്തിയുടെ പരിമിതമായ നീതീകരണ മണ്ഡലത്തിന് പുറത്താണ്. സ്നേഹാധിഷ്ഠിതമായിരുന്നു അദ്ദേഹത്തിന്റെ കൃത്യം. സ്നേഹിക്കുക എന്നു പറഞ്ഞാൽ കൊടുക്കുകയെന്നാണ്. എടുക്കുകയെന്നോ പ്രതി ഫലം പറ്റുകയെന്നോ അല്ല. മറ്റൊരാൾക്ക് ജീവിക്കാൻ, ഒരു ലക്ഷ്യത്തെ സാക്ഷാത്ക്കരി ക്കാന്, ഒരാദർശത്തെ യാഥാർത്ഥവൽക്കരിക്കാൻ, സ്വന്തത്തെ മരണത്തിനു സന്നദ്ധനാ ക്കുകയാണ് സ്നേഹം. ഈദാർ എന്നപദത്തിന്റെ യഥാർത്ഥ അർഥം അതാണ്. മറ്റൊരാളുടെ ജീവിത്തതിനു വേണ്ടി സ്വന്തം ജീവിതം ബലിയർപ്പിക്കുകയെന്നാണതി നർത്ഥം. തന്റെ ജീവിതവും സ്വത്തും സൗകര്യങ്ങളും സുഖങ്ങളും പ്രശ്സ്തിയുമെല്ലാം ഒരാളുടെ ജീവൻ രക്ഷിക്കാനോ ഒരാർശത്തിനു യഥാർത്ഥവൽക്കരണം സാധിക്കുമെ ങ്കിൽ അതിനുവേണ്ടി അർപ്പിക്കലാണ് ത്യാഗം. അവൻ എല്ലാത്തിലുമുപരി മരണത്തെ തിരഞ്ഞെടുക്കുന്നു.

സ്നേഹത്തിന്റെ ശക്തിയാൽ തനിക്കുള്ളിലെ അന്ധകാരവൃതമായ തടവറയിൽനിന്നുമ നുഷ്യനു മോചനം നേടാൻ സാധിക്കും. നമ്മെ നിഷേധിക്കാനും നമ്മുടെ ഇഛകൾക്കെ തിരിൽ പടപൊരുതാനും നമ്മുടെ ജീവിതത്തെ ഒരാദർശത്തിനുവേണ്ടി ബലികഴിക്കാനു മുള്ള കരുത്തേകാൻ സ്നേഹത്തിനു കഴിയും. മനുഷ്യന്റെ ലക്ഷ്യത്തിലേക്കുള്ള പ്രയാ ണത്തിൽ ഒടുവിലത്തെ പടി ഇതാണ്. ഇവിടെയെത്തുമ്പോൾ ഒരു വിമോചിത മനുഷ്യൻ ജനിക്കുന്നു-സമൂഹത്തിന്റെയും പ്രകൃതിയുടെയും ശാസ്ത്രത്തിന്റെയും എല്ലാറ്റിനുമു പരി സ്വന്തം ദേഹേഛകളുടെയും ചങ്ങലക്കെട്ടുകളെ സ്വന്തം സ്നേഹം കൊണ്ടും വിശ്വാസംകൊണ്ടും പൊട്ടിച്ചെറിഞ്ഞ് മോചനം നേടിയ ഒരു പുതിയ മനുഷ്യൻ. ഡോ: രാധാകൃഷ്ണന്റെ വാക്കുകൽകൊണ്ട് ഞാനിതിന് വിരാമമിടട്ടെ: "ദൈവത്തിനുവേണ്ടി സ്നേഹത്തിലൂടെ പുതിയൊരു മനുഷ്യന്റെ സൃഷ്ടി കർമ്മം നടത്തുക. ഈ ജീവിത ത്തിൽ അതാണു നമ്മുടെ കർത്തവ്യം."

♣♣♣

# മനുഷ്യൻ*

അഭിനവ സംസ്കാരത്തിന്റെ വിശ്വാസപരമായ അസ്ഥിവാരം മനുഷ്യ മഹത്വത്തത്തിന് പരമ പ്രാധാന്യം നൽകുന്ന ഹ്യൂമനിസമാണ്. അതിൽ മനുഷ്യൻ എന്ന പ്രതിഭാസം അതിയായ പ്രാധാന്യമുള്ള ഒന്നത്രെ. പ്രാചീന മതങ്ങൾ മനുഷ്യന്റെ വ്യക്തിത്വത്തെ ഹനി ക്കുകയും പ്രപഞ്ചത്തിൽ അവനുള്ള സ്ഥാനം നിസ്സാരമായി ഗണിക്കുകയും "ദൈവ ങ്ങൾക്ക്" സ്വയം ബലികൊടുക്കാൻ അവനെ നിർബന്ധിക്കുകയും ചെയ്തതാണ് ഹ്യൂമ നിസത്തിന് ജന്മം ലഭിച്ച പശ്ചാത്തലം. ദൈവേഛയുടെ മുമ്പിൽ തന്റെ ഇഛാ മണ്ഡലം ശൂന്യമാണെന്നും പ്രാർത്ഥിച്ചും വണങ്ങിയും "ദൈവങ്ങളു"ടെ പ്രീതി സമ്പാദിക്കുകയേ തനിക്ക് നിവർത്തിയുള്ളുവെന്നും മനുഷ്യൻ വിശ്വസിപ്പിക്കപ്പെട്ടു. തൽഫലമായ ശാസ്ത്രീയ വിപ്ലവത്തിനു ശേഷം, ആത്മീയവാദത്തിലും ദൈവിക പരമാധികാരത്തിലും അധിഷ്ഠിതമായുള്ള ഈ "ദൈവങ്ങളിലുള്ള" വിശ്വാസത്തെ ഹ്യൂമനിസം എതിർക്കുക യുണ്ടായി. ആതൻസിൽ വെച്ച് ജന്മം കൊള്ളുകയും പിന്നീടൊരന്തർദേശീയ

* ഈ ലേഖനം പ്രതിഭ ബുക്ക്സ്, കോഴിക്കോട് പ്രസിദ്ധീകരിച്ച 'തെരഞ്ഞെടുത്ത ഉപന്യാസ ങ്ങൾ' എന്ന പുസ്തകത്തിലും കാണാം. പ്രസാധകർ.

വിശ്വാസമായി രൂപപ്പെടുകയും ചെയ്ത ഹ്യൂമനിസത്തിന്റെ അടിസ്ഥന തത്വം, മനുഷ്യ വർഗത്തിന്റെ മഹത്വത്തിന്റെയും പരിശുദ്ധിയുടെയും മൂലകങ്ങളെ പുനരവതരിപ്പിക്കുക എന്നതത്രെ. മധ്യകാലഘട്ടങ്ങളിലെ വേദശാസ്ത്രജ്ഞരുടെയും ക്രൈസ്തവതയുടെയും വക്രമായ വിശ്വാസ വിഭാവനകളുടെ പ്രത്യാഗാതമത്രെ ഹ്യൂമനിസം തുടങ്ങിയ ആധു നിക പാശ്ചാത്യൻ നാഗരികതയുടെ അസ്ഥിവാരങ്ങൾ.

മനുഷ്യവർഗത്തെക്കുറിച്ചുള്ള ഇസ്ലാമിന്റെ വീക്ഷണമാണ് ഇവിടത്തെ പ്രതിപാദ്യം. ദൈവത്തിന്റയോ ദൈവങ്ങളുടെയോ മുമ്പിൽ പരാജിതനും കഴിവറ്റവനുമായി നിൽക്കു കയെന്നതു മാത്രവും തത്ത്വവും ലക്ഷ്യവുമായ സ്വീകരിച്ച ഒരു ദുർബല ജീവിയായാണോ മനുഷ്യനെ ഇസ്ലാം വീക്ഷിക്കുന്നത്? മനുഷ്യന്റെ മഹത്വത്തെ ഇസ്ലാം നിഷേധിക്കുന്നുണ്ടോ? തന്റെ സ്വതന്ത്രേഛ വിധിക്കു സമർപ്പിക്കണമെന്നാണോ മനുഷ്യനോട് ഇസ്ലാം ആവശ്യപ്പെടുന്നത്. ഇസ്ലാമിൽ വിശ്വസിക്കുന്നതോടെ മനു ഷ്യൻ ദുർബലനായിത്തീരുകയാണോ? അതല്ല, സംഗതികൾ നേരെ മറിച്ചാണോ? മനു ഷ്യന് മഹത്വം നൽകുകയെന്നതും അവന്റെ ഉദാത്തമായ മൂല്യങ്ങളെയും ഗുണവിശേഷ ങ്ങളെയും ആദരിക്കുകയെന്നതുമല്ലെ ഇസ്ലാമിൽ വിശ്വസിക്കുകയെന്നതിനർത്ഥം? ഇതി ന്റെയൊക്കെ വിശദീകരണമാണ് ചുവടെ.

സൃഷ്ടിപ്പിനെക്കുറിച്ചുള്ള വ്യത്യസ്തങ്ങളായ വിവരങ്ങൾ മുഴുവനായും പഠിക്കുകയാണ് ഇതിന് ഏറ്റവും ഉചിതമായ മാർഗം. എന്നാൽ ഇസ്ലാമിലും അതിനു മുമ്പത്തെ അബ്രഹാം, മോശെ, യേശു എന്നിവരുടെ മതങ്ങളിലും ഒതുങ്ങി നിന്നുകൊണ്ടേ ഇവിടെ വിഷയം ചർച്ച ചെയ്യുന്നുള്ളൂ. മനുഷ്യന്റെ സൃഷ്ടിപ്പ് മേൽ പറഞ്ഞ പ്രവാചകരുടെ വേദങ്ങളിലും ഇസ്ലാമിലും ഏത് രൂപത്തിലാണ് വിവരിക്കുന്നത്? ഖുർആന്റെ വിവരണ ങ്ങളിൽ മനുഷ്യന്റെ പദവിയും മൂല്യങ്ങളും കണ്ടെത്തുക സാധ്യമാണോ? ഖുർആനിൽ മനുഷ്യവർഗത്തെ പ്രതീകാത്മകമായി പ്രതിനിധാനം ചെയ്യുന്ന ആദമിൻരെ സൃഷ്ടി പ്പിനെ വിശകലനം ചെയ്യുമ്പോൾ മനുഷ്യ സൃഷ്ടിയെക്കുറിച്ചുള്ള ഇസ്ലാമിക വീക്ഷണം സുഗ്രാഹ്യമായിത്തീരുന്നു.

പ്രഥമമായും മനസ്സിലാക്കേണ്ടുന്ന ഒരു വസ്തുതയാണ്, മതങ്ങളുടെയും പ്രവാചകന്മാരുടെയും-വിശേഷിച്ച് സെമിറ്റിക് മതങ്ങളുടെ-ഭാഷ അലങ്കാരികവും പ്രതീകാത്മകവുമായ ഭാഷ വസ്തുക്കളെ ആഖ്യാനം ചെയ്യുക. എന്നിരുന്നാലും ഇന്നോളമുള്ള ഏറ്റവും നല്ല ഭാഷയും അതുതന്നെ. പദങ്ങൾക്കും അർത്ഥങ്ങൾക്കും നിഗൂഢതകളില്ലാത്ത ഭാഷയുമായി തുലനം ചെയ്യുമ്പോൾ കൂടുതലും മൂല്യവത്തും കൂടുതൽ മാറ്റമില്ലാതെ നിലനിൽക്കുന്നതും അതത്രെ. കാര്യങ്ങൾ പഠിപ്പിക്കാൻ സാധാരണ ഭാഷയാണ് കൂടുതൽ ഉചിതവും ഉപകാര പ്രദവുമെങ്കിലും അതിന്നു ശ്വാശ്വതികത്വമില്ല. എന്തുകൊണ്ട്? പ്രശസ്ത ദാർശനികനായ അബ്ദുറഹിമാനുൽ ബദവി പറഞ്ഞതുപോലെ, എല്ലാ കാര്യങ്ങളും അർത്ഥങ്ങളും സാധാരണ ഭാഷയിൽ വിവരിക്കുന്ന വിശ്വാസസംഹിത നിലനിൽക്കുവാൻ വിധിക്കപ്പെട്ടതല്ല. കാരണം, അഭിസംബോധിതർ വ്യത്യസ്ത രൂപത്തിലും ഭാവത്തിലുമുള്ളവരും വിവിധവീക്ഷണമുള്ളവരും പലതലമുറകളിൽ പെട്ടവരും വിദ്യാഭ്യാസപരമായും ചരിത്രപരമായും വൈവിദ്യമാർന്ന പശ്ചാത്തലക്കാരും അവറിവിന്റെ ഭിന്നമേഖലകളിൽ സ്ഥിതി ചെയ്യുന്നവരുമായിരിക്കും. വൈജ്ഞാനികമായി കൂടുതൽ ആഴവും ഉൾക്കാഴ്ചയുമുള്ളവരായിരിക്കും കൂട്ടത്തിൽ ചിലർ. അതിനാൽ ഒരു മതത്തിന്റെ പല ഭാഷ പല മുഖമുള്ളതായിരിക്കണം. എങ്കിൽ മാത്രമെ അത് എല്ലാകാലത്തും പ്രയോഗികമാവൂ. അല്ലാത്തപക്ഷം, അതിന്റെ അന്തഃസത്ത ഒരു തലമുറയിൽ മാത്രം പരിമിതമായിരിക്കും അതിനുശേഷം വരുന്ന തലമുറകൾക്ക് അത് നിരർത്ഥകമായി ഭവിക്കുകയും ചെയ്യും.

അലങ്കാരിക ഭാഷയും പ്രതീകാത്മക പ്രദിപാദനങ്ങളുമുള്ള സാഹിത്യ സൃഷ്ടികൾ ഇക്കാരണത്താൽ എന്നും പ്രബലമത്രെ. പ്രസിദ്ധ പർഷ്യൻ കവിയായ ഹാഫിസിന്റെ രചനകൾ ഓരോ തവണ വായിക്കുമ്പോഴളും വായനക്കാന്റെ താത്പര്യത്തിനും അറിവിനും ചിന്തയ്ക്കുമനുസരിച്ച് അതിൽ പുതിയ ചിലത് കണ്ടെത്തുനനു എന്നാൽ ബൈഹഖിയുടെ താരീഖിലോ സഅ്ദിയുടെ ഗുലിസ്താനിലോ ഹാഫിസിന്റെകവിതയിലെ ഈ പ്രതീകാത്മകതയില്ല. സഅ്ദിയുടെ ഗുലിസ്താൻ വായിക്കുമ്പോൾ അതിലെ സ്വരഭംഗിയും പദവിന്യാസവും നമുക്കാസ്വദിക്കാം. പക്ഷെ അതിന്റെ ഉള്ളടക്കത്തിന്റെ ആശയങ്ങൾ നമ്മെ കൂടുതലൊന്നും ചിന്തിപ്പിക്കുകയില്ല. കാരണം, നമുക്കെല്ലാമറിയാം, സഅ്ദി ചെയ്യുന്നതെന്താണെന്ന് ഹാഫിസിന്റെ കവിതകളാവട്ടെ, നിഗൂഢമായ ഭാഷയിലുള്ള അവയിലെ ഓരോ പദവും ഒരുവന്റെ താത്പര്യത്തിനും അധിനിവേശത്തിനുമനുസൃതമായി പുതിയ അർത്ഥങ്ങളും ചിന്തകളും അഭിവ്യഞ്ജിപ്പിക്കുന്നു.

അത് കൊണ്ട്, വ്യത്യസ്ത തലമുറകളെ ഉദ്ദേശിച്ചുകൊണ്ടുള്ള മതങ്ങളും പ്രതീകാത്മകാത്മകവും ആലങ്കാരികവുമായ ഭാഷയാണുപയോഗിക്കേണ്ടത്. വ്യത്യസ്ത അർത്ഥങ്ങളെ ദ്യോതിപ്പിക്കുന്ന ഗുഡാർത്ഥ പദസഞ്ചയങ്ങൾ ഉൾക്കൊണ്ടുള്ളുതാവണം ആ ആലങ്കാരിക പ്രയോഗങ്ങൾ. കാലത്തിന്റെ പരിവർത്തനങ്ങളെയും മാറി വരുന്ന സാംസ്കാരിക നാഗരികതളെയും അതിജയിക്കുന്നതായിരിക്കണം അവ. അതേസമയം തന്നെ അവയുടെ യഥാർത്ഥ അർത്ഥം വായനക്കാരന്റെ ഗ്രാഹ്യ ശക്തിക്കനുസരിച്ച് എളുപ്പം ഗ്രഹിക്കുവാൻ കഴിയുകയും വേണം. മതത്തിലെ അഗാധവും അതി സൂക്ഷമവുമായ സത്യങ്ങളെ ഉത്തരോത്തരം വെളിപ്പെടുത്തിക്കൊണ്ട് അതിന്റെ വള്ർച്ചയെശാശ്വതീകരിക്കുന്ന അതിന്റെ ശക്തി കേന്ദ്രമാണിത്. മതത്തിന്റെ ആവിർഭാവ ഘട്ടത്തിൽ വ്യക്തമായിക്കിട്ടാത്ത പല അർത്ഥങ്ങളും അതിൽ അന്തർഭവിച്ചിട്ടുണ്ടാവും അവതരണ കാലഘട്ടത്തിൽ സുപരിചിതവും സാധാരണുമായ ഭാഷയിലല്ല മതം അതിന്റെ സന്ദേശങ്ങൾ സമർപ്പിക്കുന്നെങ്കിൽ അന്നത്തെ ആളുകൾക്കത് ദഹിക്കാതാകും. എന്ന്വെച്ച് പാമര ഭാഷയാണ് അത് ആശയ പ്രകാശത്തിന് തെരഞ്ഞെടുത്തതെങ്കിലോ, പിൽകാലത്ത് പുതിയ അർത്ഥമോ ഉപപത്തിയോ അതിൽ നിന്ന് കിട്ടാതാവുകയും ചെയ്യും. ഇതെല്ലാം കണക്കിലെടുത്തു കൊണ്ടാണ് മനുഷ്യന്റെ ധിഷണയുടേയും ഉൾകാഴ്ചയുടേയും വികാസത്തിനൊത്ത് കൂടുതൽ കൂടുതൽ പുഷ്ടിപ്പെടാൻ തക്കവിധം അർത്ഥഗർഭമായ പ്രതീകങ്ങളും അലങ്കാരങ്ങളും മതം ഉപയോഗിക്കുന്നത്. പ്രതീകാത്മക ശൈലിക്കുതന്നെയാണ് യീറോപ്യൻ സാഹിത്യത്തിലും അഗ്രിമസ്ഥാനം. മനുഷ്യൻ

എന്നതിന്റെ പ്രതീകമായ ആദമിന്റെ സൃഷ്ടിയുടെ കഥനം അതിനാൽ പ്രതീകാത്മകമാവേണ്ടതുണ്ട്. ഇന്നും ആ കഥനത്തിനു പതിനഞ്ചു ശതകങ്ങൾക്കു ശേഷവും- അതിന്റെ പാരായണ പ്രസക്തിക്കൊരു തേച്ചിലും പറ്റിയിട്ടില്ല. ശാസ്ത്രീയ വൈജ്ഞാനിക മണ്ഡലങ്ങളിൽ സാർവ്വത്രികമായ പുരോഗതി കൈവരിച്ചിട്ടുള്ള ഈ ആധിനിക യുഗത്തിൽ പോലും. ഇനി തദ്‌വിഷയകമായ ഇസ്‌ലാമിന്റെ വിഭാവന എന്തെന്ന് നോക്കാം.

ഭൂമിയിൽ തന്റെ പ്രതിനിധിയെ സൃഷ്ടിക്കാനുദ്ധേശിക്കുന്നതായി ദൈവം മലക്കുകളോട് പറയുന്നു. (ഖു. 2:30)

ഇസ്‌ലാമിൽ മനുഷ്യനുള്ള പ്രമുഖസ്ഥാനവും ആദരണീയതയും ഇവിടെ ശ്രദ്ധിക്കുക. ഇത്രയേറെ മൂല്യവും പരിപാവനത്വവും മനുഷ്യന്നു നൽകാനും ഇത്രക്ക് മഹനീയമായ ഒരു നിലപാട് ഭൂമിയിൽ അവന്ന് വെച്ച് കൊടുക്കാനും യീറോപ്യൻ ഹൂമനിസത്തിന് സാധിച്ചിട്ടുണ്ടോ? സ്രഷ്ടാവും ഉന്നതനും ഭരണാതിപനും അജയ്യനും ശക്തിമാനുമായ അല്ലാഹു, മനുഷായനെ ഭൂമിയിൽ തന്റെ പ്രതിനിധിയായിട്ടാണ്, ഇസ്ലാമിക വീക്ഷണത്തിൽ അവതരിപ്പിക്കുന്നത്. തന്റെ പ്രതിനിധിയും ദൗത്യവാഹകനുമാകേണ്ട മനുഷ്യന്ന് അത്യുന്നതമായ ആത്മവത്തയും പദവിയുമാണ് ദൈവം നൽകിയത്. ഭൂമിയിൽ തന്റെ സൃഷ്ടാവിനെ പ്രതിനിധാനം ചെയ്യുകയും അവന്റെ ഗുണങ്ങൾ പ്രതിബിംബിക്കുന്ന കണ്ണിടിയായിയരിക്കുകയുമാണ് മനുഷ്ന്റെ ദൗത്യം. മനുഷ്യനു ലഭിച്ച അപൂർവമായ ഈ ദൈവിക ദാനം മലക്കുകളെ ആശങ്കാകുലരാക്കി. കുഴപ്പമുണ്ടാക്കുകയും രക്തം ചിന്തുകയും ചെയ്യുന്നവരെയാണോ നീ സൃഷ്ടിക്കാൻ പോകുന്നതെന്ന് അവർ ദൈവത്തോട് ചോദിച്ചു.(ഖു: 2:30) പുതുതായി സൃഷ്ടിക്കാൻ പോകുന്ന മനുഷ്യൻ തന്റെ മുൻഗാമികളുടെ അതേ കുറ്റങ്ങൾ ആവർത്തിക്കുന്ന തരക്കാരനായിരിക്കുമോ? അതോ പഴയ മനുഷ്യർക്ക് ഭൂമിയിൽ ഒരു രണ്ടാം ജന്മം നൽകാൻ ദൈവം സന്നദ്ധമാവുകയാണോ?- മലക്കുകൾ ഇങ്ങനെ യൊക്കെ അന്വേഷിച്ചതായിരിക്കണം. ദൈവം മലക്കുകളുടെ അന്വേഷണത്തിനു മറുപടി പറഞ്ഞു. “നിങ്ങൾക്കറിയാത്ത ചിലത് എനിക്കറിയാം”( ഖു 2 .30 ) തുടർന്ന് അവൻ മനുഷ്യനെ കളിമണ്ണിൽ നിന്ന് സൃഷ്ടിക്കാനാരംഭിച്ചു. ഈ ബിന്ദുവിലാണ് മനുഷ്യ സൃഷ്യിയുടെ ആഴമേറിയ വശങ്ങൾ അന്തർ ലീനമായ പ്രതീകങ്ങൾ കണ്ടത്തുന്നത്.

സൃഷ്ടികരമത്തിന്നായി ദൈവത്തിന്നു ഭൂമിയിലെ ഏറ്റഴും ശ്രേഷ്ടവും വിലപിടിച്ചതുമായ വസ്തുക്കൾ തിരഞ്ഞെടുക്കാമായിരുന്നു. പക്ഷെ ദൈവം മറിച്ചാണ് ചെയ്തത്. ഏറ്റവും ചെളിയാണ് അവൻ തിരഞ്ഞെടുത്തത്. മനുഷ്യന്റെ സഷ്ടിപ്പിനുപയോഗിച്ച വസ്തുക്കളെക്കുറിച്ച് മൂന്നിടങ്ങളിൽ ഖുർആനിൽ പരാമർശമുണ്ട്. കളിമമ്മ്, കറുത്ത ഗന്ധമുള്ളചെളി, സാധാരണമണ്ണ് എന്നിങ്ങനെയാണ് അവയിൽ ആ വസ്തുക്കളെ വിവരിച്ചിരിക്കുന്നത്. പിന്നീട് ദൈവം തന്റെ ആത്മാവിനെ അതിലൂ തുകയും അതോടെ സൃഷ്ടികർമം പൂർണമാവുകയും ചെയ്തു.

അഴുകൽ ഹീനത്വം തുടങ്ങിയവയുടെ സമകാലീന ഭാഷകളിലെ ഏറ്റഴും ഉചിതമായ പ്രതീകമാണ് ചെളി. അതേ അവസരത്തിൽ ദൈവം ഏറ്റവും ഉന്നതനും സദ്വൃത്തനും മഹാനുമാണ്. ഓരോ അസ്തിത്വത്തിന്റെയും ഏറ്റവും പരിശുദ്ധമായ ഭാഗമാകട്ടെ, അതിന്റെ ആത്മാവാണ്. അങ്ങനെ വരുമ്പോൾ,ദൈവത്തിന്റെ പ്രതിനിധിയായ ആദം മനുഷ്യന്നു ഊഹിക്കാൻ ക്ഴിയുന്നതിലേറ്റവും മഹത്തായ വസ്തുവിൽ നിന്നാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. അക്കാരമത്താൽ ഇതര ജീവികൾ ഏകമാന മറ്റുള്ളവയാണെങ്കിൽ മനുഷ്യൻ ദ്വൈതമാനമുള്ള ജീവിയത്രെ. ഒരു വശത്ത് അവൻ നീചത്വത്തെയും ഹീനത്വത്തെയും പിന്തുടരുന്നു. വെള്ളപ്പൊക്കത്തിൽ ഒലിച്ചുവന്ന പുഴയുടെ ഓരങ്ങളിൽ അടിഞ്ഞുകിടക്കുന്ന ചപ്പു ചവറുകളെപ്പോലെ ചെളിൽ പൂണ്ടും ചേതനയറ്റും ചലനമറ്റും കിടക്കുന്നു. ലക്ഷ്യബോധമില്ലാത്ത, ഉദാസീനനായ മനുഷ്യൻ ഈ ലോകത്തെ രംഗവേദിയിൽ അഭിനയിക്കുന്ന ഭാഗമാണിത്.

പക്ഷെ മറ്റൊരു വശത്ത് മനുഷ്യൻ വളരാനാഗ്രഹിക്കുന്നു. വളരുവാനും ഉയരുവാനും സാദ്ധ്യമായത്ര ഉത്തുംഗതയിലെത്തുവാനും അവൻ ശ്രദ്ധിക്കുന്നു. അതായത്, ദൈവ സമീപ്യം പ്രാപിക്കുവാൻ. മനുഷ്യൻ അതിനാൽ രണ്ടു വൈരുധ്യങ്ങൾ ചേർന്നതാണ്. ധ്രുവാന്തരങ്ങളുടെ സമ്മേളനമായ ദ്വിമാന ജീവിയായത് കൊണ്ട് തന്നെയാണ് അവന് തുല്യതയില്ലാത്ത മഹത്വ ലഭിക്കുന്നതും. വാസ്തവത്തിൽ ദൈവികതയ്ക്കും ഭൗതിക തയ്ക്കും മദ്ധ്യേ നിന്നുകൊണ്ടുള്ള ഒരു തിരഞ്ഞെടുപ്പിന് അവനെ യോഗ്യനാക്കുന്നത് തന്നെ ഈ വൈരുദ്ധ്യങ്ങൾ തന്റെ ഉണ്മയിൽ നിക്ഷിപ്തമായതുകൊണ്ടത്രെ. അങ്ങനെ അവന്റെ ഇഛ അവിടെ അന്തിമ വിധി നടത്തുന്നു. നികൃഷ്ടമായ ചെളിയിൽ മുങ്ങണോ അതോ അത്യുന്നതങ്ങളിൽ ദൈവസാമീപ്യം പ്രാപിക്കണോ എന്ന നിശ്ചയമാണ് ഇഛ യുടെ ഭാഗത്തു നിന്നുണ്ടാകുന്നത്. അവസാനമായി രണ്ടിലൊരു ഭാഗത്തേക്കു തിരിഞ്ഞു തന്റെ ഭഗധെയത്തിന് അവൻ രൂപം കൊടുക്കുന്നു.

'ദൈവം ആദമിനെ നാമങ്ങൾ പഠിപ്പിച്ചു. [വി.ഖു:2.31] അതായത് ദൈവം മനുഷ്യനെ എല്ലാ വസ്തുക്കളും അഭ്യസിപ്പിച്ചു. നാമങ്ങൾ എന്നതുകൊണ്ടുള്ള വിവക്ഷയെന്താണ്? പലരും പലരൂപത്തിൽ അതിനെ വ്യാഖ്യാനിക്കാൻ ശ്രമിച്ചിട്ടുണ്ട്. ഓരോരുത്തരും അവര വർക്ക് കണ്ടെത്താൻ കഴിഞ്ഞ വ്യാഖ്യാനം സമർപ്പിക്കുകയും ചെയ്യുന്നു. എന്നാൽ ഇവിടെ അത് നിസ്സംശയം വിദ്യാഭ്യസത്തെയാണ് സൂചിപ്പിക്കുന്നത്. ദൈവം നാമങ്ങൾ പഠിപ്പിച്ചു കൊടുത്തതോടെ മനുഷ്യൻ ഓരോ വസ്തുവിനെയും അതാതിൻരെ പേരെ ടുത്തു വിളിച്ചു. അങ്ങനെ മനുഷ്യനാണു തന്റെ ലോകത്തിനു പേരിട്ടത്. അങ്ങനെ ദൈവം മനുഷ്യന്റെ പ്രാഥമിക ഗുരുനാഥനായി. മനുഷ്യൻ നാമം ചൊല്ലി വിദ്യയഭ്യസി ക്കാൻ തുടങ്ങുകയും ചെയ്തു.

ദൈവം മനുഷ്യനു നൽകിയ ബഹുമതി മലക്കുകളെ നാരസത്തിലാക്കി. അവർ പരാതി പ്പെട്ടു: പുകയില്ലാത്ത അഗ്നിയിൽ നിന്നാണ് ഞങ്ങൾ സൃഷ്ടിക്കപ്പെട്ടത്. മനുഷ്യനാകട്ടെ ചെളിയിൽ നിന്നും. പിന്നെയെന്തിനാണ് അവന് ഇത്ര ഉന്നതമായ ഗുണം നൽകുന്നത്. ദൈവം മറുപടി പറഞ്ഞു: 'നിങ്ങൾക്കറിഞ്ഞുകൂടാത്തത് ചിലത് എനിക്കറിയാം.'

"നിങ്ങൾ മനുഷ്യന്റെ മുമ്പിൽ പ്രണമിക്കുകയെന്ന്" ദൈവം മലക്കുകളോട് കൽപിച്ചു. അപ്പോൾ ആ ദ്വിമാന ജീവിയുടെ ചരങ്ങളിൽ വിവിധ പദിവിക്കാരായ മലക്കുകൾ ഒന്ന ടങ്കം പ്രണമിക്കുകയുണ്ടായി. മനുഷ്യന്റെ പദവിയെ അതി സൂക്ഷ്മമായി വർണ്ണിക്കു ന്നുണ്ട് ഉപര്യക്ത വിവരണത്തിൽ. മനുഷ്യന് നൽകിയ പദവിയും മഹത്വവും നോക്കുക. തങ്ങൾക്ക് വർഗപരമായ ഉൽകൃഷ്ടയും സൃഷ്ടിപരമായ ഔന്നിത്യവുമുണ്ടായിട്ടും. മല ക്കുകൾ അവന്റെ മുമ്പിൽ തലകുനിക്കാൻ ആജ്ഞാപിക്കപ്പെടുന്നു.

മലക്കുകൾ ദൈവത്തിന്റെ തീരുമാനത്തെ എതിർത്തപ്പോൾ വസ്തുക്കളുടെ പേരുകൾ ചോദിച്ചുകൊണ്ട് അവൻ അവരുടെ ജ്ഞാനത്തെ പരിശോധിക്കുകയുണ്ടായി. മറുപടി പറയുന്നതിൽ അവർ പരാജയപ്പെടുകയും ആദം വിജയിക്കുകയും ചെയ്തു. വസ്തു ക്കളെക്കുറിച്ചുള്ള ജ്ഞാനത്തിലൂടെ വർഗപരവും സൃഷ്ടിപരവുമായ ഔന്നിത്യമുള്ള മലക്കുകളുടെ മേൽ ആദം തന്റെ വ്യക്തിത്വവും മേധാവിത്വവും സ്ഥാപിച്ചു. ഇത് ഇസ്‌ലാമിൽ മനുഷ്യന്റെ വ്യക്തിത്വത്തെ നിർവചിക്കുന്നു. മലക്കുകൾക്കറിയാത്ത കാരയ ങ്ങൾ അവനറിയാം. മലക്കുകളുടെ ഉൽകൃഷ്ടതയും ഇബ്‌ലീസിന്റെ ഗുണവും വ്യക്തമാ ണെങ്കിലും മനുഷ്യനാണ് ആദരണീയൻ. മനുഷ്യന്റെ മഹത്വവും ഉൾകൃഷ്ടതയും അവന്റെ വർഗത്തെയോ ഉൽപ്തതിയേയോ ആശ്രയിച്ചുള്ളതല്ലെന്നും അവന്റെ ജ്ഞാനത്തെ ആശ്രയിച്ചുള്ളതാണെന്നും ഇതിൽ നിന്നു മനസ്സിലാക്കാം.

ഹവ്വയെ ആദമിന്റെ വാരിയെല്ലിൽ നിന്നാണ് സൃഷ്ടിച്ചെതെന്നു പറയപ്പെടുന്നു. പക്ഷെ 'വാരിയെല്ല്' എന്നത് തെറ്റായ ഒരു പരിഭാഷയത്രെ. ഹൂബ്രു-അറബി ഭാഷകളിൽ പദ

ത്തിന്റെ* യഥാർഥ അർത്ഥം പ്രകൃതം എന്നാണ്. അത്കൊണ്ട് ഹവ്വയെ-സ്ത്രീയെ മനുഷ്യന്റെ പ്രകൃതിയിൽ നിന്നു തന്നെയാണ് സൃഷ്ചിച്ചത് ; അവന്റെ വാരിയെല്ലിൽ നിന്നല്ല.

ജർമൻ ദാർശനികനായ ഫ്രെഡറിക് നീഷെ പറയുന്നു. “പുരുഷനുനും സ്ത്രിയും പ്രഥമ ഘട്ടത്തിൽ രണ്ട് ഭിന്ന സൃഷ്ടികളായിരുന്നു.. പുന്നീടവർ ഒന്നുപോലെയായി. വർഷങ്ങൾ കടന്നപ്പോൾ അവർ ഒന്നായി” മറ്റരൊവാക്കിൽ പറഞ്ഞാൽ അവർ യഥാർത്ഥത്തിൽ രണ്ടു വർഗങ്ങായിരുന്നു. സ്ത്രിയുടെയും പുരുഷന്റെയും ഉൽപത്തി മൗലികമായി ഒന്നിൽ നിന്നാണെന്ന് വിശ്വസിക്കുന്ന ശാസ്ത്രജ്ഞൻമാമും ദാർശനികന്മാരും തന്നെ സ്ത്രുടെമേലുള്ള പുരുഷന്റെ ശ്രേഷ്ഠത എല്ലായിപ്പോഴും പരഗണിക്കുന്നുണ്ട്. മൗലികമായി സ്ത്രിയുടെയും പരുഷന്റെയും ഉൽപത്തി ഒന്നിൽ നിന്നാണെന്ന് ഊന്നികൊണ്ട് ഖുർആൻ പറയുന്നു: “ മനുഷ്യസമൂഹമേ, നാം നിങ്ങളെ ഒരാണിൽനിന്നും ഒരു പെണ്ണിൽ നിന്നുമാണ് സൃഷ്ടിച്ചിട്ടുള്ളത്”.(49:13)

തന്റെ എല്ലാ സൃഷ്ടികളെയും- ഭൂമി, ആകാശം, മലകൾ, മൃഗങ്ങൾ സമുദ്രങ്ങൽ, സസ്യങ്ങൾ തുടങ്ങി പ്രകൃതിയിലെ എല്ലാ പ്രതിഭാസങ്ങളെയും- വിളിച്ചുകൊണ്ട് ‘എനിക്ക് നിങ്ങളെ ഒരുഅമാനത്ത് ഏൽപ്പിക്കാനുണ്ടെന്ന് ദൈവം പറഞ്ഞു. എന്നാൽ അത് മനു,്ൻ മാത്രമാണ് ഏറ്റെടുക്കുകയുണ്ടായത്. ( ഖു. 33:72 മനു,ഷ്യൻ ഉന്നതങ്ങളായ ചില ഗുണങ്ങലാൽ ഭരമേൽപ്പിക്കപ്പെട്ടവനാണെന്ന് ഈ സൂക്തം തെളിയിക്കുന്നു. ദേവത്തിന്റെ സൂക്ഷിപ്പുകാരനെന്ന സ്ഥാനം മനുഷ്യൻ സ്വീകരിച്ചു. അതിൻൽ ദേവം ലോകത്തിന് പ്രധാനം ചെയ്ത മുഴുവനും സൂക്ഷിക്കുവാനും സംരക്ഷിക്കാനും അവർ ബാധ്യസ്ഥനാണ്. ണനുഷ്യൻ ദൈവത്തിന്റെ പ്രധിനിതിമാത്രമല്ല, സൂക്ഷിപ്പുകാരൻ കൂടിയാണെന്ന് ഇത് വ്യക്തമാക്കുന്നു. എന്തെന്നാൽ സൂക്ഷിപ്പു വസ്തു വ്യത്യസ്ത വിശദീകരണങ്ങളുണ്ടിതിന്ന്. മനുഷ്ന്റെ ഇഛാശശക്തിയും അധിക്രവുമാണെന്നതാണൊരു ഭാഷ്യം. ശരിയായിതോന്നുന്നതും അതുതന്നെ.

ഇതരി സൃഷ്ടികലുമായി തുലനം ചെയ്യുമ്പോൾ മനുഷ്യന്റെ സവിശേഷമായഗുണം അവന്റെ ഇഛാസക്തിയാണ്. തന്റെ അന്ത ചോദനക്കെതിരായി പ്രവർത്തിക്കാൻ കഴിയുന്ന ഏക സൃഷ്ടി മനുഷ്യനത്രെ. സസ്യഹ്ങൽക്കോ മൃഗങ്ങൾക്കോ അത് സാധ്യമല്ല. തന്റെ ആഗ്രാഹഭിലാഷങ്ങളെയും ശാരികാവശ്യങ്ങലെയും തടഞ്ഞുനിർത്താനും, നല്ലതോ ചീത്തയോ യായ മാർഗം തെരഞ്ഞെടുക്കാനും, തന്റെ വിവേകത്തെ പിന്തുടരാനും അവനു മാത്രമേ കഴിയുകയുള്ളു.

മനുഷ്യൻ ദൈവത്തിന്റെ തോട്ടടുത്ത ബന്ധുവാണ്. ദൈവത്തിന്റെ ചൈതന്യത്തിൽ നിന്നാണ് അവന്റെ ഉൽഭവം. ബൂമിയിൽ ദൈവത്തിന്റെ വൈസ്റോയ് ആകുവാൻ അതുകൊണ്ടാണവൻ യോഗ്യനായത്. സ്വതന്തമായ ഇഛാശക്തിയുള്ളതാണ് ദൈവത്തിന്റെ ആത്മാവെന്ന പോലെ മനുഷ്യന്റെ ആത്മാവും. സർവ്വ ശക്തനും പരമമായ ഇഛയുടെ ഉടമസാഥനുമായ ദൈവം തന്റെ ആത്മാവിൽ നിന്നൂതിക്കൊണ്ടാണ് മനുഷ്യനെ ജനിപ്പിച്ചിരിക്കുന്നത്. തന്റെ ചില ഗുണങ്ങളാണ് അതു വഴി അവൻ ഭുയിൽ പ്രത്യക്ഷപ്പെടുത്തിയിരിക്കുന്നത്. അതിനാൽ മനുഷ്യന്ന് ദിവ്യതയിലേക്ക് വളരാം: പക്ഷെ ഒരതിർത്തിവരെയേ എത്തുകയുള്ളു. അവന് ദൈവത്തെപ്പോലെ പ്രവർത്തിച്ചു നോക്കാം; ദൈവമാകാൻ കഴിയുകയില്ല. ദൈവേഛയുടെ ഒരു ഛായയെന്ന നിലക്ക് തന്റെ ശരീരശാസ്തരപരമായ നിയമെങ്ങൾക്കെതിരായും അവന്ന് നീങ്ങാവുന്നതാണ്. ചുരുക്കിപ്പറഞ്ഞാൽ സ്വതന്ത്രേഛ മനുഷ്യനെ ദൈവത്തിന്റെ ബന്ധുവാക്കിയിരിക്കുന്നു.

മുകളിൽ പറഞ്ഞ സൃഷ്ടിപ്പിന്റെ ദർശനത്തിൽ നിന്നും സ്വഭാവത്തിൽ നിന്നും ഉരുത്തിരിയുന്ന സ്രദ്ധേയമായ സംഗതികളാണ് താഴെ പറയുന്നവ:

ഒന്ന്: എല്ലാ മനുഷ്യരും സമൻമാർ എന്നതിലുപരി സഹോദരൻമാരാണ്. സമത്വവും സാഹോദര്യവും തമ്മിൽ അന്തരമുണ്ട്. സമത്വമെന്നത് ഭരണപരവും നിയമപരവുമായ ഒരു സംജ്ഞയാമ്. എന്ാാൽ സാഹോദര്യമെന്നത് എല്ലാ മനുഷ്യരുടേയും സഹ വർത്തിത്വത്തെയാണ് പ്രതിഫലിപ്പിക്കുന്നത്. എല്ലാ വർഗങ്ങളും ഒരേ സ്രോതസ്സിൽ നിന്നുള്ളവരത്രെ.

രണ്ട്: സത്രീയും പുരുഷനും ഒരേ സമയത്ത് ഒരേ സ്രോദസ്സിൽ നിന്നുള്ളവരും ഒരേ ദൈവത്താൽ സൃഷ്ടിക്കപ്പെട്ടവരുമാണെന്നതാണ്. സ്ത്രീപുരുഷ സമത്വത്തിന്റെ വിവക്ഷ. അവരുടെ പൈതൃകം എല്ലാ അർത്ഥത്തിലും ഒന്നത്രെ, അവർ ഒരൊറ്റ വർഗ ത്തിൽപ്പെട്ടവരാണ്. ഒരേ മാതാപിതാക്കളിൽ നിന്നുള്ളവരായതിനാൽ അവർ സഹോദരി സഹോദരൻമാരാണത്രെ.

മൂന്ന്: തന്റെ ശാസ്ത്രീയ- വൈജ്ഞാനിക സിദ്ധികൾ മനുഷ്യന്ന് മലക്കുകളേക്കാൾ ശ്രേഷ്ടത നേടിക്കൊടുത്തിരിക്കുന്നു. മനുഷ്യന്ന് ജ്ഞാന മുള്ളതിനാൽ മലക്കുകൾ അവന്റെ മുമ്പിൽ പ്രണമിക്കേണ്ടിവരികയുണ്ടായി.

നാല്: ചെളികൊണ്ടും ദൈവികാത്മാവ് കൊണ്ടും സൃഷ്ടമായ ഒരു സമ്മിശ്ര പ്രതിഭാസ മാണ് മനുഷ്യൻ രണ്ട് തലങ്ങളിൽ താനിഷ്ടപ്പെടുന്നേടത്തേക്ക് ഗമിക്കാനുള്ള സ്വാത ന്ത്ര്യമുണ്ടവന്ന്. തന്റെ ഇഛാ ശക്തി അവനെ സ്വതന്ത്രനാക്കുന്നുണ്ടെങ്കിലും അതവനിൽ ചില ഉത്തരവാദിത്വങ്ങൾ ഭാരമേൽപ്പിക്കുന്നുമുണ്ട്. അതിൻൽ ഇസ്ലാമിക വീക്ഷണ ത്തിൽ തന്റെ കർമങ്ങൾക്കുത്തരവാതിയായ ഏക സൃഷ്ടി മനുഷ്യനത്രെ. അവൻ ഈലോകത്തെ ദൈവത്തിന്റെ ദൗത്യ വാഹകനും ഭൂമി.യിൽ അവന്റെ സൂക്ഷിപ്പുകാരനു മാണ്. അവന്ന് നാമങ്ങൾ (ശാസ്തരീയ യാഥാർത്യങ്ങൾ) അറിയാം. ദൈവത്തിൽ നിന്നും നാമങ്ങൾ പഠിക്കുകയെന്നതിന് ശാസ്ത്രീയ യാഥാർത്ഥ്യങ്ങൾ കണ്ടെത്തുകയും മനസ്സിലാക്കുകയും ചെയ്യുകയെന്നാണർത്ഥം. പ്രപഞ്ചത്തിലെ നിഗൂഡസത്യങ്ങൾ അനാ വരണം ചെയ്യുകയെന്നത് മനുഷ്യന്റെ സവിശേഷതയാണ്.

മനുഷ്യനിൽ യാഥാർത്ഥ്യങ്ങളെ കുറിച്ച് പഠിക്കാനുള്ളശേഷിയുണ്ട്. അതുകൊണ്ട് അവ പഠിക്കൽ അവന്റെ ബാധ്യതയാണ്. ഒരു വ്യക്തിയെന്ന നിലക്കും ഇതവനെ തന്റെ ഭാവിക്കും ഭാഗദേയത്തിനുംഉത്തരവാദിയാക്കുന്നു. സമൂഹമെന്ന നിലക്കും അങ്ങനെതന്നെ. ഏതൊരു സമൂബത്തിന്റെയും വിധി അതിന്റെ പ്രവർത്തനങ്ങളെ ആശ്ര യിച്ചിരിക്കുന്നു. "കഴിഞ്ഞു കടന്ന്പോയ ഒരു സമൂഹമതാ, അവർ പ്രവർത്തിച്ചത് അവർക്കുണ്ട്. നിങ്ങൾ പ്രവർത്തിച്ചത് നിങ്ങൾക്കും. (ഖു . .2: 141) പുരാതന നാഗരികത കളിലോ വർത്തമാന യുഗത്തിലോ ഈ തത്വത്തിന് വിപരീതം കാണുകയില്ല ഭാവിയിൽ കാണാൻ പോകുന്നുമില്ല.

ഇതര മതങ്ങളിൽ വ്യക്തിയെ അടിപ്പെടുത്താൻ ദൈവവും പിശാചും നിരന്തരം സമര ത്തിലത്രെ.ഇതിൽനിന്ന് ഭിന്നമായി, ഇസ്ലാമിൽ, പിശാച് മനുഷ്യനോടാണ്സമരത്തി ലേർപ്പെട്ടിരിക്കുന്നത.ദൈവത്തോടല്ല. മനുഷ്യൻ മാത്രമാണ്യുദ്ധക്കളം; പ്രകൃതിയല്ല. പ്രകൃതി ദൈവത്തിന്റെ ഇച്ഛക്കൊത്തും അവന്റെ ഭരണത്തിൻ കീഴിലും യോജിപ്പോടും സഹകരണത്തോടും കൂടി ചലിക്കുകയാണ്. മനുഷ്യനിൽ ഈ ദ്വൈതഭാവമുള്ളതിനാൽ അവൻ ചെളിയേയും ദൈവത്തേയും തേടുന്നു . എന്നാൽ അവന്റെ ഭാവി ബാസുരമാക ണമെങ്കിൽ രണ്ടിനേയും തൃപ്തിപ്പെടുത്തുന്ന ഒരു വിശ്വാസസംഹിതയാണവൻ തെര ഞ്ഞെടുക്കേണ്ടത്.

ദൗർഭാഗ്യവശാൽ ഈ സിദ്ധാന്തവുമായി ചരിത്രം യോജിക്കുന്നില്ല,.ഒന്നുകിൽ തനി ആദാധ്യാത്മികതയിലേക്ക് ചാടുക, അല്ലെങ്കിൽ വെറും ലൈംഗികതയെ പിൻപറ്റുക ഈ രണ്ടിലൊന്നാണ് സമൂഹങ്ങൾ ചെയ്തതെന്ന് അത് നമ്മെ പഠിപ്പിക്കുന്നു. ചൈനക്കാരുടെ ജീവിത രീതി ആദ്യം ആഢംഭരം, ആസ്വാദനം തുടങ്ങിയ ഭൗതിക സുഖങ്ങളെ പിൻപറ്റു

ന്നതായിരുന്നു. പിന്നൂട് ലാവൊട്സെ വരികയും മനുഷ്യന് ആത്മീയ വശത്തിന്ന് ഊന്നൽ കൊടുത്തുകൊണ്ടുള്ള ഒരു സന്യാസ മതം പ്രബോധനം നടത്തുകയും ചെയ്തു. അനേകം പേർ അതിൽ ആകൃഷ്ടരായി സന്യാസികളും നിഗൂഢവാദികളും ആവുകയുണ്ടായി. അന്തരം കൺഫ്യൂഷ്യസിന്റെ സിദ്ധാന്തം ജനങ്ങളെ വുണ്ടും ഭൗതിക ത്തവത്തിലേക്ക് നയിച്ചു.

രാജാക്കൻമാരുടെയും ഐതിഹ്യങ്ങളുടെയും നാടാണല്ലോ ഇന്ത്യ. വേദങ്ങളുടെയുെ ബുദ്ധന്റെയും അദ്ധ്യാപനങ്ങൾ പഴി അവിടെയും സന്യാസം നിലനിന്നിരുന്നു.അണികളി ലുറങ്ങുന്ന സന്യാസികളും ഒരു ഈത്തപഴമോ ബദാംകായോ തിന്ന് നാൽപത് ദിവസം കഴിയുന്നരാജ്യമായാണ് ഇന്ത്യ അറിയപ്പെട്ടിരുന്നത്. പിൽക്കാലത്ത് അതും ലൗകികത.ു യുടെയും പുത്തൻ നാഗരികതയുടെയും പിന്നാലെയായി.

യൂറോപ്പിൽ, കുറ്റകൃത്യങ്ങളും കൊലപാതകങ്ങളും നിർലോഭം നടത്തികൊണ്ട് ഏഷ്യ യിലും യൂറോപ്പിതുമുള്ള പ്രകൃതിയുടെ മേൽ ആധിപത്യം നേടാൻ ശ്രമിച്ച റോമക്കാർ സമ്പത്ത് വർദ്ധിപ്പിക്കുകയും ആഢംബരത്തിൽ മുഴുകിക്കൊണ്ട് ജീവിതമാസ്വതിക്കു കയ്യും ചെയ്തു. ഭോഗേച്ഛകളിൽ ലാലസരായും വാൾ പയറ്റ് കണ്ട് രസിച്ചും കഴിയുക യായിരുന്നു അവർ. പക്ഷെ, പിന്നീട് യേശു വരികയും സ്നേഹത്തിന്റെയും ദയയു ടെയും ലൗകിക വിരക്തിയുടെയും പാതയിലേക്ക് സമൂഹത്തെ നയിക്കുകയും ചെയ്തു. റോം സെക്യുലരിസത്തിൽ നിന്ന് സന്യാസത്തിലേക്ക് തിരിച്ചുപോയി. . മദ്ധ്യയുഗത്തിന് പാശ്ചാത്യമൊരുക്കിയതാണ് സംഘർഷങ്ങളും അടിമത്തവും സൈനിക ശക്തികളും നിറഞ്ഞ രണഭൂമി സന്യാസത്തിന്റെ ദ്യാനഭുമിയായി മാറി. പിന്നീട് അഴിമതികൾ വർദ്ധി ച്ചപ്പോൾ, യൂറോപ്പിൽ ശാസ്ത്രിയമായ മാറ്റങ്ങൾ സംജാതമാവുകയും അത് യൂറോ പ്പിനെ ഭൗതിക വാദത്തിലേക്കും ആധുനിക സക്യൂലറിസത്തിലേക്കും നയിക്കുകയുണ്ടാ യി. ഇന്ന് പാശ്ചാത്യ സംസ്ക്കാരം എത്ര സ്വാർത്ഥ പൂരിതവും അഴിമതി നിറഞ്ഞതും ഭൗതിക പ്രമത്തവുമാണെന്ന് കാണാൻ പ്രയാസമില്ല. വിഖ്യാത സമൂഹ്യ ശാസ്ര്സഞ്ജനാ യ ഷാൻഡൽ പറഞ്ഞപോലെ, "ലോകമിന്ന് സുഖസൗകര്യങ്ങൾക്കാണ് കൂടുതൽ ചെല വിടുന്നത്. ആധുനിക മനുഷ്യന്റെ കാഴ്ചപ്പാടിലെ വിഡ്ഢിത്തമാണിത്- ലക്ഷ്യരഹിത സാങ്കേതിക വിദ്യയുടെ സംഭാവന! മാനവത ഇന്ന് ഭൗതികത്വത്തിലേക്ക് അത്യധികം വ്യതിചലിച്ചു പോയിരിക്കുന്നു. അതിൽനിന്നവരെ രക്ഷിക്കാൻ യേശു വന്നേ തീരൂ."

മനുഷ്യനെ കുറിച്ചുള്ള ഇസ്ലാമിക വീക്ഷണം നമ്മെ തയ്യപ്പെടുത്തുന്നതു പോലെ, ദൈതഭാവങ്ങളുള്ള ഒരു മതമാണാവസ്യം. മനുഷ്യന്റെ ആത്മീയവും ഭൗതികവുമായ ഭാവങ്ങലെ സമതുലിതാവസ്ഥയിൽ നിർത്തുന്ന ഒരു മതം. അതാണ് ഇസ്ലാം ഇസ് ലാമിനെ പറ്റി പഠിച്ചാൽ ഒരു വസ്തുത ബോധ്യമാകും. മറ്റേതു മതത്തേയും പോലെ തന്നെ ഇസ്ലാമിനെക്കുറിച്ചറിയാനും അതിൻരെ ദൈവത്തേയും വേദഗ്രന്ഥത്തേയും പ്രവാചകനെയും ആ മതം രൂപപ്പെടുത്തിയെടുത്ത സമൂഹത്തേയും കുറിച്ച് പഠിക്കേണ്ട തുണ്ട്. ഇതനുസരിച്ച് ഇസ്ലാമിനെ ചെറുതായോന്നു പരിചയപ്പെടാം:

ഇസ്ലാമിലെ ദൈവത്തിന് രണ്ട് മുഖങ്ങളുണ്ട്. ഒന്ന്, ഐഹിക ജീവിതത്തിൽ ശ്രമിക്കു ന്ന, പരുക്കനായ, സ്വേച്ഛാതിപതിയായ,കഠിനമായി ശിക്ഷിക്കുന്ന യഹോവയുടെ മുഖം. രണ്ടാമത്തെത്, അനുകമ്പയുള്ളവനും ദയാലുവും കരുണാനിധിയുമായയേശുവിന്റെ ദൈവത്തിന്റെതും. ദൈവത്തിന്റെ ഈ ഗുണങ്ങളെല്ലാം ഖുർആനിൽ കാണാവുന്നതാണ്.

ഇസ്ലാമിന്റെ വേദഗ്രന്ഥമായ ഖുർ ആൻ പഴയനിയമത്തേപ്പോലെ രാഷ്രിയവും സൈനിക വുമായകാര്യങ്ങളെ കുറിച്ച് പ്രതിപാതിക്കുന്നു. യുദ്ധത്തെക്കുറിച്ചും സമാധാനത്തെക്കു റിച്ചും യുദ്ധത്തിൽ തടവുകാരെ ചാടിക്കുന്നതിനെക്കുറിച്ചും തടവുകാരെ വിടുന്നതിനെ ക്കുറിച്ചുംനിർമാണത്തെക്കുറിച്ചും അതിൽ പ്രതിപാദ്യങ്ങളുണ്ട്. അതേ സമയം ബൈബി ളിനെപ്പോലെ ഖുർ ആൻ ആത്മ ശുദ്ധീകരണത്തിലേക്കും പവിത്രികരണത്തിലേക്കും ഭക്തിയിലേക്കും പുണ്യത്തിലേക്കും മനുഷ്യനെ ക്ഷണിക്കുകയും ചെയ്യുന്നു.

ഇസ്‌ലാമിന്റെ പ്രവാചകനായ മുഹമ്മദ് നബി രണ്ടു മുഖങ്ങളുള്ള ഒരു മനുഷ്യനായിരിന്നു. രണാങ്കണത്തിലും സാമൂഹ്യപ്രവർത്തനങ്ങളിലും പ്രത്യക്ഷപ്പെടുന്നതായിരുന്നു ഒരു മുഖം. സമൂഹത്തിലെ ദുഃശ്ശക്തികൾക്കെതിരായിരുന്നു അദ്ദേഹത്തിന്റെ ഒരു യുദ്ധം. അതോടൊപ്പം അദ്ദേഹം ദൈവത്തിന്റെ സന്ദേശങ്ങൾ മാനവരാശിക്കെത്തിച്ച് കൊണ്ടുരിക്കുകയും ചെയ്തു. പ്രാർത്ഥനകളിലും സൽകർമ്മങ്ങളിലും ഭക്തിയിലും മുഴുകിയ ഒരു പ്രവാചകനും ഒരു ജനങ്ങളെ ഒരു പ്രത്യേക ലക്ഷ്യത്തിലേക്ക് നയിച്ചുകൊണ്ടുമിരുന്ന ഒരു നേതാവുമായിരുന്നു അവിടുന്ന്.

ഇനി പ്രവാചകൻ വാർത്തെടുത്ത സമൂഹത്തിലെ അംഗങ്ങളെയാണു പരിശോധിക്കാനുള്ളത്. ചില മാതൃകകളെന്നോണം അലിയെയും അബൂദറിനെയും സൽമാനെയും എടുക്കാം. മുകളിൽ പറഞ്ഞ രണ്ടുമുഖങ്ങളും അവരിലും പ്രതിഫളിച്ചു നിന്നിരുന്നു. രാഷ്ട്രതന്ത്രജ്ഞരും സൈനികരും ഒരുത്തമ ജീവിതത്തിനുവേണ്ടി പൊരുതുന്ന വരുമായിരുന്നു അവർ. യുദ്ധഭൂമിയിലും വിദ്യാഭ്യാസ പ്രക്രിയയിലും ശാസ്ത്രീയ ചർച്ചകളിലും അവർ പങ്കുകൊണ്ടു. അതേസമയം അവർ ഭക്തിയുടെയും നന്മയുടെയും പവിത്രതയുടെയും ആത്മീയതയുടെയും പര്യായങ്ങളായിരുന്നു ധനികനായിരുന്ന ഉസ്മാന്റെ ഭരണത്തിൽ ദാരിദ്രത്തിനെതിരെ സമരം ചെയ്ത വ്യക്തിയായിരുന്നു അബൂദർറ്. ഒരു പണ്ഡിതനെന്ന നിലയ്ക്കാണെങ്കിൽ അബൂദർറിന്റെ ഗവേഷണങ്ങളും ചിന്തനങ്ങളും ഖുർആൻ പഠനത്തിലേക്കുള്ള താക്കോലുകളുടെ സ്ഥാനം അലങ്കരിക്കുന്നുമുണ്ട്. പ്രവാചകന്റെ ശിക്ഷണം ലഭിച്ച ഇതര അനുചരന്മാരും ഇവരിൽ നിന്നു വിത്യസ്തരല്ല. രണശൂരന്മാരും നീതിപാലകരും ചിന്തകന്മാരും അതോടൊപ്പം ഭക്തന്മാരുമായിരുന്നു അവരെല്ലാം. നീതിയുടെ സംസ്ഥാപനവും സമൂഹത്തിന്റെ സമുദ്ധാരണവും അവരുടെ ലക്ഷ്യമായിരുന്നു.

ഇസ്‌ലാമിൽ മനുഷ്യൻ ദൈവത്തിന്റെ മുമ്പിൽ ദുർബ്ബലനും കഴിവറ്റവനുമല്ല മറിച്ച്, ദൈവത്തിന്റെ സഹപ്രവർത്തകൻ, സുഹൃത്ത്, സൂക്ഷിപ്പുകാരൻ, ബന്ധു, വിദ്യാർത്ഥി ഇതൊക്കെയാണവൻ*. മലക്കുകളുടെ പ്രണാമത്തിനുപോലും അവന് അർഹതയുണ്ട്. ഇത്തരത്തിലുള്ള ദ്വൈത ഭാവങ്ങളോട് കൂടിയവനും മഹത്തായ ഉത്തരവാദിത്വമുള്ളവനുമായ മനുഷ്യന്ന്, അങ്ങേയറ്റത്തെ സന്യാസത്തിലേക്കോ, പൂർണ്ണമായ ഭൗതികത്തിലേക്കോനയിക്കാതെ അവനെ സന്തുലിതാവസ്ഥയിൽ നിർത്തുന്ന ഒരു മതമാണാവശ്യം. ഭൂമിയിൽ തന്റെ മഹത്തായ ദൗത്യം നിറവേറ്റുവാൻ അവനെ തുണക്കുന്ന ദ്വിമാന സ്വഭാവമുള്ള മതമായിരിക്കണം അത്.

---

* ശരീഅത്തി മനുഷ്യനെക്കുറിച്ച് രപ്രതിപാദിക്കുന്ന വേറൊരിടത്ത് വിശ്വദാർശനികനും മഹാകവിയുമായ അല്ലാമ ഇഖ്ബാലിന്റെ ഒരു മാറ്റൊലി കുറിക്കുന്നുണ്ട്. ഈആസയം കൂടുതൽ ശക്തമായും വ്യക്തമായും പ്രതിഫലിക്കുന്ന ആവരികളിപ്രകാരമാണ്:

അങ്ങ് രാത്രിയെ സൃഷ്ടിച്ചു, ഞാനപ്പോൽ വിലക്കുണ്ടാക്കി,
അങ്ങ് മണ്ണ് സൃഷ്ടിച്ചു, ഞാനതിൽനിന്ന് പാത്രങ്ങളുമ്ടാക്കി,
മലയും മരുഭൂമിയും താവ്വരയും അങ്ങയുടെ സൃഷ്ടികളാണ്;
പൂമെത്തയും പൂങ്കാവനവും പുൽത്തകിടുമാവട്ടെ, എന്റെതും.
കല്ല്പൊടിച്ച് കണ്ണാടിയാക്കുന്നു വിഷം മധുചഷകമാക്കുന്നതും ഞാനല്ലോ.

♣♣♣

## സാംസ്കാരിക സമൂഹം  ഒരു പിരിമിഡ്

നമ്മളുടെ സമൂഹം ഗുരുതരമായൊരു സംഘർഷത്തെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ഇതിന്റെ കാരണങ്ങൾ കണ്ടത്തെകുകയും പരിഹരിക്കുകയും ചെയ്യേണ്ടത് സമുഹ ത്തിലെ വിദ്യാസമ്പന്നരുടെയും ബുദ്ധിജീവികലുടേയും കർത്തവ്യമത്രെ.

സമൂഹത്തിൽ ഇന്നു രണ്ട് ചിന്താഗതികൾ തമ്മിലുള്ള സംഘർഷമുണ്ട്. സ്വന്തം മത ത്തോടും സംസ്കാരത്തോടും  ചരിത്രത്തൊടും ആഭിമുഖ്യം പുലർത്തുകയും ഇസ്ലാമി നെക്കുറിച്ചും അതിന്റെ സാമൂഹ്യഘടനയെക്കുറിച്ചും ചിന്തിക്കുകയും ചെയ്യുന്നവരാണ് ഒരു വിഭാഗം.  അവരെന്തും തങ്ങളുടെ മതമായും സംസ്കാരമായും ചരിത്രവുമായും മാത്രമേ ബന്ധപ്പെടുത്തുകയുള്ളു.  മറ്റൊരു വിഭാഗം പ്രതിചിവിയടെ സമകാലീന ചേത നയുൾക്കൊണ്ടവരാണ്.  പടിഞ്ഞാരിന്റെ ധൈ,ണിക- സാംസ്കാരികാശയങ്ങളാലും മുല്യങ്ങാളാലും നിർബരവരുടെ മനസ്സ്.  അബ്യസ്സതവിദ്യരും ബുദ്ധിജീവികളും പല പ്പോഴും പ്രതിചിയുടെ സാംസ്കാരിക കിരണങ്ങലിൽ ആകൃഷ്ടരായിപ്പോകാറുണ്ട്. പശ്ചാത്യലോകത്ത് നിന്നു അവരുടെ ആശയങ്ങളും ആദർസങ്ങളും നിയമങ്ങളും രീതി കളും ശൈലികളും സങ്കൽപങ്ങളുമെല്ലാം മനോഹരമായ ലേബലുഖലൊട്ടിച്ച് പടിഞ്ഞാ റൻ മനസ്സുമായി നടക്കുന്നവരെ ഇദ്ധേശിച്ച് പൗരസ്ത്യ ലോകത്ത് കയറ്റിഅയക്കപ്പെടുക യാണ്.  ഇവർ സ്വന്തം അഭിരുചി നോക്കാതെയും അതിൻരെ പ്രസക്തിയെക്കുറിച്ചന്വേഷി ക്കാതെയും ചോദ്യം ചെയ്യാദെയും ്തിനെ സ്വീകരിക്കുകയും ചെയ്യുന്നു.  തൽപലമാ യി, രണ്ട് നൂറ്റാണ്ടുകൽക്ക് മമ്പുള്ള സംസ്കാരത്തിലും ശാസ്ത്രത്തിലും വേരൂന്നിയ പാശ്ചാത്യ ചൈതന്യത്തെ അവർ തങ്ങളിൽ വളർത്തിക്കൊണ്ട് വരുന്നു. പ്രതീചമത്ത രായ ഇവരുടെ മേൽ തങ്ങളുടെ സംസ്കാരത്തിന്നുള്ള സ്വാധീനവും നിയന്ത്രണശ ക്തിയും മനസ്സിലാക്കിയ പാശ്ചാത്യ ലോകം തങ്ങലുടെ മാനസികവും സാംെസ്കാരി കവും കലാപരവും മര്റുമായ എല്ലാ സ്വഭാവഹ്ങലും ശൈലികളും പാശ്ചാത്യേതര രാഷ്ട്രങ്ഹളുടെ മേൽ അടിച്ചേൽപ്പിക്കാനാണ് ശ്രമിക്കുന്നത്.  കിഴക്ക് വേരൂന്നി ചില്ല കൾ പടിഞ്ഞാറോട്ട് വ്യാപിച്ചു നിൽക്കുകയാണിവർ.  ആസയപരമായി ഇരു ധ്രുവ

ങ്ങളിൽ സ്ഥിതി ചെയ്യുന്നതിനാൽ ഏത് ദിശയിലേക്ക് പോകണമെന്നറിയാതെ പല പ്പോഴും ഇവർ തെറ്റായ തീരുമാനങ്ങളിൽ എത്തുന്നു.

ചിന്തക്കും ആശയങ്ങൾക്കും ഇസ്‌ലാമിൽ വേരോട്ടം ലഭിച്ചവർ പടിഞ്ഞാറ് നിന്ന് ഇരക്കു മതി ചെയ്ത സ്വഭാവങ്ങളിലും ശൈലികളിലും തന്നെ തളച്ചിടുന്നില്ല. രണ്ടാമത് പറഞ വിഭാഗത്തിൽ പെട്ടവർ പടിഞ്ഞാറിനെ എല്ലായിപ്പോഴും അനുകരിക്കേണ്ട മാതൃകയായി കാണുന്നു എന്നതാണ് ഇവരും അവരും തമ്മിലിള്ള വ്യത്യാസം പാശ്ചാത്യവൽകൃതൻ വിദ്യാസമ്പന്നനും പണ്ഡിതനുമെല്ലാമായിരിക്കാം. എന്നാൽ തന്റെ സമൂഹത്തിൽ നിന്നു തികച്ചും തികച്ചും ്ന്യവൽക്കരിക്കപ്പെട്ട അയാൾക്ക് അയാൾക്ക് ആസമൂഹ ത്തിൽ ക്രിയാത്മകമായ ഒരു പരിവർത്തനം വരുത്താൻ സാധ്യമല്ല.സ്വന്തം സമൂഹ ത്തിന്റെ യഥാർത്ഥമായ യാവശ്യങ്ങളോട് അപരിചിത്വം പുലർത്തുന്ന അവർക്ക് തങ്ങ ളുടെ ജനതക്ക് നായകത്വം വഹിക്കാനും കഴിയുകയില്ല. ്യാളുടെ സാമൂഹ്യപങ്കിനെ ക്കുറിച്ച് വിധിയെഴുതിയാൽ, അയാൾ സദാ ദുർബലനും അപക്വമതിയും സംഭ്രാന്തനും ആയിരിക്കുമെന്നതാണ് വസ്തുത. വേരുകൾ സ്വന്തം സമൂഹത്തിൽ നിന്നടർത്തിയെടു ത്തത് കൊണ്ടാണിത്.

മതപരമാണ് പൗരസ്ത്യ ലോകവുമായുള്ള നമ്മുടെ ബന്ധം. പാശ്ചാത്യ ലോകവുമായുള ബന്ധമാകട്ടെ, ഭൗതികവാദത്തിലധിഷ്ടിതമായ മുതലാളിത്ത സംസ്കാരവും ശാസ്ത്രവു മായി ബന്ധപ്പെട്ടതാണ്. ശാസ്ത്രിയ രംഗത്തുള്ള പാശ്ചാത്യ ലോകത്തിന്റെ പുരോഗതി നാം അംഗീകരിക്കണം. തെറ്റായ അംഗീകാരം അന്ധമായ അനുഗരണത്തിലേക്കേ നമ്മെ നയിക്കൂ. പടിഞ്ഞാറിനെ അനുകരിക്കുക എന്ന ആശയത്തെ ഞാനെതർക്കാനുദ്ദേശിക്കു ന്നില്ല. എന്നാൽ കുരങ്ങിനെപ്പോലെ അന്ധമായി അനുകരിക്കുന്നതിനെ ഞനൊട്ടും അനു കൂലിക്കുകയില്ല. നമ്മുടെ ആവശ്യത്തിനനുസൃതമല്ലാതെയുള്ള എല്ലാഅനുകരണവും അന്ധവും ഉപയോഗ ശൂന്യമത്രെ. പാശ്ചാത്യർ നമ്മോടാവശ്യപ്പെടുന്നതരത്തിൽ നമോരി ക്കലും അവരെ അനുകരിക്കരുത്. പാശ്ചാത്യ ലോകം ആധുനിക സംസ്ക്കാരത്തിന്റെ ഇന്നത്തെ അവസ്ഥയിലെത്തിയതെങ്ങനെയെന്നാണു അമ്പോഷിച്ച് കണ്ടെത്തുകയും ആപാതയിലൂടെ ബോധപൂർവം ശ്രദ്ധയോടെയും മുന്നോട്ട് പോകാൻ ശ്രമിക്കുകയു മാണ് വേണ്ടത്. അതൊരു നല്ല അനുകരണമാണ്. വാനര സദൃശവും അപഹാസ്യവു മായ അനുകരണമാണ് ആദ്യത്തേത്. തന്റെ യജമാനന്റെ കാൽപാടുകൾ അനുസരണ ശീലത്തോടെ പിന്തുടരുന്ന ഒരടിമയുടെ അനുകരണമത്രെ അത്.

ബോധപൂർവ്വം പിന്തുടർന്ന് കൊണ്ട് പഠിക്കുകയെന്ന പ്രക്രിയയാണു രണ്ടാമത് പറഞ്ഞ അനുകരണത്തിലുള്ളത്. ശാസ്ത്രിയമായും സാങ്കേതികമായും പിന്നോക്കാവസ്ഥയിലു ള്ള ഒരു സമൂഹത്തിന്ന്രടിഞ്ഞാറിനെ അവഗണിക്കാനോ തള്ളാനോ സാധ്യമല്ല. അത്തരം സമൂഹം ഉപരിപ്ലവമായ മുദ്രാവാക്യങ്ങൾ മുഴക്കി പടിഞ്ഞാറിനെ നിഷേധിക്കുന്നതിനു പകരം, ഒരാവശ്യമായി അതിനെ അംഗീകരിക്കുകയാണു വേണ്ട്. അല്ലെങ്കിൽ പടിഞ്ഞാ റിനെ അവഗണിക്കുകയെന്നത് പ്ന്തിരിപ്പത്തിലേക്കുള്ളഒരു തിരിച്ച് പോക്കാവും. നമ്മുടെ ലോകത്തെ ജീവിക്കുന്ന യാഥാർത്ഥ്യങ്ങളിൽ നിന്ന് ഒളിച്ചോടാനുള്ള വിഫലശ്രമവും അത്. ആധുനിക ലോകത്ത് അവഗണിക്കാനാവാത്ത ഒരു ശക്തിയായും മേധാവിയായും വളർന്നു വരുന്നതിനവരെ സഹായിചിച വീക്ഷണങ്ങളെയും സ്വഭാവങ്ങളെയും രീതിക ളെയും ശൈലികളെയും കണ്ടെത്തുകയെന്നതാണ് അവരെ അനുകരിക്കുകയെന്നത് കൊണ്ട് ഞാനുദ്ദേശിച്ചത്. ബോധപൂർവ്വകമായും ബുദ്ധിപൂർകമായും ആപാത പിന്തുട രുന്ന പക്ഷം അടിമയെന്ന നമ്മുടെ അധമസ്തിഥിയിൽ നിന്നും നമ്മെ അത് മോചിപ്പിക്കു കയും , അവരുടെ ശൈലികളും രീതികളും വിശകലനം ചെയ്യുകയും ആവാഹിച്ചെടു ക്കുകയും വഴി യജമാനൻമാരായി തൂരുകയും ചെയ്യും ഭാവിയിൽ യജമാനന്റെ പിടു ത്തത്തിൽ നിന്നു സ്വതന്ത്രനാവണമെന്നാഗ്രഹിക്കുന്നവർക്ക് സ്വീകരിക്കാവുന്ന യുക്തി പൂർവ്വവും പുരോഗമനാത്മകവുമായ അനുകരണമാണിത്.

എന്നാൽ അടിമയെപ്പോലെ വാനര സദൃശമായ അനുകരണം ഫ്രാൻസ് പാനൻ പറഞ്ഞ ത്പോലെ, അപഹാസ്യമാണ്. എത്രത്തോളം ഈ അനുകരണത്തിൽ നാം വ്യാപൃതരാവു ന്നുവെ അത്രത്തോഴം നാം പടിഞ്ഞാറിന്റെ ആശ്രിതരായിതീരും. കേവലം ഉപഫെക്താ ക്കളോ പ്രചിയിൽ നിന്നുള്ള രണ്ടാം തരം പൗരന്മാരോ ആയി നാം തരം താഴ്ത്തപ്പെടും ഒടുവിൽ പാശ്ചാത്യ വർഗം നമ്മെക്കാൾ ഉൽകൃഷ്ടമായ ഒരു വർഗമാണെന്നു നമുക്ക് തോന്നി തുടങ്ങുകയും ചോദ്യം ചെയ്യാതെ പിൻ പറ്റുകയും ചെയ്യേണ്ട ഒരു മാതൃക യായി  നാമരെ അംഗീകരിക്കേണ്ടി വരികയും ചെയ്യും പടിഞ്ഞാറിന്റെ സാംസ്ക്കാരി കവും ധാർമികവും നിയമപരവും ചിന്താപരവുമായ എല്ലാം നമ്മെക്കാൾ ഉൽകൃഷ്ട മാന്നു തോന്നിതുടങ്ങുകയും ആ നിമിശം മുതൽ നമ്മെ ഒരു തരം അപകർഷധാബോധം പിടികൂകയും ചെയ്യും. ഇത്തരമൊരവസ്ഥയിൽ എത്തുന്നവർ പടിഞ്ഞാർ നിന്നുള്ള ഏത് ആഭാസത്തരഹ്ങളെയും കണ്ണുമടച്ചംഗീകരിക്കുകയും അനുധാവനം ചെയ്യുകയും അതും പോരാഞ്ഞ് അതിനെ സത്യവും യുക്തിയും ആരോപിച്ച് ന്യായീകരിക്കാനാരംഭി ക്കുകയും ചെയ്യുന്നു. ഈ ഘട്ടത്തിൽ തന്റെ സമൂഹത്തിന്റെ ആവശ്യങ്ങളോചും വിഷമ ങ്ങളോടും പ്രതികരിക്കാനവൻ മറന്ന് പോകുന്നു.

പൗരസ്ത്യ ലോകത്തെ പാശാചാത്യ വൽക്കരിക്കാൻ ചില പൗരസ്ത്യ ചിന്തകർ വാദിച്ചു കളഞ്ഞുവെന്നത് തികച്ചും നിർഭാഗ്യകരമാണ്. തഖീസാദ പാശ്ചാത്യ ലോകത്ത് നിന്നു തിരിച്ചു വന്നപ്പോൾ ഇങ്ങനെ പറയുകയുണ്ടായി . “ഇറാൻകാരെ, നിങ്ങൾക്കിനി ഒരേ യോരു മാർഗമേയുള്ളൂ:അടിമുതൽ മുടിവരെ പാശ്ചാത്യനാവുക”. ഇത് ഇസ്ലാമിക ലോകത്തെ ഒറ്റപ്പെട്ട ശബ്ദമല്ല. തുർക്കിയുടെ മാതൃക പിൻപറ്റി, അനേകം ഇസാലാമിക ചിന്തകർ ഈ നൂറ്റാണ്ടിന്റെ ആദ്യത്തിൽ ഇതേ ശബ്ദം മുഴക്കുകയുണ്ടായി. പൗരസ്ത്യ ലോകത്തെ പാശ്ചാത്യ വൽക്കരിക്കുകയെന്ന ആശയത്തെ പിൻതുണച്ച മിക്കവരും ഫ്രാൻ പാനന്റെ “ഭൂമിയിലെ നികൃഷ്ടർ”എന്ന കൃതിക്ക് സാർത്ര് എഴുതിയ മുഖവുര യിൽ സൂചിപ്പിച്ച മൂന്നാം ലോക ബുദ്ധി ജീവികളെ പ്പോലെയാണ്:” വളരെമുമ്പ് ഭൂമി യിൽ വസിക്കുന്നവരുടെ എണ്ണം ഇരുനൂറ് കോടിയായിരുന്നു. :അമ്പത് കോടി മനു ഷ്യരും ബാക്കി നൂറ്റമ്പത് കോടിസ്ഥലവാസികളും. ആദ്യം പറഞ്ഞ അമ്പത് കോടിയുടെ തായിരുന്നു, ആശയങ്ങൾ. ബാക്കിയുള്ളവർ അത്ഉപയോഗിക്കുന്നവരായിരുന്നു. ഈ രണ്ട് വിഭാഗത്തിന്നും നടുവിൽ മദ്ധ്യ വർത്തികളായി കപടന്മാരായ രാജാക്കന്മാരും പ്രഭു ക്കൻമാരും മുതലാളിമാരുമായിരുന്നുണ്ടായിരുന്നത്. കുട്ടികൾ അമ്മമാരെ സ്നേഹിക്കു ന്നത് പോലെ സ്ഥവാസികൾയജമാനൻമാരെ സ്നേഹിക്കേണ്ടതുണ്ടായിരുന്നു. ആസത്യം കോളനികളിൽ നഗ്നമായി നിന്നു. അതിനെ മറച്ചു വെക്കുകയായിരുന്നുമാതൃ രാജ്യത്തെ പൗരൻമാർക്കിഷ്ടം . സ്ഥലവാസികളിൽ നിന്നു ഒരു ഉപരി വർഗത്തെ സൃഷ്ടിക്കാൻ ആ യൂറോപ്പ്യൻ ഉപരി വർഗ്ഗം തീരുമാനിച്ചു. സ്ഥവാസികളിൽ നിന്നു യോഗ്യരായ കുറെ ചെറുപ്പക്കാരെ പെറുക്കിയെടുത്തു. അവരെ പാശ്ചാത്യ സംസ്ക്കാര ത്തിന്റെ സ്ദ്ധാന്തങ്ങലാൽ അഭിഷേകം ചെയ്യുകയും കടിച്ചാൽപൊട്ടാത്ത കുറെ വാക്കു കളും ആളുകളെ പെട്ടന്നാകർശിക്കുന്ന വിധം പദപ്രയോഗങ്ങളുംകൊണ്ടവരുടെവായ നിറക്കുകയും ചെയ്തു അവർ യജമാനൻമാരുടെ രാജ്യത്ത് കുറച്ചുകാലം കഴിച്ചു കൂട്ടിയ അവർ മസ്തിസ്കപ്രക്ഷാളനം ചെയ്യപ്പെട്ടവരായി സ്വന്തം നാട്ടിൽ തിരിച്ചെത്തി. സ്വന്തം സഹോദരൻമാരോട് പറയാൻ ഈ പുതിയ വർഗത്തിനു ഒന്നു മില്ലായിരുന്നു. അവർ യജമാനൻമാരുടെ വാക്കുകൾ ഏറ്റുപാടുക മാത്രം ചെയ്തു. പാരീസിൽ നിന്നും ലണ്ടനിൽ നിന്നും ആംസ്റ്റർഡാമിൽ നിന്നും ഞങ്ങൾ “ പാർത്തിനോൺ! ബ്രദർഹുഡ്” എന്നിങ്ങനെ ഉച്ചരിക്കുമ്പോൾ അങ്ങകലെ ഏഷ്യയിലേയും ആഫ്രിക്കയിലേയും ഏതോ കോണുകളിൽ ന്ന്നു കുറെ അധരങ്ങൾ “..........................
.തിനോൺ!................................ ദർഹുഡ്” എന്നിങ്ങളെ ുരുവിടുമായിരുന്നു. അതായി രുന്നു സുവർണകാലം”*

പാശ്ചാത്യ ഭ്രമം ഒരു നവ പ്രതിഭാസമല്ല. യൂറോപ്പ് കുറെ പുരോഗമിക്കുകയും സാമ സ്കാരികമായി ഉന്നതി പ്രാപിക്കുകയും എന്നാൽ ത്ന്റെ രാജ്യമായ റഷ്യ വളരെ പിന്നോക്കാവസ്ഥയിലും പതിതാവസ്ഥയിലും കഴിഞ്ഞുകൂടുകയും ചെയ്യുന്നതെന്തു കൊണ്ട് എന്ന ചിന്ത മഹാനായ പീറ്ററെ വളരെ ക്കാലം ശക്തിയായി അലട്ടിയിരുന്നു. അദ്ധേഹം പോളണ്ടിൽ ഒരു വിദ്യാർത്ഥി യായിരുന്നപ്പോൾ ഇതിനെ പ്പറ്റി കുറെയേറെ തലപുകഞ്ഞാലോചിക്കുകയുണ്ടായി. ഡച്ചുകാരെ സദാ ശ്രദ്ധിക്കുന്നുണ്ടായിരുന്നു അദ്ധേഹം. പല കാര്യത്തിരും റഷ്യക്കാരിൽ നിന്നും വലരെ ഭിന്നരായിരുന്നു അവർ. നന്നായി ക്ഷൗരം ചെയ്ത് നല്ല വസ്ത്രങ്ങൽ ധരിച്ച് വൃത്തിയോടും ഉൽസാഹത്തോടും കൂടി എല്ലാ.യിപ്പോഴും അവർ ഓഫുകളിൽ പോകുന്നു. യെന്നാൽ റഷ്യക്കാർക്ക് ഈഗു ണങ്ങൾ ഒന്നുമുണ്ടായിരുന്നില്ല. ഡച്ചുകാർ എല്ലാ ദിവസവും താടിവടിക്കുകയും സുഗ ന്ധദ്രവ്യങ്ങളുപയോഗിക്കുകയും ചെയ്തെങ്കിൽ, ഇതരർക്കറപ്പുണ്ടാക്കുന്ന വിധത്തിൽ അറു വഷലൻ താടി ഴലർത്തുന്നവരായിരുന്നു റഷ്യക്കാർ. പീറ്റർക്ക് തോന്നി, റഷ്യക്കാ രുടെ അറപ്പുണ്ടാക്കുന്ന നീണ്ട താടിയാണ്സാസ്കാരികമായ അവരുടെ പിന്നോക്കാവ സ്ഥക്ക് കാരണം! അതിനാൽ അദ്ധേഹം റഷ്യയുടെ ഭരമാധികാരിയായപ്പോൾ ആദ്യം കൈകൊണ്ട നടപടി നീണ്ട താടികൾ വടിപ്പിക്കുക എന്നതായിരുന്നു!കീലിനതയുടെ പോരിലും മതപരമായകാരണങ്ങളാലും അന്തസ്സിന്നു വേണ്ടിയും താടി വളർത്തിയിരുന്ന വർ ആദ്യമൊക്കെ അതിനു വിസ്മ്മിച്ചെങ്കിലും നിൽബന്ധ ക്ഷൗരത്തിൽ അവരുടെ താടി കളും ഏരെ കഴിയുന്നതിനു മുമ്പ് അപ്രത്യക്ഷമായി. നികൃഷ്ടരുടെ കോലംകെട്ട താടി നീക്കാൻ മഹാനായ പീറ്റർക്ക് കഴിഞ്ഞെങ്കിലും തന്റെ രാഷ്ട്രത്തിൽ നിന്നു നികൃഷ്ട തയെ ഉൻമൂലനം ചെയ്യാൻ അദ്ധേഹത്തിന്നു സാധിച്ചില്ല. റഷ്യക്കാർ ദാരിദ്ര്യത്തിലും കഷ്ടപ്പാടിലും തന്നെ കഴിഞ്ഞുകൂടി.

ഈ വീക്ഷണത്തിൽ നിന്നു ഭിന്നമായ വീക്ഷണം പുലർത്തിയവർ മറ്റൊരു യാത്യന്തിക യിൽ ചെന്നു നിന്നു. പടിഞ്ഞാരിനെ യ്നുക്രിക്കുന്തിനോ പൗരസ്ത്യ ദേശത്തെപ്രതീചീ വൽക്കരിക്കുതിന്നോ െതിരായിരുന്നു അവർ. വൈദേശീകസംസ്കാരത്തതെയോ മറ്റെ ന്തെങ്കിലും നേട്ടങ്ങലെയോ പിൻപറ്റുന്നതിന്നു പകരം, പ്രാചീനതയുടെ പരിമിത വൃത്ത ത്തിന്നുള്ളിലൊതുങ്ങി നിൽക്കണമെന്ന് വാദിച്ച അവർ പടിഞ്ഞാറിന്റെ ശാസ്ത്രീയ-ധൈ ഷണിക സംഭാവനകളെപ്പോലും സ്വീകരിക്കാൻ തയ്യാറായില്ല. യാഥാസ്ഥികവും പിന്തിരി പ്പനുമായിരുന്നതിനാൽ പൗരസ്ത്യ ലോകത്തെ പിന്നോക്കാവസ്ഥയിലും ഫ്യൂഡൽ യുഗ ത്തിലും തളച്ചിടാനേ ഈ സമീപനത്തിനു കഴിഞ്ഞുള്ളു. ഉപര്യുകത രണ്ട് സമീപന ങ്ങളും കഴിഞ്ഞ രണ്ട് നൂറ്റാണ്ടുകളിലും ഈ നൂറ്റാണ്ടിന്റെ ആദ്യത്തിലും പാശ്ചാത്യൻ കൊളോണിയലിസത്തെ സഹായിക്കുകയേ ചെയ്തുള്ളു. ശാസ്ത്രത്തിന്റെയും സംസ്കാരത്തിന്റെയും ആധുനികതയുടേയും ധ്വജവാഹകരായ ആദ്യത്തെ വിഭാഗവും മത- പാരമ്പര്യ ജുർഗങ്ങളുടെ കാവൽ ഭടൻമാരായ രണ്ടാമത്തെ വിഭാഗവും മൂന്നാം ലോകത്ത് പടിഞ്ഞാരൻ കൊളോണിയിലിലസത്തിന്റെ പ്രത്യക്ഷവും പരോക്ഷവുമായ ദൂതൻമാരായിരുന്നു. പടിഞ്ഞാറ് നിന്ന് പ്രതിചീവൽക്കരിക്കപ്പെട്ടവരും നജ്ഫിൽ നിന്ന് മതപഠനം സിദ്ധിച്ചവരുമായ രണ്ട് വിഭാഗങ്ങൾ സ്വന്തം നാട്ടിൽ വെച്ച് പരസ്പരം എതി രിട്ടത് നാട്ടിന്നും ജനങ്ങൾക്കും നഷ്ടമേ വരുത്തി വച്ചിട്ടുള്ളു. രാജ്യം ഒന്നടങ്കം സാമ്രാ ജ്യത്വത്തിനെതിരിൽ പടപൊരുതുന്നതിൽ അത് താമസം സൃഷ്ടിക്കയുണ്ടായി. പടിഞ്ഞറ് നിന്ന് വിദ്യാഭ്യാസം കഴിച്ചവരും നജ്ഫിൽ നിന്നും വിദ്യ അഭ്യസിച്ചവരുമായ എല്ലാവരും ഈ രണ്ടു വിഭാഗങ്ങളിൽ പ്പെടുന്നു എന്ന് ഇതിന്ന് അർത്ഥമില്ല. യഥാർത്ഥത്തിൽ നമ്മുടെ യഥാർത്ഥ ചിന്തകരും വിപ്ലവകാരികളും ജനനേതാക്കളും കൊളോണിയലിസ ത്തിനെതിരിൽ മുൻപന്തിയിൽ നിന്നവരുമായ പലരും പടിഞ്ഞാറുനിന്നോ നജ്ഫിൽ നിന്നോ വിദ്യാഭ്യാസം കഴിച്ചവരായിരുന്നു. സയ്യിദ് ജമാലിദ്ദീൻ അഫ്ഗാനി മുതൽ സമ കാലീന വ്യക്തിത്വങ്ങൾ വരെ ഈ പട്ടികയിൽ പെടുന്നു.

മുന്നാതൊരു വിഭാഗമുണ്ടായിരുന്നു. സ്വന്തം വേരുകളിൽ അടിയുരച്ചുനിന്നുകൊണ്ട് പടി ഞ്ഞാറൻ ശാസ്ത്രത്തിൽ നിന്നും സംസ്കാരത്തിൽ നിന്നും അതിന്റെ ഗുണങ്ങ ളുൾക്കൊള്ളമെന്ന് വാദിക്കുന്നവരായിരുന്നു അവർ. ജീവിക്കുന്ന കാലഘട്ടത്തിന്റെ

ചൈതന്യവും ആധുനിക ലോകത്തിന്റെ യാഥാർത്ഥ്യവും ഗ്രഹിച്ച അവർ ഇങ്ങലെ ആഹ്വാനം ചെയ്തു: "  നമുക്ക് നമ്മുടെ സംസ്കാരത്തിന്റെ ശക്തമായ അടിത്തറയിൽ ഉറച്ചുനിൽക്കാം.  നാം പാശ്ചാത്യലോകത്തെ ഏതെങ്കിലും തരത്തിൽ അനുകരിക്കുകയാണെങ്കിൽ, നമ്മുടെ ആവശ്യഹ്ങളുടെ അടിസ്ഥാനത്തിൽ ബോധപൂർവവും ശ്രദ്ധയോടും കൂടിയായിരിക്കണമത്.  പടിഞ്ഞാറിനോടുള്ള നമ്മുടെ സമീപനം വൈകാരികമാകരുത്. പടിഞ്ഞാർ നിന്നുള്ള  ഉത്തമ ഗുണങ്ങളെ തിരഞ്ഞെടുക്കൽ അതിനെ എന്തമായി അനുകരിക്കലാവരുത്. പാശ്ചാത്യലോകം ഇന്നെത്തിപ്പെട്ടിട്ടുള്ള ഭൗതിക പുരോഗതിയുടെ ഉത്തുംഗതയിൽ പൗരസ്ത്യലോകത്തെയും നാമെത്തിക്കുകയും വേണം."

അന്ധമായ അനുകരണമോ പൂർണമായ അവധീരണമോ അല്ല, ഈ വിഭാഗം ആവശ്യപ്പെടുന്നത്;  അനുകർത്താവിനെക്കൂടി പുരോഗതിയിലേക്ക് നയിക്കുമാറുള്ള, പുരോഗതിയുടെ നല്ല വശങ്ങൾ മാത്രം തെരഞ്ഞെടുത്തുകൊണ്ടുള്ള ബോധപൂർവമായ അനുകരണം മാത്രമാണ്.   അതിൽ അനുകർത്താഴവ് എന്നെന്നും അനുകരിക്കുന്നവനായിരിക്കുകയില്ല.  പാശ്ചത്യൻ സംസ്കാരത്തിന്റെയും നാഗരികതയുടേയും അപ്രതിഹതമായ ഒഴുക്കിനു നേരെ കണ്ണടച്ചു നിൽക്കുകയോ അനിമേഷ നയനരായി നിൽക്കുകയോ അല്ല, അതിലെ സൂക്ഷ്മ പരിശോധനക്ക് വിഘേയമാക്കുകയാണ് നാം വേണ്ടത്. ഇടം വലം നോക്കാതെ അതിലേക്കാകൃഷ്ടരായാൽ നാം പടു കുഴിയിലേക്കാണ് വീഴുക. അതിനെ പൂർമായി ഒഴിവാക്കുന്നത് പിന്തിരിപ്പത്തവുമായിരിക്കും. അതിനാൽ ബോധത്തോടും ജാഗ്രതത്തോടും തുറന്ന മനസ്സോടുംകൂടിയുള്ള ഒരു സമിപനമാണ് ഇക്കാര്യത്തിൽ ശരിയായിട്ടുള്ളത്.

പടിഞ്ഞാറിന്റെ ശാസ്ത്രിയവും സാംസ്ക്കാരികവും ഭൗതികവും ബൗതികവും സർഗപരവും സദാചാരപരവുമായ സ്വാധീനങ്ങൾക്ക് നാം വിധേയരായിപ്പോകുന്നുണ്ടെങ്കിൽ അതിന്റെ ചരിത്രപരമായ പരിണാമം പഠിക്കണമെന്നാണ് നമ്മോടാവശ്യപ്പെടുന്നത്. ശ്രദ്ധാപൂർവ്വവും ശാസ്ത്രിയവുമായ വിശകലനം പാശ്ചാത്യൻ പുരോഗതിയുടെ മൗലിക കാരണങ്ങൾ കണ്ടെത്താൻ നമ്മെ സഹായിക്കും. പിന്നീടതിനെ സ്വന്തം പരിപ്രേക്ഷ്യത്തിലൂടെ യുക്തിഭദ്രമായി വിലയിരുത്താൻ കഴിയും. സമൂഹത്തോടുള്ള നമ്മുടെ ബാധ്യതകൾ നിർവ്വഹിക്കുന്നതിനും അത് നമ്മെ സഹായിക്കും. പാശ്ചാത്യൻ സംസ്ക്കാരത്തിന്റെ ഗതിയെ പുതിയൊരു രൂപത്തിൽ മനസ്സിലാക്കുന്നതിനു ഒരു പിരമിഡിനെ ഉദാഹരണമായെടുക്കാം.

പടിഞ്ഞാറിനെ കുറിച്ച് നമുക്കുള്ള സങ്കൽപം അതിന്റെ വ്യാവസായിക രംഗം, ശാസ്ത്രം, സദാചാരം, സാമൂഹ്യ ബന്ധങ്ങൾ, എല്ലാത്തിനുമുപരി ലോകത്തിന്റെ മുമ്പിൽ അത് സമർപ്പിക്കുന്ന സംസ്ക്കാരം എന്നിവ അടങ്ങിയതാണ്. ആ സവിശേഷതകളിലൂടെയോ അതുൾക്കൊള്ളുന്ന മനുഷ്യരിലൂടെയോ പടിഞ്ഞാറിനെ നാം നാം വീക്ഷിക്കുന്നു. ഈ മാന്യതയുടെ മാനദണ്ഡങ്ങൾ പടിഞ്ഞാറിൽ നിന്ന് നിർണയിക്കപ്പെട്ടതായിട്ടുണ്ട്. മാന്യനായ മനുഷ്യൻ എന്നു ഒരാൾ വിശേഷിപ്പിക്കപ്പെടുന്നത്, പെരുമാറ്റങ്ങളിലും സ്വഭാവങ്ങളിലും അയാൾ പാശ്ചാത്യ മര്യാദകൾ പാലിക്കുന്നത് കൊണ്ടാണ്.

പടിഞ്ഞാറൻ സംസ്ക്കാരത്തെയും അതിന്റെ ജീവിത രീതിയെയും തന്നിൽ പകർത്തിയവനാണ് പാശ്ചാത്യ ലോകത്തെ ആധുനിക മനുഷ്യൻ. അവന്റെ ചിന്തയും സ്വഭാവവും വ്യക്തിത്വവും കഴിഞ്ഞ മൂന്ന് നൂറ്റാണ്ടിലൂടെ പരിണമിച്ചുണ്ടായതാണ്.പടിഞ്ഞാറിൻ ചരിത്രത്തിൽ കൂടുതൽ പ്രധാന്യമർഹിക്കുന്നവയാണു ആ നൂറ്റാണ്ടുകൾ. ഇത് പുതിയ യുഗമാണ്. ഈ യുഗത്തിലേക്ക് കടക്കുന്നതിനു മുമ്പ് മറ്റൊരു യുഗത്തെ അത് തരണം ചെയ്തിട്ടുണ്ട്. കഴിഞ്ഞ മൂന്ന് നൂറ്റാണ്ടിലൂടെ യുള്ള പരിണാമപ്രക്രിയയാൽ ശൃംഖരിതമായ ഈ നൂറ്റാണ്ടു തന്നെ പുതിയ മറ്റോരു യുഗത്തിന്റെ പ്രഥമ ഘട്ടത്തിലേക്ക് പാദസ്പർശം നടത്തിക്കഴിഞ്ഞിട്ടുണ്ട്. ഈ നൂറ്റാണ്ടിൻ അന്ത്യപാദത്തിൽ പടിഞ്ഞാറിൻരെ ചിന്താപരവു വൈകാരികവുമായ മേഖലയിലും കർമമണ്ഡലത്തിലും വെളിപ്പെട്ടു കണ്ട

മാറ്റങ്ങൽഅത് കാലെടുത്തു വെച്ചു കഴിഞ്ഞ മറ്റൊരു ചരിത്രഘട്ടത്തിന്റെ സൂചനയായിരുന്നു.

പാശ്ചാത്യ സംസ്കാരത്തിന്റെ ശക്തവും ദുർബലവുമായ വശങ്ങൾ കണ്ടെത്താൻ പടിഞ്ഞാറൻ സമൂഹത്തിന്റെ ചരിത്രപരമായ വളർച്ചയെ നമുക്ക് ചരിത്ര ഘട്ടങ്ങളായും സാമൂഹ്യ വർഘങ്ങളായും തരം തിരിക്കാം. പാശ്ചാത്യ സമൂഹത്തിലെ വ്യത്യസ്തമായ സാമൂഹ്യ വർഗങ്ങൽഅതിന്റെ സാംസ്കാരികവും ചിന്താപരവുമായ സവിശേഷതകളെ എങ്ങനെ മാറ്റുകയുണ്ടായെന്നു അപ്പോൾ നമുക്ക് ബോധ്യമാകും. അത് മറ്റൊരു ഘട്ടത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാമെന്നു കണ്ടെത്താൻ ഒരു പിരമിഡിന്റെ ഉദാഹരണത്തിലൂടെയുള്ള സമീപനം നമ്മെ സഹായിക്കും.

സമൂഹത്തെ ഒരു പിരമിഡിനോട്-സൂചീസതംഭത്തോട് ആണു ഞാനുപമിക്കുന്നത്. പതിനോന്നാം നൂറ്റാണ്ടു മുതൽ പതിനാറാം നൂറ്റാണ്ടു വരെയുള്ള കാലഘട്ടങ്ങലിലെ പാശ്ചാത്യ സമൂഹത്തെയെടുക്കുക. അടിസ്ഥാനപരമായി മൂന്നു വർഗ്ഗങ്ങൾ ആ പിരമിഡിന്റെ വ്യത്യസ്ത തലങ്ങളിലായി സ്ഥിതിചെയ്തിരുന്നു. പിരമിഡിന്റെ അടിഭാഗം സാദാരണ ജനങ്ങളാണുള്ളത്, മുഖ്യഭാഗമുൾക്കൊള്ളുന്ന അടിഭാഗത്തിന്റെ തൊട്ടു മേലെയുള ള നേർപാളി ആ സമൂഹത്തിലെ ബുദ്ധിജീവികളെയും വിദ്യാ സമ്പന്നരെയും പ്രതിനിധീകരിക്കുന്നു. സാധാരണ ജനങ്ങൾക്കും ബുദ്ധിജീവികൾക്കുമുപരിയായി സ്ഥിതിചെയ്യുന്ന തലത്തിൽ പാശ്ചാത്യ സമൂഹത്തിലെ താരങ്ങൾ സ്ഥിതി ചെയ്യുന്നു. രണ്ട് കാരണങ്ങളാലാണ് ഞാനവരെ താരങ്ങൾ എന്നു വിളിക്കുന്നത്. ഒന്നാമതായി ഒരു സാമൂഹ്യ വർഗത്തിന്നു രൂപം കൊടുക്കാൻ മാത്രമുള്ള അംഗബലം അവർക്കില്ല. സാമൂഹ്യ ശ്രേണിയിൽ സംഗം ചേർന്നു നിൽക്കാൻ സാധിക്കുന്നില്ലെങ്കിലും, പിരമിഡിന്റെ ശിഖിരത്തിൽ സ്ഥിതിചെയ്യുന്ന അവർ, ഈശൽ മങ്ങിയ പ്രഭാപ്രവാഹം കണക്കെ പരിസ്ഫുരിച്ചു നിൽക്കുന്ന സമൂഹത്തിലെ അതുല്യരായ ചിന്തകരും വ്യയക്തികളുമത്രെ. രണ്ടാമതായി അവരുടെ ആശയങ്ങളും ചിന്തകളും ജനങ്ങളുടെയും സമൂഹത്തിലെ സാമാന്യ ബുദ്ധിജീവികളുടെയും ചിന്താരീതികളിൽ നിന്നു തികച്ചും വിഭിന്നത പുലർത്തുന്നവയാണെന്ന ചരിത്രം നമ്മെ പഠിപ്പിക്കുന്നു. സ്വന്തം ചിന്താമണ്ഡലത്തെ ഊഷരഭൂമിയാക്കി നിശ്ചേഷ്ഠമായി നിലനിൽക്കുന്ന സമൂഹത്തിന്റെ മനോ മുകുരങ്ങളിൽ, പുതിയ ചിന്തകളും ആശയങ്ങളും അങ്കുരുപ്പിച്ച് അവർ  സമൂഹത്തെ ഉത്തേജിതരാക്കാൻ ശ്രമിക്കുന്നു. ശാസ്ത്ര-സാമൂഹ്യ-സാംസ്ക്കാരിക-ചിന്താ മണ്ഡങ്ങളിൽ മാറ്റങ്ങൾസൃഷ്ടിച്ച് അഭിസംബോധിത സമൂഹത്തിന്റെ മുമ്പോട്ടുള്ള ഗമനത്തിൽ ചാലകശക്തിയായി വർത്തിക്കുന്നത് ഇവരാണ്.. അവരുടെ ചിന്തകളിലും ആശയങ്ങളിലും പിറക്കാനിരിക്കുന്ന പുതുയുഗത്തെക്കുറിച്ച പ്രവചനങ്ങൽ കാണാം. സമൂഹത്തിൽ നിന്നെത്ര തന്നെ അന്യ വൽക്കരിക്കപ്പെട്ടവരാണെങ്കിലും, സാമൂഹ്യ മാററത്തിനുവേണ്ടിയുള്ള അവരുടെ ധന്യമായ ആശയങ്ങളുടെ പ്രചുരമായ പ്രചാരമാണ് ആ സമൂഹത്തെ മുൻകൂട്ടിക്കണ്ട മറ്റൊരു ഘട്ടത്തിലെത്തിക്കുന്നത്. തങ്ങളുടെ കാലഘട്ടത്തിൽ അംഗീകാരമില്ലാതെയും ശപിക്കപ്പെട്ടും വെറുക്കപ്പെട്ടും  ജീവിച്ച കാലാതിവർത്തികളായ അവരുടെ ആശയങ്ങലായിരിക്കും ഒരു നൂറോ ഇരു നൂറോ വർഷങ്ങൽക്ക് ശേഷമുള്ളപുതിയ ഘട്ടത്തിലെ ധിഷണാശാലികളുടെയും ആശയം. ഇക്കാരണം കൊണ്ടാണ് ഇന്നത്തെ പാശ്ചാത്യ സമൂഹം പരിവർത്തനത്തിൻരെ പുതിയൊരു ഘട്ടത്തിലേക്ക് കാലെടുത്തു വെച്ചിരിക്കുന്നു എന്നു ഞാൻ പറയുന്നത്

ചരത്രത്തിന്റെ ഏതൊരു ഘട്ടത്തിലും ഒരു തരത്തിലുള്ള ജീവിതരീതിയും ചൈതന്യവുമുണ്ടാവും.  ഒരു നവ യുഗം വളർന്ന് വരുന്നതിനനുസരിച്ച് അത് അതിന്റേതായ പിരമിഡിനെ വളർത്തിക്കൊണ്ട് വരുന്നുണ്ടാവും.  വളർച്ചയുടെ ഉത്തുംഗതയിൽ എത്തുമ്പോൾ  അത് പിരമിടിന്റെ മുകളിൽ നേരെത്തെ പറഞ്ഞതാരങ്ങൽക്ക് ജന്മമേകുന്നു. അവർ അടുത്ത യുഗത്തിലേക്കുള്ള ചിന്തകളാണ് നിലവിലുള്ള സമൂഹത്തിന് നൽകുന്നത്.  അന്നത്തെ സമൂഹത്തിലെ ബുദ്ധിജീവികളുമായി ചിന്താ സംഘർഷമുണ്ടെങ്കിലും പുതു യുഗത്തിന്റെ പ്രഘോഷകരമായ ഇവരാണതിൽ മുന്നിട്ടു നിൽക്കുക. ഇവരുടെ

ആശയമുൾക്കണ്ടവരായിരിക്കും, പതിവ് പോലെ, വരും യുഗത്തിലെ ധിഷണാശാലികൾ. ചരിത്രം ഈ പ്രക്രിയിയലൂടെയാണ് മുമ്പോട്ട് പോകുന്നത്.

മധ്യ നൂറ്റാണ്ടിലെ യൂറോപ്യൻ പിരമിടിന്റെ ഏറ്റവും താഴെ സ്ഥിതി ചെയ്യുന്ന പൊതുജനം അടിസ്ഥാനപരമായി മതവിശ്വാസികളായിരുന്നു. അവ മതപരമായി കത്തോലിക്കരും വിശ്വാസപരമായി മുൻധാരമയുള്ളവരും മതത്തിന്റെ പേരിൽ തങ്ങളുടെ തിരുകക്കയറ്റിയ ആചാരങ്ങളിൽ നിൽക്കുന്നവരുമായിരുന്നു. ആചാരബന്ധരും സങ്കുചിത ചിന്താഗതിക്കാരും പിന്തിരിപ്പത്തോട് അറിയാതെ ആഭിമുഖ്യം പുലർത്തുന്നവരുമായിരുന്നു അവർ. ഐഹിക ചീവിതത്തെ അവഗണിച്ച് പരലോതചീവിതത്തിൽ കമ്മും നട്ട കഴിഞ്ഞിരുന്ന അവർ, തങ്ങളുടേതല്ലാത്ത എല്ലാ മതങ്ങളും വ്യാജ മതങ്ങളാമെന്നും തങ്ങലുടെ മതവും ജീവിതവും പാരമ്പര്യങ്ങളുമെല്ലാം സാശ്വതമാണെന്നും വിശ്വസിച്ചു. മധ്യ നൂറ്റാണ്ടിലെ സാധാരണ ജനതയുടെ സവിശേഷതകളായിരുന്നു ഇവയെല്ലാം.

ഇവർക്ക് മേലെ നിലക്കൊണ്ടവരായിരുന്നു, ക്രൈസ്തവ സഭകളിൽ നിന്നു വേദ പഠനം നടത്തിയ പുരോഹിതൻമാരും പാതിരിമാരും. ആ കാലഘട്ടത്തിലെ ജനങ്ങളുടെ ചിന്തക്കും അസയങ്ങൾക്കും രൂപം കൊടുത്തിരുന്നത് അവരായിരുന്നു. മധ്യനൂറ്റണ്ടിലെ പുദ്ധിജീവികളായരുന്നതിനാൽ അവർ സ്വയെ തങ്ങളെ ആത്മീയവർഗത്തിൽ പ്പെട്ടവരെന്നു വിളിച്ചു. ബാക്കിയുള്ളവർ ലൗകികരും. ഒരു വിശുദ്ധ ചൈതന്യത്താൽ അനുഗ്രഹീതരാണ് തങ്ങലെന്നും പരിശുദ്ധാതമാവിന്റെ ഒരു ചെറിയ അംശം തങ്ങളിലിണ്ടെന്നും അവർ അവകാശപ്പെടുകയുണ്ടായി. സാധാരണക്കാർ ഇപര്യുക്ത ചൈതന്യത്താൽ അനുഗ്രഹീതരല്ലാത്തതിനാൽ അവർ ജ്ഞാനസ്നാനം ചെയ്യപ്പെടുകയും ശുദ്ധീകരിക്കപ്പെടുകയും ചെയ്യേണ്ടതുണ്ടടായിരുന്നു.. എങ്കിൽ മാത്രമേ അവർക്ക് രക്ഷകനായ യേശുവുമായി സാമിപ്യം സിദ്ധിക്കാൻ സാധിക്കുമായരുന്നുള്ളു. അല്ലാത്ത പക്ഷം അവർ നിത്യപാപികളും അസുദ്ധന്മാരുമായിരിക്കുമെന്ന് ഇവർ വാദിച്ചു. വളരെക്കാലങ്ങളോളം സമൂഹത്തിന്റേമേൽ സർവാധിപത്യം ചെലുത്താൻ തികച്ചും പര്യാപ്തമായിരുന്നു, ജനങ്ങളേക്കാൾ തങ്ങൾക്കുണ്ടെന്നവരവകാശപ്പെട്ടിരുന്ന മതപരവും ആത്മീയവും സാമൂഹ്യവുമായ ആ പ്രത്യേകാവകാശങ്ങളും സവിശേസതകളിമത്രെയും. മധ്യനൂറ്റാണ്ടിലെ ബുദ്ധിജീവികൾ കലാ സാഹിത്യ രംഗത്തും ശാസ്ത്രീയ ധാർശനിക മണ്ഡലങ്ങളിലും മുഴുകിയിരുന്നുവെങ്കിലും അവക്കെല്ലാം സഭയുടെ സമ്മതവും അംഗീകാരവും മുൻകൂട്ടി തന്നെ വാങ്ങേണ്ടതുണ്ടായിരുന്നു. പാലിക്കപ്പെടേണ്ട നിയമഹ്ങളും നിബന്ധനകളും സഭ നിരണയിച്ചു. സഭയിലെ മേലാധികാരികൾ ഭൂമിയിൽ യേശുകൃസ്തുവിിന്റെ പ്രതിനിധികളാണു തങ്ങളെന്നു വാദിച്ചിരുന്നു; തങ്ങാണ് ബൂമയിൽ ദൈവരാജ്യം സ്ഥാപിക്കാൻ ബാധ്യതപ്പെട്ടവരെന്നും. തങ്ങലുടെ സംരക്ഷണത്തിൻ കീഴിലുള്ള കുഞ്ഞാടുകളാണ് സാധാരണ ജനം. തങ്ങൾക്ക് പാലും മാംസവും വിബവങ്ങളും നൽകുന്നത് കൊണ്ടാണ് തങ്ങൾ സാമാന്യ ജനത്തിന്റെ ിടയൻമാരായി വർത്തിക്കുന്നത്. മധ്യ നൂറ്റാണ്ട് അതിന്റെ അന്ത്യത്തോട് അടുത്തപ്പോൾ ആപിരമിടിന്റെ ശികിരത്തിൽ ഒരു പുതിയ വർഗം ഉയിർകൊണ്ടു. അവർ പിറക്കാനിരിക്കുന്ന യുഗത്തിന്റെ വക്താക്കളായിരുന്നു. ശാസ്ത്ര സഭയുടെ ശൃഖലകളിൽ നിന്നു മോചിപ്പിക്കണമെന്നവർ വാദിച്ചു.

അതിനെ മതേതര വൽക്കരിക്കുകയും നിര്ഡദ്ധിഷ്ട ചട്ടക്കൂട്ടിനു പുറത്തേക്ക് വികസിപ്പിച്ചെടുക്കുകയും വേണം. ശാസത്രത്തെ മനുഷ്യന്റെ ഭൗതികമായ സേവനത്തിന്നപയോഗിക്കണമെന്നുനവർ വാദിക്കുകയുണ്ടായി. എന്നാൽ സുസ്ഥാപിത പൗരോഹിത്യം ശാസ്ത്രത്തെ ജീവിതത്തിൽ നിന്നചർത്തിയുടുക്കുകയും അതിനെ ക്രൈസ്തവ മതത്തിന്റെ ഇടുങ്ങിയ മതിൽ കെട്ടുകൾക്കുള്ളിൽ തളച്ചിടുകയും ചെയ്തിരുന്നു. എങ്കിൽ മാത്രമേ സഭയിച്ചിക്കും വിധം ശാസ്തരത്തിന്നു മതത്തെ ന്യാകരിക്കാനും അതിനു പാദസേവ ചെയ്യാനും സാധിക്കുമായിരുന്നുള്ളു. ബൗതികാതീതമായി ഒന്നുമില്ലെന്നും അതിനാൽ ബൗതികാതീതമായ എന്തിനു വേണ്ടിയുള്ള പ്രയത്നങ്ങളും വൃഥാവിലുമെന്നും പകരം മനുഷ്യൻ ജീവിതത്തിന്നും പ്രകൃതിയെ ഉപയോഗപ്പെടുത്തുന്നതിനും വേണ്ടിയാണ് ഗവേഷണങ്ങളും പ്രയത്നങ്ങളും നടത്തേണ്ടതെന്നും പുതിയ ചിന്തകൻമാർ പറ

ഞ്ഞു. എന്നാൽ പുരോഹിതൻമാരുടെ ശാസ്ത്രം വളരെ പരിമിതമായ ഒന്നായിരുന്നു. അതിനു സൃഷ്ടിപ്പിന്റെ രഹസ്യത്തെയും യേശുവിന്റെ ദിവ്യത്തെയും ന്യായീകരിക്കുക, ദൈവം ഒന്നാണ് അതേ സമയം മൂന്നാണ് എന്ന ത്രിയേകത്വ സമസ്യക്ക് ഉത്തരം കണ്ടെത്തുക എന്നീ കടമകളേ ഉണ്ടായിരുന്നുള്ളു. മദ്ധ്യ നൂറ്റാണ്ടിലെ മഹാ വ്യക്തിത്വമായ സെന്റ് അഗസ്റ്റിന്റെ പ്രസിദ്ധമായ ഒരു പ്രബന്ധമുണ്ട്. അതിൽ ദശലക്ഷക്കണക്കിനു മാലാഖകമാർക്ക് ഒരേ സമയത്ത് ഒരു സൂചിക്കുഴയിലൂടെ കടന്നു പോകാൻ കഴിഞ്ഞതിനെക്കുറിച്ചെഴുതിയിരിക്കുന്നു. സൂചിക്കുഴ വലുതാക്കേണ്ടി വരികയോ മാലാഖമാർ ്തിനുള്ളിൽ തിങ്ങിപ്പോവുകയോ ചെയ്തില്ലത്രേ! എത്ര മാലാഖമാർ അതിലൂടെ കടന്നുപോയിട്ടുണ്ടെന്ന കൃത്യമായ കണക്കും തന്റെ കയ്യിലുണ്ടെന്നദ്ധേഹം അവകാശപ്പെടുകപോലുമുണ്ടായി. ആദ്ധ്യാത്മകതയുടെ അയഥാർത്ഥമായ ഇത്തരം പഠനങ്ങളെ പുതിയ ചിന്തകൻമാർ നിഷേധിക്കുകയും അവയെ പരിഹസിച്ചു തള്ളുകയും ചെയ്തു. ഭൂമിയിൽ മനുഷ്യജീവിതം സുഖകരമാക്കുന്നതിനെക്കുറിച്ച് ചിന്തിക്കാനാണ് മനുഷ്യന്റെ ഊർജം ചിലവഹിക്കേണ്ടതെന്നവർ വാദിച്ചു.

ലത്തീൻ ഭാഷ സഭയുടെയും അധികാരി വർഗത്തിന്റെയും ഭാഷയാണെന്നും. അത് സാധാരണക്കാർ ഉപയോഗിക്കാൻ പാടില്ലെന്നും അവർ തങ്ങളുടെ സംസാരഭാഷ തന്നെ എല്ലാറ്റിനും ഉപയോഗിച്ചു കൊള്ളണമെന്നും പുരോഹിതന്മാർ ആജ്ഞാപിക്കുകയുണ്ടായി. ക്രൈസ്തവതയുടെ മൂശയിൽ വാർത്തെടുക്കപ്പെട്ട റോമാസാമ്രാജ്യത്തിന്റെ തുടർച്ചയായിരുന്ന കാത്തോലിക്കാ സഭക്ക് ബൈബിൾഭാഷന്തരം ചെയ്യപ്പെട്ട ലത്തീൻ വിശുദ്ധഭാഷയായിരുന്നു. ദൈവത്തിന്റെയും അവന്റെ വചനങ്ങളുടെയും ഭാഷയായിരുന്നു. ദാവത്തിന്റെയും അവന്റെ വചനങ്ങളുടെയും ഭാഷ ഹിബ്രുയായിരുന്നു. ബൈബിൾ ഭാഷയുടെ തൊട്ടു പിറകിൽ ലത്തീൻ ഭാഷക്ക് സ്ഥാനം നൽകപ്പെട്ടു. മാത്രമല്ല, ഇക്കാരണംകൊണ്ടു തന്നെ യൂറോപ്പിലാകമാനം മത-മതേതര പഠനങ്ങൾക്കുള്ള മാധ്യമമായി ലത്തിൻ ഭാഷ ഉപയോഗിക്കേണ്ടതാണെന്നും സഭ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. എന്നാൽ ഓരോ രാഷ്ട്രവും സമൂഹവും അവരുടെതായ ഭാഷകളിലാണ് തങ്ങളുടെ ചിന്തകളും വികാരങ്ങളും പ്രകടിപ്പിക്കേണ്ടതെന്നും ബൈബിൾപൊലും അവരവരുടെ ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെടേണ്ടതുണ്ടെന്നും പുതിയ ധിഷണശാലികൾ വാദിച്ചു.

യേശു മിശിഹ മാത്രമായിരുന്നു ലോകത്തിന്റെ ഭരണകർത്താവെന്നും അദ്ദേഹത്തിന്റെ ഇനിയുള്ള ആഗമനം വരെ തങ്ങളാണദ്ദേഹത്തിന്റെ പ്രതി പുരുഷന്മാരെന്നും അധികാരത്തിലുള്ളപുരോഹിത വൃന്ദം വാദിക്കുകയുണ്ടായി. മറുവശത്ത്, ഓരോ സമൂഹത്തിന്നും തങ്ങളുടെ ആശയങ്ങൾക്കും പാരമ്പര്യങ്ങൾക്കനുസൃതമായി സ്വന്തം ഭാഗധേയം നിർണയിക്കാനുള്ള സ്വാതന്ത്ര്യമുണ്ടെന്ന് പുതിയ ചിന്തകന്മാരും വാദിച്ചു. മതകാര്യങ്ങളിൽ മാത്രമേ സഭയോട് വിധിതേടേണ്ടതുള്ളൂ; ഭൗതിക കാര്യങ്ങളിൽ അതിന്റെ ആവശ്യമില്ല. അവർ പറഞ്ഞു. തങ്ങൾ സാമ്പത്തിക-സൈനികകാര്യങ്ങളിൽ ഏതൊന്നിനേയാണോ ആശ്രയിച്ചിരുന്നത്,ആ ഫ്യൂഡൽ വ്യവസ്ഥ അതിന്റെ എല്ലാ കുലീന സ്വഭാവങ്ങളോടും മത പരിവേഷത്തോടും കൂടി സമൂഹത്തിൽ എന്നെന്നും നിലനിൽക്കേണ്ടതാണെന്ന് സഭ വിശ്വസിച്ചു. (കുരുശു യുദ്ധത്തിനു പടയാളികളെ അയച്ചതും ഇതേ വ്യവസ്ഥ തന്നെയായിരുന്നു. ഫ്യൂഡലിസം യൂറോപ്യൻ സമൂഹത്തെ തകർത്തിരിക്കുന്നു വെന്നും കൂടുതൽ ഭദ്രമായഒരു രാഷ്ട്രി ഭരണ വ്യവസ്ഥകൊണ്ടതിനെ പകരം വെക്കണമെന്നുമായിരുന്നു മറുപക്ഷത്തിന്റെ വീക്ഷണം.

മേൽ പരാമർശിക്കപ്പെട്ട രണ്ട് വിഭാഗഹ്ങൾ തമ്മിലുള്ള അഭിപ്രായ വ്യത്യാസമായിരുന്നു മധ്യ നൂറ്റാണ്ടലെ പ്രധാനപ്പെട്ട സംഘർഷങ്ങൾക്ക് നിദാനം. നവോത്ഥാനത്തിന്റെ ദീപ്തി കരണങ്ങളാൽപരിലസിച്ചു നിന്ന കെപ്ളർ, ഗലീലിയോ, ദെക്കാർത്ത്, കാന്റ് ഫ്രാൻസിസ് ബേക്കൺ, റോജർ ബേക്കൺ തുടങ്ങിയ പ്രമുഖരായ വ്യക്തിത്വങ്ങളാണ് മധ്യയുഗത്തിന്നന്ത്യം കുറിച്ചത്. അവർ മധ്യകാല സഭയുടെ വൈദികാതിപത്യത്തിന്നും സമൂഹത്തി

ന്റെ-സദാചാര- ധൈഷണികമണ്ഡലങ്ങളിൽ പുരോഹിതൻമാർ തീർത്തവിലഹ്ങുകൾക്കും വിലക്കുകൾക്കും വിരാമമിടുകയും ചെയ്തു.

പുതിയ യുഗത്തിന്റെ ആഗമനത്തോടെ കല, സാഹിത്യം, തത്വ ചിന്ത, ശാസ്ത്രം എന്നിവ അവയുടെ പഴയ ഗതിയിൽ നിന്നും മാറി സഞ്ചരിക്കുകയുണ്ടായി. കലയെ യേശു, മർയം തുടഹ്ങിയ ബൈബിൾവ്യക്തിത്വങ്ങളുടെ രൂപങ്ങൾ മാത്രം വരക്കുകയോ കൊത്തിയെടുക്കുകയോ ചെയ്യുന്നതിൽപരിമിതപ്പെടുത്തുന്നതിനു പകരം, അതിന്നു മനുഷ്യ-പൗരാകൃതിക രൂപങ്ങൾ ചിത്രികരിക്കൂന്നതിനു അനുമതി നൽകപ്പെട്ടു. മധ്യയുഗത്തിൽ പുരോഹിതൻമാരുടെ അനുശാസനങ്ങളെ അനുധാവനം ചെയ്യാൻ പാടുണ്ടായിരുന്നുള്ളു, മൈക്കൽ ആഞ്ജലോ പോലുള്ള വിഖ്യാതരായ കലാകാരൻമാർക്ക് വളരെ കാലങ്ങളോളം സർഗപരമായ സ്വാതന്ത്യം നിഷേധിക്കപ്പെട്ടതും അവരെ സഭയുടെ ചങ്ങളക്കെട്ടുകളിൽ ബന്ധിച്ചു നിർത്തിയിരുന്നതും സുവിദിമത്രെ. മധ്യയുഗത്തിലെ കലാകാരൻമാർക്ക് തങ്ങളുടെ സർഗവാസനകൾ പൗരോഹിത്യത്തിന്റെ ബന്ധനങ്ങലിൽ പെട്ടുപോകുന്നത്രദൗർഭാഗ്യകരമായിഒന്നുമുണ്ടായിരുന്നില്ല. അതിനാൽ, നവോത്ഥാനത്തോട്കൂടി തങ്ങളുടെ ഇഷ്ടങ്ങൾക്കൊത്ത് കലാ സൃഷ്ടികൾ നടത്തിതുടങ്ങി. ആദ്യം സഭയുടെ കർശനമായനിയന്ത്രണങ്ങളിൽ പെട്ടിരുന്ന അവർ സർവതന്ത്ര സ്വതന്ത്രരായപ്പോൾ ഇഷ്ടത്തിനൊത്ത് എന്തും പ്രകടിപ്പിച്ചു തുടങ്ങുകയുണ്ടായി. അങ്ങനെയാണു നഗ്നതക്ക് അവരുടെ കലാസൃഷ്ടികളിൽ പ്രാമുഖ്യം വന്നു തുടഹ്ങുയത്. ഇതേ പോലെതന്നെകലയോടൊപ്പം സാഹിത്യവും ശാസ്ത്രവുമെല്ലാം മദ്ധ്യകാല പാരമ്പര്യകളിൽ നിന്ന് മുക്തി നേടി. അഭൗമിക ലോകത്ത് കമ്ണും നട്ടിരിക്കുന്നതിനു പകരം ഭൗതിക ലോകത്ത് മനുഷ്യന്റെ പുരോഗതിക്കായിഗവേഷണങ്ങൾ നടത്തുന്നതിൽ വ്യാപൃതരായി അവർ.

നവോത്ഥാനത്തിനു മുമ്പ് ബുദ്ധി ജീവികൾക്ക് ചിന്താ സ്വാതന്ത്യം പോലും നിഷേധിക്കപ്പെട്ടിരുന്നു. എന്നാൽ നിയന്ത്രണങ്ങളേയും മർദ്ദനങ്ങളേയും മറികടന്നു തങ്ങളുടെ ആശയങ്ങൾ പ്രകടിപ്പിക്കാൻ അവർ അക്ഷീണ യത്നം നടത്തുകയുണ്ടായി. നിലവിലുള്ള സങ്കൽപ്പങ്ങളോട് ഏതെങ്കിലും തരത്തിൽ യോജിക്കാത്ത ഒരാശയമാണ് അവർ പ്രകടിപ്പിക്കുന്നതെങ്കിൽ, നിന്ദിക്കപ്പെടാനോ പീഡിപ്പിക്കപ്പെടാനോ ഏറ്റവും ക്രൂരമായി മർദ്ധിക്കപ്പെടാനോ ഇടയാകുമായിരുന്നു. എന്നിട്ടും വിജയം ലഭിക്കുവോലം അവർ സമരം ചെയ്തു. നവോത്ഥാനത്തോട് കൂടി സാമൂഹ്യ രംഗത്ത് നായകത്വം ലഭിച്ച അവർ പുരോഹിതൻമാരെ സാമൂഹ്യമണ്ഡലത്തിൽ നിന്നു പറ്റെ നീക്കുകയും അവരെ ആശ്രമങ്ങളിലേക്ക് തിരിച്ചയക്കുകയും ചെയ്തു.

ഇനി നമുക്ക് നവോത്ഥാനത്തിനു ശേഷമുള്ള യൂറോപ്പിലേക്കൊന്നു കണ്ണോടിക്കാം . അവിടെയും സമൂഹമാകുന്ന പിരമിഡിന്റെ ഏറ്റവും അടിഭാഗത്ത് മധ്യ നൂര്റാണ്ടിലേതിൽ നിന്നും വളരെയൊന്നും ഭിന്നമല്ലാത്ത സാമാന്യ ജനം തന്നെയാണുള്ളത്. ഉദാഹരണമായി നിഹ്ങൾ റോമിലെ സെയിന്റ് പിയറി സന്ദർശിക്കുകയാണെങ്കിൽ അവിടെ പോപ്പിന്റെ ദർശനത്തിന്നായി മണിക്കൂറുകളോളം കാത്തു നിൽക്കുന്ന വമ്പിച്ച ഒരു ജനസഞ്ചയത്തെ കാണാം പോപ്പ് മുകളിലെ ദനലിൽകൂടി തന്റെ കൈ പുറത്തിട്ട് അനുയായികളെ അഭിവാദനം ചെയ്യുമ്പോൾ.മണിക്കൂറുകളോളം കാത്തു നിന്ന ഇവർക്ക് അദ്ദേഹത്തിന്റെ കയ്യോ ശരീരത്തിന്റെ ഏതെങ്കിലും ഭാഗമോ മാത്രമാണ് കാണാൻ സാധിക്കുന്നത്. അദ്ദേഹത്തിന്റെ ശബ്ദമാവട്ടെ ഇവർക്കൊട്ടും കേൾക്കാൻ കഴിയുന്നുമില്ല. മണിക്കൂറുകളോളമുള്ള കാത്തിരിപ്പിന് ശേഷം പോപ്പിനെ ഒരു നിമിഷാർദ്ധത്തിലെങ്കിലും കാണാൻ കഴിഞ്ഞ അനുഭൂതിയാൽ അവരുടെ കണ്ണുകളിൽ നിന്ന് അശ്രു കണങ്ങൾ അടർന്നു വീഴുകയും കണ്ണുകൾ വിശ്വാസത്താൽ വിജൃംഭിതമാവുകയും ചെയ്യുന്നു. പോപ്പിനെ കാണുന്നത് വരെ താൻ ശൂന്യനാണെന്നാണ് ഓരോരുത്തനും തന്നെ കുറിച്ച് ചിന്തിക്കുന്നത്. ഖണ്ട് കഴിയുന്നതോടെ അവനിൽ ഒരു പുതിയ ചൈതന്യം നിറഞ്ഞ പ്രതീതിയായി. പിന്നീടവൻ അടുത്ത വർഷവും ഇതാവർത്തിക്കാനായി അവിടെയെത്തുന്നു. അവിടെ കൂടുന്ന പുരുഷാരം എത്ര തന്നെ ആദരണീയരായിരുന്നാലും അവരും മധ്യ നൂറ്റാണ്ടിലെ സാധാരണ ജനതയും തമ്മിൽ ഒരു വ്യത്യാസവുമില്ല

എന്നതൊരു വസ്തുതയത്രെ . അവരുടെ മാനസിക തലത്തിൽ ഒരു വ്യത്യാസവും ഉണ്ടായിട്ടില്ല. അവരുടെ മതത്തിൽപുതിയ പല പരിണാമങ്ങളും സംഭവിച്ചിട്ടുണ്ടാകാം. പക്ഷെ പൊതുജനം പഴയുപോലെത്തന്നെ അജ്ഞതയിലും അന്ധ വിശ്വാസത്തിലും മുഴുകിക്കഴിയുന്നു. ഒരു ജനതയുടെ മാനസിക ഗുണനിലവാരം കൂടി കണക്കിലെടുത്താണ് ഒരു മതത്തിന്റെ മൂല്യവും പ്രാധാന്യവും നിർണയിക്കേണ്ടത്. അജ്ഞാനത്തിലും അന്ധവിശ്വാസത്തിലും ആപതിച്ച് പോയ ഒരു ജനത തങ്ങളുടെ കയ്യിൽ പുരോഗമനാത്മകമായ ഒരു മതമുണ്ടെന്നവകാശപ്പെട്ടു കൊണ്ടുവലിയ കാര്യമില്ല. ചൈതന്യമില്ലാത്ത മതമാണെങ്കിൽ അതും അവരോടൊപ്പം ജീർണിച്ച് പോവുകയേയുള്ളൂ. എന്നാൽ ഉൽബുദ്ധതയും മാനസിക പ്രബുദ്ധതയുമുള്ള ഒരു സമൂഹമാണെങ്കിൽ, തകർന്ന, ജീർണിച്ച ഒരു മതത്തെ ആധുനികതയോടൊത്തപോവുന്ന പുരോഗമന മതമാക്കി പരിവർത്തിപ്പിക്കാൻ അവർക്ക് കഴിയും.

സാർനവൗകികമായ യേശു പൂജയും അദ്ദേഹം ചരിത്രത്തിൽ വഹിച്ചപങ്കും പരിശോധിച്ചു നോക്കുക. യഥാർത്ഥയേശുവെക്കുറിച്ച് നമുക്ക് വളരെയൊന്നുംഅറിഞ്ഞ് കൂടാ. റോമാ ചക്രവർത്തിമാരുടെ കീഴിൽ കഷ്ടതയനുഭവിച്ചു വന്ന പൗരസ്ത്യൻഅടിമകൾക്ക് വേണ്ടി റോമാ സാമ്രാജ്യം രൂപകൽപന ചെയ്തതാണ്. നാമിന്നറിയുന്ന യേശുവിനെ. അതേയേശുവാണ് ആരെങ്കിലും നിങ്ങളുടെ വലത് കരണത്തടിച്ചാൽ ഇടത് കരണവും കാണിച്ച് കൊടുക്കുകയെന്ന് പറഞ്ഞത്. ശത്രുവേ പൊലും സ്നേഹിക്കണമെന്നദ്ദേഹം പഠിപ്പിച്ചു; പാപിക്ക് പോലും മാപ്പ് നൽകമം. അക്രമത്തോട് തികഞ്ഞ നിസ്സംഗത പുലർത്തുന്ന, എല്ലാറ്റിനെയും സഹിക്കാനനുശാസിക്കുന്ന സന്ദേശമായിരുന്നു യ്ശുവിന്റേത്. എന്നാൽ ക്രൈസ്തവ ബുദ്ധിജീവികൾ അതിനു നേരെ മറിച്ചാണ് വ്യാഖ്യാനം നൽകിയിരുന്നത്. അത് കൊണ്ടായിരുന്നല്ലോ ഓട്ടോമൻ സാമ്രാജ്യം യൂറോപ്യൻ രാഷ്ട്രങ്ങളെ അവിടത്തെ ക്രൈസ്തവർ മുദ്രാവാക്യം മുഴക്കിയത്.

യേശു മനുഷ്യ വർഗത്തിൻരെ രക്ഷകനായാണ് വീക്ഷിക്കപ്പെടുന്നത്. നീതിക്കും സ്വാതന്ത്ര്യത്തിനും വേണ്ടി പൊരാടാനും അക്രമത്തിന്റെയും ചൂഷണത്തിന്റെയും പിടുത്തത്തിൽ നിന്നു മോചനം നേടാനും അദ്ദേഹത്തിന്റെ അധ്യാപനങ്ങൾ ഉത്തേജനം നൽകുന്നതായിട്ടാണ് വിശ്വസിക്കപ്പെട്ടുവരുന്നത്. എന്നാൽ സ്വാതന്ത്ര്യത്തിനും മനുഷ്യ മഹത്വത്തിനും വേണ്ടി പൊരാടേമ്ട., ഏകാധിപത്യത്തിനും സ്വേച്ഛാധിപത്യത്തിനുമെതിരിൽ പടവാലെടുക്കേണ്ട ആ മതത്തിലെ നായകൻമാർ അധഃപതനത്തിലേക്കാപതിച്ചു പോയതായിട്ടാണു കാണുന്നത്. ഉൽബുദ്ധതയും വീക്ഷണവിശാലതയുമുള്ള മനസ്സിലാണുമതത്തിനു അതിന്റെ യഥാർത്ഥമായ അർത്ഥം കണ്ടെത്താനാവുക . സയ്യിദ് ജമാലുദ്ദീൻ അഫ്ഗാനി ദൂ ഫ്രാൻസ് കോളേജിൽ ഇസ്ലാമിനെക്കുറിച്ചോരു പ്രഭാഷണം നടത്തിയപ്പോൾ ഏണസ്റ്റ് റെനാനെപ്പോലുള്ള പ്രഗത്ഭ ചിന്തകൻമാരിൽ പോലും അത് ആവേശത്തിന്റെ തരംഗങ്ങൾ സൃഷ്ടിക്കുകയുണ്ടായി. സഭയിൽ നിന്നും ഭ്രഷ്ട് കൽപ്പിക്കപ്പെട്ട ആ മഹാചിന്തകൻ അഫ്ഗാനിയുടെ പ്രഭാഷണത്തെക്കുറിച്ച് ഇങ്ങനെ അഭിപ്രായ പ്രകടനം നടത്തി: ഇസ്ലാം തീർച്ചയായും മനുഷ്യന്നാവശ്യ മതമാണ്. അനുയായിയുടെ ബുദ്ധി മാഹാത്മ്യത്തെ ക്കുറിച്ചും വീക്ഷ വൈദഗ്ദത്യത്തെക്കുറിച്ചും ആശ്രയിച്ചാണ് ഒരു മതത്തിന്റെ മൂല്യം കണക്കാക്കേണ്ടതെന്ന് പറയേണ്ടിയിരിക്കുന്നു.''സയ്യിദ് ജമാലുദ്ദീൻ അഫ്ഗാനിയിൽ ഇസ്ലാം അതിന്റെ ആഴവും സത്തയും ദർശിച്ചു. കാരണം അദ്ദേഹം ആഴമേറിയ ഒരു ചിന്തകനായിരുന്നു.

മധ്യ നൂറ്റാണ്ടിനേയും നവോത്ഥാന കാലഘട്ടത്തെയും പരിശോധിച്ചു കഴിഞ്ഞ സ്തിഥിക്ക് ഇനി നമുക്ക് ആധുനിക കാലഘട്ടത്തിലേക്ക് വരാം. സമൂഹമെന്ന പിരമിഡിന്റെ അടിഭാഗത്ത് ഇവിടെയും മധ്യ നൂറ്റാണ്ടിൽ നിന്നു വളരെയൊന്നും വ്യത്യസ്തമല്ലാത്ത സാധാരണ ജനം തന്നെയാണുള്ളത്. ഇന്നത്തെ മുസ്ലിംകളും ഇക്കൂട്ടത്തിൽ പെടുന്നു. മതം വ്യത്യസ്തമാണെങ്കിലും അനുയായികളെല്ലാവരും ഏതാണ്ട് ഒരേ മാനസിക നിലവാരമാണു പുലർത്തുന്നത്. പാശ്ചാത്യ യൂറോപ്പിൽപൊലും ഇത് തന്നെയാണവസ്ഥ. മുസ്ലിംകൾക്ക് ഒരു പള്ളി പണിയാൻ റോമിൽ ഇനിയും അനുവാദം ലഭിച്ചു

കഴിഞ്ഞിട്ടില്ല. ഇസ്ലാം ജൂത- ക്രൈസ്തവ മത ന്യൂനപക്ഷങ്ങൾക്ക് അഗീകാരം നൽകുകയും അവർക്ക് ചിത്രത്തിലുടനീളം മത സ്വാതന്ത്ര്യം അനുവദിക്കുകയും ചെയ്തിരുന്നുവെന്നോർക്കുക. വളരെയധികം പേടിയോടും സുഷ്മതയോടും കൂടി വിവാഹമോചനം എന്ന പ്രശ്നം ഇറ്റലി മ്മ്പോട്ട് വെക്കുകയുണ്ടായി. പരിമിതമായ അർത്ഥത്തിലുള്ള വിവാഹമോചനമായിട്ടു കൂടി സഭ അതിനെ അംഗീകരികികുകയുണ്ടായില്ല. ഇക്കാരണങ്ങൾ കൊണ്ടെല്ലാമാണു അടിസ്താനപരമായി സമൂഹം മധ്യയുഗത്തിലേതിൽ നിന്നു മുമ്പോട്ടു പോയിട്ടില്ലെന്ന് നാം പറയുന്നത്. നവോത്ഥാന യുഗം ചരിത്രത്തിൽ ഉണ്ടാവുകയും കടന്ന് പോവുകയും ചെയ്തു. എന്നാൽ കെപ്ളർ, ഗലീലിയോ പോലുള്ള പ്രതിഭാധനൻമാർ നിലനിന്നു. സാമാന്യ ജനം മാറ്റമില്ലാതെ തുടർന്നു. ബുദ്ധിജീവി വർഗത്തിലാണ് മാറ്റങ്ങളുണ്ടായത്.

ആധുനിക കാലഘട്ടത്തിലെ ബുദ്ധിജീവികൾക്ക്ചില സവിശേഷതകളുണ്ട്. അവർ മതത്തിന്നും ആദ്ധ്യാത്മികതക്കും മതാധിപത്യത്തിന്നും എതിരത്രെ. ഡോഗ്മാറ്റിസത്തിന്നും മത്തതിനനും പകരമായി അവർ ശാസ്തരത്തെയാണ് ഉൽഘോഷിക്കുന്നത്. മതവും സദാജാരവുമെല്ലാം അവ്യാഖ്യേയവും അസ്വീക്ര്യവുംമാണെന്നും അദൃശ്യകാര്യങ്ങളെക്കുറിച്ച് ചിന്തിക്കുക ശാസ്ത്രത്തിന്റെ ഡോലിയല്ലെന്നും അവർ വാദിക്കുന്നു. പ്രപഞ്ചത്തിന്റെ നിയമങ്ങളെയും പ്രകൃതി ശ്കതി കളെയും കണ്ടത്തുകയുയം മനുഷ്യന്ന് അവയിൽ നിന്ന് സാമ്പത്തിക നേട്ടങ്ങളുണ്ടാക്കാൻ സഹായിക്കുകയുമാണ് ശാസ്ത്രത്തിന്റെ കടമ. മനുഷ്യന്ന് മാർദ ദർശനം നൽകാനല്ല ശാസ്ത്രം വന്നത്. പ്രകൃതിയെ നിയനിയന്ത്രിക്കാൻ അവന്ന് കരുത്തേകാനാണ്. ഭൗതികവാദം, പ്രകൃതിവാദം തുടഹ്ങിയവപ്പോലെപ്രയോജനാത്മക വീക്ഷണത്തിലൂടെ മാത്രമേ നോക്കിക്കാണാനാവൂ. അവർക്ക് മനുഷ്യന്റെ ഭൗതികാവശ്യങ്ങൾ പൂരിിതിതൂകരിക്കാൻ കഴിയണം. മരണത്തിനു ശേഷമുള്ള ഒരു ലോകത്ത് സ്വർഗത്തെ വാഗ്ദാനം ചെയ്യുന്ന മതത്തെ മനുഷ്യൻ കയ്യൊഴിക്കുകയും മരണത്തിന്നു മുമ്പ് ഭൂമിയിൽ തന്നെ സുഖ ജീവിതം പ്രദാനം ചെയ്യുന്ന ശാസ്ത്രത്തെ ്തിന്നു പകരായി സ്വീകരിക്കുകയും ചെയ്യണമെന്ന് അവർ വാദിക്കുന്നു.

ശാസ്ത്രം മനുഷ്യന്ന് പ്രകൃതിയുടെമേൽ അധികാരം നൽകുന്നു വെന്ന ഫ്രാൻസിസ് ബേക്കന്റെ പ്രസ്താവന ആധുനിക ചിന്തകരുടെ മുദ്രാവാക്യമായി കഴിഞ്ഞിട്ടിട്ടുണ്ട്. അതിനാൽ അവർ സത്യത്തിന്നു വേണ്ടിയുള്ള മതിയാക്കി അധികാരത്തിന്നു വേണ്ടിയുള്ള പാച്ചിലാരംഭിച്ചിരിക്കുന്നു. യൂറോപ്പിൽ ഈ വിഭാഗത്തിന്റെ ആഗമനത്തോട് കൂടിയാണ് ാത്മദാഹം സമിപ്പിക്കാനുള്ള ത്വരയുടെ സ്ഥാനത്ത് അധികാരമോഹം സ്ഥലം പിടിച്ചത്. ദൈവത്തിന്റെ രൂപത്തിൽഷ്ടിക്കപ്പെട്ട അവൻ പ്രപഞ്ചത്തിൽ അവന്റെ സംഗ്രഹീതരൂപമായിരുന്നു എന്നായിരുന്നു മുമ്പ് വിശ്വസിക്കപ്പെട്ടിരുന്നത്. എന്നാൽ ഇന്നവൻ മുതാലാളിത്ത കമ്പോളത്തിലെ ഉപഭോക്താവായി തരം താഴ്ത്തപ്പെട്ടിരിക്കുന്നു. മതാമാണ് മനുഷ്യന്ന് എല്ലാ മേഖലയിലും മാർഗ ദർശനം നൽകേണ്ടതെന്ന പഴയ സങ്കൽപ്പത്തിന്റെ സ്ഥാനത്ത് പുതിയ വിഭാഗം വിശ്വാസമർപ്പിക്കുന്നത്ഹ്യൂമനിസത്തിലും മതേതരാശയത്തിലുമാണ്. മതം ശാസ്ത്രീയമോ വസ്തു നിഷ്ടമോ അല്ലെന്നാണ് അവരുടെ അഭിപ്രായം. ശാസ്ത്രവാദം ഉപഭോഗവാദം ധനമോഹം എന്നിവയെ ജീവിത ജീവിത തത്വശാസ്ത്രത്തിന്റെ മൗലിക ഘടകങ്ങളാക്കിയ അവർ പതിനേഴും പതിനെട്ടും പത്തൊമ്പതും നൂറ്റാണ്ടികളിലെ ധിഷണാശാലികളിൽ നിന്നും അടിസ്ഥാന പരമായി വൈജാത്യം പുലർത്തുന്നില്ല.

എന്നാൽ ചരിത്രത്തിലെ സാമൂഹ്യ പിരമിഡിന്റെ ശിഖരങ്ങള്ൽ മുൻകാലങ്ങളിൽ ഉണ്ടായിരുന്നത് പോലെ തന്നെ, ിപ്പോനും പുതിയ താരങ്ങൾ ഉദിച്ചുയർന്നിട്ടുണ്ട്. സമകാലീനരായ സാധാരണ ചിന്തകരെ അപേക്ഷിച്ച് വീഖ്ഷണത്തിലും നിഗമനങ്ങലിലും തിച്ചും വൈജാത്യം പുലർത്തുന്നു ഇവർ നമ്മുടെ കാലഘട്ടത്തിലെ സാധാരണ ചിന്തകരെ അപേക്ഷിച്ച് ആധുനക ജീവിതത്തെക്കുറിച്ചും സംസ്കാരത്തെക്കുറിച്ചുമുള്ള സങ്കൽപ

ങ്ങളിലും ആദർശത്തിലും, ശാസ്ത്രീയ നിഗമനങ്ങളിലും കാഴ്ചപ്പാടിലും തികച്ചും വ്യതിരിക്തരായി നിൽക്കുന്നവരാണിവർ.

രണ്ടാം ലോലമഹായുദ്ധത്തിന് ശേഷമാണിവർ യൂറോപ്പിൽ ഉദയം ചെയ്ത്ത്. ബ്രെഹ്ത് പറഞ്ഞഥ് പോലെ, ജർമനിയിൽ ഫാഷിസിത്തിന്റെ ഉദയത്തോട് കൂടി ശാസ്ത്രം പരാജയം സമ്മതിച്ചതും ഇക്കാലത്ത് തന്നെയായ്രുന്നു. നരവംശത്തിന് നേർവഴി കാണിക്കുന്തിൽ ശാസ്തരം പരാജയപ്പെട്ടപ്പോൾ മേലെക്കിടയിലുള്ള ബുദ്ധിജീവികൾ പോലും അസ്വസ്തരായി. രാഷ്ട്രീയാദികാരം ശാസ്ത്രത്തിന്റെ കൈ പിടിച്ച് മുന്നോട്ട് പോയപ്പോൾ യൂറോപ്പ് കോളണിയൽ ശക്തിയായി രംഗത്ത് വന്നു. അത് ചൂഷണം വിപുലാമാക്കുകയും ലോകത്തിലെ പകുതി മനുഷ്യരെയും നാശത്തിലേക്കെടുത്തെറിയുകയും ചെയ്തു. മനുഷ്യരെ രണ്ട് വിഭാഗങ്ങാക്കി തിരിച്ചു. യീറോപ്യരല്ലാത്ത വർഗങ്ങളെ അവർ നശിപ്പിച്ചു. ഈ പാതകങ്ങളൊക്കെയും ചെയത്ത് സംസ്കാരത്തിന്റെ പേരിലാ യിരുന്നു താനും. ശാസ്തരം പുരോഗമിച്ച ഘട്ടത്തിൽ ത്ന്നെയാണ് രണ്ട് മഹാ യുദ്ധങ്ങളും പൊട്ടിപ്പുറപ്പെട്ടതും പകുതിയോളം ലോകത്തെ നശിപ്പിച്ചതും എന്നത് എത്ര ഖേദകരമല്ല!

സമൂഹത്തിനു നെടുനായകത്വം വഹിക്കുന്ന ബുദ്ധിജീവികൾക്ക് ശാസ്ത്രം പലപ്പോഴും ഒരു കീറാമുട്ടിയായിരുന്നു.

വർഗീയതയും വർഗബോധവും പ്രാക്തന സമൂഹങ്ങളുടെ ശാപമായിരുന്നു. പിൽക്കാലത്ത് നൂറ്റാണ്ടുകളോളം സംസ്കൃത മനുഷ്യൻ ആ സ്വഭാവത്തെ ദൂറെ എറിയികയുണ്ടായി. എന്നാൽ ഇന്നു ശാസ്ത്രത്തിന്റെ പിൻബലവുമവകാശപ്പെട്ട് ഇതാ അത് വീണ്ടും രംഗപ്രവേശം ചെയ്തിരിക്കുന്നു. വമ്പിച്ച ഒരു സാമൂഹ്യ ശക്തിയെപ്പോലെ ആക്കം കൂട്ടി. വിലോഭകമായ ആദർശങ്ങൾ പിന്തിരിപ്പൻ മതങ്ങളേക്കാൾ ശക്തിയായി മനുഷ്യവർഗത്തെ വഴിതെറ്റിച്ചു തുടങ്ങി. സ്വേഛാധിപതികളുടെ കടും ക്രിയകൾക്ക് നീതിവൽക്കരണം നൽകാൻ മഹാദാർശനികന്മാർ മാമ്പോട്ട് വരികപോലും ചെയ്യുകയുണ്ടായി. ഫാഷിസ്റ്റ് ഭരണാധികാരിയായിരുന്ന മുസ്സോളിനി ഒരിക്കൽ പതിനഞ്ചോളം തത്വചിന്തകന്മാരെ ഒരു മുറിയിലിട്ടടച്ച് പതിനഞ്ച് ദിവസത്തിനകം നടക്കാനിരിക്കുന്ന തിരഞ്ഞെടുപ്പിൽ ജനങ്ങളെക്കൊണ്ട് തനിക്കനുകൂലമായി വോട്ട് ചെയ്യിക്കുന്ന ഒരു പരിപാടി കണ്ടെത്താൻ ആജ്ഞ നൽകിയത്ഇവിടെ സ്മരണീയമാണ്. ശാസ്ത്രം ജനസഞ്ചയങ്ങളെ ഇരകളാക്കിയ ചരിത്രമാണ് പിന്നത്തേത്. ശാസ്ത്രത്തിന്റെയും അധികാരത്തിന്റെയും കുത്തകയനുഭവിച്ചിരുന്ന യൂറോപ്യൻ കോളനിവാഴ്ചക്കാർ യൂറോപ്പിനു പുറത്തുള്ള രാഷ്ട്രങ്ങളെ ശാസ്ത്രത്തിന്റെ പിൻബലത്തോടെ ഇരകളാക്കിക്കൊണ്ടേയിരുന്നു.

മനുഷ്യനു ശക്തിനൽകുന്നതിനു പുറമെ, ധനമോഹത്തിനു ശമനം നൽകാനും ശാസ്ത്രം ഉപയോഗിക്കപ്പെട്ടു. സമ്പത്തിന്റെ സേവകനായി മാറി ശാസ്ത്രം. മുമ്പ് കാലത്ത് പണവും വിജ്ഞാനവും രണ്ടറ്റങ്ങളിലായിരുന്നു സഞ്ചരിച്ചിരുന്നത്. വിത്തമുള്ളവനു വിജ്ഞാനമുണ്ടാവാറില്ല; വിജ്ഞാനമുള്ളവനു വിത്തവും. "വിത്തവും വിജ്ഞാനവും നാർസിസസും റോസാപൂവും പോലെയാണ്; രണ്ടും വേറെവേറെയായി വളരുന്നു. വിത്തമുള്ളവനു വിജ്ഞാനമില്ല; വിജ്ഞാനമുള്ളവനു വിത്തവും." എന്നു ഒരു കവി പാടുകയുണ്ടിയിട്ടുണ്ട്. കഴിഞ്ഞകാലങ്ങളിൽ രണ്ടിലൊന്നേ മനുഷ്യൻ നേടുമായിരുന്നുള്ളൂ. ധനം തേടുന്നവൻ അങ്ങാടിയിലേക്കും വിജ്ഞാനം തേടുന്നവൻ അതിനു പറ്റിയ സ്ഥലങ്ങളിലേക്കും നീങ്ങുന്നു. വിദ്യ തേടുന്നവനു പലപ്പോഴും വിശപ്പും ദാഹവും പട്ടിണിയുമെല്ലാം നേരിടേണ്ടി വരാറുണ്ടായിരുന്നു. എന്നിട്ടുമവൻ ജ്ഞാന മഹത്വവും ചിന്ത വിശുദ്ധിയും നൽകുന്ന പാത തെരഞ്ഞെടുത്തു. അധികാര പീഢങ്ങൾക്കു വിടുവേല ചെയ്യുക വഴി, ശാസ്ത്രം സമ്പത്തിന്റെ ഇണക്കവും വണക്കവുമുള്ള അടിമയായി ത്തീർന്നിരിക്കുകയാണ്.

ശാസ്ത്രജ്ഞനും മുതലാളിത്ത വ്യവസ്ഥയുടെ ഭാഗമായിത്തീർന്നിട്ടുണ്ടിന്ന്. സമ്പത്ത് ആവശ്യമായി വരുന്ന ശാസ്ത്രജ്ഞൻ അതിന്നായി ബൂർഷ്വാസിയെയാണ് ആശ്രയിക്കുന്നത്. തന്റെ ഭൗതികാവശ്യങ്ങളാണ് അവനെ മുതലാളിത്തത്തിന്റെ ഉപകരണമാക്കി മാറ്റുന്നത് . ശാസ്ത്രത്തിന്റെ യജമാനനായി മാറിയ മുതലാളിത്ത വ്യവസ്ഥ മനുഷ്യന്റെ വളർച്ചയെയും വിദ്യഭ്യാസത്തെയും പോലും നിയന്ത്രിച്ച് ആവ്യവസ്ഥക്ക് പാദസേവ ചെയ്യും. വിധം മനുഷ്യനെ രൂപപ്പെടുത്തിയെടുക്കുന്നു. അനാഥയെപ്പോലിരിക്കും ഈ സന്തതി. കടിഞ്ഞാണുകളുള്ള ഗവേഷകന് സ്വതന്ത്രനായി വളരാനാവില്ല. മേൽ ഭാഗത്ത് നിന്നുള്ള ആജ്ഞപ്രകാരം കണ്ടുപിടിക്കുവാനും രൂപകൽപന ചെയ്യുവാനും ഉണ്ടാക്കുവാനും മാത്രമേ അവനു സാധിക്കുകയുള്ളൂ. മുസ്സോളിനിയുടെ തത്വ ചിന്തകൻമാരിൽ നിന്നും ഭിന്നനായിരിക്കില്ല അവൻ. ചുരുക്കത്തിൽ ശാസ്ത്രവും ശാസ്ത്രജ്ഞനും ദാർശനികരുമെല്ലാം ബൂർഷ്വാ വ്യവസ്ഥയുടെ സേവകരായി മാറിയിരിക്കുകയാണ്.

മൂന്ന് നൂറ്റാണ്ടുകൾക്ക് മുമ്പുള്ള ചിന്താപരരായ ചട്ടക്കൂടിൽ നിന്നു മാത്രം ചിന്തിക്കുന്ന ഹ്യസ്വവീക്ഷാഗതിക്കാരായ സമകാലിക ബുദ്ധി ജീവികൾ, നവീന ആശയങ്ങളും വീക്ഷണങ്ങ്ളുമുള്ള പുതിയ താരങ്ങൾ ഉദിച്ചു വരുന്നതും തങ്ങളുടെ ആശയങ്ങൾ ഭീഷണികളെ നേരിടുന്നതും ഈയടുത്ത കാലത്തായി മനസ്സിലാക്കി തുടങ്ങിയിട്ടുണ്ട് . പുതുതുദിച്ചുയരുന്ന നവീനാശയക്കാർക്ക് ശാസ്ത്രത്തിന്റെ വിധേയത്വം അരോചകമായിട്ടാണനുഭവപ്പെടുന്നത്. മനുഷ്യനെ ഭൗതിക ചട്ടക്കൂടിൽ തളച്ചിടുന്ന ഹ്യുമനിസത്തിനും സത്യം കണ്ടെത്തുന്നതിന്നു യുക്തിയെ മാത്രം ആശ്രയിക്കുന്നയുക്തി വാദത്തിന്നും ഇന്നു അൽപ്പം ഇളക്കം തട്ടിയിട്ടുണ്ട് . അഭിനവ യുഗത്തിലെ സാംസകാരിക സൗധത്തിന്റെ തൂണുകളായി വർത്തിക്കുന്ന ഹ്യുമനിസത്തിന്നും യുക്തിവാദത്തിന്നും ഇളക്കം തട്ടിയിട്ടുണ്ടെങ്കിലും അത് സാമൂഹ്യ സൗധം തന്നെ തകിടം മറിയുന്നേടത്തോളം എത്തിയിട്ടില്ല. പോയ നൂറ്റാണ്ടിലെ കെപ്ളറുടെ യും ഗലീലിയോവിന്റെയും സ്ഥാനമേറ്റെടുക്കാൻ വന്ന പുതുയുഗത്തിന്റെ ധിഷണാശാലികൾ നിലവിലുള്ള ഭരണ ക്രമത്തിനും അതിനോട് സഹയാർത ചെയ്യുന്ന ശാസ്ത്ര-ചിന്താ മണ്ഡലങ്ങളിലുള്ളവരോടും സമരം തുടഹ്ങിയിരിക്കുകയാണ്. ലോകത്തെ ഉയിർത്തെഴുനേൽപ്പിച്ച് ഒരു പുതു ദിനത്തിന്റെ പ്രഭാദോദയത്തിന്നുവേണ്ടി ശ്രമിച്ചു കൊണ്ടിരിക്കുകയാണവർ . പഴയ യുഗം പിന്നിലേക്ക് വഴികാട്ടികളാവുന്നതിവരാണ്.

നമ്മുടെ കാലഘട്ടത്തെ നന്നായി സ്വാധീനിച്ച ഇവരെയും ഇവരുടെ ചിന്തകളെയും ആശയങ്ങളെയും നാമറിയേണ്ടതുണ്ട്. അവരെക്കുറിച്ച് വിശദമായി ചർച്ച ചെയ്യുന്നതിൽ പരിമിതികളുണ്ട്. എങ്കിലും ചിന്താമണ്ഡലത്തിൽ മുഴച്ചു നിൽക്കുന്ന ഏതാനും പേരെഇവിടെ പരാമർശിക്കാതെ നിർവ്വാഹമില്ല.

ഇക്കൂട്ടത്തിലൊരാളാണ് യൂജീൻ അയണസ്കോ. അദ്ദേഹത്തിന്റെ വിഖ്യാത കൃതിയാണ്'റിനോനുറോസ്' കലാകാരനും സാമൂഹ്യ ശാസ്ത്രജ്ഞനുമായ അയണസ്കോ തികച്ചും നവ്യമായ ഒരു കാഴ്ചപ്പാടിലൂടെ ചിന്തിക്കുകയും തന്റെ കൃതികളിലൂടെ പുതിയൊരു മനുഷ്യനെക്കുറിച്ച സങ്കൽപ്പം നമുക്ക് പ്രദാനം ചെയ്യുകയും ചെയ്യുന്നു. 'യൂറോപ്പ്യൻ മനഃസാക്ഷിയുടെ പ്രതിസന്ധി' എന്ന പേരിൽ സുപ്രസിദ്ധഗ്രന്ഥമെഴുതിയ റെനെ ഗനോൺ മറ്റൊരു ചിന്തകനത്രെ. ആധുനിക പാശ്ചാത്യൻ ലോകത്തിനെതിരിൽ സമരകാഹളം മുഴക്കുന്ന ഒരു നവചൈതന്യത്തെക്കുറിച്ചാണതിലദ്ദേഹത്തിനു പറയാനുള്ളത്. ശരീരശാസ്ത്രത്തിലും നരവംശശാസ്ത്രത്തിലുമുള്ള രണ്ട് സൃഷ്ടികൾക്ക് രണ്ട് നോബൽ സമ്മാനങ്ങൾ വാങ്ങിയ അലക്സിസ് കാറൽ ആണ് ഇക്കൂട്ടത്തിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നത്. '*മാൻ ദി അൻനോൺ*' (1938) എന്ന ഗ്രന്ഥവും തന്റെ വൈകാരിക-ദാർശനികാശയങ്ങളെ പ്രതിഫലിപ്പിക്കുന്ന '*പ്രാർത്ഥന*', '*ദൈവധ്യാനം*' എന്നീ രണ്ട് പ്രബന്ധങ്ങളും പേർഷ്യൻ ഭാഷയിലേക്കും വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. നിലവിലുള്ള ശാസ്ത്രത്തിന്റെ കാഴിചപ്പാടുകൾക്ക് വിരുദ്ധമായി നിൽക്കുന്ന അദ്ദേഹത്തിന്റെ ഒരു ശാസ്ത്ര ഗ്രന്ഥമാണ് '*വേ ആൻഡ് മാന്നർ ഓഫ് ദ ലൈഫ്*' എന്നത്.

കഴിഞ്ഞ രണ്ട് ദശകങ്ങളായി അദ്ദേഹത്തെ കവച്ചുവെയ്ക്കുന്ന ഒരു ചിന്തകനും ഉണ്ടായിട്ടില്ല.

ഫ്രാൻസ് ഫാനൻ ആണ് മറ്റൊരു ചിന്തകൻ. അദ്ദേഹത്തിന്റെ '*റച്ചിഡ് ഓഫ ദി എർത്ത്*' എന്ന ഗ്രന്ഥത്തിന് സാർത്ര് എഴുതിയ മുഖവുരയിൽ, "ഏംഗൽസിനു ശേഷം ആദ്യമായി ചരിത്രപരമായ പരിണാമങ്ങളെ പകൽ വെളിച്ചത്തിലേക്ക് കൊണ്ടുവന്നത് ഫാനൻ ആണ്" എന്നെഴുതിയിരിക്കുന്നു. വികസിത രാഷ്ട്രങ്ങളുടെ അനുവാദത്തോടു കൂടിയല്ലാതെ ശബ്ദം പുറപ്പെടുവിക്കാൻ പാടില്ലാത്ത ഒരു മൂന്നാം ലോക പൗരനാൽ നിർമ്മിക്കപ്പെട്ട ബോംബ് എന്നാണ് സാർത്ര് അദ്ദേഹത്തിന്റെ പുസ്തകത്തെ വിശേഷിപ്പിച്ചത്. ആകർഷകമായ ഭാഷയിൽ അദ്ദേഹം തന്റെ ജനതയെ വികസിത രാഷ്ട്രങ്ങൾക്കെതിരിൽ തിരിച്ചു വിടുകയാണ്. "ഹേ, അവികസിത രാഷ്ട്രത്തിലെ പൗരന്മാരേ, ഒന്നിക്കുക" എന്നദ്ദേഹം പറയുന്നു, "ഫാനൻ ഉണ്ടാക്കിയ ആ ബോംബ് അഴിമതി മുറ്റിയ, കപട്യം നിറഞ്ഞ, അഴുക്ക് പുരണ്ട, ഈ യുഗത്തിന്റെ ഹൃദയത്തിലേക്ക് ഞാനെറിയട്ടെ, എന്നിട്ടു വേണം ഇവിടെ സ്വതന്ത്രമുണ്ടാവാൻ", മുറിമാൻ റസ്റ്റാറന്റിൽ വെച്ച് ചെയ്ത ഒരു പ്രസംഗത്തിൽ സാർത്ര് പറഞ്ഞു. '*ആഫ്രിക്കൻ വിപ്ലവം*' എന്നപേരിൽ ഒരു കൃതികൂടി ഫാനന്റെ പേരിൽ പ്രസിദ്ധീകൃതമായിട്ടുണ്ട്.

പല സിദ്ധികളുമുള്ള അനുഗ്രഹീതനായ ഒരു ബുദ്ധിജീവിയാണ് പ്രൊഫസർ ഷാൻഡെൻ. ഇസ്ലാമിക നിയമത്തിന്റെ അവഗാഹമായ പാണ്ഡിത്യം നേടിയ ഒരു ഇസ്‌ലാം മത പണ്ഡിതനാണദ്ദേഹം. ഴാൻ പോൾ സാർത്ര്, അൽബേർ കമ്യ എന്നിവരോടൊപ്പം എണ്ണപ്പെടാറുള്ള നവീനാശയങ്ങളുടെ കർത്താവ് കൂടിയാണ് ഈ ചിന്തകൻ. "*അനുകരണത്തിന്റെ സാമൂഹ്യ ശാസ്ത്രം*", "*അസ്തിത്വത്തിന്റെ ഉൽകണ്ഠ*" എന്നിവയാണ് അദ്ദേഹത്തിന്റെ മികച്ച കൃതികൾ. അൽപം അസ്തിത്വവാദപരമായ ചിന്തകളുണ്ടെങ്കിലും അവയും പൗരസ്ത്യ വീക്ഷണങ്ങളോട് ഒത്ത് പോകുന്നവയാണ് . "*വേർ ഈസ് അവർ റിലയൻസ്?*" "*പ്രിൻസിപ്പ്ൾ ഓഫ് അൺഡിററർ മിനേഷൻ ഇൻ ലൈഫ്*" എന്നിവയും അദ്ധേഹത്തിന്റെ കൃതികളത്രെ. എല്ലാം ശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ തീരുമാനിക്കണം എന്ന ആധുനിക ബുദ്ധി ജീവികളുടെ കാഴ്ചപ്പാടുകളോട് പുറം തിരിഞ്ഞു നിൽക്കുന്നവയാണ് അദ്ധേഹത്തിന്റെ നവീനാശയങ്ങൾ. ഈ ആശയങ്ങൾ ഇന്ന് ഊർജതന്ത്രത്തിലും രസതന്ത്രത്തിലുമെല്ലാം സ്ഥാനം നേടിക്കഴിഞ്ഞിട്ടുണ്ട്. നിലവിലുള്ള ശാസ്ത്രം എതിർപ്പുകളെ നേരിടേണ്ടി വന്നിരിക്കുകയാണെന്നർത്ഥം.

അൾജീരിയൻ ചിന്തകനായ ഉമർ മൗലൂദ്, ആൽബർട്ട് ഐൻസ്റ്റീൻ, മാക്സ് പ്ലാങ്ക്, കാതിബ് യാസീൻ, പ്രസിദ്ധ കവിയായ എലിയട്ട്, ഉമർ ഒസ്ഗാൻ എന്നവരും നമ്മുടെ യുഗത്തിലെ മികച്ച ചിന്തകന്മാരത്രെ. ഈ വിഭാഗത്തിൽ പെടുന്ന മഹാനായൊരു ചിന്തകനാണു സാർത്രും. താനുൾക്കൊള്ളുന്ന ധൈഷണിക വിഭാഗത്തിനെതിരിൽ ചിന്താപരമായ സമരതരംഗമിളക്കിവിട്ട ദേഹമാണദ്ദേഹം. ആ നിലയ്ക്ക് അദ്ദേഹം പ്രത്യേകം പ്രാധാന്യമർഹിക്കുന്നു. ആഴമേറിയ ചിന്തകൊണ്ടും പ്രാധാന്യം കൊണ്ടും സാർത്രിനേക്കാൾ മുമ്പിൽ നിൽക്കുന്ന മാർട്ടിൻ ഹൈഡഗ്ഗർ. കാൾ ജാസ്പേഴ്സ് ഇവർ രണ്ടുപേരുടെയും മുൻപന്തിയിൽ നിൽക്കുന്ന മറ്റൊരു ചിന്തകനാണ്. സമയപരിധി മൂലം ഇവരുടെ ചിന്തകളെ വിശദീകരിക്കാനാവാത്തതിലും ഇതര വ്യക്തിത്വങ്ങളെ പരിചയപ്പെടുത്താനാവാത്തതിലും എനിക്ക് ഖേദമുണ്ട്. ഉപര്യുക്ത വ്യക്തിത്വങ്ങളുടെ ചിന്തകളെയും ആശയങ്ങളെയും പഠിക്കുകയെന്നത് നമ്മുടെ കടമയത്രെ. "വിശപ്പും ദാഹവും", "മനുഷ്യന്റെ ഭാഗധേയം", "വീണ്ടും ക്രൂശിതനായ ക്രിസ്തു" എന്നീ ഗ്രന്ഥങ്ങളും വായിച്ചിരിക്കേണ്ട പുസ്തകങ്ങളിൽ ചിലതാണ്. വിജ്ഞാന സമ്പാദനത്തിനും വളർച്ചയ്ക്കും വിഘാതം നിൽക്കുന്ന എല്ലാറ്റിനെയും തട്ടിനീക്കി ജീവിക്കുന്ന യുഗത്തെക്കുറിച്ചറിയാൻ നാം യത്നിക്കേണ്ടതുണ്ട്.

ഭൗതികവാദത്തിന്റെ പ്രാണേതാക്കളായ പത്തൊമ്പതാം നൂറ്റാണ്ടിലെ ചിന്തകരെ അപേക്ഷിച്ച് ഇവർക്കുള്ള സവിശേഷത, ഇവർ മനുഷ്യനെ ഒരു ഭൗതികാസ്തിത്വം എന്നതിലുപരിയായി കാണുന്നു എന്നതാണ്. ദൈവിക മഹത്വത്തിന്റെ നിദർശനമായി മനുഷ്യനെ കാണാനാണ് ഇവരിൽ പലരും ശ്രമിക്കുന്നത്. സാർത്രിനെപ്പോലുള്ള ചിലർ ദൈവത്തെയും ഭൗതികാധീത യാഥാർത്ഥ്യങ്ങളെയും നിഷേധിക്കുന്നുണ്ടെങ്കിലും അവരെല്ലാവരും മനുഷ്യനെ പദാർത്ഥത്തിന്നതീതമായ ഒരനുപമ സൃഷ്ടിയായാണ് കാണുന്നത്. മനുഷ്യനെ നയിക്കുന്നതിലും അവന്റെ വ്യക്തിത്വത്തെ പൂർണ്ണതയിലേക്കെത്തിക്കുന്നതിലും മാതൃകാസ്തിത്വമായി അവനെ മാറ്റിയെടുക്കുന്നതിലും ശാസ്ത്രം പരാജയപ്പെട്ടിരിക്കുന്നു എന്നും വിശ്വസിക്കുന്നു. ഇതും ഇവരുടെ പ്രധാന സവിശേഷതയത്രെ. ശാസ്ത്രവും മുതലാളിത്തവും ഭൗതികവാദവും മനുഷ്യകുലത്തെ വിമാനവീകരിച്ചിരിക്കുന്നു എന്നും അവർ വിശ്വസിക്കുന്നു. നിലവിലുള്ള സാമൂഹ്യ വ്യവസ്ഥയ്ക്കും അതിന്റെ ദർശനത്തിനും ജീവിതശൈലിക്കുമെതിരാണിവർ. ഇമ്മാനുവൽ കാന്റിന്റെയും റെനെ ദെക്കാർത്തിന്റെയും യുക്തിവാദത്തെ, കഴിഞ്ഞ മൂന്നു നൂറ്റാണ്ടുകളിലെ ചിന്തകൾക്ക് അസ്തിവാരം നൽകിയ റോജർ ബേക്കൺ, ഫ്രാൻസിസ് ബേക്കൺ എന്നിവരുടെ ശാസ്ത്രീയ രീതികൊണ്ട് നിരാകരിച്ച പുതുയ തലമുറയിലെ ബുദ്ധിജീവികൾ മനുഷ്യനെ ഉൽബുദ്ധരാക്കുവാനും സത്യം കണ്ടെത്തുവാനും സഹായിക്കുകയെന്ന ഉത്തരവാദിത്വം ശാസ്ത്രം ഏറ്റെടുക്കണമെന്ന് വാദിക്കുന്നു. മനുഷ്യവർഗത്തിലെ ഏതെങ്കിലുമൊരു വിഭാഗത്തിന്റെ മാത്രം താത്പര്യങ്ങളെ പരിരക്ഷിക്കുന്നതിൽ നിന്നും അതിനെ തടഞ്ഞേ തീരൂ. ധാർമ്മികവും ധൈഷണികവുമായ പരിപൂർണ്ണതകൈവരിക്കാൻ മനുഷ്യനെ സഹായിക്കലാണ് ശാസ്ത്രത്തിന്റെ ലക്ഷ്യമാകേണ്ടത് എന്നു വിശ്വസിക്കുന്നവരാണവർ. എന്നാൽ നിലവിലുള്ള സമൂഹ്യവ്യവസ്ഥയ്ക്ക് താങ്ങായിവർത്തിക്കുന്ന ബുദ്ധിജീവികൾ ശാസ്ത്രത്തിന്റെ ഈ പങ്കിനെ നിഷേധിക്കുന്നു. വസ്തുനിഷ്ഠത, സൗന്ദ്ര്യബോധം, എന്നിവയിലധിഷ്ഠിതമാണ് മനുഷ്യജീവിതം. ഒന്നാമത്തേതിനു ശാസ്ത്രമാണു വഴികാട്ടുന്നത്. രണ്ടാമത്തേത് കലയ്ക്ക് അടിസ്ഥാനമായി വർത്തിക്കുന്നു. മൂന്നാമത്തേതാണു മനുഷ്യന്റെ സദാചാരത്തിനു അടിത്തറ നൽകുന്നത്.

പ്രപഞ്ചത്തെക്കുറിച്ച് ഭയവും അത്ഭുതവും കൊണ്ട് മനസ്സ് ഉത്തേജിതമായില്ലെങ്കിൽ പ്രപഞ്ചത്തെക്കുറിച്ച് എന്തെങ്കിലും സത്യങ്ങൾ കണ്ടെത്താനാവില്ലെന്ന് ആധുനിക ഭൗതികശാസ്ത്രത്തിലെ അതികായന്മാരായ ആൽബർട്ട് ഐൻസ്റ്റീനും മാക്സ് പ്ലാങ്കും അഭിപ്രായപ്പെടുകയുണ്ടായി. പദാർത്ഥത്തിനും ഊർജ്ജത്തിന്നും മധ്യേസത്യത്തെ തേടുകയാണു താനെന്നു ഐൻസ്റ്റീൻ ഒരിക്കൽ പറഞ്ഞു. ഈ സത്യം അജ്ഞാതമായ ഒരസ്തിത്വമാണ്. ചിലപ്പോൾ അത് പദാർത്ഥമായും മറ്റുചിലപ്പോൾ അത് ഊർജ്ജമായും പ്രത്യക്ഷപ്പെടുന്നു. ഇതുവരെയും ഭൗതികശാസ്ത്രത്തിനജ്ഞാതമായിരുന്ന അത്, അത് എന്നും അങ്ങനെത്തന്നെ നിലനിൽക്കും. "ഇതിനെയാണു ഞാൻ ദൈവമെന്നു വിളിക്കുന്നത്."എന്നു ഐൻസ്റ്റീൻപറയുന്നു. ഊർജതന്ത്രത്തിന്റെ സ്രഷ്ടാവ് എന്നു മാക്സ് പ്ലാങ്ക് വിശേഷിപ്പിച്ച കെപ്ളർ , പ്രപഞ്ചവും അതിലെ എല്ലാ പ്രതിഭാസങ്ങളും , അപരബുദ്ധിയും ബോധവുമുളള ഏതോ ഒരിച്ഛയുടെ സൃഷ്ടിയാണെന്നു പറയുകയുണ്ടായി. ബുദ്ധിയും ഇച്ഛയും ബോധവുമുള്ള സചേതനവസ്തുവായാണ് പ്രപഞ്ചത്തെ കെപ്ളർകാണുന്നതെന്നു തോനുന്നു. മാക്സ് പ്ലാങ്ക് കെപ്ളറെ വിവരിക്കുന്നതഹ്ങനെയാണ്. പ്രപഞ്ചത്തെക്കുറിച്ച് ശാസ്ത്രജ്ന്റെ പ്രതിഫലനത്തിൽ കാണുന്ന അത്ഭുതങ്ങളേതുമില്ലാത്ത മറ്റൊരു ഭൗതിക ശാസ്ത്രജ്ഞനെക്കുറിച്ചും അദ്ദേഹം പരാമർശിക്കുന്നുണ്ട്. ഈ ശാസ്ത്രജ്ഞന്റെ കാഴ്ചപ്പാടിൽ, വ്യവസ്ഥാപിതമായി ഒരുക്കൂട്ടിയ പരമാണുക്കളുടെ സമുച്ചയം മാത്രമാണീ പ്രപഞ്ചം. അത്ന്റെ പിന്നിൽ ഭരിക്കുന്ന ഒരു ശക്തിയേയില്ല. എലിയുടെ വാലിൻമേൽ എക്സറെ രശ്മികളുടെ പ്രപവർത്തനമെങ്ങനെയെന്നു തുടഹങ്ങിയ ഏതാനൂം ചിലകണ്ടു പിടുത്തങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും,ഇദ്ദേഹത്തെ ആധുനിക ഭൗതിക ശാസ്ത്രത്തിന്റെ പിതാവായ കെപ്ളറുമായി ഒരു നിലക്കും തുലനംചെയ്യാൻ പോലും പറ്റില്ല. പ്രപഞ്ച രഹസ്യങ്ങൾ കണ്ടെത്തുമ്പോൾ സ്വാഭാവികമായുണ്ടാകുന്ന അത്ഭുവും അതിനെ തുടർന്നുണ്ടാകുന്ന വിശ്വാസവുമാണ്. മഹാശ്സ്ത്രജ്ഞൻമാരുടെ

സവിഷേഷതയെല്ലു മാക്സ് പ്ലാങ്ക് പറയുന്നു. ശാസ്ത്രത്തിന്റെ ദേവാലയ കവാടത്തിൽ “വിശ്വാസമില്ലാത്തവന്നു പ്രവേശിക്കാനനുവാദമില്ലഎന്നല്ലേ ഖനം ചെയ്തിട്ടുണ്ട്” അദ്ദേഹം പറഞ്ഞു.ഇത്തരം വാചകങ്ങൾ നമ്മുടെ കാലഘട്ടത്തിൽ പുതുമയുളളതാണ്- അത് അത് ഉതിർന്നു വിഴുന്നത് മഹാനായ ഒരു ശാസ്ത്രജ്ഞന്റെ നാവിൻ തുമ്പത്ത് നിന്നാവുമ്പാളഅതിന്നു പ്രാധാന്യമേറുന്നു. മതത്തിന്റെ വക്താക്കാൾക്കു മാത്രം പറ യാൻ കഴിയുവ്വവാക്കുകളാണിവ.കഴിഞ്ഞ രണ്ട്ശതകങ്ങളിലെ ശാസ്ത്രജ്ഞൻമാർക്ക് ഇത് പറയാൻ കഴിയുമായിരുന്നില്ല്.

ആധുനിക ശാസ്ത്രജ്ഞൻമാരിൽ നിന്നുളള പ്രതികരണങ്ങൾകേട്ടത് കൊണ്ടാണ് ഒരു പുതിയ യുഗം പിറക്കാൻ പോകുന്നുവെന്ന് നമുക്ക് ബോധ്യം വരുന്നത്. നമ്മുടെ കാല ഘട്ടും വെല്ലുവിളിക്കപ്പെട്ടിരിക്കുന്നു. ഈ കാലഘട്ടത്തിലെ നായകന്മാരെന്നു വിശേഷി പ്പിക്കപ്പെടുന്ന ചിന്തകൻമാരും ശാസ്തരജ്ഞൻമാരും അപ്റാപ്തരുംഹൃസ്വവീക്ഷാഗതി ക്കാരുമായിരുന്നു തെളിഞ്ഞിരിക്കുന്നു. അവരുടെ ആശയങ്ങൾക്കും ചിന്തകൾക്കും ശക്തി നഷ്ടപ്പെട്ടു കഴിഞ്ഞു. അവരുടെ അവകാശ വാദങ്ങൾചിന്താനഭസിൽപുതുതായു തിച്ചു വരുന്ന താരങ്ങളാൽ പരിഹസിക്കപ്പെട്ടിരികയാണ് പത്തൊമ്പതാം നൂറ്റാണ്ടിലെ ശരീര ശാസ്ത്രജ്ഞനായ ക്ലോഡ് ബർണാഡ് കൊഴുപ്പ് കണ്ടുവിടിച്ചപ്പോൾ, അഭിമാന പുളകത്താൽ പറഞ്ഞു. താൻ ദൈവത്തെയും ആത്മാവിനെയും ജീവിത രഹസ്യങ്ങളെ യുമെല്ലാം കണ്ടെത്തിയിരിക്കുന്നുവെന്ന്. അവയെല്ലാം കൊഴുപ്പിലാണടങ്ങിയിരിക്കുന്ന തെന്നും അദ്ദേഹം അവകാസപ്പെടുകയുണ്ടായി. മനു,ഷ്യനെകുറിച്ച ആത്യന്തിക സത്യ മെന്ന നിലയിൽഒരു ഫോമ്യുലക്ക് രൂപം കൊടുക്കുകയും ചെയ്തു അദ്ദേഹം. ഒരിക്കൽ ഞനദ്ദേഹത്തിന്റെ ചിത്രം കാണാനിടയായി. ഞാൻ പൊട്ടിച്ചിരച്ചുപോയി. കാരണം, കൊഴുപ്പിനെക്കുറിച്ചദ്ദേഹം പറഞ്ഞതത്രയും അദ്ദേഹത്തെ സംബന്ധിച്ചേടത്തോളം ശരി യായിരുന്നു. ദേഹം മുഴുവൻ കൊഴുപ്പായിരുന്നു അദ്ദേഹത്തിന്ന്. ശസ്ത്രക്രിയക്ക് ഉപ യോഗിക്കുന്ന തന്റെ കത്തികൊണ്ട് തൊടാൻ കഴിയാത്തേടത്തോളം കാലം താൻ ദൈവ ത്തിൽ വിശ്വസിക്കുകയില്ലെന്ന് വീമ്പിളക്കിയവനായിരുന്നപ അദ്ദേഹം. മനുഷ്യനോടും അദ്ദേഹത്തിന്റെ അസ്തിത്വത്തോടുമുളളസമീപനത്തിൽ ക്ലോഡ്ബർണാഡിനെപ്പോലെ യാണ് ഇന്നത്തെ ധിഷണശാലികൾ.

എന്നാൽ സ്നേഹ-സമാധാനിഷ്ടിതവും ഉത്തമവുമായ കർമ്മങ്ങളിലേക്ക് മനുഷ്യനെ ക്ഷണിക്കുന്ന നമ്മുടെ യുഗത്തിലെ ഏറ്റവും മഹാനായ ജീവശാസ്ത്രജ്ഞൻ അലക്സിസ് കാറലിനെ ഒന്നെടുത്തു നോക്കൂ. ഒരു കോഴിക്കുഞ്ഞിന്റെ ഹൃദയം അതിന്റെ ശരീരത്തിൽ നിന്നടർത്തിയെടുത്ത് മുപ്പത്തിയഞ്ച് വർഷക്കാലം ജീവിപ്പിച്ച മഹാനായ ഈ ധിഷണാശാലി , മനുഷ്യന്റെ രക്തക്കുഴലുകളുടെ തകരാറുകൾ തീർക്കു ന്നതിന്നാണ് ജീവിത കാലം മുഴുവൻ ചെലവവിച്ചത്. സേനഹവും വാത്സല്യവും അപർണ ബോധവും ആരാധനാ ബോധവുമെല്ലാം തന്റെ ഭൗതികാവശ്യഹ്ങളെപ്പോലെ ത്തന്നെ മനുഷ്യന്റെ മനസ്സിൽ നിലീനമാണെന്നദ്ദേഹം പറഞ്ഞു. സേനഹം, ആരാധന, പ്രാർത്ഥന തുടഹ്ങിയ കൃത്യങ്ങൾമനുഷ്യാത്മാവിനെ ഭൗതിക ലോകത്തിന്റെ അടിത്ത ട്ടിൽ നിന്നു, ഉന്നതിയിലേക്ക്, പ്രപഞ്ചത്തിൻരെ നിഗൂഢമായ ആത്മീയ കേന്ദ്രത്തിലേക്ക് ഉയർത്തിക്കൊണ്ടു പോകുന്നു എന്നദ്ദേഹം വിശ്വസിക്കുന്നു. പ്രാർത്ഥന ആത്മാവിനെ യുക്തിയുടെ ഇരുണ്ട അറയിൽ നിന്നു സേനത്തിന്റെ ഉദാത്ത മണ്ഡലത്തിലേക്ക് ഉയർത്തുന്നു, അദ്ദേഹം പറഞ്ഞു. ഇങ്ങനെയാണു നവലോകത്തിന്റെ നായകരായ ശാസ്ത്രജ്ഞൻമാർചിന്തിക്കുന്നത്-ക്ലോഡ്ബർണാഡിനെപ്പോലുളളവർചിന്തിക്കുന്നതിനു നേരെ വിരുദ്ധമായിത്തന്നെ.

♣♣♣

## സാംസ്കാരിക വിഭവങ്ങൾ

പ്രകൃതി വിഭവങ്ങളാൽ സമ്പന്നമായിട്ടും അത് ചൂഷണം ചെയ്യാനുള്ള കഴിവും തന്ത്രവും ഇല്ലാത്തതിന്റെ പേരിൽ പട്ടിണിയനുഭവിക്കുന്ന സമൂഹവും രാഷ്ട്രവും ഉണ്ടാവാം . അതേപോലെ തന്നെ ആത്മീയവും സാംസക്കാരികവുമായ വീഭവങ്ങളും ചരിത്രത്തിന്നും സംസാക്കാരത്തിന്നും ഒട്ടേറെ സംഭാവനകൾ നൽകിയ പൈതൃകവും ഉണ്ടായിട്ടും ആത്മീയമായും ചിന്താപരമായും ദാരിദ്ര്യമനുഭവിക്കുന്ന രാഷ്ട്രങ്ങളും ഉണ്ടാവാം സാംസ്ക്കാരിക വിഭവങ്ങളാൽ സമ്പന്നമായ അനേകം ഏഷ്യൻ അഫ്രിക്കൻരാഷ്ട്രങ്ങളുണ്ട്; എന്നിട്ടും അവർ പ്രാകൃതരെന്നും , അജ്ഞരെന്നും, പിന്നോക്കവിഭാഗമെന്നും, ആത്മീയമായും ധാർമികമായും ദരിദ്രരെന്നും ആരോപിക്കപ്പെടുന്നു. ഒരു രാഷ്ട്രത്തിലെ ഭൗതിക-സാംസ്ക്കാരിക വിഭവങ്ങൾ തമ്മിൽ നേരിട്ട് ബന്ധമുണ്ടെന്ന് നാം മനസ്സിലാക്കുന്നത് ഇക്കാരണം കൊണ്ടാണ്. ഉദാഹരണമായി ഒരു രാഷ്ട്രത്തിലെ നിലവിലുള്ള തലമുറ അവിടത്തെ സാമ്പത്തികവും സാംസ്ക്കാരികവുമായ വിഭവങ്ങൾ ചൂഷണം ചെയ്യുന്നതിലും പ്രയോജനപ്പെടുത്തുന്നതിലും വേണ്ടത്ര പ്രാപ്തരല്ലെങ്കിൽ, മറ്റെന്തു കഴിവുകൾ അവർക്ക് ഉണ്ടായാലും, ദാരിദ്ര്യത്തിന്റെയും പട്ടിണിയുടെയും , പകർച്ചവ്യാധികളുടെയും സാംസ്ക്കാരിക പാപ്പരത്തത്തിൻരെയും പ്രശ്നങ്ങളെ അവർക്ക് പരിഹരിക്കാൻ സാധ്യമല്ല. ഒരു രാഷ്ട്രം ദാരിദ്ര്യത്തിൽ നിന്ന് ധന്യതയി

ലേക്കും നിഷ്ക്രിയത്വത്തിൽ നിന്ന് ക്രിയാത്മകതയിലേക്കും സാമ്പത്തികമായ ആശ്രയത്വത്തിൽ നിന്ന് ഉല്പാദനക്,മതയിലേക്കും നീങ്ങണമെങ്കിൽ,സിദ്ധികൾ അംഗീകരിക്കാൻ കഴിയുന്ന സ്വാത്മ ബോധം അവരിൽ ഉണ്ടാവേണ്ടതുണ്ട്. എങ്കിൽ, ആത്മീയ-സാംസ്ക്കാരിക പുരോഗതിക്ക് ഉത്തമമായ രൂപത്തിൽ പ്രയോജനപ്പെടുത്തും വിധം കണ്ടെത്തുവാനും ഉപയോഗിക്കുവാനും ഉള്ള പ്രാപ്തി അവർ വളർത്തിയെടുക്കേണ്ടതുണ്ട്. ശാസ്ത്രീയ-സാങ്കേതിക രംഗങ്ങളിലുള്ള കഴിവുകളാണ് ഒരു രാഷ്ട്രത്തെ അതിന്റെ പ്രകൃതി വിഭവങ്ങൾ  കൊണ്ട് എത്ര തന്നെ ധന്യമാണെങ്കിലും അവർക്ക് ദാരിദ്ര്യത്തേയും ആശ്രയത്വത്തെയും നേരിടേണ്ടിവരും എന്നത് തീർച്ചയാണ്.

സ്വന്തം ചരിത്രത്തെക്കുറിച്ചും സാംസ്ക്കാരിക പൈതൃകങ്ങളെക്കുറിച്ചും ബോധമുള്ള രാഷ്ട്രത്തിന് അതിൻരെ ജാഡ്യവും പിന്നോക്കാവസ്ഥയും മാറ്റി സാമൂഹ്യവും ധാർമികവുമായ ഉന്നതിയിലേക്ക് കുതിച്ചുയരാൻ കഴിയും . രാഷ്ട്രത്തെ തകർച്ചയിൽ നിന്നും ഉയർച്ചയിലേക്ക് രൂപാന്തരപ്പെടുത്തിയെടുക്കാനുള്ള കഴിവ് അവർക്കുണ്ടാവണമെന്നേയുള്ളു.ഇതിന്നവർ സ്വന്തം രീതികളും , തത്വങ്ങളും ധാർമിക സിദ്ധാന്തങ്ങളും അനുഭവങ്ങളും മാത്രമേ ഉപയോഗപ്പെടുത്താവൂ. സ്വന്തം തനിമ എല്ലായ്പ്പോഴും പുലർത്തണം. മറ്റൊരു വികസിത രാഷ്ട്രത്തിന്റെ പകർപ്പാകാൻ ഒരിക്കലും ശ്രമിക്കരുത്. സ്വന്തം കഴിവുകൾ അംഗീകരിചിചു കൊണ്ടും സ്വന്തം പര്യാപ്തതയിൽ വികസിച്ച് കൊണ്ടും ദേശീയതലത്തിലും അന്തർ ദേശീയതലത്തിലും ആത്മ വിശ്വാസത്തോടുകൂടി മുമ്പോട്ട് പോയ ഏതാനും മനുഷ്യൻ - ആഫ്രിക്കൻരാഷ്ട്രങ്ങൾക്ക് പാശ്ചാത്യ സംസ്ക്കാരത്തിന്റെ സ്വാധീന വലയത്തിൽ നിന്നു മുക്തിനേടി സ്വന്തം മാർഗം കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

പ്രതീചിയുടെ സാംസ്ക്കാരിക ചേതനകളോട് അനൽപമായ വൈകാരിക മമത പുലർത്തുന്ന പത്തൊമ്പതാം നൂറ്റാണ്ടിലെ ബുദ്ധി ജീവികളിൽ നിന്നും ഭിന്നരായ ഈ നൂറ്റാണ്ടിലെ മൂന്നാം ലോക രാഷ്ട്രങ്ങളിലുള്ള ധിഷണശാലികൾക്ക് തങ്ങളുടെ മുൻഗാമികളേക്കാൾ അടുത്ത ബന്ധമുണ്ട് പാശ്ചാത്യ സമീഹത്തിന്റെ ശാസ്ത്രീയ-സാംസക്കാരിക വശങ്ങളുമായി. സ്വന്തം നാട്ടിലെ പാശ്ചാത്യ വൽകൃതമായ തലമുറയും നാട്ടുകാരും തമ്മിൽ എത്ര വിടവുണ്ടെന്നും പടിഞ്ഞാറിനോടുള്ള ആശ്രയഭാവം നാട്ടുകാരിൽ എത്ര വളർന്നു പോയിട്ടുണ്ടെന്നും ഇവർ നന്നായി മനസ്സിലാക്കിയിട്ടുണ്ട് പടിഞ്ഞാറ് നിന്ന് അവർ കടം വാങ്ങുകയും ഇറക്കുമതി ചെയ്യുകയും ചെയ്യുന്നത് പലപ്പോഴും അവരുടെ ആവശ്യങ്ങൾക്കും പ്രശ്ന പരിഹാരഹ്ങൾക്കും ഉപയുക്തമാവാറായില്ല. പ്രാചിയുടെ പ്രശ്നം പട്ടിണിയാണെങ്കിൽ പ്രതീചിയുടെ പ്രശ്നം അതിഭോജനമാണ്. വയറ് നിറച്ചതിനെക്കുറിച്ചുള്ള ഒരുവന്റെ വാചകങ്ങൾ പട്ടിണി മരണത്തിന്റെ വക്കത്തുള്ള മറ്റൊരാൾക്ക് ആശ്വാസമേകുകയില്ല. പാശ്ചാത്യന്റെ വാചകങ്ങൾ പാശ്ചാത്യർക്ക് മാത്രമാണ് ഉചിതവും അർത്തവത്തുമാകുക. സ്വന്തം മണ്ണിലാണ്. നാടൻ വിത്തുകൾ കൂടുതൽ ഫലമുൽപ്പാദിപ്പിക്കുക; മറുനാടൻ മണ്ണിലല്ല. പാശ്ചാത്യൻ വിത്തുകൾ പൗരസ്ത്യ മണ്ണിൽ കുഴിച്ചിടാൻ അതിന്റെ രുചിയും സൗരഭ്യവും പ്രാധാന്യവുമെല്ലാം നഷ്ടപ്പെട്ടുപോകുന്നു. പാശ്ചാത്യ സങ്കൽപങ്ങൾ ഏതാനും പൗരസ്ത്യ ബുദ്ധി ജീവികൾക്ക് ആകർഷകമായി തോന്നിയേക്കാമെങ്കിലും പൗരസ്ത്യ രാഷ്ട്രങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ അതൊട്ടും സഹായകമാവുകയില്ല. പാശ്ചാത്യ ലോകത്ത് മഹാന്മാരായ അനേകം ചിന്തകരുണ്ടായിരുന്നുവെന്നതും ഈയടുത്ത കാലത്തു തന്നെ ശാസ്ത്ര-ചിന്താ രംഗങ്ങളിൽ അനേകം പുതിയ സംഭാവനകൾ പാശാചാത്യർ അർപ്പിച്ചിട്ടുണ്ടെന്നു മുള്ള വസ്തുതകൾ നാം അവഗണിച്ചു കൂടാ. പടിഞ്ഞാറിൽ നിന്നു കൊണ്ടുവരുന്ന  എല്ലാറ്റിന്റെയും മുമ്പിൽ തികച്ചും അപരിചിതനാണ് പൗരസ്ത്യൻ എന്നും ധരിക്കേണ്ടതില്ല. പടിഞ്ഞാറിന്റെതായറിയപ്പെടുന്ന പല കാര്യങ്ങളിലും ചരിത്രപരമായും അനേകം അനുഭവങ്ങളുണ്ട് പൗരസ്ത്യ ലോകത്തിന്ന്.

അസ്തിത്വ വാദപരമായ അനേകം ചിന്തകളുടെയും സങ്കൽപങ്ങളുടെയും പൗരസ്ത്യ ദർശനങ്ങളിൽ കണ്ടെത്താൻ കഴിയും. എന്നാൽ അസ്തിത്വവാദം പൗരസ്ത്യ ലോക

ത്തിനു പരിചയപ്പെടുത്തപ്പെട്ടത്. പൂർണ്ണമായും അതിനന്യമെന്ന നിലയ്ക്കാണ്. പാശ്ചാത്യാശയങ്ങൾ മാത്രം ഇറക്കുമതി ചെയ്യാൻ പ്രതിജ്ഞാബദ്ധരായ പ്രാചിയിലെ പണ്ഡിതന്മാർക്ക് പൗരസ്ത്യദാർശനിക പൈതൃകങ്ങളുടെ അൽപമെങ്കിലും ഉൾക്കാഴ്ചയുണ്ടായിരുന്നുവെങ്കിൽ അസ്തിത്വവാദത്തിന്റെ വേരുകളെ പൗരസ്ത്യചിന്തയിൽ കണ്ടെത്താൻ കഴിയുമായിരുന്നു. പൗരസ്ത്യ ലോകത്തെ തത്വചിന്തയുടെ ചരിത്രത്തെക്കുറിച്ച് അജ്ഞാതരായിരുന്നതിനാലാണ് അവർക്കീ അബദ്ധം പറ്റിയത്. നമ്മുടെ സാമൂഹ്യ ചുറ്റുപാടുകൾക്ക് എത്രതന്നെ അപ്രസക്തമാണെങ്കിലും, അസ്തിത്വവാദത്തിന്റെ ദാർശനികവും മനഃശാസ്ത്രപരവും കലാപരവുമായ മാനങ്ങൾ പരിഗണിക്കുമ്പോൾ, ഭൗതിക-വ്യവസായവൽകൃത പാശ്ചാത്യലോകത്തെ മനുഷ്യനു ആത്മബോധം ഉണ്ടാക്കുന്നതിലും സ്വന്തത്തെ കണ്ടെത്താൻ സഹായിക്കുന്നതിലും അസ്തിത്വവാദം ഒരു പങ്കുവഹിച്ചിട്ടുണ്ടെന്ന് കാണാവുന്നതാണ്. നിലവിലുള്ള ഭൗതികലോകത്തിന്റെ സമ്മർദ്ദങ്ങളെ മനുഷ്യരിൽ അതിരുകടന്ന സ്വാർത്ഥതയുടെ വിത്തുപാകുന്ന ഉപഭോകൃതസംസ്കാരത്തെയും ചെറുക്കുന്ന ഒരു ദർശനമാണതെന്നും കിർകഗാർ മുതൽ സാർത്രും ജാസ്പേഴ്സും വരെയുള്ള അസ്തിത്വവാദം പ്രസ്ഥാനം തെളിയിക്കുന്നുണ്ട്. പടിഞ്ഞാറിന്റെ ആത്മീയദാഹത്തോട് പ്രതികരിക്കുന്നേടത്തോളം ഈ പ്രസ്ഥാനത്തിനു അർത്ഥവും ആഴവുമുണ്ടെന്നു നിസ്സഹായം പറയാം. എന്നാൽ പൗരസ്ത്യലോകത്തെ ദർശനങ്ങളുമായി തുലനം ചെയ്യുമ്പോൾ ഇത് തികച്ചും അപര്യാപ്തവും അപക്വവും തന്നെയാണ്.

ഭൗതികലോകത്ത് അന്യതാബോധത്തിന്റെ രൂപം കൈക്കൊള്ളുന്ന മനുഷ്യന്റെ ഉൽക്കണ്ഠയാണ് അസ്തിത്വവാദത്തിന്റെ അടിസ്ഥാന ചൈതന്യം. സഹജീവികളോടുള്ള ഉത്തരവാദിത്തബോധത്തിൽ നിന്നുയിർക്കൊള്ളുന്ന ഒന്നാണു മനുഷ്യന്റെ ഉൽക്കണ്ഠ. ജീവിതത്തിൽ ലക്ഷ്യബോധമില്ലാത്തവർക്കും ഉൽക്കണ്ഠയുണ്ടാവാം. നിരാശാബോധവു നിസ്സഹായാവസ്ഥയും മനുഷ്യനു ഉൽക്കണ്ഠ സൃഷ്ടിച്ചേക്കാം അസ്തിത്വവാദത്തിന്റെ മുഖ്യവിഷയങ്ങളിൽ ചിലതാണിവ. ഇവയാകട്ടെ ഇതിനേക്കാളാഴത്തിൽ ഇസ് ലാമിക സൂഫിസത്തിലും താവോയിസത്തിലും ബുദ്ധമത്തതിലും ഇതര പൗരസ്ത്യൻ ദർശനങ്ങളുമായി തുലനം ചെയ്യുമ്പോൾ പൗരസ്ത്യചിന്തകളെയും ദർശനങ്ങളെയും വിലയിടിച്ചു കാണുന്നതും അവഗണിക്കുന്നതും ദുഃഖകരമത്രെ.

യൂറോപ്പിൽ വിദ്യ അഭ്യസിക്കാൻ പോകുന്ന ബുദ്ധിപരമായ പക്വതപ്രാപിക്കാത്ത ചെറുപ്പക്കാരിൽ മിക്കവരും തങ്ങളുടെ സംസ്കാരത്തിന്റെയും മതത്തിന്റെയും ആഴവും ചരിത്രവും അംഗീകരിക്കാത്തവരായതിനാൽ സ്വന്തം സംസ്കാരം യൂറോപ്പിന്നടിയറവെയ്ക്കുന്നു. യൂറോപ്പിൽ അവർ പടിഞ്ഞാറൻ സംസ്കാരത്തെക്കുറിച്ച ചിലതാണ്-അതിന്റെ കല, സാഹിത്യം, ദർശനം മുതലായവ-പഠിക്കുന്നത്. താൻ യൂറോപ്പിൽനിന്നു പുതുതായി പഠിച്ചത് ബുദ്ധിപരമായ ദാരിദ്രമനുഭവിക്കുന്ന തന്റെ നാട്ടുകാർക്കും പുതുതായിരിക്കുമെന്ന തോന്നലാണ് ഈ പുത്തനറിവ് ഒരുവനിലുണ്ടാക്കുന്നത് അതിനാൽ പുതിയതും തനിമയുള്ളതുമെന്നു അവൻ വിശ്വസിക്കുന്ന ഈ നൂതന വിജ്ഞാനം സ്വന്തം നാട്ടുകാർക്ക് കഴിയും വേഗത്തിലെത്തിക്കുന്നതിനാലാണു പിന്നെയവന്റെ ശ്രദ്ധ. എന്നാൽ ഏറെത്താമസിയാതെ തന്നെ, അവയുടെ വേരുകൾതന്റെ നാട്ടിൽതന്നെയുണ്ടായിരുവെന്നുഅവൻ മനസ്സിലാക്കും. ഇത്തരം വിദ്യാർത്ഥികൾക്ക് ഇസ്ലാമിലോ സൂഫിസത്തിലോ സ്വന്തം നാട്ടിലെ സംസ്കാര്തതിലോ അൽപം പോലും താൽപര്യമുണ്ടാവില്ല. ഏറെക്കുറെ വിദ്യാഭ്യാസം ലഭിച്ചവർ പലരും ഇക്കൂട്ടത്തിലുണ്ടാവും. അവരെല്ലാം ചരിത്രമെന്ന പേരിൽകുറേ ചർവ്വിതചർവ്വണങ്ങൾ സ്വായത്തമാക്കിയവർ മാത്രമായിരിക്കും.

പാശ്ചാത്യചിന്തകളെ സ്വന്തം ഭാഷയിലേക്ക് വിവർത്തനം ചെയ്യുമ്പോൾ ഇവർ അബദ്ധങ്ങൾ വരുത്താനിടയുണ്ട്. കാരണം സ്വന്തം ഭാഷയിലുള്ള തത്വചിന്താരംഗത്തെ സാങ്കേതിക പദങ്ങൾ അവയ്ക്കറിയില്ലല്ലോ, ഇഖ്തിയാർ (സ്വതന്ത്ര ഇഛാവാദം), ജബ്ർ (വിധിവാദം) എന്നിവ ഇസ്ലാമിക സാഹിത്യത്തിലെ ദാർശനിക-സൂഫിസ്റ്റ് ഗ്രന്ഥങ്ങളിൽ വളരേയേറെ ചർച്ചചെയ്യപ്പെട്ട വിഷയങ്ങളാണ്. ഇതറിയുന്നവർക്ക് 'ഉൽക്കണ്ഠ', 'അന്യവൽക്കരണം', 'ദുഃഖം' തുടങ്ങിയ പഴയ അസ്തിത്വവാദ സംജ്ഞകൾ പൗരസ്ത്യ

ചിന്തയ്ക്ക് അപരിചിതമല്ലെന്നു മാത്രമല്ല അവ നേരത്തെ തന്നെ ഇവിടെയുള്ളതാണെന്നു മനസ്സിലാകും.

പേർഷ്യൻ ഭാഷയിലെ 'അൽമാസ്' എന്ന പദം ഉദാഹരണമായെടുക്കുക. മുമ്പ് 'മാസ്' ആയിരുന്നു പേർഷ്യനിൽ ഈ പദം. അത് അറബി ഭാഷയിലേക്ക് പോയപ്പോൾ 'അൽ' എന്ന ഉപസർഗം ചേർത്ത് 'അൽമാസ്' ആയി. അറബിയിൽ കുറേക്കാലം ഇതിങ്ങനെ തന്നെ ഉപയോഗിച്ചു പോന്നു. പിന്നീട് അറബി ഇസ്ലാമിക രാഷ്ട്രങ്ങളുടെ ഭാഷയായി ത്തീർന്നപ്പോൾ അത് വീണ്ടും പേർഷ്യനിലേക്കു വന്നു - 'അൽ' എന്ന ഉപസർഗം നില നിർത്തിക്കൊണ്ടു തന്നെ. അങ്ങിനെ പേർഷ്യനിൽ അൽമാസ് എന്നുപയോഗിച്ചു വന്ന പദം വീണ്ടും അറബിയിലേക്കു പോയപ്പോൾ 'അൽമാസ്' എന്നാണു പേർഷ്യൻ പദമെ ന്നു ധരിച്ച് വീണ്ടും ഒരു ഉപസർഗം -'അൽ'- കൂട്ടിച്ചേർക്കപ്പെട്ടു. അങ്ങിനെ 'അൽ-മാസ്' 'അൽ-അൽമാസ്' ആയി മാറി. പടിഞ്ഞാറു നിന്നു നമ്മുടെ നാടുകളി ലേക്ക് ഇറക്കുമതി ചെയ്യപ്പെടുന്ന ദാർശനിക പദങ്ങളിലും സങ്കൽപങ്ങളിലും മിക്കവാറും ഈ രൂപാന്തരീകരണം കാണാം.

മറ്റൊരു പരിണാമ ചരിത്രത്തിലൂടെ നീങ്ങുന്ന ശാസ്ത്രീയ കാര്യത്തിലെ ഈ ദൃഷ്ടി കോണിലൂടെ കാണാൻ സാധ്യമല്ല. കാരണം, ഇരുപതാം നൂറ്റാണ്ടിലെ ശാസ്ത്രം പത്തൊമ്പതാം നൂറ്റാണ്ടിലേതിനേക്കാൾ പുരോഗമിച്ചതാണ്. അതുപോലെ പത്തൊ മ്പതാം നൂറ്റാണ്ടിലേത് പതിനെട്ടാം നൂറ്റാണ്ടിലേതിനേക്കാൾ വളരേയേറെ മുമ്പോട്ട് പോയിരുന്നു. ശാസ്ത്രീയ മേഖലകളിൽ പാശ്ചാത്യലോകം പൗരസ്ത്യ ലോകത്തെ മറിക ടക്കുകയാണുണ്ടായത്. ശാസ്ത്രം വികസന വിധേയമാണെന്നതും ഇതിനൊരു കാരണ മാണ്. എന്നാൽ ആത്മീയ-ധാർമ്മിക കാര്യങ്ങൾ ഇങ്ങനെയൊരു പരിണാമ പാതയിലൂടെ സഞ്ചരിക്കുന്നില്ല. അതിനാൽ അവയെക്കുറിച്ച് എളുപ്പത്തിൽ വിധിയെഴുതാനും കഴി യില്ല. മനുഷ്യന്റെ സ്വഭാവത്തിന്മേൽ സമൂഹത്തിനും സംസ്കാരത്തിനുമുള്ള സ്വാധീന ത്തെക്കുറിച്ച് റൂസ്സോയും വോൾട്ടയറും തമ്മിലുള്ള തർക്കം ഈ വിഷയത്തിനൊരുദാഹ രണമാണ്. സമൂഹവും സംസ്കാരവും മനുഷ്യനെ വിമാനവീകരിക്കുകയും തകർക്കു കയും ചെയ്യുമെന്നായിരുന്നു റൂസ്സോവിന്റെ അഭിപ്രായം. എന്നാൽ മനുഷ്യനു പ്രകൃതി യിലേക്കു മടങ്ങി അവന്റെ സ്വഭാവത്തെയും പ്രകൃതിയെയും ശ്രേഷ്ഠതരമാക്കാം. യഥാർത്ഥത്തിൽ, പ്രകൃതിയിൽ അന്തർഗതമായ ദിവ്യ ചൈതന്യത്തിലേക്കുള്ള തിരിച്ചു പോക്കാണത്. വോൾട്ടയറാകട്ടെ സമൂഹത്തിൽ ജീവിക്കാതെ മനുഷ്യനു പുരോഗമി ക്കാൻ കഴിയില്ലെന്ന പക്ഷക്കാരനായിരുന്നു. ഏതാണ്ട് രണ്ടായിരം വർഷങ്ങൾക്കു മുമ്പ് ചൈനയിൽ കൺഫൂഷ്യസും ലാവോസെയും ഇതേ വാദം പുലർത്തിയവരായിരുന്നു.

നമ്മുടെ ബുദ്ധിജീവികളിൽ മിക്കവരും പൗരസ്ത്യ ദർശനങ്ങളെ ആഴത്തിൽ പഠിച്ചിട്ടില്ലെ ന്നത് ഖേദകരമായ ഒരു വസ്തുതയാണ്. വളരെക്കുറച്ച് പേർക്ക് മാത്രമേ ലാവോസെയു ടെയും കൺഫ്യൂഷസിന്റെയും ചിന്തകളെക്കുറിച്ചറിയൂ. ജപ്പാനിലും ചൈനയിലുമുള്ള ഏതോ മാന്ത്രികരാണ് അവരെന്ന് ഏതെങ്കിലും ധിഷണാശാലികൾ ധരിച്ചു പോകുന്ന തിന്റെ സാധ്യതയും തള്ളിക്കളയാവതല്ല. കാരണം, ലാവോസയുടേയും കൺഫ്യൂഷസി ന്റെയും ആധുനിക അനുയായികൾ അവരുടെ അദ്ധ്യാപനങ്ങളെ തികച്ചും ദുർഗ്രഹമാ ക്കിത്തീർക്കുകയും ആഭിചാരം, പ്രേതസിദ്ധി, മാരണം തുടങ്ങിയവയുമായി കൂട്ടിക്കുഴ ക്കുകയും ചെയ്തിട്ടുണ്ട്. ആഭിചാരം, ചെപ്പടി വിദ്യ തുടങ്ങിയ കാര്യങ്ങൾക്ക് തുടക്കം കുറിച്ച മുൻകാല മാന്ത്രികരാണെന്നു ഏതൊരു പൗരസ്ത്യ ബുദ്ധിജീവിയേയും തെറ്റി ദ്ധരിപ്പിക്കുമാറ് അത്ര വികൃതമായിപ്പോയിട്ടുണ്ട് അവരുടെ അധ്യാപനങ്ങൾ ഇന്ന്. പൗരസ്ത്യ ദർശനങ്ങളുടെ ആഴങ്ങളിലേക്കിറങ്ങിച്ചെല്ലാത്തത് കൊണ്ട് ഇവരുടെ ആശയ ങ്ങൾ തന്നെ ആധുനിക പൗരസ്ത്യൻ ചിന്തകർക്ക് അസ്വീകാര്യവും അപ്രസക്തവുമായി ത്തീർന്നിട്ടുണ്ട്. ആ ചിന്തകരുടെ ആശയങ്ങളിൽ കാണിക്കുന്ന അൽപമായ താൽപര്യം പോലും പഴഞ്ചൻ ആശയങ്ങളിലേക്കും പിന്തിരിപ്പത്തരത്തിലേക്കുമുള്ള തിരിച്ചുപോ ക്കായി ഇന്നു വ്യാഖ്യാനിക്കപ്പെടുകയും പരിഹസിക്കപ്പെടുകയും ചെയ്യും. ലാവോസെ

യെയും കൺഫ്യൂഷസിനെയും പ്രസക്തി നഷ്ടപ്പെട്ടവരെന്നു മുദ്ര കുത്തി പിന്നിലേക്കു തള്ളുന്നവർതന്നെ റൂസ്സോയും വോൾട്ടയറും തമ്മിലുള്ള സംവാദത്തെ ഉയർന്ന ദാർശനിക-ധൈഷണിക വിശയമായി തങ്ങളുടെ നാട്ടുകാരുടെ മുമ്പിൽ അവതരിപ്പിക്കുന്നു. ലാവോസെയും കൺഫ്യൂഷസും തമ്മിൽ ക്രിസ്തുവിന്ന് നൂറ്റാണ്ടുകൾക്ക് മുമ്പ് നടത്തിയ സംവാദത്തിന്റെ മാറ്റൊലി മാത്രമാണ് റൂസ്സോയും വോൾട്ടെയറും സംവാദമെന്നു ഇവരറിയുന്നില്ലെന്നു മാത്രം.

പൗരസ്ത്യ ലോകത്തിന്റെ സാമ്പത്തിക ഭാഗധേയം ആത്മീയ ഭാഗധേയവും ത്മമിൽ പറയത്തക്ക ബന്ധമുണ്ട്. പൗരസ്ത്യ പൈതൃകങ്ങളെ കണ്ടത്തുന്തിന്നു വഴിയൊരുക്കുന്ന ബുദ്ധി വൈഭവം തന്നെ പൗരസ്ത്യദേശത്തെ പ്രകൃതിവിബവങ്ങളും സാമ്പത്തിക സാധ്യതകളും കണ്ടത്തുന്നതിലേക്കും നയിക്കും. പ്രകൃതിവിഭവങ്ങാൽ സമ്പന്നമാണെങ്കിലും അത് ചൂഷണം ചെയ്യാനുള്ള പ്രാപാതിയില്ലെങ്കിൽ ആ രാഷ്ട്രം എന്നെന്നും ദരദ്രമായി നിൽക്കുകയേ ഉള്ളു. അതേ പോലെ തന്നെ, ആത്മീയ സാംസ്കാരിക പൈതൃകങ്ങളെ കണ്ടെത്തുകയും അതിനെ പരിഷ്കരിപ്പിച്ച് ഉൾക്കൊള്ളുകയും ചെയ്യാത്തിടത്തോളം അജ്ഞത, നിരക്ഷരത, ധൈഷണിക ദാരിദ്ര്യം എന്നിവയെ ഉൻമൂലനം ചെയ്യാൻ സാധ്യമല്ല. സ്വന്തം വിഭവങ്ങൾ ഉപയോഗപ്പെടുത്താനുള്ള സാങ്കേതിക വൈദഗ്ദ്ധ്യങ്ങില്ലാത്ത പിന്നോക്ക രാഷ്ട്രങ്ങൾ പടിഞ്ഞാറിന്റെ സാങ്കേതിക സിദ്ധികളെ ആശ്രയിക്കാൻ നിർബന്ധിതരാണ്. പലപ്പോഴും ഈ രാഷ്ട്രങ്ങളിലെ വിഭവങ്ങൾ സാങ്കേതികമായി പുരോഗമിച്ച പാശ്ചാത്യ രാഷ്ട്രങ്ങാൽ ക്രൂരമായി ചൂഷണം ചെയ്യപ്പെടുന്നു; മാത്രവുമല്ല, അവരുടെ ആശ്രിതരുമായിത്തീരുന്നു. സാംസ്കാരികാശ്രയത്തിലേക്ക് വഴി തെളിയിക്കുകയും സാംസ്കാരി തനിമ നഷ്ടപ്പെട്ട ആശ്രിത രാഷ്ട്രങ്ങൽ ക്രമേണെ ഭൗതികവും സാംസ്കാരികവുമായ ദാരിദ്രത്തിലകപ്പെടുകയും ചെയ്യുന്നു. പൗര്യസ്ത്യ കാര്യങ്ങളെക്കുറിച്ച് പൗര്യസ്തനേക്കാൾ വിവരമുള്ള പ്ഃശ്ചാത്യൻ പൗരസ്ത്യ മത- സാംസ്കാരിക സ്രോ തസ്സികളിൽ നിന്ന് പുതിയ ആശയങ്ങളും ചിന്താധാരകളും ചികഞ്ഞെടുക്കുന്നത് അതീവ സാമർത്ഥ്യം പ്രകടിപ്പിച്ചിട്ടുണ്ട്. നമ്മുടെ സംസ്കാരത്തെക്കുറിച്ചറിയാൻ പോലും അവരെ ആശ്രയിക്കാൻ നമ്മെ നിർബന്ധിക്കുമാറ് അത്ര ആഴമുള്ളതാണ് നമ്മുടെ സംസ്കാരത്തെക്കുറിച്ചുള്ള അവരുടെ പാണ്ഡിത്യം. നാം പാശ്ചാത്യാശയങ്ങൾ എന്നു ധരിക്കുന്ന ചിലത് യഥാർത്ഥത്തിൽ പൗരസ്ത്യമാണ് എന്ന് നമുക്ക് തിരിച്ചറിയാൻ പോലും കഴിയില്ല. സ്വന്തം സാംസ്കാരിക പൈതൃകങ്ങളെ തേടിപ്പിടിക്കുന്നതിലുള്ള പ്രാചിയുടെ പ്രാപ്തിക്കുറവാണ് ഇതിന്നു കാരണം. ഇക്കാരണം കൊണ്ടു തന്നെയാണ് ആത്മീയമായും ഭൗതീകമായുമ സാംസ്കാരികമായും ദാരിദ്രമനുഭവിക്കുന്നുവെന്ന ആരോപണത്തിനു പൗരസ്ത്യലോകം വിധേയമാവുന്നതും.

അതിനാൽ പ്രകൃതി വിഭവങ്ങളെ കണ്ടെത്താനും ചൂഷണം ചെയ്യാനും എന്തെല്ലാം ഗവേഷണങ്ങളും ശ്രമങ്ങളും നട്തതുന്നുവോ, അതേ പോലെത്തന്നെ തങ്ങളുടെ ആത്മീയ-സാംസ്കാരിക പൈതൃകങ്ങളെ തേടിപ്പിടിക്കാനും കണ്ടെത്താനും അവയെ പരിഷ്കരിക്കാനും പൗരസ്ത്യലോകം ശ്രമം നടത്തേണ്ടതുണ്ട്. എങ്കിൽ മാത്രമെ, സാംസ്കാരിക ദാരിദ്രത്തിൽനിന്നു മുക്തി നേടാനാവശ്യമായ ഭൗതികപ്രാപ്തി അതിനു വികസിപ്പിച്ചെടുക്കാൻ സാധിക്കുകയുള്ളൂ. സാമ്പത്തിക സ്വയം പര്യാപ്തത നേടുന്നതിനും വ്യവസായിക ഉല്പന്നങ്ങൾക്ക് യൂറോപ്പിനെ ആശ്രയിക്കുന്നത് അവസാനിപ്പിക്കുന്നതിനും യത്നിക്കുന്നതു പേലെത്തന്നെ ആത്മീയ-സാംസ്കാരിക വികസനത്തിനും ബുദ്ധിപരമായ വളർച്ചയ്ക്കും ശ്രമിക്കേണ്ടതായുണ്ട്. എങ്കിൽ അതിനു യൂറോപ്പിൽ നിന്നുള്ള സാംസ്കാരികവും ബുദ്ധിപരവുമായ ഇറ്കകുമതിക്കന്ത്യം കുറിക്കാൻ കഴിയും. ആത്മീയ സ്വാതന്ത്രം നേടുന്നത് വരെ പൗരസ്ത്യ ലോകത്തിനു സാമ്പത്തിക സ്വാതന്ത്രം നേടാനാവില്ല. രണ്ടും പരസ്പര പൂരകങ്ങലത്രെ. സസ്വന്തം പതൃകങ്ങളെ കണ്ടെത്തി സാംസ്കാരിക-ധൈഷണിക രംഗങ്ങലിൽ തനിമ പുലർത്തിയാൽ മാത്രമെ സാമ്പത്തികവു സാമൂഹ്.വുമായ രംഗങ്ങൾ സ്വതന്ത്രമായ അസ്തിത്വം നിലനിർത്താനാവൂ. മറിച്ചും അങ്ങനെത്തന്നെ. ഇത് മാത്രമാണ് പ്രതീചിയുടെ ചങ്ങലക്കെട്ടുകളിൽ നിന്നു മുക്തിനേടാനുള്ള മാർഗം.

ഇതെങ്ങനെ നേടിയെടുക്കാം? സ്വന്തം രാഷ്ട്രം കയ്യടക്കുകയും ചൂഷണം ചെയ്യുകയും ചെയ്ത വിദേശ ശക്തിയോ ശത്രുവോ മറ്റൊരു നിലയ്ക്ക് ആ രാഷ്ട്രത്തിന്റെ ഗുരുനാഥ നാണെന്നു നാം ഓർക്കേണ്ടതുണ്ട്. എന്നിട്ട് നാമാലോചിച്ച് നോക്കുക., നമ്മുടെ ആത്മീ യ- സാംസ്കാരിക പൈതൃകങ്ങളിൽ നിന്നു ഫലമെടുക്കാൻ വയ്യാത്തവിധം അവ യിൽനിന്നു നമ്മുടെചിന്ത പാശ്ചാത്യർ എങ്ങനെ തിരിച്ചു വിട്ടുവെന്ന്. എന്തുകൊണ്ട് ഈ തലമുറ സ്വന്തം മത-സാംസ്കാരിക പൈതൃകങ്ങലിൽ നിന്നു അക്നനുപോയി എന്നതും നാം മനസ്സിലാക്കേണ്ടതുണ്ട്. ഒരു ലോകം; ആത്മീയ ജ്ഞാന്തതിന്റെ കേന്ദ്രം. പക്ഷെ, ഇന്നത് തകർന്നുരുകൊണ്ടിരിക്കുന്നതും പഴഞ്ചനും പിന്നാക്കവുമാണെന്നു ആരോപിക്ക പ്പെടുന്നു. ഇതിന്റെ കാരണമാഅ നാം കണ്ടെത്തേണ്ടത്. സാമ്പത്തികമായും സാംസ്കാ രികമായും പൌരസ്ത്യലോകത്തെ കീഴ്പെടുത്തിക്കൊണ്ടാണ് പാശ്ചത്യൻ ലോകം വമ്പിച്ച വിജയം നേടിയത്. എങ്ങനെയാണത് നേടിയത്? ഇത് നേടാൻ എന്തെല്ലാം ഗൂഢാലോചനകൾ അത് നടത്തി? ഇവയെല്ലാം വിശദമായ പരിശോധനയർഹിക്കുന്നു. പൗരസ്ത്യ ലോകത്തേക്ക് അതിക്രമിച്ചു കയറാൻ പാശ്ചാത്യരുപയോഗിച്ച വഴി കണ്ടെ ത്തിയാൽ ഇനിയങ്ങോട്ട് ആ  വഴി തടയാൻ നമുക്ക് കഴിയും.

ഉപര്യുക്ത പ്രശ്നത്തിന്റെ കാരണങ്ങൾ കണ്ടെത്താനും പരിഹരിക്കാനും ഇതേ പ്രശന ങ്ങളും പ്രയാസങ്ങളനുഭവിച്ച രാഷ്ട്രങ്ങളുടെ സാമൂഹികവും സാമ്പത്തികവും ചരിത്രപ രവുമായ വശങ്ങൾ അറിയേണ്ടത് അത്യാവശ്യമാണ്. സ്വന്തം രാഷ്ട്രത്തിലെ മഹാന്മാ രായ ചിന്തകരെ അനുധാവനം ചെയ്യുന്നതിനു പകരം യൂറോപ്യൻ എഴുത്തുകാരുടെയും ദാർശനികരുടെയും ആശയങ്ങളിലും വീക്ഷണങ്ങളിലും ആകൃഷ്ടരാവുകയാണ് ഈ രാഷ്ട്രചത്തിലുള്ളവർ ചെയ്തത്. യൂറോപ്യരുടെ വീക്ഷണങ്ങൾ എത്ര തന്നെ സൂക്ഷ്മവും ആഴമുള്ളതുമാണെങ്കിലും നമ്മുടെ സമൂഹത്തിന്റെ യഥാർത്ഥ പ്രശ്നങ്ങളു മായി തട്ടിച്ചു നോക്കുമ്പോൾ അവ തികച്ചും അപ്രസക്തങ്ങളത്രെ. ദേശീയബോധവും വ്യക്തിത്വവും വീണ്ടെടുക്കാനും സ്വന്തം ജനതയ്ക്ക് അന്തർദേശീയാംഗീകാരം നേടിയെ ടുക്കുവാനും സാമൂഹ്യപ്രശനങ്ങൾക്ക് യുക്തമായ പരിഹാരം കണ്ടെത്താനും യത്നിച്ച മഹാന്മാരായ ഏഷ്യ-ആഫ്രിക്കൻ ചിന്തകരെക്കുറിച്ച് നാം ആജ്ഞരായത് എത്ര ഖേദകര മല്ല! ബ്രഹ്മത്, ബെക്കറ്റ് തുടങ്ങിയ യൂറോപ്യൻ എഴുത്തുകാരുടെ കൃതികൾ വായി ക്കാൻ അത്ഭുതകരമാം വിധം ഭ്രാന്തമായ ആവേശമാണ് നാം കാണിച്ചത്. അവരുടെ ആശയങ്ങളും അനുഭവങ്ങളും നമ്മുടെ സമൂഹത്തിന പ്രസക്തമാണെന്നു നാം അറി ഞ്ഞില്ല. നമ്മുടെ വേദനയ്ക്കുള്ള മരുന്നിനെക്കുറിച്ചല്ല അവർ സംസാരിച്ചത്. ഞെര മ്പിന്റെ വേദനയായിരുന്നു അവർക്ക് കിട്ടിയ രോഗങ്ങൾ. ന്മമുടേത് ആമാശയത്തിന്റെ വേദനയായിരുന്നു. നമ്മുടെ രോഗത്തിന്റെ ഔഷധം അവരുടെ മരുന്നുശീട്ടിലില്ല. മാത്ര വുമല്ല, ഈ നൂറ്റാണ്ടിലെ രണ്ട് യുദ്ധങ്ങലിലും ബൂർഷ്വാസിയുടെ ഉദയത്തോടെ കഴിഞ്ഞ മൂന്നു നൂറ്റാണ്ടുകളിൽ പാശ്ചാത്യലോക്തതുദയം ചെയ്ത യന്ത്രസംസ്കൃതിയിലുമാണ് അവരുടെ അനുഭവങ്ങൾ വേരൂന്നി നിൽക്കുന്നത്. നമ്മുടെ സമൂഹത്തിൽ ഈ പ്രതിഭാസ ങ്ങൽ ഒരുക്കലും നിലനിന്നിരുന്നില്ല. നമ്മുടെ സമൂഹത്തിൽ ബൂർഷ്വാസികളുണ്ടെന്നു ള്ളത് ശരിയാണ്. എന്നാൽഡ നവോത്ഥാനത്തിനു ശേഷം യൂറോപ്യൻ സംസ്കാരത്തെ തന്നെ അടക്കി ഭരിച്ച ബൂർഷ്വാസിയിൽ നിന്നും വിഭിന്നരാണവർ. വസ്തുതകൾ ഇതായി രിക്കെ, യൂറോപ്യൻ ദർശനങ്ങൾ കൊണ്ട് നമുക്കെന്ത് പ്രയോജനം? ഈ സമൂഹത്തിൽ നമ്മുടെ ജീവിത ശൈലിയുമായി. അത് യഥാർത്ഥത്തിൽ പൊരുത്തപ്പെടുന്നുണ്ടോ? എന്റെ പ്രശ്നം എന്റെ കുടുംബത്തിന്റെയും കുട്ടികളുടെയും പട്ടിണി മാറ്റുകയാണ്. യൂറോപ്യന്റേത് അതല്ല. ജീവിക്കുന്ന ലോകത്തിൽ തന്റെ അസ്തിത്വം കണ്ടെത്താൻ അവൻ സമയം വ്യയം ചെയ്യുമ്പോൾ ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നീ പ്രാഥമികാവ ശ്യങ്ങൽ നേടാൻ ഞാൻ പാടുപെടുകയാണ്. ഈ പ്രശ്നങ്ങൽ നേരത്തെ തന്നെ പരിഹൃ തമായത് കൊണ്ടാണ് അവൻ അതിനപ്പുറത്തുള്ള പ്രശ്നത്തെക്കുറിച്ച് ചിന്തിക്കുന്നത്. ഇക്കാരണം കൊണ്ട് തന്നെ ലോകവീക്ഷണം വികസിപ്പിക്കാനും അവനു സാധിച്ചിട്ടുണ്ട്. ഞാനാകട്ടെ, ജീവിതത്തിലെ അടിസ്ഥാന ആവശ്യങ്ങൾക്ക് വേണ്ടി മല്ലിടുകയാണ്.

നമ്മുടെ പ്രശ്നവും നമ്മുടെ പ്രശ്നവും രണ്ടും രണ്ടാണെന്നും രണ്ടിനും വ്യത്യസ്ത ചിന്തകളാണു വേണ്ടതെന്നുമാണ് ഇവ കാണിക്കുന്നത്.

നമ്മുടേത് പോലുള്ള പ്രശ്നങ്ങളും വേദനകളും ജനത്തെ ചിത്രീകരിക്കുകയും അവരുടെ വേദനകൾ ശമിപ്പിക്കുകയും ചെയ്ത എഴുത്തുകാരുടെയും സാമൂഹ്യ വിമർശകരുടെയും സൃഷ്ടികളിലേക്ക് നമ്മുടെ ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു. ബ്രാഹ്തിന്നു പകരം കാതിബ് യാസീനെയും സാർത്രിനു പകരം ഉമർ മൊലൂദിനെയും ഉമർ ഓസ്ഗാസിനെയും അൽബേർ കമ്മ്യുവിനു പകരം എമ്മാ സിസേർ, ഫ്രാൻസ് ഫനൺ എന്നിവരെയും വായിക്കാൻ ശ്രമിച്ചാൽ നമുക്കു അവരുടെ പ്രശ്നങ്ങളെയും നമ്മെത്തന്നെയും കണ്ടെത്താൻ കഴിയും. കാരണം നമ്മുടെ പ്രശ്നങ്ങൾ തന്നെയായിരുന്നു അവരും നേരിട്ടത്. ഇതിനുല പകരം പാശ്ചാത്യൻ എഴുത്തുകാരുടെ സൃഷ്ടികൾ തന്നെയാണ് നാം വായിക്കുന്നതെങ്കിൽ നമ്മുടെ യഥാർത്ഥ ജീവിതപ്രശ്നങ്ങളിൽ നിന്നും നാം അകന്നു പോവുകയേ ഉള്ളൂ. ഈ എഴുത്തുകാരുടെയും ചിന്തകരുടെയും സൃഷ്ടികളുമായി ഇടപഴകിക്കൊണ്ട് പാശ്ചാത്യരുടേതിനേക്കാൾ ഉൽബുദ്ധമായിട്ടുണ്ട് എന്ന് വിസ്മരിക്കുന്നില്ല. അവരുടെ സൃഷ്ടികളിൽ പൗരസ്ത്യതയുടെ മനസ്സും കുടുങ്ങിപ്പോയതു കൊണ്ടാണ് സ്വന്തം സമൂഹത്തോടോ പ്രശ്നങ്ങളോടോ പൗരസ്ത്യർക്ക് പ്രതിബദ്ധതയില്ലാത്തത്. പാശ്ചാത്യന്റേതിൽ നിന്നു ഭിന്നമായ ഒരു ചികിത്സയാണു പൗരസ്ത്യ മനസ്സിനുവേണ്ടതെന്ന വസ്തുത ഇനിയും മനസ്സിലാക്കേണ്ടതായിട്ടാമിരിക്കുന്നത്. ഇവിടെ നിന്നു തന്നെയാണ് ഇവിടത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടത്. അത് പാശ്ചാത്യസമൂഹത്തിലല്ല തെരയേണ്ടത്. അവരുടെ പരിഹാരങ്ങൾ നമ്മെ തകർച്ചയിലേക്കെത്തിക്കുകയേ ഉള്ളൂ. അതെത്ര തന്നെ പുരോഗമനപരമാണെങ്കിലും.

എന്ത് കൊണ്ട് പൗരസ്ത്യലോകം തങ്ങളുടെ പൈതൃകങ്ങളിൽ നിന്നു അന്യവത്ക്കരിക്കപ്പെട്ടു? പാശ്ചാത്യർ ഇതിന്നു വേണ്ടി ചെയ്തതെന്തായിരുന്നു? ആഫ്രിക്കയിലെ ഉന്നത ചിന്തകളിലൊരാളായ ഉമർ മൊലൂദിന്റെ ഇവ്വിഷയകമായ വിശകലനം ശ്രദ്ധേതയമാണ്. തന്റെ അടിമ കൂറില്ലവനും അനുസരണ ശീലമുള്ളവനുമാകണമെന്നുറപ്പ് വരുത്താൻ യജമാനൻ ആദ്യം ചെയ്യേണ്ടത് അവന്റെ വ്യക്തിത്വത്തെ നശിപ്പിക്കുകയാണ്. കാരണം, വ്യക്തിത്വമുള്ളവനെ മാനസികമായി കീഴ്പെടുത്താൻ കഴിയില്ല. ഇതേ പോലെ തന്നെ ഒരു ജനതയെ അടിമത്ത സദൃശമായ അനുസരണത്തിലേക്ക് നയിക്കാൻ ആദ്യമായി അവരുടെ വ്യക്തിത്വത്തെ നശിപ്പിക്കുകയും തങ്ങൾ മനുഷ്യർപോലും അല്ലെന്നു തോന്നും വിധം അവരെ ആത്മീയമായും ധാർമ്മികമായും തകർക്കുകയും വേണം. ഇത്തരം ജനത കഴുതകളെപ്പോലെ ഭാരം പേറുന്നതിനെ ഒരിക്കലും എതിർക്കില്ല. പടിഞ്ഞാറിനു മുമ്പിൽ അപകർഷ ബോധമുണ്ടാവുകയും അവരേക്കാൾ മാനുഷികമായി താഴ്ന്നവരും ആശ്രിതരമാണെന്ന തോന്നലുണ്ടാവുകയും ചെയ്യുമ്പോൾ വ്യവസായിക-സാംസ്കാരിക രംഗങ്ങലിൽ അവരെ ആശ്രയിക്കുന്നതിൽ നിന്നും നമുക്ക് മുക്തി നോടാനാവുകയില്ല. അവരെ ആശ്രയിച്ചാലാവട്ടെ, ആധുനികതയുടെ പരിവേഷം മാത്രമെ നമുക്കുണ്ടാവുകയുള്ളൂ.

ജഡ്ജിയായ തന്റെ ഒരു സുഹൃത്തിനെ കാണാൻ പോയ എന്റെ ഒരു സുഹൃത്ത് ഒരിക്കൽ എന്നോട് പറയുകയുണ്ടായി. ധാർമ്മിക വിശുദ്ധിയും അർപണമനോഭാവവും നിർമ്മലസ്വഭാവവും ഉള്ള ഒരാളായിരുന്നു ആ ജഡ്ജി. എന്റെ സുഹൃത്ത് ഒരിക്കൽ ആ ജഡ്ജിയുടെ ഓഫീസിൽ പോകാനിടയായി. ജഡ്ജി അദ്ദേഹത്തെ അത്യാദരപൂർവ്വം സ്വീകരിക്കുകയും തന്റെ സമീപത്ത് തന്നെ ഇരുത്തുകയും ചെയ്തു. ആ സമയത്ത് കുറ്റവാളിയല്ല, മാന്യനെന്ന് തോന്നിക്കുന്ന ഒരാൾ ആ ഓഫീസിൽ കയറി വരികയുണ്ടായി. കാഴ്ചയിൽ പേരും പദവിയും പ്രശസ്തിയും ഒരാളാണ് ആദ്ദേഹമെന്ന് തോന്നിക്കുന്നുണ്ട്. അയാൾ തന്റെ ഹാറ്റ് ഊരി ജഡ്ജിയോടപേക്ഷിച്ചു തനിക്കും അദ്ദേഹത്തിന്റെ സമീപത്ത് ഒരിരിപ്പിടം തരുമോയെന്ന്. അയാളുടെ പെരമാറ്റ രീതികണ്ട് ജഡ്ജിയുടെ ഓഫീസിൽ ഉണ്ടായിരുന്ന മറ്റുള്ളവർ എഴുന്നേറ്റ് നിന്ന് അയാളെ ആദരിച്ചുപോവുക പലുമുണ്ടായെന്ന് എന്റെ സുഹൃത്ത് പറഞ്ഞു. എന്നാൽ പക്വതയും ധാർമ്മിക വിശുദ്ധിയുമുള്ള

ജഡ്ജി ഏറ്റവും മൂർച്ചയേറിയ വാക്കുകളുപയോഗിച്ച് അയാളെ ശകാരിച്ചു പുറത്താ്ക കുകയാണു ചെയ്തത്. "വൃത്തികെട്ട മൂഷികാ, തനിക്കിവിടെ സ്ഥലമോ? ഉടനെ പുറത്തി രങ്ങിക്കോ" എന്നായിരുന്നു ജഡ്ജിയുടെ മറുപടി. "നിങ്ങളും നിങ്ങളുടെ കൂടെയുള്ളവരും ചെറ്റകളാണ്." എന്നുപറഞ്ഞ് അയാൾ ഇറങ്ങിപ്പോവുകയും ചെയ്തു. പിന്നീട് കാരണം തിരക്കിയപ്പോഴാണ് ജഡ്ജി അങ്ങനെ പെരുമാറിയതിന്റെ രഹസ്യം മറ്റു ള്ളവർക്ക് മനസ്സിലായത്. സമൂഹത്തിൽ സ്ഥാന മാനങ്ങളുള്ള അയാൾ എണ്ണപ്പെട്ട ഒരു കുറ്റവാളിയിയരുന്നു. സമുഹത്തിലെ സ്ഥാനമാനങ്ങൾ കുറ്റങ്ങൾ സമ്മതിക്കുന്നതിനു മുമ്പിൽ അയാൾക്ക് പ്രതിബന്ധമായിരുന്നു. ജനമധ്യത്തിൽവെച്ച് ആ മുഖംമൂടി പിച്ചിച്ചീ ന്തിയെങ്കിൽ മാത്രമേ അയാൾ കുറ്റം സമ്മതിക്കുമായിരുന്നു. ജനങ്ങളുടെ മുമ്പിൽ പ്രധാനിയാണയാൾ. അവർ അയാളെ ആദരപൂർവം ഹാജി ആഖാ എന്നു വിളിച്ചിരുന്നു. കുറ്റസമ്മതം നടത്തിയാൽ പദവി നഷ്ടപ്പെടുമെന്നു ഭയന്ന ഹാജി ആഖാ എന്ത് വില കൊടുത്തും അത് നിലനിറുത്താൻ സന്നദ്ധനായിരുന്നു. ഉന്നത കുടുംബത്തിൽ പെട്ട വനും സമൂഹം ബഹുമാനിക്കുന്നവനുമായ താൻ വലിയവനാണെന്ന ബോധമാണ യാൾക്ക്. അത് കൊണ്ടാണയാൾ കുറ്റം സമ്മിതിക്കാത്തതും. അത് വലിച്ചുകീറിയാൽ പിന്നെ സംരക്ഷിക്കേണ്ടതൊന്നുമുണ്ടാവില്ല; ഉടനെ കുറ്റം സമ്മ്തിക്കുകയും ചയ്യും. ജഡ്ജി ധൈര്യപൂർവ്വം ചെയ്തതും അതായിരുന്നു. വ്യക്തിത്വം നശിച്ചു കഴിഞ്ഞാൽ പിന്നെ അത് സംരക്ഷിക്കാൻ പാടുപെടില്ലല്ലോ. കഴിഞ്ഞ മൂന്നു നൂറ്റാണ്ടുകളായി പാശ്ചാ ത്യർ പൌരസ്ത്യ നാടുകളോട് ചെയ്ത് വന്നതും മറ്റൊന്നല്ല.

പുകൾപെറ്റ ഒരാഫ്രിക്കൻ ചിന്തകൻ മാതാവും കുട്ടിയും ത്തമിലുള്ളതുപോലുള്ള ഒരു തർക്കം പാശ്ചാത്യലോകവും പൗരസ്ത്യലോകവും തമ്മിൽ നലനിൽക്കുന്നുണ്ടെന്നഭിപ്രാ യപ്പെട്ടിട്ടുണ്ട്. സാർത്രിന്റെ ചിന്തകളേക്കാൾ നമുക്കു സ്വീകാര്യങ്ങളും പ്രസക്തവുമാണ് അദ്ദഹത്തിന്റെ ചിന്തകൾ. മാതാവിനാൽ അപമനിക്കപ്പെട്ടാലും ഉപേക്ഷിക്കപ്പെട്ടാലും അവരിൽനിന്ന് തല്ല് കിട്ടിയാലും തന്റെ ഏക പ്രതീക്ഷയും ഒരേയൊരഭയകേന്ദ്രവും തന്റെ മാതാവു തന്നെയാണെന്നു കുട്ടി കരുതുന്നു. അതിനാൽ എന്ത് തന്നെയായാലും തനിക്ക് മാപ്പ് തന്ന് സ്വാകരിക്കണമെന്നും ഇനിയൊരിക്കലും ശിക്ഷിക്കരുതെന്നും അപേ ക്ഷിച്ച് ആ കുട്ടി മാതാവിനെ ചുറ്റിതന്നെ കഴിയുന്നു. കുട്ടിയെ സംബന്ധിച്ചിട്ത്തോളം സഹായവും സംരക്ഷണവും ലഭിക്കാനുള്ള ഏകാവലംബമാണവർ. എന്നാൽ താൻ പറ യുന്നത് അപ്പടി അനുസരിക്കണമെന്നും ഒരിക്കലും തന്നിഷ്ടം കാണിക്കരുതെന്നും എങ്കിൽ മാത്രമേ സ്വീകരിക്കൂ എന്നുമുള്ള നിലപാടാണ് മാതാവിന്റേത്. തന്റെ ഇഷ്ട ങ്ങൾക്കും ആഗ്രഹങ്ങൾക്കുമൊത്ത് വളരണമെന്നാണ് മകനെക്കുറിച്ച് മാതാവിന്റെ ആഗ്രഹം. കുട്ടി സ്വന്തം വ്യക്തിത്വത്തിലൂന്നി സ്വന്തം ഇഷ്ടത്തിനൊത്ത് നീങ്ങാൻ തുട ങ്ങുമ്പോൾ, അമ്മ അവനെ ശിക്ഷിക്കുന്നു. അവരുടെ മേധാവിത്വം ഉറപ്പു വരുത്താനാണ ത്. കോളനിവാഴ്ചക്കാരും കോളനിയിലുള്ളവരും തമ്മിൽ പാശ്ചാത്യരും പൗരസ്ത്യരും ത്തമിൽ, വെള്ളക്കാരും കറുത്ത വർഗക്കാരും തമ്മിൽ ഇത്തരമൊരു സമീപനമാണ് നില വിലുള്ളത്.

നീഷെ, ഹെഗൽ, ഫ്രോയിഡ്, ഏണസ്റ്റ്റെനാൻ തുടങ്ങി കുറെ പാശ്ചാത്യ ചിന്തകർ മനുഷ്യ വർഗത്തെക്കുറിച്ച് വികൃതമായ ഒരു കാഴ്ചപ്പാടാണ് നൽകിയത്. ആധുനിക നര വംശശാസ്ത്രജ്ഞരിലൊരാളും പലപ്പോഴും ധാർമ്മിക വിഷയങ്ങളിൽ താൽപര്യം കാണിച്ച മഹാനുമായ ഏണസ്റ്റ് റെനാൻ പാശ്ചത്യരാണു മനുഷ്യവർഗത്തിൽവെച്ച് ഏറ്റവും ഉന്നതരെന്ന് പറയുകയുണ്ടായി. തന്റെ നൂതനമായ വർഗസിദ്ധാന്തത്തിനു പിൻബലമേകാൻ വേണ്ടി ദാർശനികവും മനഃശാസ്ത്രപരവും ശാസ്ത്രീയവുമായ ഒരാ യിരം കാരണങ്ങളും അദ്ദേഹം നിരത്തിവെച്ചിട്ടുണ്ട്. ശാസ്ത്രീയ ഗവേഷണമെന്ന പേരിൽ സോർബോൺ യൂണിവേഴ്സിറ്റി പോലുള്ള ഉന്നത വിദ്യാകേന്ദ്രങ്ങളിൽ, വെളു ത്തവന്റെയും കറുത്തവന്റെയും തലച്ചോറുകളെക്കുറിച്ച് താരതമ്യ പഠനം നടത്തുന്ന വൈദ്യവിദ്യാർത്ഥികളെയും നിങ്ങൾക്ക് കണ്ടെത്താനാവും കൂടുതൽ വികസിച്ചതും ബുദ്ധിയുള്ളതും കറുത്തവന്റേതിനേക്കാൾ വെള്ളക്കാരന്റേതാണെന്നു സമർത്ഥിക്കാൻ ആ വൈദ്യവിദ്യാർത്ഥികൾ ഏതാനും തെളിവുകൾ മെനഞ്ഞിട്ടുണ്ടാവും. അയാൾക്ക്

തന്റെ മേധാവിത്വം ഉറപ്പിക്കുക മാത്രമേ ഉദ്ദേശ്യമുണ്ടാവൂ. അമിതമായ ഈ സ്വവർഗാഭിമാനം ഇസ്‌ലാമിനു മുമ്പുള്ള അറബികൾക്കുമുണ്ടായിരുന്നു. ശാസ്ത്രത്തിന്റെ മുഖം മൂടി ധരിച്ചാണെങ്കിലും ഇപ്പോഴും ഇവർ പുലർത്തുന്ന മനോഭാവം പ്രകൃതം തന്നെ.

പടിഞ്ഞാറൻ ചരിത്രത്തിൽ മുഴച്ചു നിൽക്കുന്ന വ്യക്തിത്വമാണ് ഹെഗലിന്റേത്. ആത്മാവിൽ പരിണാമസങ്കൽപം വിശദീകരിക്കുമ്പോൾ അദ്ദേഹവും വർഗബോധത്തിൽ നിന്നു മക്തനാവുന്നില്ല. ജീവലോകത്തേക്ക് വരുന്നതിനു മുമ്പ് ആത്മാവ് അബോധവസ്ഥയിലായിരുന്നു വെന്നു അദ്ദേഹം അവകാശപ്പെടുന്നു. പിന്നീടതിനു ബോധം കിട്ടിയതിനു ശേഷം അത് മനുഷ്യനിൽ പ്രവേശിച്ചു. പൗരസ്ത്യ മനുഷ്യനിൽ പ്രവേശിച്ചതോടെയാണ് അതിന്റെ പരിണാമഘട്ടം ആരംഭിക്കുന്നത്. പൗരസ്ത്യലോകത്തെ പരിണാമങ്ങളെല്ലാം പൂർത്തിയാക്കിയതിനു ശേഷം അത് പാശ്ചാത്യമനുഷ്യനിൽ പ്രേവേശിച്ചു. പൂർണ്ണതയിലെത്താൻ പിന്നീടത് പ്രവേശിച്ചത് ജർമൻകാരനിലായിരുന്നു. നിലവിലുള്ള ജർമൻ ഭരണസംവിധാനത്തിൽ അത് പൂർണതയിലെത്തിയതിന്റെ നിദർശനം കാണാമെന്നും ഹെഗൻ അഭിപ്രായപ്പെടുകയുണ്ടായി. വർഗാഭിമാനത്തിന്റെ പേരിൽ പരിണാമത്തെ എവിടേക്കെല്ലാമാണദ്ദേഹം വലിച്ചു നീട്ടുന്നതെന്നു ഒന്നു ഊഹിച്ചു നോക്കുക.

ഗ്രീക്ക്കാരും പേർഷ്യക്കാരും തമ്മിൽ നടന്ന പ്രാചീന യുദ്ധത്തെക്കുറിച്ച് യൂറോപ്പിലെ മിക്ക സ്കൂളിലെ കുട്ടികളും പഠിക്കുന്നത് ഗ്രീക്ക്കാരും കിരാതരും തമ്മിൽ നടന്ന യുദ്ധമെന്നാണ്. പേർഷ്യക്കാർ അന്നു ഏറ്റവും ഉത്തമമായ സംസ്കാരത്തിന്റെ ഉടമകളായിരുന്നു പേർഷ്യക്കാരെ കിരാതരെന്നും വിളിക്കുന്നവർക്കറിയില്ല. അന്നു ഗ്രീക്കുകാർ കിരാതരാൽ പരാജിതരായിപ്പോയെങ്കിൽ മനുഷ്യ സംസ്കാരം തന്നെ കൂമ്പടഞ്ഞു പോയേനെ എന്നും ഇവർ വിശ്വസിക്കുന്നു. പേർഷ്യക്കാരെ ഗ്രീക്കുകാർ പരാജയപ്പെടുത്തുന്നതിലുള്ള താൽപര്യം ഗ്രീക്കുകാർ പാശ്ചത്യരായിരുന്നു എന്നത് മാത്രമാണ്. പാശ്ചാത്യവർമാണ് പൗരസ്ത്യവർഗത്തേക്കാൾ ഉൽകൃഷ്ടരെന്ന കിരാതയുക്തി തന്നെയാണു ഇതിന്റെയും അടിസ്ഥാനം. കുരുന്നു മനസ്സുകളിൽ അവർ ചെറുപ്പം മുതൽക്ക് തന്നെ തിരുകിക്കയറ്റുകയാണ്. ലോകത്തിലെ ഉൽകൃഷ്ട വർഗമാവാൻ ജനിച്ചവരാണ് തങ്ങളെന്ന് മുൻവിധി അക്കാരണത്താൽ ആ കുട്ടികളിൽ മുളച്ചുവരുന്നു. അവരുടെ സദാചാരത്തിലും പെരുമാറ്റ രീതികളിലുമെല്ലാം അപഹാസ്യമായ ഈ വർഗമേധാവിത്വ ബോധത്തിന്റെ മിന്നലാട്ടങ്ങൾകാണാം. പടിഞ്ഞാറ് നിന്നുള്ള ദർശനങ്ങളിലും നരവംശശാസ്ത്രപരവും മനഃശാസ്ത്രപരവുമായ സിദ്ധാന്തങ്ങളിലും വർഗ സിദ്ധാന്തങ്ങളിലുമെല്ലാം ഇത് നിഴലിച്ചു നിൽക്കുന്നുണ്ട്.

സിഗ്ഫ്രദിന്റെ വീക്ഷണങ്ങളിലുമുണ്ട് രണ്ട് വർഗങ്ങളുടെ നേരെയുള്ള വക്രമായ നിലപാട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ രണ്ട് വർഗങ്ങളാണിവിടെ സൃഷ്ടിക്കപ്പെട്ടത്; മേൽനോട്ടം വഹിക്കുന്ന വർഗവും പണിയെടുക്കുന്ന വർഗവും. തൊഴിലുടമയും തൊഴിലാളിയും. നൂറിനു ഒന്നു എന്ന തോതിൽ സന്തുലിതമായ ജനസംഖ്യ നിലനിർത്തുന്ന ഉപരിവർഗം പാശ്ചാത്യവർഗമാണ്. ആയിരത്തിലേറെ തൊഴിലാളികളുടെ മേധാവിയാകാൻപോലും ഉപരിവർഗത്തിലെ രണ്ടോമൂന്നോ പേർ മതിയാകും. സന്തുലിതമായ ജനസംഖ്യാനിരക്കും ഉന്നതമായ സാക്ഷരതാ നിരക്കും നിലനിർത്തുന്ന യൂറോപ്യൻ വർഗമാണ് ലോകത്തിന്റെ മേധാവികൾ. പൗരസ്ത്യവർഗം പണിയെടുക്കാൻ വധിക്കപ്പെട്ടവരത്രെ.

ഫ്രഞ്ച് അക്കാദമിയിലെ ഒരംഗവും പേരുകേട്ട സാമൂഹ്യശാസ്ത്രഞ്ജനം ചിന്തകനുമാണ് സിഗ്ഫ്രിദ്. എങ്കിലും വർഗമേധാവിത്തത്തിലൂന്നിയ അദ്ദേഹത്തിന്റെ വക്രവീക്ഷണം നമുക്ക് അംഗീകരിക്കാൻ വയ്യ. തന്റെ '*ലാംദ്പീപ്ൾ*' എന്ന കൃതിയിൽ സിഗ്ഫ്രിദ് പറഞ്ഞു നീലകണ്ണുകളും സ്വർണ്ണത്തലമുടിയുമുള്ള ഏതരുഫ്രഞ്ചു തൊഴിലാളികളും പൗരസ്ത്യരാഷ്ട്രങ്ങളിൽ വൻകിട സ്ഥാപനങ്ങൾ നടത്താനും അവരെ നയിക്കാനും കഴിയുമെന്ന്. അവിടെയുള്ള ബുദ്ധിജീവികൾക്കും ചിന്തകൻമാർക്കും ചെറിയ സ്ഥാപനങ്ങൾ പോലും നടത്താനോ ചെറുസംഘങ്ങൾക്ക് പോലും നായകത്വം വഹിക്കാനോ

കഴിയാത്തത് അവിടെ പോയാൽ മനസ്സിലാകുമെന്നും അദ്ദേഹം എഴുതിയിരിക്കുന്നു. ഇതിനു കാരണം, പാശ്ചാത്യർ ഭരിക്കാനും സംസ്കാരനിർമിതിക്കും ജനിച്ചവരാണെത ത്രെ. നിഗൂഢതകളോടുള്ള ആഭിമുഖ്യവും കവിഹൃദയവുമുള്ള പൗരസ്ത്യർ ഇതിനുപറ്റി യവരല്ല എന്നാണദ്ദേഹത്തിന്റെ പക്ഷം. പാശ്ചാത്യൻ മുപ്പതും നാൽപ്പതും വർഷം കേടു കൂടാതെ ഉപയോഗിക്കുന്ന ഒരു യന്ത്രം പൗരസ്ത്യൻ ആറ് മാസം കൊണ്ട് തകർക്കും, എന്നിട്ട് ആ കേടുള്ള യന്ത്രം തന്നെ അടുത്ത ഇരുപത്തെഞ്ച് വർഷക്കാലം ഉപയോഗി ക്കുകയും ചെയ്യും. പൗരസ്ത്യനായതുകൊണ്ടല്ല, പരിചയമില്ലാത്തത്കൊണ്ടാണു യന്ത്രം കേട്വരാനിടയത് എന്ന സത്യം സിഗ്ഫ്രിദിനറിയില്ല. കാരണം പൗരസ്ത്യനിപ്പോൾ പിന്നോക്കവസ്ഥയിലാണ്. എന്നാൽ അവന്റെ പ്രപിതാമഹൻമാർ ശാസ്ത്രീയ-സാങ്കേ തിക കാര്യങ്ങളിൽ നൈപുണ്യമുള്ളവരായിരുന്നു. നേതൃത്വ-സംഘടന കഴിവുകളിൽ മുന്തിനിന്ന ഒരു കാലം പേർഷ്യയുടെ ചരിത്രത്തിലുണ്ടായിരുന്നു. ഇന്ത്യ മുതൽ മധ്യധര ണ്യാഴിവരെ നീണ്ടുകിടക്കുന്ന ഒരു മഹാസാമ്രാജ്യത്തിന്റെ ഭരണാധികാരി ഖാജാനിസാ മുൽ മുൽക്ക് ആയിരുന്നു. ഭിന്ന ഭാഷാ-വർഗ-വിശ്വാസങ്ങളിലുള്ള ഇരുപതിലേറെ രാഷ്ട്രങ്ങളടങ്ങുന്നതും ഒന്നിച്ചു നിർത്താനും ഭരിക്കാനും ഏറെ പാടവമാവശ്യമുള്ളതു മായ സൽജൂക് സാമ്രാജ്യം മുഴുവൻ നിസാമുൽ മുൽക്കാണു ഭരിച്ചിരുന്നത്. അന്നു ഇത്രയേറെ ഔന്നത്യത്തിൽ വിരാജിച്ചിട്ടും ഇന്നതിനു കഴിയാത്തത് സ്വന്തത്തെ തിരിച്ചറി യാൻ പറ്റാത്തവിധം പൗരസ്ത്യൻ പതിതാവസ്ഥയിൽപെട്ടു പോയതുകൊണ്ടാണ്. പൗര സ്ത്യനറിയാതെ അവനെ ഈ പതിതാവസ്ഥയിലെത്തിച്ചതാവട്ടെ, പാശ്ചാത്യരുമാണ്..

കാടാ കയറി സന്യസിക്കാനല്ലാതെ മറ്റൊന്നിനും പറ്റില്ലെന്ന് പാശ്ചത്യർ വധിയെഴുതുന്ന ഇന്ത്യക്കാരാണ് അക്കങ്ങൾ കണ്ടിപിടിച്ചതെന്ന് ചരിത്രം പറയുന്നു. ഇപ്പോൾ പ്രചാരത്തി ലുള്ള ല്ലാ അക്കങ്ങളും ഇന്ത്യൻ നിർമിതമാണെന്ന് പറയുന്നത് ഒട്ടും അതിശയോക്തി യല്ല. ആധുനിക ഊർജതന്ത്രത്തിൽ ഇപ്പോഴും സ്വീകാര്യതയുള്ള പ്രകാശാംശിക നിയ മങ്ങൾ രൂപപ്പെടുത്തിയത് പൗര്യസ്ത്യ ലോകത്തെ ഫ്രശസ്ത ചിന്തകനായ ഇബ്ന് ഹസം ആയിരുന്നു. ഇതിനു പുറമെ ഖയ്യാം, മൂസ്സ തുടങ്ങി അനേകം മുസ്ലിം ചിന്ത കർ ആൾജിബ്രയെ വികസിപ്പിച്ചെടുത്തിട്ടുണ്ട്. അതിന്ൽ നിഗൂഡ കാര്യങ്ങൾൽ മുഴുകു ന്നതിൽ മാത്രമേ പൗരസ്ത്യ ലോകത്തിന്നു ത്ൽപര്യമുള്ളു, മറ്റൊന്നിനും അത് കൊള്ളില്ല എന്ന അടിസ്ഥാനരഹിതമായ വിധിയെഴുത്ത് വിവേകപൂർവമല്ലെന്ന് പറയേ ണ്ടിവരുന്നു.

ശ്സത്രം, തത്വചിന്ത. സാമൂഹ്യ ശാസ്ത്രം ചരിത്രം എന്നീ ംേഖലകളിൽ പാശ്ചാത്യ ചിന്തകർ നൽകുന്ന പഷ്കപാതപരമായ വ്യാഖ്യാനം പാശ്ചാത്യൻ അഹം ബോധത്തെ പ്രകടിപ്പിക്കാനുദ്ധേശിച്ചുകൊണ്ടുലള്ളതാണ്. ഉൽക്കർഷബോധത്തോടും അധികാരപ്രമ ത്തതയോടും കൂടിയാണ് പാശ്ചാത്യ ചിന്തകർ അവരുടെ അഹം ബോധത്തെ ജ്വലിപ്പിക്കു ന്നത്. പലപ്പോഴും അവർ സാധിക്കുന്നത് പൗര്യസ്ത്യ ലോകത്തെ ഇടിച്ചു താഴ്ത്തി ക്കൊണ്ടും ദുർബലതയും പ്രാപ്തിക്കുറവും ആരോപിച്ചുക്കൊണ്ടുമാണ്. വർഗപരമായ വിഷയങ്ങളിൽ, ഇത് ഉദ്ധേശിച്ചുകൊണ്ടുതന്നെ, അവർ പക്രമമായ അഭിപ്രായങ്ങളാണ് പ്രകടിപ്പിക്കാറ്. ഒരു കറുത്തവർഗക്കാരനോട് താൻ താഴ്ന്ന വർഗത്തിൽ പ്പെട്ടവനാ ണെന്നും തനിക്ക് ഹീനമായ ഒരു ഭൂതകാലവും തകർന്നടിഞ്ഞ ഒരു ചരിത്രവുമേയുള്ളു വെന്നും നശിച്ച ഒരു മതാമാണ് തന്റേതെന്നും ഒന്നിനും കൊള്ളാത്തവരാണ് തന്റെ സമൂ ഹമെന്നും പറഞ്ഞുകൊണ്ടിരുന്നാൽ ക്രമാനുഗതമായി അവനിൽ അപകർഷതാബോധം ഉയിരെടുക്കും. ഈ ആവലാതികൾ കേൾക്കാതിരിക്കാനും തുടർന്നങ്ങോട്ട് അപഹസി ക്കപ്പെടാതിരിക്കാനും വേണ്ടി അവർ ‘ഉൽകൃഷ്ടവർഗ’ ത്തിന്റെ ആചാരോപചാരങ്ങളും ജീവിത സൈലിയും അപ്പടി അനുകരിച്ച് ആ വർഗത്തിൽ പെട്ടവനായി എമ്മപ്പെടാൻ വെമ്പൽകൊള്ളുന്നു. അവന്റെ ശ്രമം വിജയിക്കുന്ന പക്ഷം, പീന്നീടവന്ന് താൻതാഴ്ന്ന വനാണെന്നോ, സന്യാസിയാണെന്നോ, മതഭ്രാന്തനാണെന്നോ, കാപ്പിരിയാണെന്നോ, നശിച്ചവനാണെന്നോ ഒന്നുമുള്ള ആരോപണങ്ങൾ കേൾക്കേണ്ടി വരുന്നില്ല. കാരണം സ്വനതം വസ്ത്രം അവൻവലിച്ചെറിഞ്ഞുകഴിഞ്ഞിട്ടുണ്ടെല്ലോ. ഇനിയവന്ന് ശിക്ഷകളോ

പരിഹാസങ്ങളോ  ഒന്നും കേൾക്കേണ്ടി വരില്ല.   അമ്മയുടെ അംഗീകാരം കിട്ടിയ കുട്ടി യെപ്പോലെയാണവനിപ്പോൾ.  അവന്റെ ഏകാവലംബമാണ് ഇപ്പോൾ ഉൽകൃഷ്ട വർഗം.

അമ്യ്യം കുട്ടിയും തമ്മിലുള്ള ബന്ധം കോളനി വാഴ്ചക്കാരും കോളനി വാസികളും തമ്മിലുള്ള ബന്ധത്തിലും ഉദാഹരിക്കാവുന്നതാണ്.  ഹോളണ്ട്, ഇംഗ്ലണ്ട്, ഫ്രാൻസ്, ബെൽജിയം തുടങ്ങിയ യൂറോപ്യൻ രാഷ്ട്രങ്ങൾ ഏഷ്യൻ- ആഫ്രിക്കൻ ഭപ്രേശങ്ങളെ തങ്ങളുെ കോളനികളാക്കിയിട്ടുണ്ട്. ഇവ.ഓരോന്നും  കോളനിവാസികളോട് മോധാവി ത്തമുറപ്പിക്കുന്ന അമ്മയെപ്പോലെയാണ് പെരുമാറിയിരുന്നത്.  കീഴ്ത്തപ്പെട്ട ജനവിഭാഗ മായതിനാൽ അവിടങ്ങളിലെ ജനങ്ങളെ തങ്ങൾ അവഗണിക്കപ്പെടുന്നുവെന്നും വർഗപര മായും സാംസ്കാരികമായും തങ്ങൾ താഴ്ന്നവരാണെന്നുമുള്ള തോന്നൽ എന്നും വിടാതെ പിടികൂടിയിരുന്നു.  അതിനാൽ യജമാനൻമാരായ ഉൽകൃഷ്ടവർഗത്തിന്റെ പരി രക്ഷണം പരിപൂർണമായും ഉറപ്പ് വരുത്താൻ അവരെ ആപാദചൂഡം അനുകരിക്കുക യായി അവർ.  അന്യനായ ഒരു നാട്ടുകീരനേക്കാൾ മാതൃരാഷ്ട്രത്തിന്റെ സന്തതിയെന്ന് തോന്നിപ്പിക്കാനായിരുന്നു ഇത്.  മാതൃരാഷ്ട്രത്തെ അനുകരിക്കുന്നതിൽ എത്രത്തോളം വിജയിച്ചുവെന്ന് വിലയിരുത്തുവോളം ആ അനുകരണം ക്രമേണെ ശക്തി പ്രാപിച്ചു വന്നു.ഒരാൾക്ക് മറ്റൊരാളെ അനുകരിച്ചുകൊണ്ട് വ്യക്തിത്വം പുലരർത്താനാവുമോ? ഇല്ല സ്വന്തം ബുദ്ധി ഉപയോഗിച്ചുകൊണ്ട് മാത്രം ചിന്തിക്കുകയും സ്വന്തം വസ്ത്രം മാത്രം ധരിക്കുകയും സ്വന്തം പണവും വസ്തുക്കളും മാത്രം ചിലവഴിക്കുകയും സ്വന്തം പൈതൃകങ്ങൾ അംഗീകരിച്ച് ജീവിതത്തെ കെട്ടിപ്പടുക്കുകയും ചെയ്യുമ്പോൾ മത്രമാണ് ഒരാൾക്ക് വ്യക്തിത്വവും തനിമയുമുണ്ടാകുന്നത്.   എന്നാൽ ഈ വ്യക്തിത്വത്തിന്ന് സദാ ഭാഹ്യ ഭീഷണികളെ നേരിടേണ്ടി വന്നേക്കും.  ആ ഭീഷണി അവസാനക്കണമെങ്കിൽ സ്വന്തം ഇഛകളെ മാറ്റി വെച്ച് ജീവിതത്തെ കെട്ടിപ്പടുക്കേണ്ടി വരും പൗര്യസ്ത ലോത്തിന്നു സംഭവിച്ചതിതാണ്.    സ്വന്തം വസ്തുക്കൾ വലിച്ചെറിഞ്ഞ് പടിഞ്ഞാറൻ ഉൽപന്നങ്ങളുടെ ഉപഭോഗം ശീലിച്ചു. തങ്ങളുടെ ലക്ഷ്യം നേടാൻ എന്ത് ചെയ്യാനും പാശ്ചാത്യ ലോകവും പാശ്ചാത്യ മുതലാളിത്തവും ഒരുക്കമായിരുന്നു.

പതിനെട്ടാം നൂറ്റാണ്ട് മുതലുള്ള വർദ്ധിച്ച വ്യവസായ വൽക്കരണത്തെത്തുടർന്നുണ്ടായ അമിതോൽപാദനം, മിച്ചം വരുന്ന ഉല്പന്നങ്ങൾ ചിലവഴിക്കാൻ വപണി കണ്ടെത്തൽ അത്യാവശ്യമാക്കിത്തീർക്കുകയുണ്ടായി. തങ്ങളുടെ ആവശ്യം കഴിച്ച് മിച്ചം വരുന്ന ഉൽപന്നങ്ങൾ വിൽക്കാൻ വ്യവസയവൽകൃത ലോകം ഏഷ്യ, ആഫ്രിക്ക, ലാറ്റിൻ അമേ രിക്ക, ആസ്ത്രേലിയ എന്നിവയെ തങ്ങളുടെ വിപണി മാറ്റി. ഇക്കാര്യത്തിൽ അവർ നേരിട്ട പ്രശ്നം അവരുടെ മുഴുവൻ ഉല്പന്നങ്ങളും ആ ഭൂപ്രദേശങ്ങളിലെ ജനങ്ങളുടെ ഇഷ്ടവം രീതികളുമായി യോജിക്കില്ല എന്നതായിരുന്നു. ഉദാഹരണമായി, ആഫ്രിക്ക യിലെ ഒരു സ്ത്രീക്ക് യൂറോപ്യൻ ശൈലിയിലുള്ള സൗന്ദര്യ സംവർദ്ധക വസ്തു ക്കൾക്ക് ഒട്ടും ആവശ്യമുണ്ടാവില്ല. തന്റെ നാട്ടിലെ രീതിയനുസരിച്ച് ഉണ്ടാക്കപ്പെട്ടവ സ്ത്രങ്ങളും വസ്തുക്കളും മാത്രമേ അവൾ ഉപയോഗിക്കൂ. പടിഞ്ഞാറൻ വർണങ്ങളും ഫാഷനും ഡിസൈനും ആഫ്രിക്കൻ ഗോത്രശൈലികളുമായി യോജിക്കുകയില്ല. ഈ പ്രശ്നം പരിഹരിക്കാൻ അവർ ചെയ്തത് ഉപഭോക്താവിന്റെ വ്യക്തിത്വത്തെ തന്നെ മാറ്റു കയാണ്. അങ്ങനെയവരെ പാശ്ചാത്യൻ ഫാഷനുകളിൽ ആകൃഷ്ടരാക്കി. വ്യത്യസ്ത അഭിരുചികളുള്ള ഉപഭോക്താക്കളെ തൃപ്തിപ്പെടുത്തുന്നതിനേക്കാൾ എത്രയോ എളുപ്പ മാണ് മൂന്നാം ലോകത്തിലെ ഉപഭോക്താക്കളെ മുഴുവൻഒരേ ശൈലിയിൽ ഏകീകരിക്കു കയെന്നത് അവർക്കറിയാമായിരുന്നു.

വ്യത്യസ്ത സംസ്കാരങ്ങൾക്ക് വ്യത്യസ്ത രീതികളും ശൈലികളുമാണുള്ളത്. സാംസ്കാരികമായ തനിമയും വ്യക്തിത്വവും മാറാത്തിടത്തോളം ആ രീതികൾ മാറുക യില്ല. ഒരിക്കൽ വമ്പിച്ച ഒരു ഭൂമിക്കുലുത്തെത്തുടർന്ന് പഴയ വീടുകളിൽ താമസിക്കുന്ന മശ്ഹദിലെ കുറേ പേർക്ക് വമ്പിച്ച നാശനഷ്ടങ്ങളുണ്ടാവുകയുണ്ടായി. ഈ അത്യാഹി തത്തെത്തുടർന്ന് ഭൂകമ്പബാധിതരായ ജനങ്ങൾക്ക് സഹായമെത്തിക്കാൻ ഒരു ദുരിതാ ശ്വാസസംഘചത്തെ രൂപീകരിച്ചു. സംഭാവന ശേഖരിക്കുന്നവരുടെ കൂട്ടത്തിൽ ഞാനുമു

ണ്ടായിരുന്നു. ആശ്വാസമെത്തിക്കാൻ വന്ന അനേകം പേരിൽ ഏതാനും മഹിളകളുമുണ്ട്. ഭൂകമ്പബാധിതരായ സ്ത്രീകൾക്ക് കൊടുക്കാൻ അവർ സംഘടിപ്പിച്ച് കൊണ്ടുവന്നത് കുറേ ഫാഷൻ ഉടയാടകളായിരുന്നു. അവയിലോരോന്നും തയ്ക്കാൻതന്നെ നല്ല കാശ് കൊടുക്കണം; തുണിയുടെ വില വേറെയും. ദുരിതമനുഭവിക്കുന്നവരാകട്ടെ, പരുത്തിത്തുണിയോ പരുക്കൻ വസ്ത്രങ്ങോ മാത്രമുപയോഗിക്കുന്ന താഴേക്കിടയിലുള്ളദരിദ്രരായിരുന്നു. ഇവ കൊണ്ടുവന്ന സ്ഥിതിക്ക് ദുരിതാശ്വാസ പ്രവർത്തകർ ഈ വസ്ത്രങ്ങളും മറ്റുള്ളവയോടൊപ്പം ബൂകമ്പബാധിതർക്കെത്തിച്ചു കൊടുത്തു. അവർ തിരിച്ചു വന്നപ്പോൾ ഞങ്ങൾക്ക് കാണാൻ കഴിഞ്ഞത്, മേൽ പറഞ്ഞ ഫാഷൻ വസ്ത്രങ്ങളൊഴികെ മറ്റെല്ലാം സ്വീകരിക്കപ്പെട്ടിരുന്നു എന്നതാണ്. ഈ വസ്ത്രങ്ങൾ എന്തിനുള്ളതാണെന്നു ആ ദരിദ്രജനങ്ങൾക്കറിയില്ലായിരുന്നു! അലങ്കാരത്തിനോ പ്രദർശനത്തിനോ ധരിക്കാൻ ധരിക്കാൻ തന്നെയോ എന്നൊന്നും മനസ്സിലാവാതെ എടുക്കാൻ മടിച്ചു കൊണ്ട് അവർ അന്തിച്ചു നിന്നത്രെ.

ഒരു ജനതയുടെ ജീവിതശൈലിയും വസ്ത്രധാരണ രീതിയും അവരുടെ മതപരവും സാംസ്കാരികവും ചരിത്രപരവുമായ മൂല്യങ്ങശിൽ നിന്നും സൗന്ദര്യബോധത്തിൽ നിന്നുമാണുയിർ കൊള്ളുന്നത്. ജനങ്ങൾ ഏത്തരം സാധനങ്ങളാണ് വാങ്ങുകയും ഉപയോഗിക്കുകയും ചെയ്യുകയെന്ന് നിർണ്ണയിക്കുന്നത് ഈ മൗലിക ഘടകങ്ങളാണ്. ഈ പ്രശ്നം പരിഹരിക്കാൻ വ്യവസായികവൽകൃത ലോകം ചെയ്തത് ഉപഭോഗ്താക്കളുടെ സംസ്കാരവും വ്യക്തിത്വവുംഉന്മൂലനം ചെയ്യുകയാണ്. അതോടെ ഏതെങ്കിലും പ്രത്യേകതരം രീതികളോടൊട്ടി പിടിക്കാതെ പാവകളെപ്പോലെ ഏത് വസ്ത്രമുടുപ്പിക്കുന്നതിനും എതിർപ്പില്ലാത്തവരായിത്തീർന്നു അവർ. ഉപഭോക്താക്കളെ രുചി-രീതി ഭേദങ്ങളില്ലാതെ ഏകീകരിച്ചത് മൂലം ഉൽപാദക രാഷ്ട്രങ്ങൾക്കു ലഭം കുന്നുകൂട്ടാൻ കഴിഞ്ഞു. ഭിന്നരുചികൾക്കനുച്ച് വ്യത്യസ്ത ഉൽങ്ങൾ അവർക്ക് വിപണിയിലിറക്കേണ്ടി വന്നില്ല. വ്യക്തിത്വം നഷ്ടപ്പെട്ട പൊള്ളയായ അസ്തിത്വങ്ങളായാണ് ഏഷ്യൻ-ആഫ്രിക്കൻ രാഷ്ട്രങ്ങളിലെ പൗരന്മാരെ യൂറോപ്യർ കാണുന്നത്, അവർക്ക് ആത്മബോധം ഒരിക്കലും ഉണ്ടാവില്ലെന്നും യൂറോപ്യർ മനസ്സിലാക്കി വെച്ചിരിക്കുന്നു.

യൂറോപ്യൻ നാടുകളിൽ എന്തു നടക്കുന്നു, ലണ്ടനിലും പാരീസിലുമുള്ളവർ എന്ത് തരം വസ്ത്രങ്ങൾധരിക്കുന്നു, അവരിപ്പോഴെങ്ങനെ ജീവിക്കുന്നു തുടങ്ങിയവയാണ് നമ്മുടെ ഇന്നത്തെ ദൈനംദിന സംഭാഷണ വിഷയങ്ങൾ. അനുകരണ ഭ്രമം അത്രയേറെ ഗ്രസിച്ചിട്ടുണ്ട് നമ്മെ. നമ്മുടെ നാട്ടിൽ *ഷോടതി ദിനമായി നിശ്ചയിച്ചത് എന്തുകൊണ്ട്

---

*അറുപതുകളുടെ ഉത്തരാർദ്ധത്തിൽ ഇറാനിൽ വെച്ചാണ് ശരീഅത്തി ഈ പ്രസംഗം നടത്തിയത് - വിവർത്തകൻ

ബുധനാഴ്ചയായി എന്നു ഞാൻ പലപ്പോഴും അൽഭുതപ്പെട്ടുണ്ട്. ന്മമുടെ സംസ്കാരത്തിലോ ചരിത്രത്തിലോ യാതൊരു പ്രാധാന്യവുമില്ലാത്ത ദിനമാണ് ബുധനാഴ്ച. ഫ്രാൻസിൽ പോകുന്നത് വരെ എനിക്കത് പിടികിട്ടിയിരുന്നില്ല. പിന്നീടെനിക്ക് മനസ്സിലായി ഫ്രാൻസിലെ ഷോടതിദിനം ബുധനാഴ്ചയാണെന്ന്. ഇവിടെ അത് അനുകരിക്കുകയായിരുന്നു! ഫ്രാൻസിൽ ആ ദിവസമായി സ്ഥിതിക്ക് ഇവിടെ മറ്റൊരു ദിവസമാകുന്നത് ഉചിതമാവില്ലല്ലോ!

നമ്മുടെ ഭക്ഷണപാനീയങ്ങളിൽ പോലുംനിയന്ത്രമങ്ങളുണ്ടെന്നും അവ തിരഞ്ഞെടുത്തത് നമ്മുടെ ഇഷ്ടത്തിനനുസരിച്ചല്ല, നമുക്ക് വേണ്ടി മറ്റുള്ളവർ തിരഞ്ഞെടുക്കുകയാണെന്നും എനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്. നാമെന്ത് ധരിക്കണമെന്നും നമ്മുടെ വീടുകൾ എങ്ങനെ അലങ്കരിക്കണമെന്നും കൂടി തീരുമാനിക്കുന്നത് മറ്റുള്ളവരാണ്. ഈ നാട്ടിൽ സമ്പന്നരുടെ കൊട്ടാര സദൃശമായ ഭവനങ്ങൾ പോലും പേർഷ്യൻ പരവതാനികളാൽ അലംകൃതമായി നിങ്ങൾ കാണുകയില്ല. ഇറക്കുമതി ചെയ്യുന്ന പരവതാനികളേക്കാൾ പതിന്മടങ്ങ് മനോഹരമാണ് പേരുകേട്ട പേർഷ്യൻ പരവതാനികൾ. യൂറോപ്പി

ലുള്ളവർ പേർഷ്യൻ പരവതാനി ഉപയോഗിക്കാറില്ലെന്നും യൂറോപ്യൻ പരവതാനിയാണ് ഗുണത്തിലും ഭംഗിയിലും മെച്ചപ്പെട്ടതെന്നും ഇവിടത്തെ ധനികരെ പറഞ്ഞ് മനസ്സിലാക്കിയിരിക്കയാണ്. അങ്ങനെയവർ യൂറോപ്യരെ അനുകരിക്കുന്നു.

ഇതിൻഫലമായി നാം മനുഷ്യരല്ലാതായിത്തീരുകയാണ് ചെയ്യുന്നത്. മനുഷ്യനാവണമെങ്കിൽ സ്വതന്ത്രമായി ചിന്തക്കാനും പ്രവർത്തിക്കാനും ഇഛാനുസരണം തെരെഞ്ഞെടുക്കാനും തീരുമാനങ്ങളെടുക്കാനും കഴിയണം. എന്നാൽ നമ്മുടെ ഇഛാസ്വാതന്ത്ര്യവും, ധീരതയും തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യവുമെല്ലാം നമ്മിൽ നിന്ന് അപഹരിക്കപ്പെട്ടിരിക്കുകയാണ്. മറ്റുള്ളവരുടെ കരുണയിൽ കഴിയുന്ന, അവരുടെ വീക്ഷണങ്ങൾക്കൊത്ത് മാത്രം നമ്മുടെ വാക്കുകൾ വിശ്വസിക്കുന്ന ആശ്രിതരായിത്തീർന്നിരിക്കുന്നു നാം. പലതവണ സംവാദത്തിലേർപ്പെട്ടിട്ടുള്ള എന്റെ ഒരു സുഹൃത്തുമായി ഒരിക്കൽ ഞാൻ വാദപ്രതിവാദം നടത്തുകയായിരുന്നു. അന്ന് ഞാൻ മുമ്പോട്ടുവെച്ച ആശയം എന്റെ സ്വന്തം ആശയമാണന്ന എന്ന ഒറ്റക്കാരണത്താൽ അയാൾ അംഗീകരിക്കാൻ കൂട്ടാക്കുകയുണ്ടായില്ല. എങ്കിലും ഒരു യൂറോപ്യന്റെ പിന്തുണ അതിനില്ലാതിരുന്നതായിരുന്നു കാരണം. മുമ്പ് ആരം മുമ്പോട്ട് വെച്ചിട്ടില്ലാത്ത ആ വാദഗതിക്ക് മതം, ചരിത്രം, ത്വത്വചിന്ത, സാഹിത്യം എന്നിവയുടേയെല്ലാം പിൻബലം ഞനേകിയെങ്കിലും അയാൾ എന്നോടു വിയോജിക്കുള്ളവനായിത്തന്നെ കഴിഞ്ഞു. യൂറോപ്യൻ മുദ്രയില്ലാത്ത ഏതൊന്നംഗീകരിക്കാനും ഇയാൾക്ക് ധൈര്യമില്ലെന്ന് ഒടുവിൽ ഞാൻ മനസ്സിലാക്കി. ഏതെങ്കിലുമൊരു യൂറോപ്യന്റെ പേര് ഞാനെവിടെയെങ്കിലും ചേർത്തിരുന്നെങ്കിൽ അയാളത് താമസംവിനാ അംഗീകരിക്കുമെന്നു മാത്രമല്ല, അത് പ്രചരിപ്പിക്കുക കൂടി ചെയ്യുമായിരുന്നു എന്നെനിക്കറിയാം.

“സ്വദേശ് സംസ്കതാരത്തിലേക്ക് തിരിച്ചു വരിക” എന്നു പറഞ്ഞാൽ തനിമ പാലിക്കുന്നതിനു പകരം നടിച്ചു നടക്കുന്ന പരലരുമുണ്ട്. യൂറോപിൽ ഈ ആശയം കേട്ടു തുടങ്ങിയപ്പോൾ കൈകളിൽ മൈലാഞ്ചിയണിഞ്ഞും ഗേവാസും (നേർത്ത പഞ്ഞികൊണ്ടുള്ള ഇറാനിയൻ ഷൂ) മറ്റു പുരാവസ്തുക്കളും വീടുകളിൽ തൂക്കിയും തങ്ങളും അവരോടൊപ്പമാണെന്ന് പ്രഖ്യാപിച്ചവരാണിവർ.

ഒരിക്കൽ സ്വിറ്റ്സർലാൻഡിൽ വെച്ച് ഇക്കൂട്ടത്തിലൊരാളെ കാണാനിടയായി. അയാൾ തൻരെ മുറിയിലെ ചുമരിൽ തന്റെ ഗേവാസ് തൂക്കിയിട്ടിരുന്നു. ഞാൻ കാരണമന്വേഷിച്ചപ്പോൾ “സ്വദേശി സംസ്കാത്തിലേക്ക് ‘തിരിച്ചു പേകുന്നതിന്റെ’ ഭാഗമാണിതെന്ന് പറഞ്ഞു”. ഞാൻ പറഞ്ഞു, ഇറാനിയാണെങ്കിൽ ഷൂ വീട്ടിന് പുറത്തു അഴിച്ച് വെയ്ക്കുകയും പുറത്ത് പോകുമ്പോൾ അണിയുകയുമാണ് ചെയ്യുകയെന്നും രണ്ടുഷൂസും ബിഥോവന്റെ ഒരു ചിത്രവും ചുമരിൽ തൂക്കിയാൽ സ്വന്തം സംസ്കാരത്തിലേക്ക് തിരിച്ചെത്തി എന്നു പറയാനാവില്ല എന്നും. ഏതോ വിനോദ സഞ്ചാരിയിൽ നിന്നു പഠിച്ചതാവണമത്. സ്വന്തം സംസ്കാരം പോലും മറ്റുള്ളവരിലൂടെ കണ്ടെത്തുന്നത് എത്ര ആഭാസകരമാണ്.

മനുഷ്യന്റെ സ്വഭാവവിശേഷങ്ങളുടെ സമുച്ചയമാണ് സാംസ്കാരിക വ്യക്തിത്വം. ഈ സ്വഭാവവിശേഷങ്ങൾ പരിശോധിച്ച് ചരിത്രത്തിലെ ഏതൊരു ഘട്ടത്തിലെയും മനുഷ്യസമൂഹങ്ങളുടെ യഥാർത്ഥനില മനസ്സിലാക്കാൻ കഴിയും. സാംസ്കാരികമായ അർത്ഥത്തിൽ വ്യക്തിത്വം എന്നതാണ്. ബുദ്ധിപരവും സദാചാരപരവും ആത്മീയപരവും സാമൂഹ്യവുമെല്ലാം വ്യക്തിത്വം പ്രതിജന ഭിന്നമത്രെ. ഒരു മനുഷ്യന്റെ സാംസ്കാരിക വ്യക്തിത്വത്തെ ഒഴിഞ്ഞ ഒരു മൺകുടത്തോടുപമിക്കാം. സാമൂഹികവും സദാചാരപരവും ധൈഷണികവും കലാപരവും മറ്റുമായ ഗുണങ്ങൾ നിരന്തരമായി അതിൽ നിറയ്ക്കപ്പെടുകയാണ്. ഇങ്ങനെയാണവൻ സ്വന്തം സമൂഹത്തിന്റെ ചരിത്രത്തിന്റെയും സംസ്കാർത്തിന്റെയും ദർപണമായി മാറുന്നു. ഒരു ജനതയുടെ ആത്മീയവും ധാർമികവും ധൈഷണികവുമായ വിഭവങ്ങളുടെയും വിജയങ്ങളുടെയും ആകെത്തുകയാണ് സംസ്കാരമെന്ന് പറയാം. ഭൂമിയിലെ വസ്തുക്കൾ നശിച്ച് മണ്ണടിഞ്ഞ് കുറേ കാലത്തെ രാസപ്രക്രി

യകൾക്ക് ശേഷം ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക വിഭവമായി മാറുന്നത് പോലെ സംസ്കാരവും കുറെ പരിണാമ പ്രക്രിയകൾക്ക് വിധേയമാവുന്നുണ്ട്. അങ്ങനെ യത് ഒരു നാടിന്റെയോ സമൂഹത്തിന്റെയോ ആത്മീയവിഭവമായി മാറുന്നു. ചരിത്രമാണു സംസ്കാരത്തെ വളർത്തുന്നതെന്നു വേണമെങ്കിൽ പറയാം. അങ്ങനെ പറയുമ്പോൾ ഒരു നിലയ്ക്ക് മനുഷ്യൻ ചരിത്രത്തിന്റെ സൃഷ്ടിയാണ്. ഭൂതകാലത്തിൽ നിന്നു ബന്ധം വിഛേദിച്ച് ചരിത്രത്തോട് വിടപറഞ്ഞു ഒരു മനുഷ്യനു വ്യക്തിത്വത്തെ രൂപപ്പെടുത്തിയെ ടുക്കാൻ കഴിയില്ല.

ഭൂതകാല മനുഷ്യന്റെ തുടർച്ചമാത്രമാണ് വർത്തമാനകാല മനുഷ്യൻ. എന്റെ ചിന്തയും സംസാരവുമെല്ലാം ഞാൻ ജീവിച്ച നൂറ്റാണ്ടിന്റെയും ഞാൻ പഠിച്ച ചരിത്രത്തിന്റെയും ഉല്പന്നമത്രെ. മറ്റൊരു നൂറ്റാണ്ടിലാണ് ഞാൻ ജീവിച്ചിരുന്നതെങ്കിൽ ഞാൻ മറ്റൊരു മനു ഷ്യനാകുമായിരുന്നു. കാരണം, മറ്റൊരു ഘട്ടത്തിലായിരിക്കുമല്ലൊ ഞാൻ ചരിത്രത്തിന്റെ തുടർച്ച ഏറ്റുവാങ്ങുന്നത്. എന്റെ സമൂഹത്തിന്റെ സംസ്കാരത്തിൽ എന്താണെന്നോ നിക്ഷിപ്തമായിരിക്കുന്നത്, അതാണ് ഈ സമൂഹത്തിൽ ജീവിക്കുന്ന ഞാൻ ആവാഹി ച്ചെടുക്കുന്നത്.

കഴിഞ്ഞുപോയ തലമുറകളുടെ ബുദ്ധിപരവും ആത്മീയവും കലാപരവും ശാസ്ത്രപ രവും സൗന്ദര്യപവുമായ അടിയൊഴുക്കുകളിൽ നിന്നാണു പുതിയ തലമുറയുടെ വ്യക്തിത്വം നാമ്പെടുക്കുന്നതും വികസിക്കുന്നതും. ആവശ്യമായ ഈ മൂലകങ്ങൾ സ്വീകരിക്കാതെ വളരാനോ സ്വന്തം വേരുകളിൽ അടിയുറച്ചു നിൽക്കാനോ സാധ്യമല്ല. വേരുകൾ ആഴത്തിലോളം പോയി ആവശ്യമായത്ര വെള്ളവും വളവും വലിച്ചെടുക്കു മ്പോൾമാത്രമാണ് വൃക്ഷം കടപുഴകാതെ നിലനിൽക്കുന്നത്. ഇതേപോലെ, ഭൂതകാല ത്തിൽനിന്നു സാംസ്കാരികവും ബുദ്ധിപരവുമായ സത്ത് വലിച്ചെടുത്ത് വളരുമ്പോൾ മനുഷ്യൻ ആത്മവിശ്വാസത്തോടെ ഉത്തമ വ്യക്തിത്വത്തിന്റെ ഉടമകളായി വളരുന്നു. ഭൂത കാല ചരിത്രമില്ലാത്തവനു ഭാവിയുമില്ല. ഉള്ള ചരിത്രം അറിയാതിരിക്കുന്നവൻ പ്രാകൃത മനുഷ്യനിൽ നിന്നും ഒട്ടും ഭിന്നനല്ല. സ്വന്തം സംസ്കാരത്തിന്റെ വേരുകളറിയാതെ ഒറ്റ പ്പെട്ടു കഴിയുന്നവൻ ആദിവാസിയെപ്പോലെയോ എസ്കിമോയെപ്പോലെയോ ആണ്. ഒരു യൂറോപ്യൻ ശിശുവിനെയെടുത്ത് പ്രകൃതസമൂഹ്തതിൽ വളർത്തി നോക്കുക. അവൻ എസ്കിമോയിൽ നിന്നോ കാട്ടാളനിൽ നിന്നോ ഒട്ടും ഭിന്നനായിരിക്കില്ല. അവന്റെ ഭൂതകാലമറിയാത്തത് കൊണ്ടും അതിനനുസരിച്ച് ജീവിതത്തെ രൂപപ്പെടു ത്താൻ കഴിയാത്തതു കൊണ്ടുമാണത്. അതിനാലവന് പൂജ്യത്തിൽ നിന്നു തുടങ്ങേണ്ടി വരുന്നു. പൗരസ്ത്യലോകത്തെ അതിന്റെ സാംസ്കാരിക വ്യക്തിത്വത്തിൽ നിന്നു അടർത്തിയെടുത്താൽ കൊളോണിയലിസത്തിന്റെ ശക്തികളെ ചെറുക്കാനോ ഉള്ള ശക്തി അതിന്നുനഷ്ടപ്പെട്ടു പോകുമെന്നു പടിഞ്ഞാറൻ സാമൂഹ്യ ശാസ്ത്രജ്ഞന്മാർക്ക റിയാം. യഥാർത്ഥത്തിൽ പൗരസ്ത്യലോകത്തിനു സ്വന്തം വ്യക്തിത്വം എന്നോ നഷ്ട പ്പെട്ടു പോയിട്ടുണ്ട്. അതുകൊണ്ടാണല്ലോ പടിഞ്ഞാറിനെ അന്ധമായനുകരിക്കുകയും പടിഞ്ഞാറൻ ഉല്പന്നങ്ങളും ഏറ്റവും നല്ല ഉപഭോക്താവ് തങ്ങാളാണെന്ന് ലജ്ജയി ല്ലാതെ അവർ അഭിമാനം കൊള്ളുകയും ചെയ്യുന്നത്. പ്രതീചീഭ്രാന്ത് ഇന്ന് പൗരസ്ത്യ ലോകത്തിന്റെ വ്യക്തിത്വത്തിന്റെ ഭാഗമായിത്തീർന്നിട്ടുണ്ട്. പാശ്ചാത്യലോകം പൂർവ്വദേശ ത്തുള്ളവർക്ക് അനുധാവനം ചെയ്യപ്പെടേണ്ട ഒരു മാതൃകയായിത്തീർന്നിരിക്കുകയാണ്. പടിഞ്ഞാറിനെ അനുകരിക്കുകയെന്നു പറഞ്ഞാൽ പടിഞ്ഞാറിന്റെ വസ്ത്രങ്ങൾ ധരിക്കു കയും പടിഞ്ഞാറിന്റെ ജീവിതശൈലി പിൻപറ്റുകയുമാണ്. പാശ്ചാത്യൻ ഉല്പന്നങ്ങൾ സ്ഥിരമായി വാങ്ങുന്ന കൂറും ഭക്തിയുമുള്ള ഉത്തമ ഉപഭോക്താവാണ് ഇന്ന് പൗര സ്ത്യർ.

ആഫ്രിക്കയിൽ വിഭിന്നങ്ങളായ ആയിരത്തിലേറെ ഗോത്രങ്ങളുണ്ട്. അവയോരോ ഗോത്ര ത്തിനും അവരുടേതായ വസ്ത്രധാരണ രീതികളും സമ്പ്രദായങ്ങളും ജീവിതശൈലികളു മുണ്ട്. അവരുടെ പ്രശ്നങ്ങൾക്ക് അവരുടേതായ രീതിയിൽ അഴർ പരിഹാരം കാണ കയും ചെയ്യുന്നു. അവരുടെ ഇഷ്ടങ്ങൾക്കൊത്ത സാധനങ്ങൾ പടിഞ്ഞാറൻ ലോകത്ത്

നിന്ന് ലഭിക്കുകയില്ല. അവർക്കക്കൊത്ത് നൽകാൻ പാശ്ചാത്യലോകം തയാറാവുകയുമില്ല. ഇവിടെയും പാശ്ചാത്യർ ചെയ്തത് അവരുടേതായ ജീവിതശൈലികൾ തങ്ങൾക്കൊത്ത് ഏകീകരിക്കുയാണ്. ഏഷ്യയിലും ആഫ്രിക്കിലും ലാറ്റിനമേരിക്കയിലും ഉല്പന്നങ്ങൾ വിറ്റഴിക്കുകയെന്ന ലക്ഷ്യം മാത്രമുള്ള പാശ്ചാത്യരോട് പൗരസ്ത്യദേശക്കാർക്ക് ഒരിക്കലും പരാതിയുണ്ടാകാറില്ല. അവരെപ്പോഴും പാശ്ചാത്യരെ അനുകരിക്കുന്നതിൽ മാത്രമേ ശ്രദ്ധ ചെലുത്താറുള്ളൂ. അവരുടെ വ്യക്തിത്വം നഷ്ടപ്പെട്ടു പോയത് കൊണ്ടാണിത്.

കൊളോണിയലിസ്റ്റ് രാഷ്ട്രങ്ങൾക്ക് തങ്ങളുടെ ഫാക്ടറികളിലെ യന്ത്രങ്ങൾ ഒരിക്കലും കറക്കം നിർത്തരുതെന്ന് നിർബന്ധമുണ്ട്. അതിന്നവർക്ക് സ്ഥിരമായി ഉപഭോക്താക്കളെ വേണം. ഈ ആവശ്യാർത്ഥമാണ് മൂന്നാം ലോകത്തിന്റെ സംസ്കാരവും വ്യക്തിത്വവും കലാ-സാംസ്കാരിക-മത മൂല്യങ്ങളും നശിപ്പിച്ച് അവരെ കേവലമൊരു ഉപഭോകൃത സമൂഹമായി ഇവർ നിലനിർത്തുന്നത്. ഏത് നമിഷവും കടപുഴകുന്ന വേരില്ലാത്ത വൃക്ഷമായിമാറ്റുന്നു മൂന്നാംലോകത്തെ അവർ. തങ്ങളുടെ പ്രായോഗികാവശ്യങ്ങൾക്കനുസരിച്ച് മുറിച്ചു കഷണങ്ങളാക്കുകയും രൂപഭേദം വരുത്തുന്ന മരത്തടികളായി മൂന്നാം ലോകത്തെ നിർത്തുകയെന്നതാണ് പാശ്ചാത്യ ലോകത്തിന്റെ ഉദ്ദേശ്യം.

കൊളോണിയലിസ്റ്റ് ലോകം എന്താണു നിർമ്മിക്കാനുദ്ദേശിക്കുന്നതെന്നു ചില ഏഷ്യൻ ആഫ്രിക്കൻ സമൂഹങ്ങളിലെ യുവതലമുറയെ കണ്ടാൽ മനസ്സിലാകും. അവർ സ്വന്തം സംസ്കാരങ്ങസലിൽനിന്നും ആചാരസമ്പ്രദായങ്ങളിൽനിന്നും അന്യവൽക്കരിക്കപ്പെട്ടിരിക്കയാണ്. ഒരുകാലത്ത് തങ്ങളുടെസമൂഹങ്ങൾ ഉന്നതമായ സംസ്കാരങ്ങളുടെയും മഹത്തായ മതങ്ങളുടെയും കേന്ദ്രമായിരുന്നു എന്ന ചിത്ര വാസ്തവമറിയാതെ അവർ പാശ്ചത്യലോകത്തിന്റെ സ്വഭാവങ്ങളും ആചാരങ്ങളും പഠിക്കാൻ ഇറങ്ങിപ്പുറപ്പെട്ടിരിക്കുകയാണ്. തൽഫലമായി ഒരുകാലത്ത് സംസ്കാരത്തിന്റെ ദീപശിഖയുയർത്തി രകുലത്തെ നയിച്ചവർ ഇന്നു പടിഞ്ഞാറൻ ലോകത്തിന്റെ ആശ്രിതരായി മാറിയിരിക്കുന്നു.

കുരിശുയുദ്ധകാലത്ത് ക്രിസ്തു മതത്തിൽ ഇസ്ലാം ചെലുത്തിയ സ്വാധീനമാണ് പിൽക്കാലത്ത് യൂറോപ്പിൽ പ്രൊട്ടസ്റ്റാന്റിസത്തിന്റെ ഉദയത്തനു വഴിമരുന്നിട്ടത്. ഈ സ്വാധീനഫലമായി കത്തോലിസിസം വിമർശനസ്വഭാവവും അന്വേഷണ തൃഷ്ണയും പ്രതിഷേധ മനോഭാവവും ഉള്ള ഒന്നായി രൂപപ്പെടുകയുണ്ടായി. അതിന്നു ഭൌതികജീവിത വിഷയങ്ങളിൽ താൽരപര്യവുമുണ്ടായിരുന്നു. അതിന്നു മുമ്പുള്ള ആയിരം വർഷങ്ങൾ അത് ചലനാത്മക ശക്തിയായിരുന്നില്ല ഒരിക്കലും. ഇക്കാരണത്താൽ യൂറോപ്പിന്റെ തന്നെ പുരോഗതി തടസ്സപ്പെട്ടു നിൽക്കുകയായിരുന്നു. എല്ലാവരും അവകാശപ്പെടുന്നത് പോലെ മതതത്വങ്ങളെ ഇല്ലായ്മ ചെയ്തത് കൊണ്ടോ നിഷേധിച്ചത് കൊണ്ടോ അല്ല നവോത്ഥാനവും അതിനെത്തുടർന്ന് ആധുനിക സംസ്കാരവും ഉണ്ടായത്. പ്രത്യുത, തകർന്നടിഞ്ഞ പിന്തരിപ്പൻ മദ്ധ്യകാല ക്രിസ്തമതത്തെ ചൈതന്യവത്തായതും ഭൗതികഭ മുഖം കൂടിയുള്ളതും പ്രതിഷേധ സ്വഭാവമുള്ളതുമായ ഒരു മതമാക്കി രൂപാന്തരപ്പെടുത്തിയതുകൊണ്ടാണതുണ്ടായത്. അതാണു യൂറോപ്പിലെ നവീനസംസ്കാരത്തിലെ പുരോഗതിക്ക് വേഗം കൂട്ടിയതും. പ്രൊട്ടസ്റ്റാന്റിസമാണ് ആധുനിക സംസ്കാരത്തിനു ജന്മം നൽകിയതെന്നർത്ഥം. നവോത്ഥാനകാലഘട്ടത്തിൽ മതത്തെ ഒരു ഫിലോസഫി എന്ന നിലയിലും ജീവിത പ്രത്യയശാസ്ത്രമെന്ന നിലയിലും ആരും എതിർത്തിരുന്നില്ല എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. അന്നത്തെ പേരുകേട്ട വ്യക്തിത്വങ്ങളും പലമേഖലകളിലും പ്രശസ്തികൈവരിച്ചവരുമായ എല്ലാവരും മതവിശ്വാസികളായിരുന്നു.

കത്തോലിക്കാമതത്തെ പ്രൊട്ടസ്റ്റാന്റ് മതമാക്കി മാറ്റിപ്പോൾ, അധോഗതിയെ ചലനാന്തകതയാക്കി രൂപാന്തരപ്പെടുത്തിയപ്പോൾ ആണ് ഒരു സഹസ്രാബ്ദത്തിന്റെ ആഴമുള്ള നിശ്ചവാസ്ഥയ്ക്ക് മേൽ ആധുനിക സംസ്കാരത്തിന്റെ സൗധത്തിന് അടിത്തറ പാകാൻ കഴിഞ്ഞത്. ഭൂതകാലത്തെ നിർമൂലനം ചെയ്യാനോ മതമൂല്യങ്ങളെ അസാധുവാക്കാനോ ഉദ്ദേശിച്ചുകൊണ്ടല്ല നവോത്ഥാനം ഉടലെടുത്തത്. ചരിത്രത്തെ പുതുതായിണ്ടാക്കണ

മെന്നുണ്ടെങ്കിൽ ഹിറ്റലർ ചെയ്തത് പോലെ അതിവരെയുള്ളതെല്ലാം തുടച്ചുനീക്കി പുതുതായാരംഭിക്കണം. ഭൂതകാലത്തെ നശിപ്പിച്ചുകൊണ്ടായിരുന്നു ഹിറ്റലർ ചരിത്രം തുടങ്ങാൻ നോക്കിയത്. നവോത്ഥാനം ആരംഭിച്ചത് അങ്ങനെയായിരുന്നില്ല. പുരാതന ഗ്രീസിലെയും റോമിലെയും സംസ്കാരങ്ങൾക്കാണ് നവോത്ഥാനം ഊന്നൽ നൽകിയത്. മധ്യനൂറ്റാണ്ടുകളിൽ അഴഗമിക്കപ്പെടുകിടന്ന പ്രാചീന സുവർണ ദശകളിലെ സാംസ്കാരിക വിഭവങ്ങളെ കണ്ടെത്തി അംഗീകരിച്ചു പരിപോഷിപ്പിക്കുകയാണ് അതിനുണ്ടായിരുന്ന ലക്ഷ്യം. ക്രിസ്തുമതത്തെ വിലിയിടിക്കുകയാണ് നവോത്ഥാനം ചെയ്തത് എന്ന് ഇതിന്നർത്ഥമില്ല. മധ്യനുറ്റാണ്ടുകളുലെ നിശ്ചലതയും നിഷ്ക്രിയത്വവും നീക്കി അതിനെ ചലനാത്മകവും പുരോഗനാത്മകവുമായ ഒരു മതമാക്കിമാറ്റാൻ ശ്രമങ്ങൾ നടന്നിരുന്നു എന്നത് ഒരു വസ്തുതയാണ്. ആധുനി പാശ്ചാത്യൻ സംസ്കാരത്തിനു വിശ്വസപരവും സാംസ്കാരികവുമായ അടിത്തറപാകിയവർ പ്രാചീനയുഗത്തെയും തങ്ങൾ ജീവിച്ച യുഗത്തെയും കുറിച്ച് നല്ല അറിവുള്ള നവോത്ഥാന കാലഘട്ടത്തിലുള്ളവരായിരുന്നു. അതാൻ ക്രിസ്തുമതത്തിന്റെ അദ്ധ്യാത്മിക മൂല്യങ്ങളും പുരാതന ഗ്രീസിലെയും റോമിലെയും സാംസ്കാരിക മൂല്യങ്ങളെയും കൂട്ടിച്ചേർത്ത ഒരു സാംസ്കാരിക സൗധമാണ് അവർ കെട്ടിപ്പൊക്കിയത്. ഈ മൂല്യങ്ങൾ ശ്രദ്ധാപൂർവ്വം തിരഞ്ഞെടുത്തതും പിന്നീട് പുഷ്ടിപ്പെടുത്തിയതുമായിരുന്നു. ഈ പ്രസ്ഥാനമാണ് സമൂഹ്തതിൽ ചലനാത്മകത സൃഷ്ടിച്ചത്. ഇതിൻ ഫലമായി ക്രിസ്തുമതം കുറെയേറെ പുരോഗനാത്മകമാവുകയും പാശ്ചാത്യ സംസ്കാരത്തിന്റെ ധാർമ്മികാടിത്തറയായി വർത്തിക്കാൻ അതിന്നു സാധിക്കുകയും ചെയ്തു. ഈ ജോലി പ്രസ്താവ്യമായ വിജയത്തോട് കൂടിത്തന്നെ അത് പാശ്ചാത്യലോകത്ത് നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. എന്നിട്ടും നമ്മുടെ മതത്തിനനുസൃതമായി ഇങ്ങനെയൊരു പാതയിലൂടെ സഞ്ചരിക്കുന്നത് എന്ത്കൊണ്ടാണ് പാശ്ചാത്യലോകം അംഗീകരിക്കാതിരിക്കുന്നത്?

നവോത്ഥാനം മതത്തെ പിഴുതെറിഞ്ഞത് കൊണ്ടും ഭൂലോകത്തെ തള്ളിക്കളഞ്ഞത് കൊണ്ടുമാണ് പാശ്ചാത്യലോകത്തിനു ഇത്രയേറെ പുരോഗമിക്കാനും മഹത്തായ ഒരു സംസ്കാരം കെട്ടിപ്പടുക്കുവാനും സാധിച്ചത് എന്നു ചിലർ വാദിക്കുന്നു. ഇത് ശരിയല്ല, കാരണം നവോത്ഥാനം ഭൂതകാലത്തിലെ വിഭവങ്ങളെ കണ്ടെത്തി അതിനെ പുനരുജ്ജീവിപ്പിക്കുകയേ ചെയ്തിട്ടുള്ളൂ. ഭൂതകാലത്തെ പറ്റെ തള്ളിക്കൊണ്ട് അത് യാത്ര ആരംഭിച്ചിട്ടുമില്ല. അത് സാധ്യവുമല്ല. നവോത്ഥാന കലഘട്ടത്തിലെ മഹാരഥന്മാരെല്ലാം അവരുടെ ബുദ്ധിപരമായ വേരുകളൂന്നിയത് ഗ്രീക്ക്-റോമൻ സംസ്കാരങ്ങളിലായിരുന്നു. അരിസ്റ്റോട്ടിലിന്റെയും പ്ലേറ്റോവിന്റെയും കൃതികൾ അറബികൾ നേരത്തെതന്നെ പരിഭാഷപ്പെടുത്തിയിരുന്നു. നവോത്ഥാനകാലഘട്ടത്തിലെ നായകന്മാർ ഗ്രീക്ക്-റോമൻ കൃതികൾ പഠിക്കുകയും അന്നത്തെ തത്വചിന്തയും കലകളും നന്നായി മനസ്സിലാക്കുകയും ചെയ്തു. അതിലൂടെ ഉൽബുദ്ധരായ അവർ ക്രിസ്തുമത്തിന്റെ ആഴത്തിലേക്കിറങ്ങിച്ചെന്ന് മതത്തെനന്നായി മനസ്സിലാക്കാനും ശ്രമിക്കുകയുണ്ടായി. മതത്തിന്റെ സത്ത മനസ്സിലാക്കിയ അവർ മധ്യനൂറ്റാണ്ടിലെ നിർവ്വീര്യമായ ക്രിസ്തുമതത്തെ നവോത്ഥാനഘട്ടത്തിലെ ചൈതന്യവത്തായ ക്രിസ്തുമതമാക്കി മാറ്റി. ഈ പരിഷ്കൃതമതം സമൂഹത്തിൽ പ്രതിസ്പന്ദവും പ്രായോഗികവുമായ പങ്ക് നിർവ്വഹിച്ചു തുടങ്ങുകയും ചെയ്തു.

ഇന്ന് അഭ്യസ്തവിദ്യരായ പല ആഫ്രിക്കൻ നേതാക്കളും തങ്ങളുടെ നാടൻ വസ്ത്രങ്ങളണിഞ്ഞ് അന്താരാഷ്ട്രസമ്മേളനങ്ങളിൽ പങ്കെടക്കുന്നത് കാണുവാൻ സാധിക്കും. പടിഞ്ഞാറൻ ലോകത്ത് നിന്നാണ് വദ്യാഭ്യാസം കഴിച്ചതെങ്കിലും, തങ്ങൾ തങ്ങളുടെ നാടൻ സമ്പ്രദായങ്ങൾ തന്നെ പിന്തുടരണമെന്നും നാടൻവസ്ത്രങ്ങൾ തന്നെ ധരിക്കണമെന്നും നാടൻ ഭഷ തന്നെ സംസാരിക്കണമെന്നും നാടൻ വിശ്വാസങ്ങൾ തന്നെ പുലർത്തണമെന്നും അവർക്ക് നന്നായി ബോധ്യമുണ്ട്. "നിനക്ക് നിന്റേതായ വസ്ത്രങ്ങളില്ല, അത്കൊണ്ട് ഞാൻ എന്റേത് നിനക്ക് തരുന്നു; നിനക്ക് സ്വന്തം ഭാഷയില്ലായിരുന്നു, അത്കൊണ്ട് ഞാൻ എന്റെ ഭാഷ നിന്നെ പഠിപ്പിച്ചു; നിനക്കൊരു ഭൂതകാലമില്ലായിരുന്നു, അത്കൊണ്ട് ഞാനെന്റെ ചരിത്രം നിന്നെ പഠിപ്പിച്ചു; നിനക്ക് സംസ്കാരമില്ലായിരുന്നു, അത്കൊണ്ട് ഞാൻ നിനക്കത് നല്കി" എന്നിങ്ങനെ വീമ്പിളക്കുന്നത് പാശ്ചാത്യലോകം

നിർത്തണമെങ്കിൽ ഇങ്ങനെയൊക്കെ വേണമെന്നവർക്കറിയാം. ആഫ്രിക്കയുടെ എക്യവും വ്യക്തിത്വവും തകർക്കാനായി രണ്ട് നൂറ്റാണ്ട് നീണ്ടുനിന്ന കോളനിവാഴ്ച ക്കാലം മുഴവൻ പാശ്ചാത്യലോകം ആഫ്രിക്കക്കാരോട് ഈ വാചകങ്ങൾ ഉരുവിടുകയാ യിരുന്നു. കോമാളിയോ തൊഴിലാളിയോ അടിമയോ ആവാനേ തനിക്ക് യോഗ്യതയുള്ളൂ എന്നായിരുന്നു വർഷങ്ങളോളം നീഗ്രോയുടെ മനസ്സിൽ കത്തിച്ചെലുത്താൻ അവർ ശ്രമി ച്ചത്. കാര്യങ്ങൾ ഗൗരവത്തിലെടുത്തവനാക്കി അവനെ. മുമ്പ് ഗൗരവം നഷ്ടപ്പെടുത്തി യതിന് പകരമായാണ് ഇന്ന് ആഫ്രിക്കൻ നേതാക്കൾ തങ്ങളുടെ നാടൻ രീതികൾതന്നെ അവലംബിച്ച് ലോകത്തെക്കൊണ്ട് അവരെ ഗൗരവപൂർവ്വം പരിഗണിപ്പിക്കുന്നത്. തദ്വാരാ, സംസ്കാരത്തിന്റെ വളർച്ചയ്ക്കും പുരോഗതിയ്ക്കും മഹത്തായ സംഭാവനകളർപ്പിച്ച തങ്ങളുടെ പൂർവ്വികരുടെ ധന്യമായ ധാർമികമൂല്യങ്ങളും അദ്ധ്യാത്മിക മൂല്യങ്ങളും കണ്ടെത്തി ഭൂതകാലത്തെ പുനരുജ്ജീവിപ്പിക്കൻ തങ്ങളുടെ നാട്ടുകാർക്ക് ഇതൊരു പ്രചേദനമാകുമെന്നും അവരക്കറിയാം. അതോടെ, ഇന്നത്തെ കോമാളി വേഷങ്ങൾ ജീവിത യാഥാർത്ഥ്യങ്ങളിൽ നിന്നു ശ്രദ്ധതിരിക്കാൻ അവരുടെ മേൽ കെട്ടിയേൽപിക്കു ന്നതാണെന്നവർക്ക് മനസസിലാകും. തങ്ങളെക്കൊണ്ട് തങ്ങളുടെ നാട്ടുകാർ ഇത് പഠി ക്കുമെന്ന് അവിടത്തെ നേതാക്കൾ മനസ്സിലാക്കുന്നു. എന്മാസിസെയർ, ഫ്രാൻസ് ഫാനൻ, ഉമർ മൊലൂദ്, ആലിയസ് നൈരേര തുടങ്ങിയവർക്കും മറ്റുചില ആഫ്രിക്കൻ ചിന്തകർക്കും ആഫ്രിക്കൻ നേതാക്കൾക്കും യൂറോപ്യൻ കൊളോണിയലിസത്തിനെ തിരെ അവിടത്തെ ജനങ്ങളെ ഉൽബുദ്ധരാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ടാൻസാനിയയിൽ പൊതുവായി സംസാരിക്കുന്ന ഭാഷ ഇംഗ്ലീഷാണ്. ഹൈസ്കൂളുക ളിലും കോളേജുകളിലും പഠനമാധ്യമമാണത്. എന്നാൽ രാഷ്ട്രത്തിലവനായ ജൂലിയസ് നൈരേര ജനങ്ങൾ മുഴുവനും മാതൃഭാഷ തന്നെ സംസാരിച്ചു പഠിക്കണനമെന്ന അഭി പ്രായക്കാരനാണ്. ഇംഗ്ലീഷിനു പകരം പ്രാദേശിക ഭാഷ നടപ്പിൽ വരുത്തണമെന്നും സാമൂഹ്യശാസ്ത്രജ്ഞൻ കൂടിയായ അദ്ദേഹം പറയുന്നു. സ്വന്തം ഭാഷ സംസാരിക്കു കയും അതിലൂടെ ആശയവിനിമയം നടത്തുകയും ചെയ്തില്ലെങ്കിൽ ആഫ്രിക്കക്കാരനു സ്വന്തത്തെ മനസ്സിലാക്കാൻ കഴിയില്ലെന്നു ബോധ്യമുള്ളതുകൊണ്ടാണ് അദ്ദേഹമിങ്ങനെ പറയുന്നത്. തന്റെ ഭാഷയേക്കാൾ വളരെ പുരോഗമമിച്ച ഭഷ ഇംഗ്ലീഷാണെങ്കിലും സ്വന്തം സംസ്കാരത്തിലും വിശ്വാസങ്ങളിലും ഉറച്ചു നിൽക്കാനുള്ള തന്റേടമുണ്ടാ വാനും പടിഞ്ഞാറിനെ ആശ്രയിക്കുന്നതിൽനിന്നു സ്വന്തം നാടിനെ മോചിപ്പിക്കാനും സ്വന്തം ഭാഷ സംസാരിച്ച് ആത്മവിശ്വാസം വളർത്തുകതന്നെ വേണ്ടതുണ്ട്.

സ്വന്തം സാംസ്കാരിക പൈതൃകങ്ങളിലേക്ക് തിരിച്ചു പോയെങ്കിൽ മാത്രമേ കൊളോണി യലിസത്തിന്റെ ചങ്ങലകളിൽ നിന്നു മോചനം നേടാനാവൂ എന്നു മനസ്സിലാക്കുന്നിട ത്തോളം ആഫ്രിക്ക ഉൽബുദ്ധമായിട്ടുണ്ട്. ആഫ്രിക്കയുടെ കാര്യം ഇതാണെങ്കിൽ, പുരാ തന സംസ്കാരങ്ങളുടെ കേന്ദ്രവും ആത്മീയ സാംസ്കാരിക സമ്പത്ത്കൊണ്ട് ധന്യമായ ഏഷ്യക്ക് പടിഞ്ഞാറിന്റെ സാംസ്കാരിക മേധാവിത്വത്തിൽ നിന്നു മുക്തി നേടാൻ ഒരു പ്രയാസവുമുണ്ടാവേണ്ടതില്ല. പഴയ കാലത്തെ കണ്ടെത്തി പരിഷ്കരിപ്പിക്കാനോ പുതിയ കഴിവുകൾ കണ്ടെത്താനോ അതിനേതും പ്രയാസവുമില്ല. പൗരസ്ത്യലോകത്തിന്റെ ഒരു ഭാഗമെന്ന നിലയിൽ പാശ്ചാത്യലോകത്തിന്റെ സ്വാധീനത്തിൽ നിന്നു സ്വതന്ത്രമായി നമ്മുടേതായ ഒരു വ്യക്തിത്വം കെട്ടിപ്പടുക്കേണ്ടതുണ്ട്. സ്വന്തത്തെ കണ്ടെത്തുകയും സ്വയം പര്യാപ്തരാണെന്ന ബോധത്തോട് കൂടി മുന്നേറുകയും ചെയ്തെങ്കിൽ മാത്രമേ ഇത് സാധിക്കൂ.

സാംസ്കാരി മൂല്യങ്ങളാണ് നമ്മുടെ വ്യക്തിത്വത്തെ രൂപപ്പെടുത്തുന്നതിനും പാകപ്പെടു ത്തുന്നതിനും നമുക്ക് പ്രേരകമായി വർത്തിക്കുന്നത്. ഈ മൂല്യങ്ങളിൽ നിന്നകന്നുപോ യത് കൊണ്ട് വ്യക്തിത്വമില്ലാത്തവരായി നമുക്ക് സ്വയം അനുഭവപ്പെടുന്നു. സാംസ്കാ രിക സമ്പന്നതയുള്ള ഭൂതകാലവും ആശയക്കുഴപ്പം നിറഞ്ഞ വർത്തമാന കാലവും തമ്മി ലുള്ള വിടവ് അവസാനിപ്പിക്കേണ്ടിയിരിക്കുന്നു. എന്നിട്ട് ഭൂതകാല സിദ്ധികളെ വർത്തമാ നകാലത്തിൽ കണ്ടെത്തണം. എല്ലാറ്റിനുമുപരി തകർന്നതെന്നും അബദ്ധജഡിലവു

മെന്നും അന്ധവിശ്വാസം നിറഞ്ഞതുമെന്നു ആരോപിക്കപ്പെടുന്ന നമ്മുടെ ചരിത്രപരവും മതപരവും സാഹിത്യപരവും എല്ലമായ മല്യങ്ങളെ പുനരുജ്ജീവിപ്പിച്ച് അതിനെ ക്രിയ താമക ശക്തിയായി പരിവർത്തിപ്പിക്കണം. ഒരു എഞ്ചിനീയറെപ്പോലെ പരുക്കൻ വസ്തു ക്കളിൽനിന്നും ആശയങ്ങളിൽനിന്നും മഹത്തായ ഒരു സാംസ്കാരി സൗധത്തെ കെട്ടിപ്പ ടുത്തി രൂപപ്പെടുത്തിയെടുക്കേണ്ട ബാധ്യതയുണ്ട് ഓരോ ബുദ്ധിജീവിക്കും. എത്ര പരു ക്കനാണെങ്കിലും, എത്ര അനാകർഷകമായി തോന്നുമെങ്കിലും, സംസ്കാരത്തിന്റെ അസംസ്കൃത വസ്തുക്കളെ ക്രിയാത്മക ശക്തിയാക്കി പരിവർത്തിപ്പിക്കേണ്ട ബാധ്യത ബുദ്ധിജീവിക്ക് തന്നെയാണ്. ചിത്തവിശുദ്ധിയുണ്ടെങ്കിൽ സ്വന്തം സാംസ്കാരിക പൈതൃകത്തിന്റെ അടിത്തറയിലേക്കാണ് സാംസ്കാരികസൗധം അയാളെ കെട്ടിപ്പടു ക്കേണ്ടത്.

പാശ്ചാത്യലോകം നമ്മുടെ ഭൂതകാലത്തെ നിഷേധിക്കുകയും അങ്ങനെയൊന്ന് നമുക്ക് കഴിഞ്ഞ് പോയിട്ടില്ലെന്ന് പറയുകയുമാണ് ചെയ്തിരുന്നതെങ്കിൽ അതാണു നമുക്ക് കടു തൽ ഫലം ചെയ്യുകയെന്നു എനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്. അവർ നമ്മുടെ ഭൂത കാലത്തെ വികൃതമാക്കുകയാണ് ചെയ്യുന്നത്.

സ്കൂളികളിൽ മതവിഷയങ്ങൾ വിപുലീകരിക്കുന്നതിനെക്കുറിച്ച് ഒരിക്കൽ എന്റെ അഭി പ്രായം ക്ഷണിക്കപ്പെടുകയുണ്ടായി. ഇസ്ലാമിന്റെ ആധികാരിക വാക്താവല്ല ഞാനെന്ന് പറഞ്ഞത്കൊണ്ടുതന്നെ ഞാൻപറഞ്ഞു, സ്കൂളിൽ അത് പഠിപ്പിക്കുന്നതിനേക്കാൾ അത് പഠിപ്പിക്കാതിരിക്കുകയാണുത്തമമെന്നും എങ്കിൽ അവിടെ പഠിക്കാൻ തുടങ്ങുകയോ ബിരുദം നേടി പുറത്തുവരികയോ ചെയ്യുന്ന യുവാക്കൾക്ക് ഇസ്ലാമിനെക്കുറിച്ച് മുൻധാരണകളുണ്ടാവില്ലെന്നും, ഇസ്ലാമിനെക്കുറിച്ച്വക്രമായ രൂപത്തിലൊന്നും മനസ്സി ലാക്കാനിടയായിട്ടില്ലെങ്കിൽ ഇസ്ലാമിനെ തേടിപ്പിടിച്ച് സത്യം കണ്ടെത്തി അംഗീകരി ക്കാൻ അവർ പ്രേരിതരാകും.

ഒരു സ്കൂളിൽ മുമ്പു ഞാൻ പേർഷ്യൻ വ്യാകരണം പഠിപ്പിച്ചിരുന്നു. പഠിപ്പിക്കുന്നത് എളുപ്പവും ഫലപ്രദവുമാക്കാൻ ഞാൻ ഒരു പുതിയ രീതി കണ്ടുപിടിച്ചു. വളരെ ചുരു ങ്ങിയ സമയം കൊണ്ട് വളരെ നന്നായി പഠിക്കാൻ സഹായിക്കുന്നതായിരുന്നു ആ രീതി. പല വിദ്യാർത്ഥികളിലും ഈ രീതി പരീക്ഷിച്ചപ്പോൾ മനസ്സിലായി പഴയരീതിയിൽ പഠിച്ചു ശീലിച്ചവരെ ഈ രീതിയിൽ ഒട്ടും പഠിപ്പിക്കാനാവില്ലെന്ന്. പുതിയതൊന്നും സ്വീകരിക്കാൻ പറ്റാത്തവിധം പഴയരീതികൾ മനസ്സിൽ നിറഞ്ഞുകിടക്കുന്നവർക്ക് പുതിയ രീതി ഉൾക്കൊള്ളാൻ കഴിയുമായിരുന്നില്ല.

യൂറോപ്പിൽ ഹസ്രത്ത് അലിയെക്കുറിച്ച് കേട്ടവർ അല്പമെങ്കിലും ഉണ്ടാവും. ഒരിക്കൽ ഒരു ഫ്രഞ്ച് കോളേജിൽ ഇസ്ലാമിലെ ഈ മഹാവ്യക്തിത്വത്തെക്കുറിച്ച് സംസാരിക്കാൻ ഞാൻ തീരുമാനിച്ചു. അത്യധികം താൽപര്യം കാണിച്ച സദസ്സ് ഈ വിഷയകമായി കൂടു തൽ വിവരങ്ങൾ നൽകാനാവശ്യപ്പെടുകയുണ്ടായി. പിന്നീടൊരിക്കൽ ഇസ്ലാമിലെ ശീഇസത്തിന്റെ ചരിത്രത്തെക്കുറിച്ച് പ്രസംഗിച്ചപ്പോൾ സദസ്സിലുള്ളവർ എന്നെ പുരോഗ മന ചിന്തയുള്ള ഒരു ബുദ്ധിജീവിയായി കരുതിത്തുടങ്ങുന്നുണ്ടെന്നെനിക്ക് തോന്നുകയു ണ്ടായി. അവർക്ക് മറ്റൊരു പ്രസംഗത്തിലൂടെ ഇമാം ഹുസൈന്റെ ചരിത്രവും കൂടി പറ ഞ്ഞു കൊടുത്തിരുന്നുവെങ്കിൽ പൗരസ്ത്യലോകത്തെ ഒരാധുനക ബുദ്ധിജീവിയായി അവരെന്നെ ഗണിക്കുമായിരുന്നു. എന്റെ നട്ടുകാർ സദസ്സിലുണ്ടായിരുന്നുവെങ്കിൽ എന്നെ അങ്ങനെ ഗണിക്കുമായിരുന്നില്ല; മുൻ ധാരണകളൊന്നുമില്ലാത്ത ആ സദസ്സ് എന്നെ ഉൾക്കാഴ്ചയുള്ള ഒരു ചിന്തകനായി കരുതുകയാണുണ്ടായത്.

ഞാൻ ഇമാം ഹുസാന്റെ പേർ പരാമർശിക്കുമ്പോൾ തന്നെ എന്റെ സദസ്സ് മുഴുവൻ കണ്ണുനീർ പൊഴിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുമെന്നെനിക്കറിയാം. എന്നാൽ സ്പാർട്ടക്കസിനെ ഒരു മഹാ നായകനായി രു സദസിനു മുമ്പാകെ അവതരിപ്പിക്കാൻ എനിക്ക് തോന്നുകയില്ല. കാരണം, ആ മനുഷ്യൻ സദസ്സിൽ ഒരു വികാരവും സൃഷ്ടി

ക്കുകയില്ല. എന്നാൽ അബുൽ ഫിസ്‌ലിയെക്കുറിച്ച് ഈ സദസ്സിനെ അനുസ്മരിപ്പിക്കുമ്പോഴേക്ക് തന്നെ, അവരുടെ മനസ്സിൽ ഇമാം ഹുസൈന്റെ ദാഹം തീർക്കാൻ വേണ്ടി വെള്ളപ്പാത്രം കൊണ്ടുവരാൻ അദ്ദേഹം വരിച്ച ത്യാഗം നിങ്ങളുടെ മനസ്സിനെ തിക്ടടി വരുമെന്നെനിക്കറിയാം. അതോടെ കൂട്ടക്കരച്ചിലും കണ്ണീരൊഴുക്കലുമാണുണ്ടാവുകയെന്നതിൽ സംശയമില്ല. അബുൽ ഫസ്‌ലിന്റെ പേരിൽ ഒത്തുകൂടുകയും സദ്യകൊടുക്കുകയും ചെയ്യുന്നവർ ഇവിടെയുണ്ടാകാം. പക്ഷെ ഒരു മഹത്തായ കാര്യത്തിനുവേണ്ടി ജീവൻ ബലിയർപ്പിച്ച ആ മഹാ മനുഷ്യന്റെ യഥാർത്ഥ വ്യക്തിത്വത്തെക്കുറിച്ച് അവർക്കറയണമെന്നില്ല. ഇസ്‌ലാമിലെ ഈ ത്യാഗിവര്യന്റെ ചരിത്രം വികലവും വികൃതവുമായിട്ടാണ് ഇപ്പോഴുള്ളതെന്നത് ദുഃഖകരമായ ഒരു വസ്തുതയാണ്.

സത്യം പറഞ്ഞാൽ ഇസ്‌ലാമിനെക്കുറിച്ചും പ്രവാചകനെക്കുറിച്ചും ഹുസൈനെക്കുറിച്ചും നമ്മോട് ആരും പറഞ്ഞുതന്നിട്ടില്ലായിരുന്നുവെങ്കിൽ എന്നു ഞാൻ പലപ്പോഴും ആഗ്രഹിച്ചു പോയിട്ടുണ്ട്. മതത്തെക്കുറിച്ചും ചരിത്രത്തെക്കുറിച്ചുംയാതൊരു മുൻധാരണകളുമില്ലായിരുന്നുവെങ്കിൽ ഈ നൂറ്റാണ്ടിലെ പ്രഗത്ഭരായ ചിന്തകർ ഹുസൈൻ, അബൂദർറ്, മുല്ലാസദ്ര്, ഇമാം മുഹമ്മദ് ഗസ്സാലി തുടങ്ങിയവരുടെ വികൃതമാവാത്ത വ്യക്തിത്വങ്ങളെ നമുക്കു വരച്ചു കാണിച്ചു തരുമായിരുന്നു. ഭൂതകാലത്തിലെ മൂഢസങ്കൽപങ്ങളാലും അന്ധവിശ്വാസങ്ങളാലും നിർഭരമല്ല നമ്മുടെ മനസ്സെങ്കിൽ, പുതിയ ആശയങ്ങളും മൂല്യങ്ങളും സാവീകരിക്കാൻ ഒരു പ്രയാസവുമുണ്ടാവില്ല, നമ്മുടെ ഭൂതകാലത്തിൽ നമുക്ക് താൽപര്യം നഷ്ടപ്പെടുത്തിയത് പാശ്ചാത്യലോകമാണ്. അവരുടെ കുതന്ത്രങ്ങളെ തകർക്കാൻ നാം ഉണരേണ്ടിയിരിക്കുന്നു.

♣♣♣

# ആദർശം

ആദർശം എന്ന പദത്തിലുപയോഗിക്കുന്ന 'ഐഡിയോളജി' എന്ന പദം "ഐഡിയോ", "ജി" എന്നീ പദങ്ങൾ കൂട്ടിച്ചേർന്നതാണ്. ഐഡിയോ എന്നതിനു ചിന്ത, സങ്കൽപം, വിശ്വാസം എന്നീ അർത്ഥങ്ങളിൽ ഉപയോഗിച്ചു വരുന്നു. അപ്പോൾ 'ഐഡിയോളജി' എന്നതിനെ വിശ്വാസങ്ങളുടെയും ആശയങ്ങളുടെയും ശാസ്ത്രം എന്ന് നിർവ്വചിക്കാം. ഈ നിർവചനമനുസരിച്ച്, ഒരു പ്രത്യേക ആദർശത്തിന്റെ വാക്താവാണ് "ഐഡിയോ ലോഗ്". ഒരു സമൂഹം പിൻപറ്റുന്ന പ്രത്യേക വിശ്വാസങ്ങളെയും ആശയങ്ങളെയും ആദർശം എന്ന നിർവചനത്തിൽപ്പെടുത്താം. ഈ നിർവചനത്തിന്റെ അടിസ്ഥാനത്തിൽ ശാസ്ത്രവും ആദർശവും തമ്മിൽ ഒരു തരം തിരിവ് നടത്തേണ്ടതുണ്ട്. ഭൗതികപ്രപഞ്ച ത്തെക്കുറിച്ചും ഭൗതികപ്രതിഭാസങ്ങളെക്കുറിച്ചുമുള്ള മനുഷ്യന്റെ അറിവാണ് ശാസ്ത്രം. ഭൗതികവസ്തുക്കളെക്കുറിച്ച് മനുഷ്യ മനസ്സിലുണ്ടാകുന്ന പ്രതിബിംബമാണത്. പ്രകൃതി യിലും അതിലുള്ള വസ്തുക്കളിലും മനുഷ്യനിലും ചില തത്വങ്ങളും ഗുണങ്ങളും പര സ്പര ബന്ധങ്ങളഉം കണ്ടത്തലാണത്. അറിയേണ്ടവനും വസ്തുവും കണ്ണാടിയും തമ്മി ലുള്ള ബന്ധംപോലെയാണിത്. കണ്ണാടി വസ്തുവിനെയോ വസ്തു കണ്ണാടിയെയോ ബാധിക്കുന്നില്ല. അതിനാൽ അവ തമ്മിലുള്ള ബന്ധം നിസ്സംഗമാണ്. വസ്തുക്കൾ ഭൂമി യിലേക്ക് വീഴുന്നതിനു പിന്നിലുള്ള ഗുരുത്വാഗർഷണനിയമം ഭൗതികശാസ്ത്രജ്ഞനെ ബാധിക്കുന്നില്ല. നിർണ്ണിത നിയമമായതിനാൽ അതിനു ഭൗതികശാസ്ത്രശാസ്ത്രജ്ഞന്റെ മനസ്സിനെയോ നിലപാടിനെയോ മാറ്റാനും സാധ്യമല്ല. ഗുരുത്വാഗർഷണ നിയമം അറിയു ന്നത് കൊണ്ട് അതിൽ കൈകടത്താൻ അയാൾ തുനിയുകയില്ല. അത് ഫലപ്രദമല്ലന്ന യാൾക്കറിയാം. ശാസ്ത്രീയ വിഷയങ്ങളിൽ ശാസ്ത്രജ്ഞൻ വസ്തുനിഷ്ഠവും നിർവ്യ ക്തികവുമായി നിൽക്കുകയേയുള്ളൂ. അല്ലാത്ത പക്ഷം അയാൾക്ക് വിജയിക്കാൻ കഴിയു കയില്ല. പ്രകൃതിയുടെ നിയമങ്ങളും സവിശേഷതകളും പ്രതിഫലിക്കുന്ന കണ്ണാടിപോ ലെയാണ് ശാസ്ത്രജ്ഞന്റെ മനസ്സ്. ആ കണ്ണാടിയിൽ പ്രതിബിംബിക്കുന്നതെല്ലാം പൊതു വിൽ ശാസ്ത്രമാണെന്നു പറയാം. പിന്നീടാണതിനെ ഊർജതന്ത്രവും രസതന്ത്രവും സാമ്പത്തികശാസ്ത്രവും സാമൂഹ്യശാസ്ത്രവുമെല്ലാമാക്കി തരം തിരിക്കുന്നത്..

ഏതൊന്നിന്റെയും നിർണ്ണയം പരിഗണനീയമാകേണ്ടതിന്ന് രണ്ടു രീതികളാണ് സയൻസിലും രീതി വിജ്ഞാനീയ (മെത്തഡോളജി) ത്തിലും ഉപയോഗിക്കാറ്. രണ്ടു സംഞ്ജകളാൽ അറിയപ്പെടുന്ന അവ രണ്ടിനെയും പലപ്പോഴും പലരും കൂട്ടിക്കുഴക്കാറു ണ്ട്. വസ്തുതാനിർണ്ണയവും മൂല്യനിർണ്ണയവും (ജഡ്ജ്മിന്റ് ഡി ഫെയ്റ്റ് ആന്റ് ജഡ്ജ്മെന്റ് ഡി വാല്യു) മാണവ. ഒരു വസ്തുത, അല്ലെങ്കിൽ ദ്രവ്യം ഇന്നതാണ്, ഇന്ന വിധത്തിലുള്ളതാണ് എന്നിങ്ങനെ ബാഹ്യയാഥാർത്ഥ്യങ്ങളെ അടിസ്ഥാനമാക്കിയുള്ള താണ് ഒന്നാമത്തേത്. അഥവാ, വസ്തുതാ നിർണ്ണയം. വസ്തുവിന്റെയോ കാര്യത്തി ന്റെയോ പ്രതിഭാസത്തിന്റെയോ സ്വഭാവത്തെ മാത്രം അനാവരണം ചെയ്ത് ഇങ്ങനെ യെന്നോ അങ്ങനെയെന്നോ തീരുമാനിക്കുകയേ ഈ ഘട്ടത്തിൽ വേണ്ടൂ. മൂല്യ നിർണ്ണയം രണ്ടാം ഘട്ടത്തിലാണ് വരുന്നത്. ഏതൊരു പ്രതിഭാസത്തിന്റെയും ഗുണം, ദൂഷ്യം, ഉപകാരം, ഉപദ്രവം എന്നിവയുമായിട്ടാണ് ഈ തീർപു കൽപനയ്കു ബന്ധം. എങ്ങനെ അതിനെ മാറ്റയെടുക്കാം, അതിന്റെ നിഷേധാത്മക വശങ്ങളെ എങ്ങനെ സ്വീകാര്യങ്ങളാക്കി തീർക്കാം, അതിനെ എങ്ങനെ പരിഷ്കരിച്ച് അന്യൂനമാക്കാം, അല്ലാത്ത പക്ഷം എങ്ങനെ ഉൻമൂലനം ചെയ്യാം ഇത്യാദി ചർച്ചകളാണ് രണ്ടാമത്തേതിൽ വരിക.

ഈ രണ്ടു രീതികളെയും വേർതിരിച്ചുതന്നെ മനസ്സിലാക്കേണ്ടതാണ്. ഉദാഹരണമായി മേൽപറഞ്ഞതിൽ ഒന്നാമത്തെ തത്വമനുസരിച്ച് ഇറാനിലം ഇസ്ലാമിനെക്കുറിച്ചു പറയു മ്പോൾ, ഇസ്ലാം പേർഷ്യയിലേക്ക് കടന്നുവന്നതിനെക്കുറിച്ചും സമൂഹത്തെ അതിന്റെ

വരുതിക്കുള്ളിൽ കൊണ്ടുവന്നതിനെക്കുറിച്ചും അവിടത്തെ സംസ്കാരത്തെയും ചരിത്രത്തെയും സ്വാധീനിച്ചതിനെക്കുറിച്ചും സാമൂഹ്യ-രാഷ്ട്രീയ മേഖലകളിൽ ആധിപത്യം കുറിച്ചുമെല്ലാമുള്ള വിവരണത്തിൽ നാം നിഷ്പക്ഷരായിരിക്കേണ്ടതുണ്ട്. വ്യക്തിപരമായ വിശ്വാസങ്ങളും വികാരങ്ങളും ആ വിവരണങ്ങളിൽ ഒട്ടും കടന്ുകൂടാ. അല്ലെങ്കിൽ അതോടെ ശാസ്ത്രീയതയും വസ്തുനിഷ്ഠതയും നഷ്ടപ്പെട്ടുപോകും. രണ്ടാമത്തെ ഘട്ടത്തിൽ മാത്രമാണ് വിലയിരുത്തലും വിശകലനവും നടക്കുന്നത്. ഈ ഘട്ടത്തിൽ അവയെ സുക്ഷ്മമായി പരിശോധിച്ച് ഇസ്‌ലാം യഥാർത്ഥത്തിൽ പേർഷ്യൻ സമൂഹത്തിന്റെ പുരോഗതിയിൽ ഒരു ചാലക ശക്തിയായിരുന്നോ അതോ പേർഷ്യൻ പേർഷ്യയെ അത് പ്രതീപഗതിയിലേക്ക് നയിച്ചുവോ; ഇറാനിയൻ സംസ്കാരത്തിന്റെ ഉടർച്ചക്കോ തകർച്ചക്കോ അത് കാരണമായത്. പഴയ സദാചാരത്തെ തൂത്തെറിഞ്ഞു പുതിയ ധർമ്മങ്ങളെ മടപ്പിൽ വരുത്തിയോ അതോ അവരെ ഇരുട്ടിൽ തന്നെ വിട്ടേച്ചുവോ എന്നെല്ലാം മനസ്സിലാക്കാവുന്നതാണ്. ബാഹ്യ യാഥാർത്ഥ്യങ്ങളെ പരിശോധിക്കുകയും വിലയിരുത്തുകയും ചെയ്യേണ്ടുന്ന പ്രക്രിയ ഇതാണ്. ആദ്യഘട്ടത്തിൽ നാം ബാഹ്യയാഥാർത്ഥ്യങ്ങളെക്കുറിച്ച് സൂക്ഷ്മമായ അന്വേഷണം നടത്തുന്നേയുള്ളൂ. രണ്ടാമത്തേഘട്ടത്തിലാണ് നാം അതിനെ തരം തിരിച്ച് വിശകലനം ചെയ്യുകയും വിലയിരുത്തുകയും ചെയ്യുന്നത്. എങ്ങനെ ഉപയോഗപ്പെടുത്തണം, എങ്ങനെയവ നടപ്പിൽ വരുത്തണം തുടങ്ങിയ പ്രശ്നങ്ങൾ ഉണ്ടാവുന്നത്. ഇവിടെയാണ്. ഇതിനെ ആദർശപരമായ ഘട്ടം എന്നു പറയാം ആദർശം ശാസ്ത്രവുമായി വേർപിരിയുന്നതിവിടെവെച്ചാണ്.

ആദർശത്തിനു തത്വചിന്തയുമായും ബന്ധമുണ്ട്. എന്നാൽ അതും ശാസ്ത്രത്തെപ്പോലെ വിദൂരബന്ധമേ പുലർത്തുന്നുള്ളൂ എന്ന് മനസ്സിലാക്കേണ്ടതുണ്ട്. ശാസ്ത്രത്തിനെത്താൻ കഴിയാത്ത മേഖലകളിൽ അറിയപ്പെടാതെ കിടക്കുന്നത് മനസ്സിലാക്കാനുള്ള ശ്രമം എന്നു തത്വ ചിന്തയെ നിർവചിക്കാം. മനുഷ്യന്റെ വിധി, അസ്തിത്വത്തിന്റെ അർത്ഥം, ജീവിതത്തിന്റെ തത്ത്വശാസ്ത്രം, സൃഷ്ടിയുടെ ഉദ്ദേശ്യം, പ്രപഞ്ചത്തിൽ മനുഷ്യനുള്ള സ്ഥാനം തുടങ്ങിയവയാണ് തത്ത്വചിന്ത കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ. ശാസ്ത്രം ഈ മേഖലയിലേക്ക് കടക്കുന്നില്ല. കാരണം വിശകലന മാർഗണ ഈ പ്രശ്നങ്ങൾ പരിഹരിക്കുകയെന്നത് അതിന്റെ പരിധികൾക്കപ്പുറത്താണ്. ഭൗതിക പ്രപഞ്ചത്തിലെ വ്യത്യസ്ത വസ്തുക്കളും പ്രതിഭാസങ്ങളും തമ്മിലുള്ള ബന്ധങ്ങളും അവയുടെ വിശദീകരണങ്ങളും പരസ്പര പ്രവർത്തനങ്ങളും മറ്റുമാണ് ശാസ്ത്രം കൈകാര്യം ചെയ്യുന്നത്. തത്ത്വചിന്തയാവട്ടെ, പ്രകൃതിയിലും മനുഷ്യമനസ്സിലും കുടികൊള്ളുന്ന പ്രതിഭാസങ്ങളെയും സങ്കൽപ്പങ്ങളെയും സത്തയെയും സത്യത്തെയും കുറിച്ച് ആഴത്തിൽ അന്വേഷണം നടത്തുകയും അതിന്റെ സാദ്ധ്യത ആരായുകയും ചെയ്യുന്നു. വലിയ ചോദ്യങ്ങളുമായാണ് തത്ത്വചിന്ത ബന്ധപ്പെടുന്നത്. ശാസ്ത്രവും തത്ത്വചിന്തയും അജ്ഞാതമായ കാര്യങ്ങൾ കണ്ടുപിടിക്കാനും മനസ്സിലാക്കാനും ശ്രമം നടത്തുന്നു. ഈ അർത്ഥത്തിൽ തത്ത്വചിന്തയും ശാസ്ത്രം തന്നെയാണ്. ശാസ്ത്രത്തിന്നപ്പുറമുള്ള ശാസ്ത്രം. പരീക്ഷണശാലകളിൽ പരിശോധനാവിധേയമാക്കാൻ സാധിക്കാത്ത കാര്യങ്ങളാണ് തത്ത്വചിന്ത കയ്യാളുന്നത്. ശാസ്ത്രത്തേക്കാൾ അത് കുറേപടികൾ മുമ്പോട്ട് നിൽക്കുന്നു.

ആദർശത്തിനു മൂന്നു തലങ്ങളുണ്ട്. പ്രപഞ്ചം, അസ്തിത്വം, മനുഷ്യൻ എന്നിവയെ കാണുകയും ഉൾകൊള്ളുകയും ചെയ്യുന്നതാണൊന്നാമത്തേത്. രണ്ടാമത്തെ തലം നമ്മുടെ സാമൂഹികവും മാനസികവുമായ ചുറ്റുപാടുകളെ രൂപപ്പെടുത്തുന്ന വസ്തുക്കളെയും ആശയങ്ങളെയും മനസ്സിലാക്കുകയും വിലയിരുത്തുകയും ചെയ്യലാണ്. നമുക്ക് തൃപ്തികരമല്ലാത്ത സാമൂഹ്യചുറ്റുപാടുകളെ മാറ്റാൻ ആശയങ്ങളും രീതികളും സമീപനങ്ങളും നിർദ്ദേശങ്ങളഉം മറ്റും കൈകൊള്ളലാണ് മൂന്നാമത്തെ തലം. ഈ മൂന്നാം ഘട്ടത്തിലാണ് ആദർശം അതിന്റെ വാക്താക്കൾക്ക് ആവശ്യമായ നിർദ്ദേശങ്ങളും ആശയങ്ങളും ലക്ഷ്യങ്ങളും പ്രായോഗിക പരിപാടികളും നൽകി അതിന്റെ ദൗത്യം പൂർത്തീകരിക്കാൻ തുടങ്ങേണ്ടത്. ഇതിന്റെ അടിസ്ഥാനത്തിലായിരിക്കും സാമൂഹ്യവ്യവസ്ഥ മാറുകയും പുരോഗമിക്കുകയും ചെയ്യുക.

ബുദ്ധിജീവികൾ അർപ്പണബോധമുള്ളവരാകണമെന്നു ആദർശം ആവശ്യപ്പെടുന്നു. അവർക്കാകട്ടെ, ആദർശം അനിവാര്യമായ ഒരാവശ്യമത്രെ. ഏതെങ്കിലുമൊരു പ്രതിസന്ധിഘട്ടത്തിലാണ് ഏതരാദർശവും രംഗത്ത്വരുന്നത്. മാറ്റത്തെ തടുക്കുന്ന സാമ്പത്തിക-സാംസ്കാരിക-രാഷ്ട്രീയ ഘടകങ്ങളെയും സമൂഹത്തിന്റെ നിലവിലുള്ള ക്രമത്തെയും വിമർശിച്ചുകൊണ്ടാണ് കടന്നു വരുന്നത്. പഴട സാമൂഹ്യ ക്രമത്തിന്നുപകരമായി പുതിയ പദ്ധതികളും പരിപാടികളും നിർദ്ദേശിക്കുക മാത്രം ചെയ്യുന്ന ആദർശത്തിന്റെ ഈ ഘട്ടം നിസംഗമായ ഒന്നായിരിക്കും. കുറച്ചുകൂടി കഴിഞ്ഞാൽ അത് പഴയ സാമൂഹ്യ ക്രമത്തെ മാറ്റി മറിക്കാൻ ആവശ്യമായ പുതിയ രീതികളും മാർഗങ്ങളും മുമ്പോട്ട് വെക്കുകയും പഴയതിനെ വിമർശിക്കുകയും ചെയ്യുന്നു. ഈ ഘട്ടത്തിലാണ് ആദർശത്തിന്റെ വാക്താക്കൾ അർപണബോധവും ്പരതിസ്പന്ദതയും കൈമുതലാക്കേണ്ടതും പ്രകടിപ്പിക്കേണ്ടതും. അർപണബോധം പിന്നീടവരെ പ്രവർത്തനങ്ങളിലേക്കും ത്യാഗങ്ങളിലേക്കും ക്ഷണിക്കുന്നു.

ശാസ്ത്രമോ തത്ത്വചിന്തയെ മേൽപറഞ്ഞ അർപണബോധം ഉണ്ടാക്കുന്നില്ല. എന്താണ് ഗുരുത്വാകർഷണ നിയമം, എന്തുകൊണ്ട് വസ്തുക്കൾ നിലത്ത് വിഴുന്നു തുടങ്ങിയ കാര്യങ്ങളുടെ വിശദീകരണം നൽകുക മാത്രമെ ശാസ്ത്രം ചെയ്യുന്നുള്ളൂ. ഒരാൾ അത് സ്വീകരിക്കുന്നതോ തിരസ്കരിക്കുന്നതോ അതിന്നു പ്രശ്നമേയല്ല. ആദർശവാദിയിൽ നിന്നു ഭിന്നമായി, ഒരു ശാസ്ത്രഞ്ജൻ തന്റെ നിഗമനങ്ങളെ മറ്റൊരുവനിൽ അടിച്ചേൽപിക്കുന്നില്ല. മറ്റുള്ളവർ തങ്ങളുടെ വിശ്വാസങ്ങളിൽ തന്നെ അടിയുറച്ചുനിൽക്കുകയാണെങ്കിൽ അയാൾ അവർക്കെതിരെ ഒരു സംഘത്തിനു രൂപം കൊടുക്കുകയുമില്ല. ഇത് കൊണ്ടാണ് ചരിത്രത്തിലിന്നോളം ശാസ്ത്രമോ തത്വചിന്തയോ ഒരു വിപ്ലവം നടത്തിയതായി കാണാത്തത്. മനുഷ്യ ചരിത്രത്തിൽ ആദർശങ്ങളാണ് മനുഷ്യരെ ഉത്തേജിപ്പിച്ചതും യുദ്ധങ്ങളും വിപ്ലവങ്ങളും നയിച്ചതും ത്യാഗങ്ങൾ വരിക്കാൻ അവരെ പ്രേരിപ്പിച്ചതും, ആദർശം മനുഷ്യനിൽ നിന്നും കറകളഞ്ഞ വിശ്വാസവും കണിശമായ ഉത്തരവാദിത്വബോധവും കൂറും അർപണവും ആവശ്യപ്പെടുന്നു.

തത്ത്വചിന്തയല്ലേ ആദർശത്തെ സൃഷ്ടിക്കുന്നതെന്നും ആദർശത്തിന്നു തനിയെ രംഗത്ത് വരാൻ കഴിയുമോ എന്നും ചോദിച്ചേക്കാം. ആദർശം ആദർശമായി തന്നെ രംഗത്തുവരുന്നില്ലയെന്നും തത്ത്വചിന്തയാണെന്നതിനു ജന്മം നൽകുന്നതെന്നുമുള്ള വാദത്തോട് എനിക്ക് യോജിപ്പില്ല. തത്ത്വചിന്തയിൽ നിന്ന് നിഷ്ക്രമിക്കുന്നതെല്ലാം ലക്ഷ്യമോ ഉദ്ദേശ്യമോ ഇല്ലാത്തതാണ്. തത്ത്വചിന്തയിൽ നിന്നാണ് ആദർശം ഉടലെടുത്തതെങ്കിൽ അതും ഉപയോഗശൂന്യവും അപ്രായോഗികവുമായിത്തീരുമായിരുന്നു. മാത്രവുമല്ല, ലോകമതങ്ങളുടെ നേതാക്കളും സത്യത്തിന്റെ പന്ഥാവിൽ കുരിശുയുദ്ധം നടത്തിയവരുമായ മഹാൻമാർ തത്ത്വചിന്തകൻമാരാവേണ്ടതായിരുന്നു. അങ്ങനെയായിരുന്നില്ലെന്നു മാത്രമല്ല, തത്ത്വചിനന്തകൻമാർ ചരിത്രത്തിൽ പലപ്പോഴും വിലങ്ങുതടികളായിട്ടുണ്ട് താനും. ആദർശങ്ങൾക്ക് വേണ്ടി പൊരുതുകയും അതിന്നുവേണ്ടി പടയണി ചേർന്നു ജീവൻ ബലിയർപ്പിക്കുകയും ചെയ്ത എല്ലാ പടയാളികളും സാധാരണ ജനങ്ങളായിരുന്നു. തത്ത്വചിന്തകൻമാർ ആയിരുന്നില്ല. സാധാരണ വ്യക്തികളാണ് ആദർശവുമായി രംഗത്ത് വരുന്നത്. അവർ തന്നെയാണ് അതുമായി ലക്ഷ്യാനുസാരം മുമ്പോട്ടു പോകുന്നതും. വ്യക്തമായി പറഞ്ഞാൽ പ്രവാചകൻമാരാണ് ആദർശത്തെ പടുത്തുയർത്തിയതും അതിനെ വ്ശ്വാസസംഹിതയായി മാറ്റിയതും ആ മാർഗത്തിൽ ജനങ്ങളെ നയിച്ചതും. പ്രവാചകൻമാർ സാധാരണമനുഷ്യരായിരുന്നുവെന്ന് ഖുർആൻ പഠിപ്പിക്കുന്നു. എന്റെ അഭിപ്രായത്തിൽ, ഉപരി വർഗത്തിലോ, വിദ്യാസമ്പന്നരിലോ ഭരണവർഗത്തിലോ പെട്ടതല്ല, നിരക്ഷരരായ സാധാരണ ജനങ്ങളിൽപെട്ടവനാണ് പ്രവാചകൻ എന്നു കാണിക്കുന്ന ഖുർആൻ 'ഉമമി' (നിരക്ഷരൻ) എന്ന പദമുപയോഗിച്ചത്. ഇനി നമുക്ക് ആദർശത്തെ മതവുമായി ബന്ധപ്പെടുത്തി പരിശോധിക്കാം. ആദർശം മതത്തിൽ നിന്ന് എങ്ങനെ വേർതിരിഞ്ഞു നിൽക്കുന്നു എന്നാദ്യം ചർച്ചചെയ്യേണ്ടതുണ്ട്. മതം തന്നെ

രണ്ടുതരമുണ്ട്. അവരണ്ടും പരസ്പരം എതിർ നിൽക്കുകയും ചെയ്യുന്നു. ഇക്കാരണ ത്താലാണ് ഞാൻ മതത്തെക്കുറിച്ച് പറയുമ്പോൾ രണ്ട് നിലപാട് സ്വീകരിക്കുന്നത്. ഒന്നു കിൽ ഞാനതിന്റെ ശക്തനായ വാക്താവാകുന്നതായി കാണാം. മറ്റു ചിലപ്പോൾ എതിർക്കുന്നതും കാണാം. മതത്തിന് രണ്ട് മുഖങ്ങളുള്ളതുകൊണ്ടാണ് എനിക്ക് ഈ ദ്വിലഗ്ന മനോഭാവം കൈകൊള്ളേണ്ടിവരുന്നത്. എല്ലാ മതങ്ങൾക്കും ഈ പറഞ്ഞ രണ്ടു മുഖങ്ങൾ കാണാം. ക്രസ്തു മതത്തിനും മറ്റുമതങ്ങൾക്കുമുള്ളത് പോലെതന്നെ ഇസ്ലാമിനും അങ്ങനെയുണ്ട്. കടുംകൃത്യങ്ങൾ ചെയ്യുകയും പിന്തിരിപ്പത്തവും ജാഡ്യതയും വളർത്തുകയും ചെയ്യുന്ന തകർന്നടിഞ്ഞ 'ഇസ്ലാ'മാണൊന്ന്. അത് സ്വാതന്ത്ര ബോധത്തെ തകർക്കുകയും അക്രമവ്യവസ്ഥയെ തെറ്റായി ന്യായീകരിക്കുകയും ചെയ്യുന്നു. ക്രിസ്തുമതത്തിന്നും സൗരാഷ്ട്രമതത്തിന്നും മറ്റുമതങ്ങൾക്കും എല്ലായ്പ്പോഴും എതിർനിന്ന ഇസ്ലാമാണ് രണ്ടാമത്തേത്.

സത്യത്തിലും നന്മയിലും ഊന്നിനിന്നു മാനുഷിക സമീപനം കൈകൊണ്ടതും ഇതിന്നു വിപരീതമായി തികച്ചും മനുഷ്യത്വ വിരുദ്ധമായ സമീപനം കൈകൊണ്ടതുമായ രണ്ടു മുഖങ്ങൾ ഇസ്ലാമിനു അതിന്റെ ചരിത്രത്തിൽ കണ്ടെത്താൻ കഴിയും. സത്യത്തിലും നന്മയിലുമൂന്നി മാനുഷികഭാവം കൈകൊണ്ടതാണ് യഥാർത്ഥ ഇസ്ലാം. എന്നാൽ ഇതിന്നു ഏറെക്കാലം നിലനിൽക്കാനും വളരാനും ക്രൂരത കൈമുതലാക്കിയ രണ്ടാമത്തെ ഇസ്ലാം അനുവദിച്ചിട്ടില്ല. ഇസ്ലാമിക രാഷ്ട്രങ്ങളിൽ തന്നെയാണ് ഇസ്ലാമിക ആശയങ്ങളും സത്യങ്ങളും ഏറ്റവും കൂടുതൽ അടിച്ചമർത്തപ്പെട്ടത് എന്നു നമുക്കറിയാവുന്നതാണ്.

ആദർശവിരുദ്ധമായനിലയിൽ നിലനിൽക്കുന്ന മതത്തെ ദർഖീം ഇങ്ങനെ നിർവചിക്കുന്നു. പുരാതന വിശ്വാസങ്ങളുടെയും വ്യക്തിവികാരങ്ങളുടെയും സമുച്ചയം; തലമുറയിൽ നിന്നു തലമുറയിലേക്ക് പകരുന്നതും സാമൂഹ്യമായി സ്ഥാപിക്കപ്പെട്ട് കഴിഞ്ഞതുമായ ആചാരോപചാരങ്ങളുടെയും നിയമങ്ങളുടെയും രീതികളുടെയും അനുകരണം. ഒരു സമൂഹത്തിന്റെ കൂട്ടായ ചൈതന്യമാണ് ഇത്തരത്തിലുള്ള മതം കാണിക്കുന്നത്, മനുഷ്യവർഗത്തിന്റെയോ സത്യമായ ആദർശത്തിന്റയോ യഥാർത്ഥ ചൈതന്യം അതൊരിക്കലും പ്രതിനിധീകരിക്കുന്നില്ല.

ദർഖീം നിർവചിച്ച ഇത്തരത്തിലുള്ള മതം ടെഹ്റാനിലുമുണ്ട്. ഗ്രാമങ്ങളിൽ നിന്നും ഉൾനാടുകളിൽനിന്നുമുള്ള അനേകം പേർ ഈ വലിയപട്ടണത്തിലെ ചേരികളിൽ തൊഴിലവസരങ്ങളും തേടി താമസിക്കുന്നുണ്ട്. അഞ്ചോ ആറോ ഗ്രാമങ്ങളിലെ ജനങ്ങൾ ഒന്നായാണു നഗരത്തിലെ ചേരിപ്രദേശങ്ങളിലൊരിടത്ത് താമസിക്കുന്നത്. ഞാൻ സന്ദർശിക്കാറുള്ള ഒരു ഗ്രാമത്തിലെ എഴുനൂറ് അംഗങ്ങളിൽ നാനൂറ് പേരും ടെഹ്റാനിൽനിന്ന് വന്ന് ഒരിടത്തു താമസിക്കുകയാണ്. ചിലർക്ക് സാമ്പത്തികമായി ഉയരാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഭൂരിഭാഗവും ദാരിദ്രവുമായും പട്ടിണിയുമായും രോഗങ്ങളുമായും മല്ലിടുകയാണ്. ഈ പ്രദേശങ്ങളൊക്കെയുള്ളതോടപ്പംതന്നെ ഈ മമനുഷ്യർ ഒരു റാന്തലും ഒരു കൈമണിയും ചമ്മട്ടിയും മറ്റു വസ്തുക്കളും വാങ്ങാൻ പരമാവധി ശ്രമിക്കുകയാണ്. അവരത് ആശൂറാ ദിനത്തിന്നുവേണ്ടി സൂക്ഷിച്ചുവെക്കുന്നു. അന്നാണവർ ഇമാം ഹുസൈന്റെ രക്തസാക്ഷിത്വത്തിന്റെ പേരിൽ തെരുവിലൂടെ കണ്ണീരൊഴുക്കി വിലാപയാത്ര നടത്തുക. അന്നു ഓരോ വിഭാഗവും ആശൂറാ ദിനത്തിൽ ചെയ്യുന്ന കർമ്മങ്ങളുടെ കാര്യത്തിൽ മത്സരിക്കുന്നു. ഉദാഹരണത്തിന്നു ഒട്ടകത്തെയറുക്കൽ. ഇത് മതപരമായ ആചാരമാണെന്നു ധരിക്കുന്നവർക്ക് തെറ്റി. മതത്തിന്റെ പേരും പറഞ്ഞ് നടത്തുന്ന ഒരു സാമൂഹ്യ പരിപാടി മാത്രമാണത്. ഈ അവസരത്തിൽ ഓരോ വിഭാഗവും തങ്ങളുടെ നന്മകളും ഗുണങ്ങളും നിരത്തിവെക്കാനാണ് ശ്രമിക്കാറ്. ഓരോ വിഭാഗവും തങ്ങളുടെ സ്വതന്ത്രാസ്തിത്വവും സാമൂഹ്യ ആവേശവും പ്രകടിപ്പിക്കാനും ആ അവസരത്തിൽ ശ്രമിക്കുന്നു. ഏത് വിഭാഗമാണ് ഏറ്റവും മുൻപന്തിയിലെന്നു കണ്ടറിയാൻ ജനങ്ങൾ റോഡിന്നിരുവശവും തിങ്ങിക്കൂടിയിട്ടുമുണ്ടാവും. കടുത്ത മത്സരവും ഇടക്കിടെ അക്രമവും ചിലപ്പോൾ രക്തച്ചൊരിച്ചിലും വരെ ഉണ്ടാവുന്നു. ദൈവത്തിനു വേണ്ടിയ

ല്ലാതെ നടത്തുന്ന കുരിശുയുദ്ധം! സമൂഹത്തിന്റെ കൂട്ടായ ആവേശം കാണിക്കുന്ന ആചാരാബദ്ധമായ മതമാമണത്. തലമുറകളോളം സാമൂഹ്യസ്തിത്വം നിലനിർത്താൻ സഹായിക്കുന്ന സാമൂഹ്യ ബന്ധങ്ങളും ഈ നടപടികളിൽ അടങ്ങിയിട്ടുണ്ട്.

രാജഭരണം, ദേശീയത, സൂഫിസം എന്നിവയെ കൂട്ടിച്ചേർത്ത് ശീഇസം എന്ന പുതിയ പുതിയ ഒന്നാക്കിത്തീർക്കുന്നുവെന്നതാണ് സഫവിയ്യാക്കളുടെ പ്രത്യേകത. ഓട്ടോമൻ സാമ്രാജ്യത്തിനും റഷ്യക്കും അറേബ്യയ്ക്കും ഇതര രാഷ്ട്രങ്ങൾക്കുമെതിരിൽ ഉയർത്തിയ കൊടിയുടെ വർണ്ണമുണ്ടതിന്. ഇതെല്ലാം മതത്തിന്റെയും ശീഇസം എന്നതിന്റെയും പേരിലാണ് കാണിക്കുന്നത്. ഷാ അബ്ബാസിന്റെ ഭരണകാലത്ത് ഒരിക്കൽ നവവത്സരദിനവും ആശൂറാ ദിനവും ഒത്തുവരികയുണ്ടായി. വിലാപദിനത്തിന്റെ പിറ്റേന്നു ഗംഭീരമായി അതാഘോഷിക്കാൻ തീരുമാനിക്കപ്പെടുകയും ചെയ്തു. വികൃതമായ ഒരു മതാചാരത്തെ ഭരണകൂടം അതിന്റെ നിലനിൽപിനുപയോഗപ്പെടുത്തിയതെങ്ങനെയെന്നു മനസ്സിലാക്കുക. അങ്ങിനെ മുഹറം പത്തിന്റെ ദിവസം വമ്പിച്ച വിലാപങ്ങളും പിറ്റേദിവസം പുതുവത്സര ദിനം വമ്പിച്ച ആഘോഷവും കൊണ്ടാടാൻ തീരുമാനിക്കപ്പെട്ടു. ഇത് രണ്ടും കൂടിച്ചേർന്നാണ് സഫവിയ്യാ ശീഇസം ഉണ്ടായത്. അക്കാലത്തെ ഭരണകൂടത്തിന്റെ ചരിത്രപരവും സാംസ്കാരികവും സദാചാരപരവും മറ്റുമായ ഘടകങ്ങളൊത്തു ചേർന്ന ഒരു ദേശീയ വിശ്വാസ സംഹിതയാണത്. ഇറാൻ ഭരിക്കുന്ന സഫവിയ്യാ ഭരണകർത്താക്കൾക്കനുസൃതമായുള്ള, നാട്ടിന്റെ കൂട്ടായ ചൈതന്യവും ദേശീയ ചൈതന്യവുമെല്ലാമൊത്തു ചേർന്ന ഒരു മതമായിരുന്നു അത്.

ഇതേ പോലെത്തന്നെ ക്രിസ്തുമതത്തിനും സംഭവിച്ചു. ഏതെങ്കിലുമൊരു സ്ഥലത്തേയോ വർഗ്ഗത്തേയോ പ്രതിനിധീകരിക്കാത്ത യേശു മനുഷ്യവർഗത്തിനു മുഴുവനായി ഒരു പ്രസ്ഥാനം കൊണ്ടുവന്നു. അഞ്ചാം നൂറ്റാണ്ടിലെ ഒരു റോമൻ ചക്രവർത്തി ആ മതം സ്വീകരിച്ചു. ക്രമേണ അത് വളരുകയും ചർച്ചും പൊരോഹിത്യവുമായി സമൂഹത്തിലെ കരുത്തുറ്റ ഒരു സ്ഥാപനമായിത്തീരുകയും ചെയ്തു. പിന്നീടത് കോട്ടകളും കത്തീഡ്രലുകളും സിംഹാസനങ്ങളും സ്വർണ്ണങ്ങളും അലങ്കാരവസ്തുക്കളുംകൊണ്ട് വലയിതമാവുകയും ചെയ്തു. ഈ രൂപം കൈവരിച്ച ക്രിസ്തുമതമാണ് അസ്സീറിയക്കാർക്ക് പോലും ഊഹിക്കാൻ കഴിയാത്ത കുറ്റങ്ങളും കൂട്ടക്കൊലകളും നടത്താൻ തങ്ങളുടെ അധികാരമുപയോഗിച്ചത്.

യേശുവിന്റെ ചൈതന്യമാണ് തങ്ങൾ പ്രതിനിധാനം ചെയ്യുന്നതെന്നു പിന്നീടവർ അവകാശപ്പെട്ടു.. യഥാർത്ഥത്തിൽ പടിഞ്ഞാറിന്റെ കൂട്ടായ ചൈതന്യമായിരുന്നു അതുൾക്കൊണ്ടിരുന്നത്. ഇതിൻ ഫലമെന്നോണം, യൂറോപ്യവൽകൃത ക്രിസ്തുമതത്താൽ ക്രിസ്തുവും കന്യാമറിയവും യൂറോപ്യവൽക്കരിക്കപ്പെട്ടു. കന്യാമറിയം ഒരു ഹീബ്രുവനിതയായിരുന്നു. എന്നാൽ യൂറോപ്യവൽകൃതമായ പുതിയ രൂപത്തിൽ അവർ ഒരു ഫ്രഞ്ച് വനിതയായി മാറിയിരിക്കുന്നു. കറുത്ത തലമുടിയും തവിട്ടു കണ്ണുകളുമുള്ള മെലിഞ്ഞ സ്ത്രീ. യേശുവിനെയും ഇങ്ങനെ ലോലചർമ്മവും

*ഭരണാധികാരികളാണിത് നടപ്പിൽ വരുത്തിയത്. ബഹ്റാം ഗുർഗിന്റെ കാലത്ത് ഇങ്ങനെയൊരു ആഘോഷവിളംബരമുണ്ടായിരുന്നു. അന്നു ദുഃഖിതനായിരിക്കുന്ന ആരെങ്കിലും പിടിക്കപ്പെട്ടാൽ അവന് കടുത്ത ശിക്ഷ ലഭിക്കുമായിരുന്നു.

ഘരിത നയനങ്ങളും കറുത്ത തലമുടിയുമുള്ള അലൻഡിലോണിനെപ്പോലുള്ള ഒരാളായി യൂറോപ്യവൽക്കരിച്ചിട്ടുണ്ട് അവർ.

ക്രിസ്തുമതം പാശ്ച്ത്യലോകത്തിന്റെ മതമായിതീർന്നത്കൊണ്ടാണ് യേശുവിനെയും യൂറോപ്യനായിതന്നെ കാണുന്നത്. ഗ്രീസ് ജൂപിറ്ററെ യവനവൽകരിച്ചത് പോലെ, പേർഷ്യ അഹുറമസ്ദയെ പേർഷ്യവൽക്കരിച്ചത് പോലെ യൂറോപ്പ് ക്രിസ്തുവെ യൂറോപ്പ്യവൽക്കരിച്ചു. ആഫ്രിക്കൻ കോളനികളിലെ ചില ഗോത്രക്കാർ പാശ്ചാത്യൻ ചർച്ചുകളിൽ കാണുന്ന യേശുവിന്റെ പ്രതിമപോലെതന്നെയുള്ള ഒരു കോലം മരവും പരുത്തിയു

മുപയോഗിച്ചുണ്ടാക്കിയെന്നു കേട്ടിട്ടുണ്ട്. അവരെ സംബന്ധിച്ചിടത്തോളം യൂറോപ്യൻ കോളനിയലിസവുമായി ആഫ്രിക്കയിലേക്ക് വന്ന പാശ്ചാത്യൻ ദൈവമായ യേശുവിനെ യാണ് ഈ കോലം പ്രതിനിധീകരിക്കുന്നത്. പാന്നീടവർ എല്ലാവരുംകൂടി ഒരിടത്ത് ഒത്തു കൂടി ഈ കോലം കത്തിക്കുന്നു. ആഫ്രിക്കയിലേക്ക് കൊണ്ടുവരപ്പെട്ട യേശു യൂറോപ്യ നാണ്; കോളനിയസത്തിന്റെ വാക്താവ്. ഈ ക്രിസ്തുവിനെയാണ് ആ കോലം പ്രതിനി ധാനം ചെയ്യുന്നത്. അത് ഉപരിലോകത്ത്നിന്ന് വന്ന ദൈവമല്ല ഒരിക്കലും.

ഒരിക്കൽ ദുറൂസിയായ ഒരു വിദ്യാർത്ഥിയെ യൂറോപ്പിൽവെച്ച് കണ്ടുമുട്ടാനിടയായി. അയാളുടെ കയ്യിൽ നീണ്ട മീശയുള്ള ഷാ അബ്ബാസിന്റേതന്നു തോന്നിക്കുന്ന ഒരു ചിത്ര മുണ്ടായിരുന്നു. ഞാൻ ചോദിച്ചപ്പോൾ അയാൾ പറഞ്ഞു അത് അലിയുടെ ചിത്രമാണെ ന്നാണു കരുതുന്നത്. ഇറാനികൾക്ക് മുഹമ്മദിനെയും അലിയെയും സൗരാഷ്ട്രരെ പ്പോലെ ചിത്രീകരിക്കാനുള്ള ഒരു പ്രവണതയുണ്ട്. മുഹമ്മദ് നബിയെ അവിടുത്തെ കാല ഘട്ടത്തിലുള്ളത് പോലെയല്ല ചിത്രീകരിച്ചിട്ടുള്ളത്. ചെറിയ മുടിയും നല്ലവസ്ത്രവുമുള്ള ഒരു ആധുനിക മനുഷ്യൻ, ഒരു ജനതയുടെ ദേശീയവും പൊതുസ്വഭാവങ്ങളുംമാണ് മത രമായ പ്രതീകങ്ങളും ആചാരങ്ങളുമെല്ലാമായി രൂപാന്തരപ്പെടുന്നത് എന്നു ഇതെല്ലാം കാണിക്കുന്നു. ദർഖീം മതമെന്നത് കൊണ്ട് വീക്ഷിക്കുന്നത് ഇതെല്ലാമാണ്.

ദർഖീം പറഞ്ഞതിൽ നിന്നു തികച്ചും വ്യത്യസ്തമായ മറ്റൊരു മതമുണ്ട്. അത് ഒരു വ്യക്തിയോ രാഷ്ട്രമോ ജനതയോ സ്വന്തം ഇച്ഛക്കനുസരിച്ച് സ്വീകരിക്കുന്ന ഒന്നാണ്. പക്ഷെ പരമ്പരാഗതമായ മതം ആദർശപരമായ സ്വാതന്ത്രം അനുവദിക്കാത്ത അത്ര കടു ത്തതാണ്. "അല്ലാഹുവല്ലാതെ ഇലാഹില്ല" എന്ന പരിശുദ്ധ വചനം തലമുറ തലമുറ യായി അങ്ങിനെതന്നെ ആവർത്തിച്ചേ പറ്റൂ. ആരും അത് മാറ്റേനോ പരിഷ്കരിക്കാനോ മുതിരുന്നില്ല.

സമൂഹത്തിന്റെ ആവശ്യങ്ങളോടും പ്രശ്നങ്ങളോടും പ്രതികരിക്കാൻ ബോധപൂർവ്വം തെരഞ്ഞടുത്ത വിശ്വാസമാണ് ആദർശമെന്ന നിലയിൽ മതം. ഒരു ജനത താലോലി ക്കുന്ന ലക്ഷ്യം കരഗതമാക്കുന്നതിലേക്ക് അത് മാർഗദർശനം നൽകുന്നു.

ഒരു ആദർശം തെരഞ്ഞടുക്കുന്നവർ താൻ ജീവിക്കുന്ന സമൂഹത്തിലെ രാഷ്ട്രീയ സാമ്പത്തിക സ്ഥിതികളെക്കുറിച്ചും സാമൂഹ്യ ചുറ്റുപാടുകളെക്കുറിച്ചുമാണ് ചിന്തിക്കുന്ന ത്. നിലവിലുള്ള സാമൂഹ്യ വ്യവസ്ഥ എന്ത്കൊണ്ട് തനിക്ക് അസ്വീകാര്യമാകുന്നു എന്ന യാൾക്കറിയാം. അതുകൊണ്ട് മൗലികമായ ചില മാറ്റങ്ങൾ ആ സമൂഹത്തിൽ വരുത്തേ ണ്ടതത്യാവശ്യമാണെന്ന് അയാൾ വിശ്വസിക്കുന്നു. തന്റെ വിശ്വാസത്തിന്നു ലക്ഷ്യവും മാർഗവും ലഭിക്കാൻ അയാൾ ഒരാദർശവും തെരഞ്ഞടുക്കും. നിലവിലുള്ള സമൂഹക്ര മത്തെ മാറ്റാൻവേണ്ടി തെറഞ്ഞടുത്തതാണ് ഈ ആദർശം. അത് അയാൾക്ക് നിലവി ലുള്ള സാമൂഹ്യക്രമത്തിന്നു പകരമിളഅള ഒന്നിനെ പ്രദാനം ചെയ്യുകയും തന്റെ ലക്ഷ്യ ത്തിലത്താൻ സബായിക്കുകയും ചെയ്യുന്നു. ശരിയായ തെരഞ്ഞടുപ്പാണെങ്കിൽ ആ ആദർശം നിലവിലുള്ളതിനു നല്ലൊരു പകരമായിരിക്കും.

ഇങ്ങനെ നോക്കുമ്പോൾ രണ്ട് തരത്തിലുള്ള മതമുണ്ടെന്നു കാണാം. ഒന്ന് ആദർശം എന്ന നിലയിലുള്ള മതം; മറ്റൊന്ന് നാടൻ പാരമപര്യങ്ങളുടെയും സാമൂഹ്യാചാരങ്ങളു ടെയും സമുച്ചയമായ മതം. മനുഷ്യവർഗത്തെ ഉയർത്തിയെയുനേൽപ്പിക്കാനും ഉൽബു ദ്ധരാക്കാനും പ്രവാചകൻമാർ ആഗതരാവുകയും അവർ തങ്ങളുടെ ആദർശങ്ങളും മുദ്രാവാക്യങ്ങളും പ്രഖ്യാപിക്കുകയും ചെയ്തപ്പോൾ ജനങ്ങൾ അത് സ്വാതന്ത്രമായിട്ടാ യുരുന്നു സ്വീകരിച്ചിരുന്നത്. ആദർശമെന്ന നിലയിലുള്ള മതത്തിന്റെ രംഗപ്രവേശനമായി രുന്നു അത്. കാലാന്തരത്തിൽ അതിന്നു ആ സ്വഭാവം നഷ്ടപ്പെടുകയും ആചാരസമുച്ച യവും നാടൻസമ്പ്രദായങ്ങളുമായി മാറുകയും ചെയ്തു. മിക്കവാറും മതങ്ങളുടെ പരി ണാമം അങ്ങനെയായിരുന്നു. ആചാരബദ്ധമായ മതവിശ്വാസികളുടെ മക്കൾ അവരെ പ്പോലെതന്നെയുള്ള മതവിശ്വാസികളായി വളർന്നുവന്നു. മുസ്ലിംകളെയും ബുദ്ധമത

ക്കാരെയും ആധുനിക ഭൗതികവാതികളെയും സോഷ്യലിസ്റ്റുകളെയും പോലും ഈ രോഗം പിടിപെടുന്നുണ്ട്. ആചാരങ്ങളും സമ്പ്രദായങ്ങളുമായി മാറിക്കയിഞ്ഞാൽ ആദർശത്തെ ആദർശമെന്നു പറയാൻ കഴിയില്ല. അത് മതപരമായും ആദർശമായാലും ശരി. തെരഞ്ഞെടുക്കുന്നതിനു പകരം കെട്ടിയേൽപ്പിക്കപ്പെടുന്ന ആദർശം ഒരു സാമൂഹ്യ ആചാരം മാത്രമാണ്. നാടൻ സംസ്കാരത്തിന്റെ ഭാഗം മാത്രമാണത്. അതിന്നു തനിമ നഷ്ടപ്പെട്ടിരിക്കും.

ഇല്ലാമിന്റെ ആഗമനത്തോടുകൂടി പേർഷ്യയിലെ ജനങ്ങൾ തങ്ങളുടെ ഇച്ഛക്കനുസരിച്ച് ഇസ്ലാം സ്വീകരിക്കുകയും വിശ്വാസങ്ങളോടപ്പം ചേരുകയുമുമ്ടായി. ഹിജ്റ 120നും 130നു മിടയിൽ അബൂമുസ്ലിം ഖുറാസാനിൽ നിന്നുള്ള 600 പടയാളികളുമായി മുന്നേറി ഭരണം പിടിച്ചെടുത്ത് ഒരു ഖിലാഫത്ത് ഭരണം സ്ഥാപിച്ചു. പ്രവാചകന്റെ പിൻഗാമിക ളാൽ മയിക്കപ്പെട്ട നീതിപൂർവ്വകമായ ഒരു ഇസ്ലാമിക ഭരണകൂടത്തിന്നു വേണ്ടിയായി രുന്നു അദ്ദേഹം പൊരുതിയിരുന്നത്. ബഗ്ദാദ് ഭരമകൂടത്തിന്നെതിരിൽ പട നയിക്കുന്ന തിന്നു 30-40 നർഷങ്ങൾക്കു മുമ്പ് തന്നെ തന്റെ നാടായ ട്രാൻസോക്സാനിയിലെ ജന ങ്ങൾ ഇസ്ലാം സ്വീകരിച്ചിരുന്നെങ്കിലും അപ്പോഴേക്ക് മാത്രമേ അവർക്ക് അർപണബോ ധവും ത്യാഗമനസ്ഥിതിയും കൈവന്നിരുന്നുള്ളൂ. അങ്ങിനെ അവർ അഴിമതി നിറഞ്ഞ ഇആ ഭരണകൂട്ത്തിന്നെതിരെ പൊരുതി അതിനെ മറിച്ചിടുകയും നീതിയിലധിഷ്ഠിത മായ ഒരു വ്യവസ്ഥയെ പകരം വെക്കുകയും ചെയ്തു. കുറച്ച് മുമ്പവരെ അവർ സൗരാ ഷ്ട്രരും പേർഷ്യക്കാരുമായിരുന്നു. ഇപ്പോളവർ പ്രവാചകന്റെ പിൻഗാമികളാൽ ഭരിക്ക പ്പെടുന്ന ഒരിസ്ലാമിക വ്യവസ്ഥയെ പിൻപറ്റുന്നവരായി. ഇറാനികൾ ഒരുമിച്ചാണ് അക്കാലത്ത് ഇസ്ലാം സ്വീകരിച്ചെതെന്നാണ് ഇത് കാണിക്കുന്നത്.

സൗരാഷ്ട്രമതവും പേരിഷ്യവൽകരിക്കപ്പെട്ടിട്ടുണ്ട്. അഹുറമസ്ദ ഒരു ഇറാനിയൻ ദൈവമായി മാറിയിരിക്കുന്നു. ഇത് പോലെ, ഗ്രീക്ക്കാരുടെ ശത്രുക്കളായ ട്രോജൻകാരെ പ്രതിരോധിച്ച സിയൂസ് ഗ്രീക്ക് ദേവനായി തീർന്നിട്ടുണ്ട്. ഇങ്ങനെതന്നെയാണ് സൗരാഷ്ട്ര മതത്തിന്റെ പ്ർഷ്യവൽക്കരണവും നടന്നത്. എന്നാൽ ഇസ്ലാമിന്റെ ആഗമ നത്തോട് കൂടി പഴയ മതം അതിന്റെ എല്ലാ ദേശീയ വർഗീയ വശങ്ങളോടെതന്നെ പരി ത്യജിക്കപ്പെടുകയുണ്ടായി. പകരം, പഴയ മതവുമായി യാതരു ബന്ധവുമില്ലാത്ത ഇസ്ലാം പൂർണ്ണ മനസ്സോടെ സ്വീകരിക്കപ്പെട്ടു.

പഴയ മതത്തിന്റെ തണലിൽ ജീവിച്ചിരുന്ന കുലീന ഭരണാധികാരികൾ ജനങ്ങളെ ഭരിച്ചി രുന്നത് സമത്വമോ നീതിയോ ഇല്ലാതെയായിരുന്നത്കൊണ്ടാണ് ഇസ്ലാമിനു അത്ര യേറെ സ്വീകീര്യതകിട്ടിയത്. ഇസ്ലാം സമത്വതവും നീതിയുമുള്ള ഒരു വ്യവസ്ഥയും പ്രാപ്തിയുള്ള ഒരു ഭരണകൂടവും പകരംവെച്ചു. പഴയ ആക്രമവ്യവസ്ഥയുടെ കീഴിൽ അനുഭവിച്ചിരുന്ന വേദനകൾക്കും പുതിയ മത്തിന്റെ മുദ്രാവാക്യങ്ങളിൽ അവർ ആശ്വാസം കണ്ടത്തി. അതിലായിരുന്നു സ്വതന്ത്രമായി തന്നെ അവർ ഇസ്ലാം സ്വീകരി ച്ചത്.

ആഫ്രിക്കയിലും ഇസ്ലാം ഇന്നു ഒരാദർശമെന്ന നിലയിലാണ് രംഗപ്രവേശം ചെയ്തിട്ടു ള്ളത്. ദശലക്ഷകണക്കിനു ആഫ്രിക്കക്കാർ അതിനെ സ്വീകരിച്ചിട്ടുണ്ട്. വിശ്വാസികളെയു ണ്ടാക്കാൻ കോടിക്കണക്കിനു ഡോളർ ചിലവഴിക്കുന്ന കാത്തോലിക്കാ മതവും മാർക്സിസവും ആദർശങ്ങൾ തന്നെ. ഈ മൂന്നാദർശങ്ങളും തമ്മിൽ ആദർശപരമായ സമരവും നടക്കുന്നുണ്ട്. മിഷനറി പ്രവർത്തനങ്ങൾ ഏറ്റവും കുറവായിട്ടും ഈ മൂന്ന ണ്ണെത്തിൽ ഏറ്റവും കൂടുതൽ നാട്ടുകാരെ ആകർഷിക്കുന്നത് ഇസ്ലാമത്രെ. വിൻസെന്റ് മോൺടെയ്ലിന്റെ അഭിപ്രായത്തിൽ ആഫ്രിക്കയിൽ മതം മാറുന്ന ഓരോ അഞ്ച് പേരിലും നാലുപേർവീതം ഇസ്ലാമിലേക്കാണ് വരുന്നത്. ഒന്നിൽ കുറഞ്ഞ ആളേ ക്രിസ്തു മതത്തിലേക്ക് മതഃപരിവർത്തനം ചെയ്യുന്നുള്ളൂ. അവരാകട്ടെ പാശ്ചാത്യ കമ്പ നികളിലും സ്ഥാപനങ്ങളിലും എംബസികളിലുമുള്ള തൊഴിലാളികളാണ്. സാമ്പത്തിക മായ ആവശ്യങ്ങൾ തീർക്കാൻവേണ്ടി തങ്ങളുടെ തൊഴിലുടമയെ തൃപ്തിപ്പെടുത്താ

നാണ് അവർ മതം മാറുന്നതെന്നു തോന്നുന്നു. ക്രിസ്തുമതത്തിന്റേതുപോലെ വ്യവസ്ഥാപിതമായ മിഷനറി പ്രവർത്തനം ഇസ്ലാമിനു അവിടെയില്ല. അപരബോധമുള്ള ഏതാനും പാവങ്ങൾ മാത്രമാണ് ഇസ്ലാമിനു വേണ്ടി അവിടെ പ്രവർത്തിക്കുന്നത്. ഏതാനും കുടുംബങ്ങൾ മാത്രം സംസാരിക്കുന്ന പ്രാദേശിക ഭഷയിലടക്കം അനേകം ആഫ്രിക്കൻ ഭാഷയിൽ ബൈബിൾ വിവർത്തനം ചെയ്യപ്പെട്ടിട്ടും ഒരു പ്രാദേശിക ഭാഷയിലും ഭാഷാന്തരം ചെയ്യപ്പെട്ടിട്ടില്ലാത്ത ഖുർആനിനാന് അവിടെ അനുയായികൾ അധികം.

വർണവിവേചനത്തെയും അസമത്വത്തെയും എതിർക്കുന്ന ആദർശമായത് കൊണ്ടാണ് ആഫ്രിക്കയിലെ കറുത്തവർഗക്കാരിലും ലാറ്റിനമേരിക്കൻ സമൂഹങ്ങളിലും ഇസ്ലാമിനു ഇത്രയേറെ സ്വീകാര്യത ലഭിക്കുന്നത്. ഇസ്ലാം സ്വീകരിക്കുന്ന കറുത്തവർഗക്കാരനറിയാം, തന്റെ ദുരിതങ്ങളകറ്റാനും ആവശ്യങ്ങൾ പൂർത്തീകരിക്കാനും ഇസ്ലാം പര്യാപ്തമാകുമെന്ന്. വർണ വിവേചത്തെയും അസമത്വത്തെയും ഇസ്ലാമിനോളം ശക്തിയായെതിർക്കുന്ന മറ്റൊരു മതമില്ലെന്നും അവനറിയാം. കിരാതമായ വർഗമേധാവിത്വത്തിലൂന്നുന്ന ഫാഷിസത്തേക്കാൾ ചീത്തയായ സയണിസമാണ് ജൂതമതം ഇന്നു സ്വീകരിച്ചിരിക്കുന്നതെന്നത് ഒരു വസ്തുതയാണ്. ഇസ്ലാമാകട്ടെ അതിന്റെ ആദ്യഘട്ടം മുതൽ ഇതര മതങ്ങളോട് അതിരറ്റ സഹിഷ്ണുതയാണ് കാണിച്ചിരുന്നത്. ഇസ്ലാം ഇറാനിൽ വന്ന ഘട്ടത്തിൽ ഇറാനിൽ വ്യാപാരികൾക്കനുവദിച്ച അത്ര തന്നെ വ്യാപാരാവസരങ്ങൾ ഇറാനിലെ ജൂതന്മാർക്കനുവദിച്ചിരുന്നു. അവർ്കകു തുല്യമായ അവകാശങ്ങളും അവസരങ്ങളും ലഭിക്കുകയുണ്ടായി.

ആഫ്രിക്കയിലെ വ്യവസ്ഥാപിതമായ ഇസ്ലാമിക മുഷനറി പ്രവർത്തനങ്ങൾ നടക്കുന്നില്ല എന്നു നേരത്തേ സൂചിപ്പിക്കുകയുണ്ടായി. യഥാർത്ഥമതമെന്ന പേരിൽ തെറ്റായ ആശയങ്ങൾ പ്രചരിപ്പിക്കുന്ന വ്യാജ പ്രബേധകർ എല്ലായിടത്തുമെന്നപോലെ ആഫ്രിക്കയിലുമുണ്ട്. അവരുടെ സ്വാധീനത്തിൽ പെടാതെ സ്വതന്ത്രമായിത്തന്നെ ഇസ്ലാമിനെ മനസ്സിലാക്കി പലപ്രവർത്തനങ്ങളും സംഘടിപ്പിച്ച കഥ ടാൻസാനിയയിലെ ഒരു സുഹൃത്ത് എന്നോട് പറയുകയുണ്ടായി. ഇസ്നാ അശ്അരി വാഭാഗത്തിൽപെട്ട അദ്ദേഹം പേർഷ്യൻഭാഷ പഠിക്കാനാണിവിടെ വന്നത്. നവമുസ് ലിം കളെന്ന നിലയ്ക്ക് ഇസ്ലാമിനെക്കുറിച്ച് വിശാലമായൊന്നും അറിഞ്ഞുകൂടടാതിരുന്ന അന്നാട്ടുകാർ ഇസ്ലാമിന്റെ ചൈതന്യം മനസ്സിലാക്കി സകാത്ത് സാമൂഹ്യാവശ്യങ്ങൾക്ക് വിനിയോഗിക്കാനുള്ള പരിപാടികൾ തയാറാക്കുകയുണ്ടായി. മുസ്ലിം സമൂഹത്തിന്റെ സുരക്ഷിതമുറപ്പു വരുത്താനായി അവർ സകാത്ത് സംഖ്യ ഉപയോഗിച്ചുകൊണ്ട് ഒരു ഇൻഷൂറൻസ് കമ്പനിയുമുണ്ടാക്കിയിരുന്നു. മൂലധനം വർധിച്ചുകൊണ്ടിരിക്കുന്നത് പോലെത്തന്നെ അവിടെത്തന്നെ മുസ്ലിംകൾക്ക് അത്കൊണ്ട് കിട്ടിയ മെച്ചങ്ങളും വളരെ വലുതായിരുന്നു. ഈ തുകയുപയോഗിച്ച് പലിശരഹിതമായ ബാങ്കുകൾ സ്ഥാപിച്ച് ഒട്ടേറെ സാമ്പത്തികപ്രശ്നങ്ങളും അവർ പരിഹരിച്ചിട്ടുണ്ട്.

പ്രസ്താവ്യമായ മറ്റൊരു കാര്യവും കൂടി അവർ ചെയ്യുകയുണ്ടായി. ആശൂറാദിന്തതിൽ ഇമാം ഹുസൈന്റെ പേരിൽ കുറെ സാമൂഹ്യാചാരങ്ങൾ നടത്തിയും വിഭവ സമൃദ്ധമായ സദ്യകൾ ഏർപാട് ചെയ്തും ധനം ധൂർത്തടിക്കുന്ന ശീലം അവർക്കിടയിലുണ്ടായിരുന്നു. സാമൂഹ്യാവശ്യങ്ങൾക്കുപയോഗിക്കാമായിരുന്ന വമ്പിച്ച ഒരു തുകയായിരുന്നു വർഷം തോറും അങ്ങനെ ദുർവ്യയം ചെയ്യപ്പെട്ടിരുന്നത്. ഇതിനു പകരം കൂടുതൽ പ്രയോജനപ്രദമായ രൂപത്തിൽ ഈ തുക ചിലവഴിക്കുന്നതിനെക്കുറിച്ചവർ കൂട്ടായി ആലോചിച്ചു. അങ്ങിനെ ഇമാം ഹുസൈന്റെ പേരിൽ തി്നനു തീർത്തിരുന്ന ആ ധനം ഇനി മേലിൽ ഇമാം ഹുസൈന്റെ സ്കോളർഷിപ്പായി കൊടുക്കാമെന്നവർ തീരുമാനിക്കുകയും ഈ തുകയനുസരിച്ച് അർഹരായ വിദ്യാർത്ഥികളെ വിദേശങ്ങളിലയച്ച് വിദ്യാഭ്യാസം ചെയ്യുക്കുകയും ചെയ്തു. ആചാരമത്തായ പുരോഹിതന്മാർ തടയാനില്ലായിരുന്നത് കൊണ്ട് ഈ പുരോഗമന നടപടിയിൽ അവർക്ക് വിലങ്ങു തടികളുണ്ടായില്ല. അങ്ങനെ, ആശൂറാ ദിനത്തിൽ ദുർവ്യയം ചെയ്യപ്പെട്ട വൻതുകകൾ സമൂഹത്തിന്റെ വൈജ്ഞാ

നിക വർദ്ധനവിന്നായി പ്രയോജനപ്പെടുത്തപ്പെട്ടു. വയറിന്റെ ശീഇസം മനസ്സിന്റെ ശീഇസമായി പരിവർത്തിപ്പിക്കപ്പെട്ടു. സഫവിയ്യാ ശീഇസം വയറിന്റെ ശീഇസമായിരുന്നു; രണ്ടാമത്തേത് അലിയുടെ ശീഇസവും. പരമ്പരാഗത സമൂഹത്തിൽ ഇത്തരം മാറ്റങ്ങളുണ്ടാക്കുക പ്രയാസമാണ്. ടാൻസാനിയയിൽ പാരമ്പര്യ മതമായിരുന്നില്ല ഉണ്ടായിരുന്നത്; പ്രത്യുത, പുരോഗമനപരവും വിപ്ലവാത്മകവുമായ ആദർശമായിരുന്നു. ഒരു സമൂഹം ആദർശം തെരഞ്ഞെടുക്കുന്നത് ബോധപൂർവ്വമാവുമ്പോൾ മാത്രമേ, മതം പ്രത്യയശാസ്ത്രത്തിന്റെ ഈ പ്രത്യേകം സ്വഭാവം കൈവരിക്കുന്നുള്ളൂ. സ്വതന്ത്രമായും ബോധപൂർവ്വവും ആദർശം തെരഞ്ഞെടുക്കുമ്പോൾ മാത്രമാണ് സാമൂഹ്യമായ ഒരു ലക്ഷ്യം പൂർ്തതീകരിക്കേണ്ടതുണ്ടെന്നുള്ള ബോധം അവർക്കുണ്ടാകുന്നത്.

ഒരു ചോദ്യം സ്വാഭാവികമായും ഉത്ഭവിക്കാം ബോധപൂർവ്വം ഒരാദർശം തെരഞ്ഞെടുക്കണമെങ്കിൽ കുറേക്കാലം ജീവിച്ച് വേണം ഏതാദർശം സ്വീകരിക്കണമെന്നു തീരുമാനിക്കാൻ. ഒരു മനുഷ്യൻ അത്രത്തോളം ജീവിക്കാത്ത സ്ഥിതിക്ക് ഇതെങ്ങനെ സാധ്യമാവും?

ആദർശം തെരഞ്ഞെടുക്കുകയെന്നു പറഞ്ഞാൽ ഒരോ ആദർശവും ഓരോന്നോരോന്നായി പരിശോധിച്ച് ഒടുവിൽ ഇഷ്ടമുള്ളത് തെരഞ്ഞെടുക്കുകയെന്നല്ല അർത്ഥം. ഗവേശണം ചെയ്ത് തെരഞ്ഞെടുക്കുന്ന രീതി ശാസ്ത്രീയം തന്നെ. പക്ഷെ അത് ശാസ്ത്രത്തിൽ മാത്രമേ കാണൂ. ശാസ്ത്രത്തിൽ നിന്ന് വ്യത്യസ്തമാണ് ആദർശം. രണ്ടും സ്വീകരിക്കുന്ന രീതീകളും വ്യത്യസ്തമാണ്. ഗവേഷണം, പരിശോധന, വിശകലനം തുടങ്ങിയവയെല്ലാം ശാസ്ത്രം സ്വീകരിച്ച രീതികളാണ്. ആദർശത്തിനു അത്തരം രീതികളില്ല. ആദർശത്തിനു സ്നേഹത്തെപ്പോലെ, വശീകരണ ശക്തിയും സ്വാധീനവുമാണള്ളത്. സ്നേഹത്തെപോലെ അത് മനുഷ്യനെ ആകർഷിക്കുകയും മനുഷ്യ ജീവിതത്തിൽ കടക്കുകയും ചെയ്യുന്നു. സ്നേഹത്തെപ്പോലെ തന്നെ നല്ലതോ ചീത്തയോ എന്നു ഇതിനെ അളന്നു വേർതിരിക്കാനും കഴിയില്ല. സ്നേഹത്തെ സ്വീകരിക്കുന്നതിനു മുമ്പ് ഒരിക്കലും അളക്കുകയോ താരതമ്യപ്പെടിത്തുകയോ വിലയിരുത്തുകയോ ചെയ്യുന്നില്ല. പൂർണ്ണമായും ആകർഷിക്കപ്പെട്ടു പോകുന്ന സ്നേഹവും വിശ്വാസവുമാണ് ആദർശം. ചിന്തയേതുമില്ലാത്ത വിശ്വാസത്തിനു അന്ധമായി കീഴ്പെടുകയെന്ന് ഇതതിനെ വ്യാഖ്യാനിക്കേണ്ടതില്ല. അത് കീഴ്പെടലാണെങ്കിൽതന്നെ, വിശ്വാസത്തിന്റെ ശക്തിക്കനുസരിച്ചും ബുദ്ധിയുടെയും ധാരണയുടെയും അടിസ്ഥാനത്തിലുള്ളതുമായ ഒരു സ്വാതന്ത്ര തെരഞ്ഞെടുപ്പ് അതിലടങ്ങിയിട്ടുണ്ട്. ആദർശം തെരഞ്ഞെടുക്കുന്നതിൽ മുഖ്യമായ ഘടകം വിശ്വാസമാണ്. ഇക്കാരണം കൊണ്ട്തന്നെ ശാസ്ത്രത്തിന്റേത് പോലുള്ള ഗവേഷണം തെരഞ്ഞെടുക്കുന്നതിൽ മനുഷ്യൻ സ്വീകരിക്കേണ്ടതില്ല..

ഇനി നമുക്ക് ആദർശത്തെ ചരിത്രത്താളുകളിലൂടെ പരിശോധിച്ചു നോക്കാം. മധ്യകാല ഫ്യൂഡലിസം, യൂറോപ്പിന്റെ പരമ്പാരാഗത ക്രിസ്തുമതം എന്നിവയുടെയെല്ലാം സമ്മിത്രമാണ് മധ്യനൂറ്റാണ്ടിലെ ചരിത്രം. ഈ കാലഘട്ടത്തിലാണ് ബൈബിൾ ലാറ്റിൻ ഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെട്ടത്. ഭരണവർഗത്തിന്റെയും സഭയുടെയും ഭാഷയായിരുന്നു അത്. എന്നാൽ ഇംഗ്ലീഷ്, ഫ്രഞ്ച് പോലുള്ള ഇതര യൂറോപ്യൻ ഭാഷകളിലേക്ക് ബൈബിൾ വിവർത്തനം ചെയ്യാൻ ആനുവാദമുണ്ടായിരുന്നില്ല. ലാറ്റിൻ ദൈവത്തിന്റെ ഭാഷയാണെന്നും അത്കൊണ്ട് വിശുദ്ധഗ്രന്ഥം ആ ഭാഷയിൽതന്നെ വായിക്കണമെന്നും സഭ അവകാസപ്പെട്ടു. എന്നാൽ ക്രിസ്തുവിന്റെ ഭഷ ലാറ്റിനായിരുന്നില്ലെന്നും ഹീബ്രു ആയിരുന്നെന്നും നമുക്കറിയാം. യൂറോപ്പിന്റെ  ഭാഷ ലാറ്റിനായിരുന്നത് കൊണ്ടാണ് മധ്യ നൂറ്റാണ്ടിൽ അത് വിശുദ്ധ ഭാഷയായി ഗണിക്കപ്പെട്ടത്. ക്രിസ്തു മതത്തിന്റെ യൂറോപ്യവൽക്കരണത്തോടുകൂടി  ഹീബ്രുവിന്റെ സ്ഥാനം ലാറ്റിൻ ഭാഷയ്ക്ക് നൽകപ്പെട്ടു. അതോടെ ഫലസ്തീനിൽ ജീവിച്ച യേശുവിന്റെ മതമല്ലാതായിത്തീർന്നു ക്രിസതുമതം. ഇതിന്റെ പേരിൽ സഭക്ക് ഒട്ടേറെ എതിർപുകളും നേരിടേണ്ടി വന്നിരുന്നു. എന്നിട്ടും അത് അതിന്റെ ലക്ഷ്യം നേടിയെടുക്കുകയുണ്ടായി– കുറെ കൂട്ടക്കൊലകൾ നടത്തിയിട്ടാണെങ്കിലും. ഇങ്ങനെ പരിശോധിക്കുമ്പാൾ മധ്യനൂറ്റാണ്ടുകൾ ആദർശവിരുദ്ധ നൂറ്റാണ്ടു

കളായി നമുക്ക് കാണാൻ കഴിയുന്നു. കാരണം, അന്നെല്ലാം ആദർശമല്ല, പാരമ്പര്യ മത മായിരുന്നു മനുഷ്യനെ ഭരിച്ചിരുന്നതെന്നു നമുക്കുകാണാം.

പതിനഞ്ചും പതിനാറും നൂറ്റാണ്ടുകളിലെ നവോത്ഥാനത്തോട് കൂടിയാണ് യൂറോപ്പിനു സ്വന്തത്തെക്കുറിച്ചുള്ള ബോധമുണ്ടാകുന്നത്. ആ കാലഘട്ടത്തിലെ തലമുറകൾ സ്വന്തത്തെ കണ്ടെത്തി പാരമ്പര്യമതത്തെ വിട്ടു ആദർശത്തിലേക്കു നീങ്ങുകയുണ്ടായി.

ഈ നൂറ്റാണ്ടിലും നമ്മുടെ സമൂഹത്തിലെ ബുദ്ധിജീവിവിരൃകളിൽ ഇങ്ങനെയൊരു പരി വർത്തനം കാണാം. അവർ പരമ്പരാഗത വിശ്വാസങ്ങളെയും മതങ്ങളെയുംപരിത്യജിച്ച് പുതിയ ആദർശങ്ങളുടെയും  ചിന്തകളുടേയും നേരെ തിരിയുകയാണ്. അവർ പഴയ മതത്തെത്തന്നെ കയ്യൊഴിയുകയാണെന്ന് ഇതിന്നർത്ഥമില്ല.  ഉത്തമമായ മാർഗ ദർശനം ഉണ്ടെങ്കിൽ, പാരമ്പര്യ മതത്തിൽ നിന്നുല്ള ഈ പാലായനം, സ്വയം തിരഞ്ഞെടുത്ത ഒരു മതത്തിലേക്കുള്ള പരിവർത്തനമാക്കി മാറ്റാൻ കഴിയും. മറ്റുവാക്കുകളിൽ പറ ഞ്ഞാൽ, സുദ്ധ മനസ്സുകളെ പാരമ്പര്യ മതത്തിന്റെ കടുത്ത ചട്ടക്കൂട്ടിൽനിന്ന് മുക്തമാക്ക ണം. എങ്കിലേ അതിന്നു ഇസ് ലാമിനെ അതിന്റെ പരിശുദ്ധിയോട് കൂടി ത്തന്നെ സ്വീകരി ക്കാൻ പറ്റുകയുള്ളു.  ഈ സ്വാതന്ത്ര്യമില്ലെങ്കിൽ ഇളെ മനസ്സുകൾക്ക് യഥാർത്ഥ ഇസ് ലാമിനെ കഴിയുകയില്ല. ഒരദർശമെന്ന നിലയിൽ ഇസ് ലാമിനെ പ്രായമുള്ളവരേക്കാൾ ചെറുപ്പക്കാരാണ്.  ഇക്കാരണം കൊണ്ടായിരിക്കണം,  ഈ സമുഹത്തിലെ പ്രായമുള്ളവ രേക്കാൾ, ചെറുപ്പക്കാർക്ക് എന്റെ ആശയങ്ങൾ സ്വീകാര്യഹ്ങളായി തോന്നിയത്.  പാര മ്പര്യമതത്തിൽ ഈന്നി നിൽക്കുന്നവരുടെ മനസ്സിലേക്ക് ഇത്തരത്തിൽ സ്വികരണം ലഭി ക്കുക പ്രയാസകരമത്രെ.

യൂറോപ്പിനെ നൂറ്റാണ്ടുകളോളം ഭരിച്ച പാരമ്പര്യ മതത്തിന്ന്, പതിനഞ്ചും പതിന്റും നൂറ്റാ ണ്ടുകളിലം നവോത്ഥാനത്തെത്തുടർന്ന്,  വമ്പിച്ച പൊതുജന എതിർപ്പുകളേയാണ് നേരി ടേണ്ടി വന്നിരുന്നത്.  സഭയിൽ നിന്നും വിമോചിതരായ ബുദ്ധിജീവികളുടെ നുറ്റാണ്ടായി പതിനേഴാം നൂറ്റാണ്ട് രംഗപ്രവേശനം ചെയ്തു. ാബുദ്ദിജൂവി വർഗത്തിന് ചിന്തിക്കാനും വിശകലനം ചെയ്യാനും വിമർശനബുദ്ധിയോട് കൂടി വലയിരുത്താനുമുള്ള കഴിവുണ്ടാ യിരുന്നു.  പരമ്പരാഗത മതവിശ്വാസികളിൽ നിന്ന് ഭിന്നരായി, വിശകലന- വമർശന രീതികൾ സ്വീകരിച്ചവരായിരുന്നു അവർ.

പിന്നീടെ ജേശീയമായ ഉണർവിന്റെയും സ്വാതന്ത്രത്തിന്നു വേണ്ടിയുള്ള വിപ്ലവത്തി ന്റെയും നുറ്റാണ്ടായി പതിനെട്ടാം നുറ്റാണ്ട രംഗം പ്രവേശനം ചെയ്തു.  മാനവികത യുടെ യുഗം കൂടിയായിരുന്നു അത്.  അന്വേഷണ തൃഷ്ണയും വിശകലന ബോധവു മുള്ള ആനുറ്റാണ്ടിലെ ധിശമാസാലികൾ സ്വാതന്ത്ര്യം, ജനാധിപത്യം തുടങ്ങിയ മൂല്യ ങ്ങൾ ഉയർത്തിപ്പിടിക്കുകയുണ്ടായി. ഫ്രഞ്ച് വിപ്ലവത്തിന്റെ പിന്നിലും ഇത്തരം ബുദ്ധി ജീവികൾ തന്നെയാണുണ്ടായിരുന്നത്.

പത്തൊമ്പൊതാം നൂറ്റാണ്ട് ആദർശത്തിന്റെ നീറ്റാണ്ടായിരുന്നു. യൂറോപ്പ് എത്ര വ്യവ സ്ഥാപിതമായാണ് പുരോഗമിച്ചതെന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയും.  വ്യക്തിയുടെ മാനസിക പുരോഗതിക്ക് സമാനമായാണ് അത് പുരോഗമിച്ചത്. ആദ്യഘട്ടത്തിൽ യൂറോ പ്യന് അന്ധമായി അനുകരിക്കുന്ന സ്വഭാവമായിരുന്നു ഉണ്ടായിരുന്നത്. കാലാന്തരത്തിൽ ഘട്ടംഘട്ടമായി അത് സ്വന്തത്തെ മനസ്സിലാക്കാൻ പഠിക്കുകയാണ് ചെയ്തത്. പിന്നീടത് മതഭ്രാന്തിനെതിരിൽ പോരാടി. ഇതതിന്നു ചിന്താസ്വാതന്ത്ര്യം നേടിക്കൊടുത്തു. വസ്തു തകൾ വിശകലനം ചെയ്യാനും സിദ്ധാന്തങ്ങൾ മുന്നോട്ടുവെയ്ക്കാനുമുള്ള കഴിവ് അങ്ങി നെയാണ് യൂറോപ്പ് നേടിയത്. ഈ നൂറ്റാണ്ട് കുറേ ആദർശങ്ങൾക്ക് ജന്മം നൽകിയിട്ടു ണ്ട്. ഇരുപതാം നൂറ്റാണ്ട് ഏറെ സ്വീകാര്യത കിട്ടിയ അസ്തിത്വവാദവും ഉടലെടുത്തത് ഈ നൂറ്റാണ്ടിലായിരുന്നു. ഹെഗൽ, നീഷെ, ഷില്ലർ തുടങ്ങിയ മഹാ വ്യക്തിത്വങ്ങളും ഫാഷിസം, സോഷ്യലിസം, മാർക്സിസം തുടങ്ങിയ ആശയങ്ങളും ഈ നൂറ്റാണ്ടിൽ തന്നെയാണുണ്ടായത്.

എന്നാൽ ഇരുപതാം നൂറ്റാണ്ട് തകർച്ചയുടെ നൂറ്റാണ്ടാണ്. അധികാരമത്തും ധനദുരയുമുള്ള സമൂഹം ഈ നൂറ്റാണ്ടിലാണുണ്ടായത്. അവർ തങ്ങളുടെ സമ്പത്തും അധികാരവും ഉഫയോഗിച്ച് ശാസ്ത്രജ്ഞന്മാരുടെയും ദാർശനികന്മാരുടെയും ഹൃദയങ്ങളിൽ ആധിപത്യം നേടിയിരിക്കയാണ്. ശാസ്ത്രം മനുഷ്യസമൂഹത്തിന് ഉന്നതാവശ്യങ്ങളുമായി നേരിട്ടുബന്ധമില്ലാത്തതാണെന്നും നിഷ്പക്ഷമാണെന്നും മറ്റുമുള്ള ബോധം സൃഷ്ടിച്ച് ശാസ്ത്രമനസ്സുകള അവർ വഴി തെറ്റിച്ചിരിക്കുന്നു. ഒരു വസ്തു എന്താണെന്നല്ലാതെ എന്താവണമെന്ന് ശാസ്ത്രം പറയേണ്ടതില്ലെന്ന് അവർ അവകാശപ്പെടുന്നു. ആർശമാണ് പറയേണ്ടത്. ശാസ്ത്രത്തെ മനുഷ്യന്റെ ഉന്നതമായ നേട്ടങ്ങളിൽ നിന്നു ആശയങ്ങളിൽ നിന്നും അവർ ബന്ധം വിഛേദിച്ചിരിക്കുകയാണ്. പരീക്ഷണശാലകളിലും അക്കാദമിക സ്ഥാപനങ്ങിലും മുതലാളിത്ത കോർപറേഷനുകളിലും ഫാക്ടറികളിലും തളച്ചിടപ്പെട്ടതുകൊണ്ട് മനുഷ്യന്റെ ഉന്നതമായ ആശയങ്ങൾക്ക് സഹായമരുളാനുള്ള സ്വാതന്ത്ര്യം ഇന്ന് ശാസ്ത്രത്തിനില്ല. നിഷ്പക്ഷത കൊതിക്കുന്ന ശാസ്ത്രജ്ഞന്മാരും എഴുത്തുകാരും കവികളും കലാകാരന്മാരും ദാർശനികന്മാരും രാഷ്ട്രീയ പാർട്ടികളാലും ഭരണ ശക്തികളാലും വഴിതെറ്റിക്കപ്പെടുകയാണിന്ന്. സമൂഹത്തിന്റെ സമയവും ഭഗധേയവും തങ്ങളുടെ താൽപര്യ പൂരണത്തിനുപയോഗിക്കുകയാണവർ.

സാമൂഹ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലോ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിലോ പ്രതിഷേധങ്ങൾ പുറപ്പെടുവിക്കുന്നതിലോ ഭാവിയെ രൂപപ്പെടുത്തുന്നതിലോ ശാസ്ത്രം യാതൊരു പങ്കും വഹിക്കേണ്ടതില്ലെന്ന ധാരണ സോർബോൺ, ഹാർവാർഡ്, കേംബ്രിഡ്ജ്, ഓക്സ്ഫോർഡ് തുടങ്ങി എല്ലാ ആധുനിക സർവകലാശാലകളിലം പ്രചരിച്ചുകഴിഞ്ഞ ഇന്നത്തെ ഒരു ഫാഷനാണ്. ഭൗതികകാര്യങ്ങളിലും അത് പഠിക്കുന്നിലും വിശകലനം ചെയ്യുന്നതിലും മാത്രമേ ശാസ്ത്രജ്ഞന്മാർ ശ്രദ്ധിക്കേണ്ടതുള്ളൂ എന്നാണ് ഇന്ന് പ്രചാരത്തിലുള്ള ധാരണ. മനുഷ്യന്റെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി അടിച്ചമർത്തപ്പെട്ട ജനതയെ ഉണർത്തി അവരെ വിപ്ലവത്തിലേക്ക് തിരിച്ചുവിടുന്നതിലൂടെ പുരോഗതിയുടെ പാതകൾ കണ്ടെത്തുന്നതിനുള്ള മറ്റും ശാസ്ത്രം തടയപ്പെടുകയാണെങ്കിൽ പിന്നെ ഇത് ചെയ്യാനാരാണ്? ഇവക്ക് മറ്റെന്തെങ്കിലും പോംവഴിയുണ്ടോ?

ശാസ്ത്രത്തിന്റെ നിഷ്പക്ഷതാണ് ബുദ്ധിജീവികളെയും ശാസ്ത്രത്തിജ്ഞരെയും മനഃശാസ്ത്രജ്ഞരെയുമെല്ലാം പണത്തിന്റെ അധികാരത്തിന്റെയുമെല്ലാം കൂലിപ്പട്ടാളവും അടിമകളുമാക്കിയത്. മുതലാളിത്ത-ഏകാധിപത്യ രാഷ്ട്രങ്ങളിൽ ഇത് കാണാവുന്നതാണ്. ശാസ്ത്രം ആദർശവുമായുള്ള ബന്ധം വിഛേദിച്ചു കളഞ്ഞതു മുതലാണ് അത് ചീത്തയാവാൻ തുടങ്ങിയത്. ഈ നൂറ്റാണ്ടിലെ ധിഷണാശാലികൾക്കെല്ലാം. ആദർശത്തോട് മുൻധാരണാപരമായ നിലപാടാണുള്ളത്. ഇക്കാരണത്താൽ, വിശ്വാസത്തിന്റെ പ്രശ്നം അവർക്കൊരു പ്രശ്നമേയല്ല. യൂറോപ്പിൽ വിരസമായൊരു തർക്കമാണത്; ചീത്തയായ ഒരാശയവും ഇത്തരത്തിലുള്ള ബുദ്ധിജീവി തന്റെ തലച്ചോറിൽ എന്താമോ നിറയ്ക്കപ്പെട്ടിട്ടുള്ളത് അതേറ്റുപാടുന്ന മൈക്രോഫൺ മാത്രമാകുന്നു. അത്കൊണ്ടാണ് വിശ്വാസത്തിന്റെ പ്രശ്നവും അതുപോലുള്ള പ്രശ്നവുമെല്ലാം നോരത്തെതന്നെ പരിഹരിക്കപ്പെട്ടിട്ടുണ്ടെന്ന പല്ലവി അയാൾ ആവർത്തിക്കുന്നത്. വിശ്വാസത്തിനു ജനമനസ്സുകളിലുള്ള സ്വാധീനം ഇവർക്കറിയില്ല. ആധുനിക യുഗം ആ പ്രശ്നം പരിഹരിച്ചിരിക്കുന്നുവെന്ന് അയാൾ ഭീരവാദം മുഴക്കുന്നു. ആദുനിക സംസ്കാരം വിശ്വാസത്തിലോ ആദർശത്തിലോ ഒട്ടും താൽപര്യം കാണിച്ചിട്ടില്ലെന്നതാണ് സത്യം.

ഇന്നു ശാസ്ത്രം ശാസ്ത്രത്തിനു വേണ്ടിയും കല കലയ്ക്ക വേണ്ടിയും സാഹിത്യം സാഹിത്യത്തിനു വേണ്ടിയും മാത്രമാണ്. ആദർശവുമായി ഇതിന് നമ്മുടെ യുഗം ബന്ധപ്പെടുത്താറെയില്ല. മനുഷ്യവർഗത്തിനും അവരുടെ നേതൃത്വത്തിനും ശാസ്ത്രത്തിന്റെ മാർഗദർശനം നിഷേധിക്കണമെന്ന് പറയുന്ന ബന്ധമാണ്. സമൂഹത്തെ എങ്ങനെ മാറ്റാനും രൂപപ്പെടുത്താനും കഴിയുമെന്നു പറയാൻ കഴിയാത്ത സാമൂഹ്യശാസ്ത്രജ്ഞനെക്കൊണ്ട് എന്തു പ്രയോജനമാണുള്ളത്? അയാൾക്കെങ്ങനെ സമൂഹത്തെ സേവി

ക്കാൻ കഴിയും? ഇത്തരം സാമൂഹ്യ ശാസ്ത്രജ്ഞന്മാർ വ്യവസ്ഥയുടെ ഭാരമാകാറാണ് പത്‌വ്. അത്കൊണ്ടാണയാൾ ആദർശത്തെ നിഷേധിക്കുന്നത്. ആദർശശാലിയായ ഒരു സാമൂഹ്യശാസ്ത്രജ്ഞനും ഒരു യൂണിവേഴ്സിറ്റിയിലെ ഫാക്കൽറ്റി അംഗങ്ങൾ ഉദ്യോഗം നിഷേധിച്ച സംഭവം നിങ്ങൾക്കറിയാം. വിശ്വാസിയായതുകൊണ്ട് നിഷ്പക്ഷതയുണ്ടാവില്ലെന്നും അത്കൊണ്ടാണ് ആ തൊഴിലിൽ യോഗനല്ലെന്നുമായിരുന്നു അവരുടെ അഭിപ്രായം. വിശ്വാസമില്ലാത്തവനേ യോഗ്യതയുള്ളൂയെന്ന്. ഇതിന്നർത്ഥം വ്യവസ്ഥയെ താങ്ങിനിർത്തണമെന്നും പുതിയൊരു സാമൂഹ്യക്രമത്തിനു നിർദേശങ്ങളൊന്നും സമർപ്പിക്കരുതെന്നുമാണ്. ജനങ്ങളോടും അവരുടെ ആശയങ്ങളോടും പ്രതിബന്ധതയുണ്ടാവരുതെന്നർത്ഥം.

ശാസ്ത്രീയ നിഷ്പക്ഷത അവികസിത രാഷ്ട്രങ്ങളിലെ ബുദ്ധിജീവികൾക്ക്മേലും ശാസ്ത്രജ്ഞന്മാരുടെമേലും അടിച്ചേൽപ്പിക്കപ്പെടുന്നുണ്ട്. ഇത് നമ്മുടെ നൂറ്റാണ്ടിന്റെ ഒരു ദുരന്തമാണ്. ഇത് പല അഴിമതികൾക്കുംകടന്നാക്രമണങ്ങൾക്കും വഴിയൊരുക്കുകയും ചെയ്യുന്നുണ്ട്.

മതവിശ്വാസം തകർന്നടിഞ്ഞ നൂറ്റാണ്ടാണ് ഇരുപതാം നൂറ്റാണ്ട. വിശ്വാസത്തിനുമേൽ അധികാരം ആദിപത്യം സ്ഥാപിച്ച നൂറ്റാണ്ട്. സാധാരണക്കാരനു വിശ്വാസവും അർപ്പണബോധവും ശാസ്ത്രജ്ഞനു ശാസ്ത്രിയ ബോധവും സാമൂഹ്യമായ കടപ്പാടുകളും നഷ്ടപ്പെട്ടുപോയ നൂറ്റാണ്ടാണ്. ഇത് കാരണം, അധികാരത്തിലുള്ളവർക്ക് കൂടുതൽ അധികാരത്തോട് കൂടി ഭരിക്കാൻ കഴിയുന്നു.

എന്ത് തന്നെയായാലും ഭരണവർഗത്തിന്നും മുതലാളിത്ത വ്യവസ്ഥിതിക്കും ശക്തിയായ ഭീഷണി തന്നെയാണ് ആദർഷം. എല്ലാ അധുനാതു നായുധങ്ങളുടെയും മേൽ വിശക്കുന്ന മനുഷ്യസഞ്ചയം തന്നെയാണു വിജയംനേടുക. മതവിശ്വാസവും ദുരിതമനുഭവിക്കുന്നവരോട് അനുകമ്പയുമില്ലാത്ത ബുദ്ധി ജീവിയും പരാജയപ്പെടാൻ വിധിക്കപ്പെട്ടവനാണ്. ഭുതകാലത്തിന്റെ അവശിഷ്ടമായും മധ്യകാല കലീനാധിപത്യത്തിന്റെയും സന്യാസത്തിന്റെയും സമ്പത്തായും മതത്തെ കാണുന്നവനാണയാൾ. അതിനാൽ വിശ്വാസവുമായി കൈകോർത്ത് പിടിക്കുന്നത് ശാസ്ത്രത്തിന്നഭിമാനമാണെന്നയാൾ കരുതുന്നു. വസ്തുനിഷ്ഠതയാണ് ശാസ്ത്രത്തെയും ശാസ്ത്രജ്ഞനെയും നിഷ്പക്ഷമാക്കിയതെന്നും അത്കൊണ്ടവർക്ക് ആദർശ വാദികളാവാൻ കഴിയില്ലെന്നും ഇത്തരത്തിലുള്ളവർവിശ്വസിക്കുന്നു.

വൻശക്തികൾക്കും ഗവൺമെന്റുകൾക്കും  കോർപറേഷനുകൾക്കും വലിയ പ്രതിഫലത്തിനും ആഢംബരത്തിനുമായി തന്നെ വിൽക്കുന്ന ശാസ്ത്രജ്ഞൻ തന്റെ യജമാനന്റെ താൽപര്യങ്ങൾ പരിരക്ഷിക്കാൻ ബാധ്യസ്ഥനാണ്. നല്ല സമ്പളവും ഉത്തമമായ ജീവിത സൗകര്യങ്ങളും ലഭിക്കാൻ മുതലാളിത്തത്തെയും ഫാഷിസത്തെപ്പോലും സേവിക്കും ഇത്തരം ശാസ്ത്രജ്ഞൻമാർ. ശോംബെയുടെ കീഴിൽ പാദസേവ ചെയ്യാൻപോലും അയാൾ മടിക്കില്ല. ശാസ്ത്രവും ശാസ്ത്രജ്ഞൻമാരും നിഷ്പക്ഷമാണെന്നാണ് അപ്പോഴും അവർ വാദിക്കുക.

സാമൂഹ്യ വ്യവസ്ഥ ഏത് തരത്തിലുള്ളതാണ്? അതെങ്ങനെയായിത്തീരണം? ഇവയാണ് ആദർശം കൈകാര്യം ചെയ്യുന്ന വിഷയം നിലവിലുള്ള സാമൂഹ്യക്രമം എങ്ങനെ പരിവർത്തിക്കാമെന്നുള്ള ബോധമുണ്ടാവുകയാണ് ആദർശമുണ്ടാവുകയെന്നതിന്നർത്ഥം. സാമൂഹികവും ചരിത്രപരവും രാഷ്ട്രിയവും ഭൂമിശാസ്ത്രപരവും ആയ വശങ്ങളെയും സമൂഹത്തിന്റെ സാഹചര്യങ്ങളെയുമെല്ലാം മുമ്പിൽ വെച്ച് നിലവിലുള്ള സാമൂഹ്യക്രമത്തെ വിശദീകരിക്കുന്നു ആദർശം. എന്നിട്ട് ആ സമൂഹത്തിന്റെ പ്രശ്നങ്ങൾക്കത് പരിഹാരം നിർദേശിക്കുന്നു.

ആദർശവാദി ശാസ്ത്രജ്ഞനോ തത്തവച്ന്തകനോ ആവണമെന്നില്ല. ശാസ്ത്രജ്ഞനും തത്ത്വചിന്തകനും ആദർശവാദി ആയിക്കൊള്ളണമെന്നുമില്ല. വിദ്യാഭ്യാസമുള്ളവനും നിരക്ഷരനും ആദർശവാദിയാകാം. അത് മനുഷ്യന്ന് മാത്രമുണ്ടാകുന്ന ഒരു പ്രത്യേക ബോധമാണ്.

കൂടുതൽ സൂക്ഷമവും ഒരു പക്ഷെ, അർത്ഥപൂർണ്ണവുമായ മറ്റൊരു നിർവചന പ്രകാരം സമൂഹത്തിലെ ബുദ്ധിജീവികളെന്ന് വിളിക്കപ്പെടുന്ന ഒരു പ്രത്യേക വിഭാഗത്തിന്റെ സവിശേഷതയാണ് ആദർശം എന്നത് ഏറെക്കുറെ. എന്നാൽ ബുദ്ധിജീവി എന്ന വാക്ക് അതിന്റെ സാമാന്യാർത്ഥത്തിലാണ് ഇന്നുപയോഗിക്കപ്പെടുന്നത്. അതനുസരിച്ച് വിദ്യാർത്ഥികൾ, അദ്ധ്യാപകർ, പണ്ഡിതന്മാർ, ധിഷണാശാലികൾ എന്നിങ്ങനെ തലച്ചോറുകൊണ്ട് ജോലിയെടുക്കുന്ന എല്ലാവരും അതിൽ ഉൾപ്പെടുന്നു. സവിശേഷാർത്ഥത്തിലെടുത്താൽ സ്വയം തെരഞ്ഞെടുത്ത ആദർശത്തോട് ബോധപൂർവ്വം ചേർന്നുനിൽക്കുന്നവനാണ് ബുദ്ധിജീവി. ജീവിതത്തെക്കുറിച്ച് ശരിയായ ബോധമുണ്ടാക്കുവാനും പ്രത്യേക പ്രവർത്തന മാർഗ്ഗം തെരഞ്ഞെടുക്കുവാനും ഒരുവനെ പ്രാപ്തനാക്കുന്നത്.ഈ ആദർശമാണ്. അതിന്നനുസൃതമായ ചിന്തയും ആശയങ്ങളും അയാളുടെ ജീവിത തത്വശാസ്ത്രമായി മാറുന്നു. അതിനുവേണ്ടി ത്യാഗങ്ങൾ അനുഷ്ഠിക്കാൻ പോലും അയാൾ തയാറാവും. ആദർശപരമായ ലക്ഷ്യങ്ങളുള്ളതുകൊണ്ട്, ധർമ്മയുദ്ധത്തിനു പോകുന്ന മുജാഹിദിനോടും കുരിശുയോദ്ധാവിനോടും അയാൾക്ക് സ്നേഹമായിരിക്കും. ചരിത്രത്തിലെ എല്ലാ ഘട്ടങ്ങളിലും പുരോഗമന പ്രസ്ഥാനങ്ങൾ നയിക്കുകയും ജനങ്ങലെ ഉയിർത്തെഴുന്നേൽപിക്കുകയും ചെയ്ത ആദർശത്തിന്റെ വാക്താവായിരിക്കും അയാൾ. ചരിത്രത്തിൽ താൻ വഹിച്ച പങ്ക് അയാളെ ഒരു തത്വചിന്തകനിൽ നിന്നും വേർതിരിക്കുന്നു. അരിസ്റ്റോട്ടിലിനെപ്പോലുള്ള തത്വചിന്തകന്മാർക്ക് ഈ ബോധവും വശ്വാസവും ഉണ്ടായിരുന്നില്ല. അരിസ്റ്റോട്ടിൽ ബുദ്ധിജീവിയായിരുന്നില്ല. കാരണം, അദ്ദേഹം തന്റെ സമൂഹത്തിൽ ഏതെങ്കിലും തരത്തിലുള്ള സമൂഹമാറ്റത്തിനോ വിപ്ലവത്തിനോ നേതൃത്വം നൽകിയിരുന്നില്ല; തന്റെ കാലത്തെ ദുരിതമനുഭവിക്കുന്ന ജനങ്ങളെ ഉണർത്തിയിട്ടുമില്ല. അദ്ദേഹം ഒരു ചിന്താവിഭാഗത്തിനു തുടക്കം കുറിച്ചിട്ടുണ്ടെങ്കിലും തന്റെ സമൂഹത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ യത്നിച്ചിട്ടില്ല. ടോളമി പ്രഗത്ഭനായ ശാസ്ത്രജ്ഞനായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ ശാസ്ത്രം തന്റെ സമൂഹത്തിന്റെ ഭാഗധേയം നിർണ്ണയിക്കുന്നതിൽ ഒരു സ്വാധീനവും ചെലുത്തുകയുണ്ടായില്ല. യവനർക്ക് ഇതുപോലുള്ള ആയിരം ചിന്തകരാണുണ്ടായിരുന്നതെങ്കിൽ, അവരുടെ ജീവിതത്തിൽ ഒരു മാറ്റവും വന്നിട്ടുണ്ടായിരിക്കില്ല. യവനർക്ക് തത്വചിന്തകരേയോ ശാസ്ത്രജ്ഞരേയോ ആയിരുന്നില്ല വേണ്ടിയിരുന്നത്. കഷ്പ്പാടുകൾ അനുഭവിച്ചു ജീവിക്കുന്ന അടിമകളെ സ്വതന്ത്രരാക്കാൻ കഴിവുള്ള പ്രാപ്തരായ ആദർശവാദികളെയായിരുന്നു. പദാർത്ഥത്തിലും സത്തയുലും പ്രപഞ്ചത്തിന്റെ നിഗൂഢതയിലും ചിന്താമഗ്നനായി ദിനരാത്രങ്ങൾ തള്ളിനീക്കിയ തത്വചിന്തകന്മാർക്ക് സമൂഹ്യപ്രശ്നങ്ങളോട് പ്രതികരിക്കാൻ കഴിഞ്ഞിരുന്നില്ല.

എന്നാൽ ചരിത്രത്തെ തിരുത്തിയെഴുതാനും ചരിത്രം സൃഷ്ടിക്കാനും സമൂഹത്തെ പരിവർത്തിപ്പിക്കാനും ധന സമൂഹത്തെ വാർത്തെടുക്കാനും വിപ്ലവം നടത്താനും ലോകത്തുദയം ചെയ്ത ചിലരെ നമുക്ക് കാണാം: പ്രവാചകന്മാർ. അവരെ തത്വചിന്തകരുമായോ ശാസ്ത്രജ്ഞരുമായോ കലാകാരന്മാരുമായോ താരതമ്യം ചെയ്യാൻ കഴിയുകയില്ല. ഇസ്ലാമിന്റെ പ്രവാചകൻ ഭൂജിതനായപ്പോൾ ഫാർസ് നക്ഷത്രത്തിലെ അഗ്നി അണഞ്ഞുപോയെന്നും അനൂശിവന്റെ കൊട്ടാരത്തിലെ മുകൾഭാഗം നിലംപൊത്തിയെന്നും സാവാനദി വരണ്ടുപോയെന്നും ഒരൈതിഹ്യമുണ്ട്. സാധാരണക്കാരൻ ഇതു സത്യമാണെന്നു വിശ്വസിച്ചേക്കാം.ബുദ്ധിജീവികളും അർദ്ധബുദ്ധിജീവികളും അതിനെ ശുദ്ധനുണ എന്നുപറഞ്ഞു തള്ളുകയും ചെയ്തേക്കാം. പ്രതീകാത്മകമായി വ്യാഖ്യാനിച്ചാൽ അതിനു ഏറെ അർത്ഥങ്ങളുണ്ട്. പ്രവാചകൻ ജനിച്ചത് മതത്തിലെ കാപട്യത്തെയും അധികാരത്തെയും സ്വർണത്തെയും തകർക്കാനാണ് എന്നതാണൊന്ന്. പ്രാചീനലോകത്തിലെ ഉപരിസൂചിത പ്രതീകങ്ങൾക്കെതിരിൽ പ്രവാചകനായ മുഹമ്മദ് പടപൊരുതുമെന്നാണർത്ഥം.

ചരിത്രത്ത മാറ്റിമറിച്ച മുഹമ്മദ് നബിയും മൂസാ നബിയും ഇബ്രാഹീം നബിയും ആരായിരുന്നുവെന്നു മനസ്സിലാക്കേണ്ടതാണ്.

ഇബ്രാഹീം ആശാരിപ്പണി പഠിക്കുന്ന ഒരുവനായിരുന്നു ആദ്യം. പിന്നീടദ്ദേഹം ഒരാട്ടിടയനായി. അൽപം കൂടികഴിഞ്ഞപ്പോൾ സാധാരണക്കാരനായ ഈ മനുഷ്യൻ ചരിത്രത്തിലെ തന്നെ ഒരു മഹാശക്തിയായി മാറുകയുണ്ടായി. ക്രിസ്തുമതത്തിനും ഇസ്‌ലാം മതത്തിനും അടിസ്ഥാനമായി വർത്തിച്ച ഏകദൈവത്തിലധിഷ്ഠിതയമായ മതമായിരുന്നു അദ്ദേഹം പ്രബോധനം ചെയ്തത്. ചെങ്കടലിന്റെ തരങ്ങളിൽ മീൻ പിടിച്ചു നടക്കുകയും പിന്നീട് പിന്നീട് ചരിത്രത്തിന്റെ ഗതിതന്നെ മാറുകയും ചെയ്ത ഈ സാധാരണ്കകാരൻ ഒരു തത്വചിന്തകനായിരുന്നില്ല. എന്നിടും ക്രൈസ്തവ-ഇസ്‌ലാമിക ലോകങ്ങലുടെ ചരിത്രം രൂപപ്പെടുത്തുന്നിതിൽ അദ്ദേഹത്തിനു വമ്പിച്ച സ്വാധീനം ചെലുത്താൻ കഴിഞ്ഞു.

ഇബ്രാഹീം നബിയുടെ പാതതന്നെയാണ് മൂസാനബിയും പിന്തുടർന്നത്. അദ്ദേഹം ഒരനാഥനായിരുന്നു. ഫറോവയുടെ കൊട്ടാരത്തിൽ വളർന്ന അദ്ദേഹത്തിന് ആ ക്രൂരഭരണാധികാരി എങ്ങനെയാണ് ജനങ്ങളെ അടിച്ചമർത്തി ഭരിക്കുന്നതെന്ന് നേരിട്ടു മനസ്സിലാക്കാൻ കഴിഞ്ഞു. കൊട്ടാരത്തിൽ നിന്നദ്ദേഹം രക്ഷപ്പെട്ടു ഒരാട്ടിടയനായി ജീവിച്ചു. പിന്നീട് തിരിച്ചു വന്ന അദ്ദേഹത്തിന്റെ വിശ്വാസത്തിന്റെ ശക്തി ഫറോവയുടെ അധികാര ദുർഗങ്ങലെ തകർക്കാൻ പര്യാപാതമായിരുന്നു. വിജയം എല്ലായ്പ്പോയും വിശ്വായസികൾക്കാണുണ്ടാവാറ്-അവരുടെ അംഗസംഖ്യ എത്ര ചെറുതാണെങ്കിലും. പരാജയം അവിശ്വാസികൾക്കും. ദുർബലരുടെയും മർദ്ദിതരുടെയും കൂടെയാണ് അല്ലാഹു ഉണ്ടാവുകയെന്ന് ഖുർആൻ പറഞ്ഞിട്ടുണ്ട്. മർദ്ദിതരോട് കരുണ കാണിക്കുക മാത്രമല്ല, അവരെ അല്ലാഹു ഉയർത്തി ലോകത്തിന്റെ അനന്തരാവകാശികളാക്കുമെന്നും ഖുർആൻ പ്രസ്താവിച്ചിരിക്കുന്നു. ദുർബലർക്ക് ശക്തരെ ജയിച്ചടക്കാൻ കവിയുന്നത് ആദർശത്തിന്റെ ശക്തികൊണ്ടാണ്. ഇന്നും അനേകം ശക്തികളെ തറപറ്റിക്കുന്നത് ആദർശ പ്രസ്ഥാനങ്ങൾ തന്നെയാണ്. നൂറ്റാണ്ടുകളോളം മനുഷ്യരെ അടക്കിഭരിച്ച അക്രമഭരണാധികാരികൾക്കെതിരിൽ പൊരുതാനും വിപ്ലവം നടത്താനും ആദർശം വഴികാണിച്ചിട്ടുണ്ട്. ആദർശത്തിന് സജീവതയും ക്രിയാത്മകതയും കൈവരുമ്പോൾ അത്ഭുതങ്ങൾ സൃഷ്ടിക്കുന്നതായി കാണാം. കാലത്തിന്റെ കുഴമാടങ്ങളിൽ മരിച്ചു കിടക്കുന്നവരെ എഴുന്നേൽപ്പിക്കുന്ന ഇസ്റാഫീലിന്റെ കാഹളമൂതൽപോലെയാണത്. പലരാഷ്ട്രങ്ങൾക്കും ആദർശം പ്രസ്ഥാനങ്ങളും വിപ്ലവങ്ങലും സാമൂഹ്യമാറ്റങ്ങളുമായിരുന്നു. അവയെ രൂപപ്പെടുത്തുന്നതാവട്ടെ, അതിന്റെ പിന്നിലുള്ള ആദർശവാദികളും.

ചരിത്രാതീത കാലം മുതൽ അന്ത്യപ്രവാചകൻ മുഹമ്മദ് വരെയുള്ള കാലഘട്ടങ്ങളിൽ പ്രാവചകന്മാരാൽ നയിക്കപ്പെട്ട പ്രസ്ഥാനങ്ങളെല്ലാം മനുഷ്യവർഗത്തെ ഉൽബുദ്ധരാക്കാനുള്ള ആദർശ പ്രസ്ഥാനങ്ങളായിരുന്നു. സാധാരണക്കാരിൽപെട്ട നിരക്ഷരരായ ആട്ടിടയന്മാരോ തൊഴിലാളികളോ ആയിരുന്നു പ്രവാചകന്മാരെല്ലാവരും. മർദ്ദിതരെയും ദുർബലരെയും സഹായിക്കാനാണവർ മുമ്പോട്ട് വന്നത്. അപ്പോഴെല്ലാം ഭരണ വർഗം അവരെ താഴ്ത്തിക്കൊണ്ടിരുന്നു. മുഹമ്മദ് നബിയുടെ കാലത്ത് അറേബ്യയിൽ പലവിഭാഗത്തിൽപെട്ട മനുഷ്യരുമുണ്ടായിരുന്നു. കച്ചവടക്കാർ, കവികൾ, ദ്വിഭാഷികൾ, ഇതരരാഷ്ട്രങ്ങളിൽ നിന്നുള്ള സന്ദർഷകർ, വേട്ടക്കാരും വില്ലാളികളും മുതൽ മുങ്ങൾ വിദഗ്ദരായവർ, കാഥികർ എന്നിവരായിരുന്നു അവർ. എന്നാൽ പ്രവാചകൻ അക്കൂട്ടത്തിലൊന്നും പെട്ടവനായിരുന്നില്ല. എഴുതാനോ വായിക്കാനോ അറിയാത്ത സാധാരണക്കാരിൽ പെട്ടവനായിരുന്നു അദ്ദേഹം. പുതിയ വിശ്വാസമുൾക്കൊണ്ടപ്പോൾ തന്റെ ജനതയുടെയും മനുഷ്യവർഗത്തിന്റെയും രക്ഷകനായി മാറി പ്രവാചകൻ സാധാരണ്കകാരിൽ സാധാരണക്കാരനാണ് ഉയർന്നുവന്ന ആദർശത്തിന്റെ വാക്താവായി മർദ്ദിത ജനവിഭാഗങ്ങൾക്ക് ആശ്വാസമരുളുന്നത്. തത്വചിന്തകനോ ശാസ്ത്രജ്ഞനോ അല്ല.

ശിലകൾ തമ്മിലുരസുമ്പോൾ ഉണ്ടാകുന്ന തീപ്പൊരികളെപ്പോലെയാണ് പ്രവാചകന്മാർ. ഉറങ്ങിക്കിടക്കുന്ന മനസ്സുകളെ അതുണർത്തുന്നു. ചത്തയുഗത്തിനു ചലനത്തിന്റെ ചൈതന്യം പകരുന്നു. മർദ്ദതജനതയുടെ രക്തനാഡികളിൽ ജീവൽസ്പന്ദനങ്ങളുണ്ടാക്കുന്നു; അവരുടെ മനസ്സുകളിൽ മതബോധവും. അവർ ചരിത്രത്തിന്റെ ഗതി തന്നെ മാറ്റി പുതിയ സമൂഹത്തിന്റെ സൃഷ്ടാക്കളും ഭരണാധികാരികളും ആകുന്നു. ജനങ്ങൾക്ക് നീതിനൽകാനും അവരെ മോചിപ്പിക്കാനും അവരെ എല്ലാ തിന്മകളിൽനിന്നും രക്ഷിക്കാനുമാണ് പ്രവാചകൻ ആഗതരായത്.

അജ്ഞരും അവകാശനിഷേധിതരും മർദ്ദിതരുമായ ജനങ്ങളെ ഉയർത്തെഴുന്നേൽപിക്കാനായി പുതിയൊരു സന്ദേശവുമായോ പഴയസന്ദേശത്തിന്റെ തുടർച്ചയുമായോ വരുന്നവരാണ് ഉത്തമരാ വ്യക്തികൾ. ജനങ്ങലും ദുഃഖവും ദുരിതവും കണ്ട് അവരിൽനിന്നു ഉയർന്നുവന്നവരാണവർ. അത് നിരക്ഷരനാവാം; അവകാശനിഷേധിതനാവാം; വിദ്യാരത്ഥിയോ ആധ്യാപകനോ ആകാം; പണ്ഡിതനോ ദാർശനികനോ ശാസ്ത്രജ്ഞനോ ആകാം. ജനങ്ങളുടെ ആവശ്യങ്ങൾക്കൊത്ത് രൂപം കൊടുത്തതാവണം ആദർശം. അഭിസംബോധന ചെയ്യേണ്ടതും ജനങ്ങളെത്തന്നെയാണ്. വിദ്യാസമ്പന്നർ ആദർശത്തിന്റെ ഉൽഭവസ്ഥാനത്തുണ്ടാവാം. എന്നാൽ സാധാരണ ജനങ്ങളാണത് നടപ്പിൽ വരുത്തുന്നത്. അതിനെ വിജയത്തിലെത്തിക്കുന്നതും അവർതന്നെ. പ്രാവാചകന്മാർക്ക് ശേഷം ഉത്തമരായ വ്യക്തികൾക്ക് ജന്മനങ്ങളെ ഉണർത്താനും ഉൽബുദ്ധരാക്കാനും കഴിഞ്ഞത് ഇക്കാരണം കൊണ്ട് തന്നെയാണ്.

വിദ്യാസമ്പന്നർക്ക് ആദർശത്തിന്റെ മുൻപന്തിയിൽ നിന്നു ജനങ്ങൾക്ക് നായകത്വംവഹിക്കാം. പക്ഷെ, അതിനുമുമ്പ് സ്വന്തം സമൂഹത്തിനു ഉചിതമായ ആദർശം അവർ തെരഞ്ഞെടുക്കേണ്ടിയിരിക്കുന്നു. ടിന്നിലാക്കിയ ഭക്ഷണസാധനങ്ങൾപോലെ ഈ നാട്ടിലേക്ക് ഇറക്കുമതി ചെയ്യപ്പെട്ട പാശ്ചാത്യൻ ആശയങ്ങളെ അവർ തൂത്തെറിയുകയും വേണം. മതത്തിന്റെ പേരിലുള്ള ആചാര സമുച്ചയങ്ങളോട് അവർ പ്രതിബദ്ധത പുലർത്തുകയുമരുത്.

♣♣♣

## ബുദ്ധിജവികളുടെ പങ്ക്

ചോദ്യം: നാം ബുദ്ധിജീവികളാണെന്ന് സങ്കൽപിക്കുക. എങ്കിൽ, സമൂഹവുമായി നമ്മുടെ ബന്ധം ഏത് തരത്തിലുള്ളതായിരിക്കണം?

ഉത്തരം: ബുദ്ധിജീവികളും സമൂഹവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് പറയുന്നതിനു മുമ്പായി ബുദ്ധിജീവികളെക്കുറിച്ച് തന്നെ ചിലത് പറയേണ്ടതുണ്ടെന്നെനിക്ക് തോന്നുന്നു. സ്വതന്ത്രചിന്ത എന്താണെന്നു ശരിയായ അർത്ഥത്തിൽ നാം മനസ്സലാക്കേണ്ടിയിരിക്കേണ്ടതുണ്ട്. ബുദ്ധിജീവികളോടൊപ്പം പങ്ക് ചേർന്ന് നമുക്കുംവിശ്രമിക്കാമെന്ന് പറയാൻ പറ്റുമോ?

ജനങ്ങളും ബുദ്ധിജീവികളും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ചർച്ച ചെയ്യാൻ സമയമായിട്ടില്ലെന്നാമെനിക്ക് തോന്നുന്നത്. ഇനി സമയമായെന്ന് കരുതിയാൽതന്നെ, നാം ജനങ്ങളുമായി ഇടപഴകുമ്പോൾ, എങ്ങിനെയാണവരുമായി സംസാരിക്കേണ്ടതെന്നു നമു

ക്കറിയാമോ? അവരുമായി നമുക്കെന്ത് പങ്കുവെയ്ക്കാനുണ്ട്? അവർക്ക് നൽകാൻ എന്ത് സന്ദേശമാണ് നമ്മുടെ കൈയ്യിലുള്ളത്? വിഷമം പിടിച്ച ഒരു പ്രശ്നം തന്നെയാണിത്. നമ്മുടെ സമൂഹം ഒരു സമൂഹമാണെന്നു പരിഗണിച്ചുകൊണ്ടുതന്നെ, ജനങ്ങളുടെ അഭിപ്രായങ്ങളെയും ചിന്തകളെയും നാം തള്ളിക്കളയേണ്ടതുണ്ടോ? എങ്കിൽ, അവരുടെ മതപരമായ ജാഡ്യം നാം ശക്തിപ്പെടുത്തുകയല്ലേ ചെയ്യുന്നത്?അവരുടെ ചിന്തകളെ നാം നിരാകരിക്കുകയാണെങ്കിൽ നാം അവരിൽനിന്നൊറ്റപ്പെടുകയും നമ്മോട് പൊരുതുന്ന പ്രതിവിപ്ലവകാരികളുടെ മടിത്തട്ടിൽ അവർ ചെന്നുവീഴുകയും ചെയ്യുന്നില്ലേ? രണ്ടായാലും പ്രശ്നം അപരിഹൃതമായിത്തന്നെ കിടക്കുന്നുവെന്നാണ് നാം മനസ്സിലാക്കുന്നത്. മറുവശത്ത് കഴിഞ്ഞ രണ്ട് ശതകങ്ങളിലെ യൂറോപ്യൻ ധിഷണാശാലികളുടെ ചിന്തകളെയാണു നാം പിൻപറ്റിവരുന്നത്. ആ ചിന്തകളും ആശയങ്ങളും നമ്മുടെ ചുറ്റുപാടിനും ഉത്തരവാദിത്തങ്ങൾക്കും എത്രത്തോളം വെളിച്ചം നൽകും?

ഒന്നാമതായി, മധ്യയുഗത്തിലെ മൂന്നു നൂറ്റാണ്ടുകളിലൂടെയും നവോത്ഥാനകാലഘട്ടത്തിലെ രണ്ടുശതകങ്ങളിലൂടെയും കടന്നുവന്ന തൊഴിലാളിയെയാണ് യൂറോപ്യൻ ചിന്തകൻ നേരിടുന്നത്. രണ്ടാമതായി, ഈ തൊഴിലാളി ജീവിക്കുന്നതാകട്ടെ, മതചൈതന്യം മുറ്റിനിൽക്കുന്ന അന്തരീക്ഷത്തിലുമല്ല. മൂന്നാമതായി, വ്യവസായിക പ്രോലിത്തേരിയറ്റ് ഘട്ടത്തിൽ എത്തിക്കഴിഞ്ഞിട്ടുണ്ടവൻ. നാലാമതായി, ബന്ധങ്ങൾ വ്യവസായികമാനം കൈവരിച്ച അതിവികസിതമായ വ്യവസായിക-ബൂർഷ്വാ വ്യവസ്തയിലാണ് അവൻ ജീവിക്കുന്നത്. അവസാനമായി, തൊവിലാളിയാകട്ടെ വളർച്ചയുടെയും ആത്മബോധത്തിന്റെയും കൂടുതൽ ഉയർന്ന പടിയിലെത്തിയിട്ടുമുണ്ട്. വളരെ പ്രധാനപ്പെട്ട മറ്റൊരു വസ്തുത, യൂറോപ്യൻ വ്യവസായിക തൊഴിലാളി ഒരു പ്രത്യേക സംസ്കാരം വളർത്തിയെടുക്കുകയുംപാശ്ചാത്യ യൂറോപ്യൻ സംസ്കാരിക രംഗത്ത് പുതിയൊരു രൂപം കൈവരിക്കുകയും ചെയ്തിട്ടുണ്ട് എന്നതാണ്. പത്തൊമ്പതാം നൂറ്റാണ്ടിലെ ധിഷണാശാലികളുടെ ആശയങ്ങളുനുധാവനം ചെയ്യുന്ന ബുദ്ധിജീവിയാണു ഞാനെന്നു സങ്കൽപിക്കുക; ഞാൻ പത്തൊമ്പതാം നൂറ്റാണ്ടിൻരെ സവിശേഷതകളൊന്നുമുൾക്കൊണ്ടിട്ടില്ലാത്ത ഒരിറാനിയൻ തൊഴിലാളിയെയാണു അഭിസംബോധന ചെയ്യാൻ ശ്രമിക്കുന്നത്. വൻ നഗരങ്ങളിലൊഴികെ മറ്റൊരിടത്തും ബൂർഷ്വാസി വളർന്നിട്ടില്ലാത്ത ഒരു സമൂഹത്തിലാണു ഞാൻ ജീവിക്കുന്നത്. യഥാർത്ഥമായ ഉൽപാദന വ്യവസ്ഥയിലെ ബൂർഷ്വാസിയല്ല അവൻ;

ഇതിനും പുറമെ, ഒരു തൊഴിലാളി വർഗം നമ്മുടെ സമൂഹത്തിലില്ല. ഉള്ളത് ചില വിഭാഗങ്ങൾ മാത്രമാണ്.

പ്രാക്തന സമൂഹങ്ങളിലെന്നതുപോലെ അഴിമതി മുറ്റിയ സമൂഹങ്ങളിലും തൊഴിലാളി വിഭാഗങ്ങളുണ്ട്. ഉദാഹരണമായി, വ്യവസായിക വിഭവങ്ങളും പാശ്ചത്യൻ രീതിയിലുള്ള ഉൽപാദനവും ഉള്ള സൗദിഅറേബ്യയിൽ ഉയർന്ന നിലവാരത്തിൽ അഞ്ഞൂറ് മുതൽ രണ്ടായിരം വരെ തൊഴിലാളികൾ ജീവിക്കുന്നു. എന്നാൽ ആ രാജ്യത്ത് തൊഴിലാളികളുടെ ഒരു പ്രസ്ഥാനമില്ല. ഗോത്രപരമോ കാർഷികമോ ഫ്യൂഡലോ ആയ ഒരടിത്തറയാണിവിടെ നിലവിലുള്ളത്.

ഇതിനും പുറമെ, നാം ജീവിക്കുന്നത് പത്തൊമ്പതാം നൂറ്റാണ്ടിലല്ല. ഏഷ്യയിലും ആഫ്രിക്കയിലുമുള്ള നമ്മുടെ സമൂഹങ്ങളുടെ സവിശേഷതകളെ ഒരു യൂറോപ്യൻ സമൂഹത്തിന്റേതുമായി തുലനം ചെയ്യുമ്പോൾ നാം പതിമൂന്നാം നൂറ്റാണ്ടിലാണ് ജീവിക്കുന്നതെന്ന് നമുക്ക് ബോധ്യമാകും. അതിനാൽ ആദ്യമായി, ഏത് നൂറ്റാണ്ടിലാണ് നാം ജീവിക്കുന്നതെന്ന് കണ്ടെത്തുകയും നമ്മുടേതായ ആശയങ്ങൾ മനസ്സിലാക്കുകയും അത് ജനങ്ങളെ പഠിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആശയങ്ങൾ പതിമൂന്നാം നൂറ്റാണ്ടിൽ പ്രയോഗവൽക്കരിക്കുമ്പോൾ നാമെവിടെ എത്തികയില്ലാ എന്നു മാത്രമല്ല, അത് കേൾക്കാൻ ആളുണ്ടാവുകയുമില്ല. ഇന്നത്തെ നമ്മുടെ സ്വതന്ത്രചിന്തകരനുഭവിക്കുന്ന പ്രശ്നം ഇത് തന്നെയാണ്.

നമ്മുടെ സ്വതന്ത്രചിന്തകർ പതിമൂന്നാം നൂറ്റാണ്ടിലാണ് ജീവിക്കുന്നത്. എന്നാൽ അവരുടെ വാക്കുകളും ചിന്തകളും ഇരുപതാം നൂറ്റാണ്ടിൽനിന്നു കടം വാങ്ങിയവയത്രെ. അതിനാലവർക്ക് ശ്രോതാക്കളെ കിട്ടുകയില്ല. നമ്മുടെ മുമ്പിലുള്ളത് യൂറോപ്യൻ ബൂർഷ്വാസിയുമായി ഒരു സാമ്രാജ്യത്വവുമില്ലാത്ത ഒരു 'പഴഞ്ചൻ' ബൂർഷ്വാസിയാണ്. നമ്മുടെ അങ്ങാടിയിലുള്ള ബൂർഷ്വാസികൾ മുഴുവനും മതവിശ്വാസികളാണെങ്കിൽ, യൂറോപ്യൻ ബൂർഷ്വാസി നൂറുശതമാനവും മതവിരുദ്ധരത്രെ. യൂരോപ്യൻ ബൂർഷ്വാസി വളരെ പുരോഗമിച്ചവരായിരുന്നു. അവരാണ് ഫ്രഞ്ച് വിപ്ലവം നടത്തിയത്. നമ്മുടേതോകട്ടെ അങ്ങാടിയിൽ ഉലാത്തുന്നവരും.

നമ്മുടെ പൊതു ജനത്തെ ശ്രദ്ധിച്ചാൽ ഒരു ശരാശരി പൗരൻ ഗ്രമീണനാണെന്നു കാണാം. നമ്മുടെ അഭിസംബോധിതരായ അവരോടു 1864ൽ ബ്രിട്ടീഷ് തൊഴിലാളികളെ അഭിസംബോധന ചെയ്ത് ജോൺ മൂർ സംസാരിച്ചത്പോലെ നമുക്ക് സംസാരിക്കാൻ കഴിയുകയില്ല. നാം പത്തൊമ്പതാം നൂറ്റാണ്ടിലോ ഇരുപതാം നൂറ്റാണ്ടിലോ ആണ് ജീവിക്കുന്നതെന്ന് കരുതുന്നതെന്നും ആ നൂറ്റാണ്ടുകളിലെ യൂറോപ്യൻ ചിന്തകരെ പിന്തുടരുന്നതും ഒരു പോലെ അപകടമാണ്. അതിനാൽ ആദ്യമായി അതിനെ മനസ്സിൽനിന്ന് തൂത്തെറിയുകയും നമ്മുടെ നൂറ്റാണ്ടിനെ കണ്ടെത്തുകയും ചെയ്യേണ്ടതനിവാര്യമാണ്. ഇപ്പോഴും ചരിത്രാതീത കാലഘട്ടത്തിൽ ജീവിക്കുന്ന രാഷ്ട്രങ്ങൾ ഇന്നും ലോകത്തുണ്ട്. അവർ ഇനിയും ചരിത്രത്തിലേക്ക് കടന്നുവന്നിട്ടില്ല. ഇരുപതാം നൂറ്റാണ്ടിൽ ഉണ്ടാവുകയെന്നതും ഇരുപതാം നൂറ്റാണ്ടിൽ ജീവിക്കുകയെന്നതും തമ്മിൽ അന്തരമുണ്ട്. അതിനാൽ ആദ്യം നാം ഏത് നൂറ്റാണ്ടിലാണെന്ന് കണ്ടെത്തുകയും ആ നൂറ്റാണ്ടിലെ നമ്മുടെ ആശയങ്ങളോട് അനുഭാവം പുലർത്തുന്ന യൂറോപ്പിലെ സ്വതന്ത്രചിന്തകരിൽ നിന്നും പഠിക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. നാം ഇന്നു പതിമൂന്നാം നൂറ്റാണ്ടിലോ പതിനാലാം നൂറ്റാണ്ടിലോ അണ് ജീവിക്കുന്നത്. യൂറോപ്പിൽ അവ ഫ്യൂഡലിസത്തിൽനിന്നും പരമ്പരാഗത മതത്തിൽ നിന്നും വിപ്ലവാത്മക ബൂർഷ്വാസിയിലേക്കും മതവിരുദ്ധതയിലേക്കുമുള്ള പരിവർത്തനത്തിന്റെ നൂറ്റാണ്ടുകളായിരുന്നു. ഇന്നാകട്ടെ നമ്മുടെ സമൂഹത്തിൽ ഈ ഉപാദികളെല്ലാമുണ്ട്. അത്കൊണ്ട്, പതിമൂന്നും പതിനാലും നൂറ്റാണ്ടുകളിൽ യൂറോപ്പ് എന്താണ് ചെയ്തതെന്ന് നാം കണ്ടെത്തണം. വളർച്ചമുട്ടി മരവിച്ചുനിന്ന മധ്യയുഗത്തിൽ നിന്നും പുതിയൊരു യൂറോപ്പിനെ അവിടത്തെ സ്വതന്ത്രചിന്തകർക്ക് കഴിഞ്ഞത് എന്ത്കൊണ്ടായിരുന്നു?

യൂറോപ്പിൽ പുതിയൊരു സംസ്കാരത്തിനു സൃഷ്ടികർമ്മം നടത്താൻ സഹായിച്ചഅടിസ്ഥാന ഘടകങ്ങൾ സാമ്പത്തികവും ചിന്തപരവുമായിരുന്നു. സാമ്പത്തികമായി ഫ്യൂഡലിസം പോയി ബൂർഷ്വാസി വന്നു. പിന്തരിപ്പൻ പ്രഭുക്കന്മാരുടെ സ്ഥാനത്ത് അവൻ സ്ഥാനം പിടിച്ചു. പൗരസ്ത്യ-പാശ്ചാത്യബന്ധങ്ങൾ, കുരിശുയുദ്ധങ്ങൾ, അമേരിക്കയുടെയും ആസ്ത്രേല്യയുടെയും കണ്ടെത്തൽ, വാണിജ്യബന്ധം, ഏഷ്യ, ആഫ്രിക്ക, ലാറ്റിനമേരിക്ക, വടക്കേ അമേരിക്ക എന്നിവയെ ചൂഷണം ചെയ്തത് എന്നിവയായിരുന്നു ഇതിന്റെ കാരണങ്ങൾ. ചിന്താരംഗത്ത് കത്തോലിസിസത്തിൽനിന്നും പ്രൊട്ടസ്റ്റാന്റിസത്തിലേക്കുള്ള മാറ്റാമാണുണ്ടായത്. പതിനാലാം നൂറ്റാണ്ടിലെ സ്വതന്ത്രചിന്തകൻ മതത്തെ നിഷേധിക്കുകയുണ്ടായില്ല. അവൻ പരലോക ചായ്വിൽനിന്നു ഇഹലോകത്തേക്ക്, ആത്മാവിന്റെയും സന്യാസത്തിന്റെയും ലോകത്തുനിന്ന് അദ്ധ്വാനത്തിന്റെയും പരിശ്രമങ്ങളുടെയും ലോകത്തേക്ക്, സ്വാത്മകേന്ദ്രീകൃതാവസ്ഥയിൽനിന്നു സമൂഹകേന്ദ്രീകൃതാവസ്ഥയിലേക്ക് പരിവർത്തിതമായിട്ടേയുള്ളൂ. ചുരുക്കത്തിൽ, യൂറോപ്പിന്റെ ഹൃദയത്തിൽ പുപ്താവസ്ഥയിൽ കിടന്ന ശക്തമായ മത-സാംസ്കാരിക വിഭവങ്ങളെ അവിടത്തെ സ്വതന്ത്രചിന്തകർ സൃഷ്ടിപരവും ക്രിയാത്മകവും ചലനാത്മകവുമാക്കി മാറ്റുയാണുണ്ടായത്.

അതിനാൽ സാർത്രോ മാർക്സോ റൂസ്സോയോ പറയുന്നതിനേക്കാൾ ഈ യാഥാർത്ഥ്യത്തെ നാം അംഗീകരിക്കേണ്ടതായുണ്ട്. ഇവർ പറയുന്നത് നമ്മുടെ അടുത്ത

രണ്ട് നൂറ്റാണ്ടുകളുമായേ ബന്ധമുള്ളൂ. നമ്മുടെ ആത്മീയവും ശാരീരികവുമായ സംതൃപ്തിയേക്കാൾ സമൂഹത്തിന്റെ നന്മയ്ക്ക് വേണ്ടി നാം യത്നിക്കേണ്ടതുള്ളൂ. ലൂതറുടെയും കാൽവിന്റെയും പ്രവർത്തനങ്ങളാണ് നമുക്ക് പ്രധാനമായിട്ടുള്ളത്. യൂറോപ്പിനെ നൂറ്റാണ്ടുകളോളം പാരമ്പര്യങ്ങളിൽ തളച്ചിട്ട കത്തോലിക്കാ സദാചാരത്തെ അവരായിരുന്നു പരിവർത്തിപ്പിച്ച് ഒരു ചലനാത്മക ശക്തിയാക്കി മാറ്റിയത്. മുതലാളിത്തവും പ്രൊട്ടസ്റ്റന്റ് സദാചാരവും തമ്മിലുള്ള ബന്ധത്തെ മാർക്സ് വെബർ ചർച്ച ചെയ്തിട്ടുണ്ട്.* ഭിരാഭാഗവും പ്രൊട്ടസ്റ്റന്റുകളുള്ള ഇംഗ്ലണ്ട്, ജർമ്മനി, അമേരിക്ക തുടങ്ങിയ രാഷ്ട്രങ്ങളാണ് ഭൂരിഭാഗവും കത്തോലിക്കരുള്ള സ്പെയിൻ, ഫ്രാൻസ്, ഇറ്റലി തുടങ്ങിയ രാഷ്ട്രങ്ങളേക്കാൾ പുരോഗതി പ്രാപിച്ചിട്ടുള്ളതെന്ന് അദ്ദേഹം വാദിക്കുകയുണ്ടായി. മുതലാളിത്തവും പ്രൊട്ടസ്റ്റന്റ് സദാചാരവും തമ്മിൽ നേരിട്ടുള്ള ബന്ധമുണ്ടെന്നാണ് മാർക്സ് വെബറുടെ അഭിപ്രായം.

പിന്തിരിപ്പൻ സ്വഭാവത്തിൽ നിന്നും സൃഷ്ടിപരമായ രൂപം കൈക്കൊണ്ട രാഷ്ട്രങ്ങൾ പുരോഗതി പ്രാപിച്ചിട്ടുണ്ടെന്നു നമുക്ക് കാണ്ടെത്താൻ കഴിയുന്നു. മറുവശത്ത് കത്തോലിക്കാ മതത്തിൽതന്നെ ഉറച്ചുനിന്ന രാഷ്ട്രങ്ങൾ മധ്യനൂറ്റാണ്ടുകളിൽ തന്നെ നിലനിന്നു. ഭൂമിശാസ്ത്രപരമായി സ്പെയ്നും ചരിത്രപരമായി ഇറ്റലിയും യൂറോപ്പിലെ ഏറ്റവും പുരോഗതി പ്രാപിച്ച രാഷ്ട്രങ്ങളാവേണ്ടതായിരുന്നു. സ്പെയിനു യൂറോപ്പിലെ ഏറ്റവും തിളക്കമാർന്ന ഒരു ഭൂതകാലമുണ്ടായിരുന്നു. കൂടാതെ ഇസ്ലാമിനു മുമ്പ് ക്രൈസ്തവ സംസ്കാരത്തിന്റെ കേന്ദ്രം റോം ആയിരുന്നു. രണ്ടാമതായി, ഡാവിഞ്ചി, മൈക്കലാഞ്ചലോ, ഗലീതിയോ തുടങ്ങിയ വിശ്വപ്രസിദ്ധ കലാകാരന്മാരെയും ചിന്തകരെയും സംഭാവന ചെയ്ത പതിനഞ്ചും പതിനാറും നവോത്ഥാനം ഇറ്റലിയിലാണുണ്ടായത്. ആദ്യകാലത്ത് സ്പെയിൻ റോമിനെപ്പോലെ ആയിരുന്നില്ലെങ്കിലും എട്ടുമുതൽ പന്ത്രണ്ടാം നൂറ്റാണ്ടുവരെ അവിടെ ഇസ്ലമിക സംസ്കാരം നിലനിൽക്കുകയും അവിടന്നങ്ങോട്ട് ആ സംസ്കാരത്തെ

---

* Max Weber, The Protastant Ethic and the Spirit of Capitalisom, tr: Takott Parsons, Charles Scribner's Sons. Newyork, 1958i

യൂറോപ്പിലേക്ക് പ്രസരണം ചെയ്യുന്ന പങ്ക് ആ രാഷ്ട്രം വഹിക്കുകയുണ്ടായിട്ടുണ്ട്. വിചിത്രമെന്നു തന്നെ പറയട്ടെ, സംസ്കാരത്തിന്റെ ഈ രണ്ട് മുന്നണിപ്പോരാളികളാണ് യൂറോപ്പിൽ ഇന്നും ഏറ്റവും പിന്നോക്കാവസ്ഥയിലുള്ളത്. ഏറ്റവുമൊടുവിൽ മാത്രം സംസ്കാര സ്പർഷമേറ്റ അമേരിക്ക, ഇംഗ്ലണ്ട്, ജർമനി രാഷ്ട്രങ്ങളാവട്ടെ ഇന്നേറ്റവും പുരോഗമിച്ചിട്ടുണ്ട് താനും. ഇങ്ങനെ നോക്കുമ്പോൾ സംസ്കാരം, ഭൗതികശ്ക്തി, വ്യവസായിക പുരോഗതി, എന്നിവ മതഘടകങ്ങളുടെ വെളിച്ചത്തിലേ വിശദീകരിക്കാനാവൂ എന്നു മനസ്സിലാവുന്നതാണ്. ഈ വീക്ഷണ കോണിലൂടെ ചിന്തിക്കുമ്പോൾ, പതിനാലും പതിനേഴും നൂറ്റാണ്ടുകളിലെ ചിന്തകർ തങ്ങലുടെ പഴയ മതത്തെ നശിപ്പിക്കുകയും പരമ്പരാഗതമായ കത്തോലിക്കാ മതത്തെ പ്രതിഷേധിക്കുന്ന ഇഹലോക ചിന്തയുള്ള രാഷ്ട്രീയ ഭൗതിക പ്രൊട്ടസ്റ്റന്റിസമാക്കി രൂപാന്തരപ്പെടുത്തുകയും ചെയ്ത്പ്പോഴാണ് അവർക്ക് പുരോഗതി പ്രാപിക്കാൻ കഴിഞ്ഞതെന്ന് മനസ്സിലാകും.

മധ്യ നൂറ്റാണ്ടിൻരെ അറ്റത്ത് ജീവിക്കുന്ന പൗരസ്ത്യ മതലോകം പത്തൊമ്പതും ഇരുപതും നൂറ്റാണ്ടുകളിലെ യൂറോപ്യൻ ചിന്തകരെ അനുകരിക്കുകയും മതത്തെ നിഷേധിക്കുകയും ചെയ്യുന്നതിലർത്ഥമില്ല. മതപരമായ അസ്തി വാരമുള്ള ഇറാനെപ്പോലുള്ള ഒരു സമൂഹത്തിൽ, ശരാശരി പൗരന്മാർ മധ്യയുഗ്തതിൽ ജീവിക്കവെ നാം, ആ ബുദ്ധിജീവികളുടെ നേരെ തിരിഞ്ഞുകൂടാ.

സമൂഹത്തിന്റെ സാംസ്കാരികമായ അസ്തിവാരത്തിൽ പണിതുയർത്താത്ത ഏതൊരു ചിന്താസരണിയും വളരെ കുറച്ചു വിദ്യാർത്ഥികളും അധ്യാപകരും മാത്രമുപയോഗിക്കുന്ന ഒരു ലൈബ്രറിയിലെ ചീത്തയാവാത്ത പുസ്തകം പോലെയിരിക്കും. അത്തരത്തി

ലുള്ള ആയിരക്കക്കിനു പിസ്തകങ്ങൽ അച്ചടിപ്പിക്കപ്പെട്ടാലു അത് പൊതുജനങ്ങളലിൽ യാതൊരു ഫലവും ചെയ്യില്ല. സമൂഹത്തിൽ നിന്നും ബുദ്ധിജീവി അന്യവൽക്കരിക്കപ്പെടുകയാണെന്നതാണിതിലെ അപകടം. ബുദ്ധിജീവിസമൂഹത്തിൽ നിന്നു മാറി നിൽക്കുമ്പോൾ സമൂഹം അഴിമതിയിൽ തന്നെ മുഴുകിക്കഴിയുന്നു. ഉദാഹരണമായി സൽജൂക്ക്-ഗസ്നവി കാലഘട്ടങ്ങളിലെ അഴിമതിമുറ്റിയ സമൂഹത്തിലാണ് അഞ്ചും ആറുംനൂറ്റാണ്ടുകളിൽ ഇബ്നുസീനയും ഗസ്സാലിയും മരണമടഞ്ഞത്. ആ സമൂഹത്തിൽ ഒരു അബൂദർറ് ഉണ്ടായിരുന്നുവെങ്കിൽ സൽജൂകളുടെയും ഗസ്നവികളുടെയും മംഗോളിയരുടെയും പിടുത്തത്തിൽ നിന്നു എല്ലാ ഇസ് ലാമിക സമൂഹങ്ങളെയും രക്ഷിക്കാൻ കഴിയുമായിരുന്നു. പുരാതന ഗ്രീസിലുണ്ടായിരുന്ന അരിസ്റ്റോട്ടിലിനെപ്പോലുള്ള ചിന്തകർ. എന്നാൽ അരിസ്റ്റോട്ടിലിന്റെ ജീവിതകാലം മുഴുവനും അത്തീനിയൻ ജനത അഴിമതിയിലും അടിമത്തത്തിലും കുലീനാധിപത്യത്തിന്റെ നുകക്കീഴിലുമായിരുന്നു കഴിഞ്ഞിരുന്നത്. മറുവശത്ത് സ്പാർട്ടയിൽ ഇതുപോലുള്ള ഒരൊറ്റ ചിന്തകനുമില്ലായിരുന്നു. എന്നിട്ടും അവിടത്തെ ജനത ധീരന്മാരും കായികാഭ്യാസികളുമായിരുന്നു. ആതൻസിൽ നൂറുകണക്കിനു എഴുത്തുകാരും ബുദ്ധിജീവികളുമുണ്ടായിട്ടും അവർക്ക് സമൂഹത്തെ പരിവർത്തിപ്പിക്കാനോ പുനഃസംവിധാനിക്കാനോ കഴിഞ്ഞില്ല. അവർ ഉള്ളതും ഇല്ലാത്തതും തമ്മിൽ വലിയ വ്യത്യാസമുണ്ടായിരുന്നില്ല.

പൌരസ്ത്യലോകത്തുള്ള നമ്മുടെ പ്രശ്നം ഇതാണ്. നാമൊരു പ്ലാറ്റോണിക്ക് പൂങ്കാവനമുണ്ടാക്കിയിരിക്കുന്നു. ഉദാഹരണമായി നിങ്ങൾ ടെഹ്റാനിലെ കാപ്പിക്കടകൾ നോക്കുക. അവിടങ്ങളിലെല്ലാം കുറേ സോഷ്യലിസ്റ്റുകളെയും അസ്തിത്വവാദികളെയും ബുദ്ധിജീവികളെയും കാണാം. ആശയങ്ങളുടെ വലിയൊരു കൂമ്പാരം തന്നെ നിങ്ങൾക്കിവിടെ കണ്ടെത്താം. പക്ഷെ ദൗർഭാഗ്യവശാൽ തെരുവിലെ സാധാരണ മനുഷ്യർക്ക് ഇവരെന്നോ ഇവരെന്ത് ചെയ്യുന്നുവെന്നോ അറിയില്ല.

ചോദ്യം: ജനങ്ങളുമായി സംസാരിക്കാൻ അവരുടെ ഭാഷ അറിയേണ്ടതുണ്ടോ?

ഉത്തരം: അത് വളരെ വ്യക്തമാണ്. ഞാൻ ഏതെങ്കിലുമൊരി ഗ്രാമത്തിൽ ഒരു പള്ളിയിൽ പോയെന്നു വെക്കുക. അവിടെ ഒരു മുല്ല അവ്യക്തവും അജ്ഞേയവുമായ രൂപത്തിൽ എന്തോ പ്രസംഗിച്ചു കൊണ്ടിരിക്കയാണ്. എനിക്ക് ആ സ്ഥാനത്ത് കയറി അവ്യക്തതയോ വക്രതയോ ഒന്നുമില്ലാത്ത ആകർഷകമായ രൂപത്തിൽ ജനങ്ങളോട് സംസാരിക്കാൻ കഴിയും. ബുദ്ധിജീവിയെന്ന നിലയ്ക്കുള്ള എന്റെ ദൗത്യം ഇവിടെയാണ്. ജനങ്ങൾ വിഡ്ഢികളെന്നു ധരിച്ച് ഒന്നും പറയാതെ ഒരുമൂലയ്ക്കിരുന്നാൽ ഞാനാണ് യഥാർത്ഥത്തിൽ വിഡ്ഢിയാവുന്നത്. ആകർഷകവും ഫലപ്രദവുമായ രൂപത്തിൽ ജനങ്ങളോട് സംസാരിക്കാൻ കഴിഞ്ഞാൽ മുല്ലമാരുടെ സ്ഥാനം നമുക്ക് ഏറ്റെടുക്കാൻ കഴിയും.

ചോദ്യം: അവരുടെ ഭാഷയിൽ സംസാരിച്ചാൽ മാത്രം മതിയോ? ജങ്ങളെ ആകർഷിക്കും വിധമുള്ള വേഷ സംവിധാനങ്ങളും വേണ്ടേ?

ഉത്തരം: അത്യാവശ്യമില്ല. ഇത്തരം ഉപചാരങ്ങൾ അമേരിക്കൻ സാമൂഹ്യശാസ്ത്രജ്ഞരാണ് കൊണ്ടുവന്നത്. വേഷം മാറ്റുകയോ പാശ്ചാത്യരെ അനുകരിച്ച് എന്തെങ്കിലും ചെയ്യുകയോ ചെയ്യേണ്ട ആവശ്യമില്ല. പള്ളിയിൽ പോയി കൂടുതൽ ആകർഷകമായ രൂപത്തിൽ ഞാൻ സംസാരിക്കുകയാണെങ്കിൽ ജനങ്ങൾ എന്നെയാണ്, മുല്ലയെയല്ല ശ്രദ്ധിക്കുക. മുല്ലമാർക്ക് ജനങ്ങളുടെ ഹൃദയങ്ങളിൽ ശക്തമായ സ്ഥാനമുണ്ടായിരിക്കുകയും ഒരു ബുദ്ധിജീവിയെന്ന നിലയിൽ ഞാനവരുടെ മനസ്സിന്റെ ഭാരങ്ങൾ മാത്രം സ്ഥിതിചെയ്യുകയും ചെയ്യുന്ന പക്ഷം എന്റെ ചിന്തകൾ എത്ര ആധുനികമായിട്ടും. ഫലമില്ല. ഗ്രാമീണരുടെ ഹൃദയത്തെ സ്വാധീനിക്കുകയാണ് വേണ്ടത്.

ഒരിക്കൽ ഞാൻ *വെൻ ദ സ്റ്റോക്സ് ഫ്ളൈ* എന്ന ചിത്രം നിർമ്മിച്ച ഇറാനിയൻ സിനിമായ സംവിധായകന്റെ ഒരു ലേഖനം വായിക്കുകയുണ്ടായി. അതിലദ്ദേഹമെഴുതി: "ഒരു സംവിധായകന് ഒരു ഗ്രമീണനെ അറിയണമെന്നുണ്ടെങ്കിൽ, അവന്റെ വിഷമങ്ങളും വികാരങ്ങലും വേദനകളും ആശയങ്ങളും പ്രശ്നങ്ങളും പ്രയാസങ്ങളും അറിയണമെന്നുണ്ടെങ്കിൽ അവന്റെ ഒരുത്തമ സുഹൃത്തായിത്തീരേണ്ടതുണ്ട്". ബുദ്ധിജീവി തന്റെ സമൂഹത്തിന്റെ സംവിധായകനാണ്. അവനെന്നും അങ്ങനെത്തന്നെയാവണം. സാധാരണക്കാർ കാപ്പികുടിച്ചു സൊറ പറഞ്ഞിരിക്കുന്ന ഒരു കാപ്പിക്കടയിൽ നാം കറച്ചു ചിന്തകർ പോയിരുന്നു എന്തെങ്കിലും സംസാരിച്ചുവെന്നിരിക്കട്ടെ, അവിടെയുള്ള തമാശകളും സംസാരങ്ങളും പെട്ടെന്നു നിലയ്ക്കുകയും എല്ലാവരുടെയും ശ്രദ്ധ നമ്മിലേക്കു തിരിയുകയും ചെയ്യും. അവരുമായി യാതൊരു ബന്ധവുമില്ലാത്ത നമ്മെ ചൊവ്വയിൽ നിന്നുവന്ന ജീവികളെപ്പോലെ അൽഭുതത്തോടെയാണവർ നോക്കുക.

ചോദ്യം: താങ്ങൾ പറയുന്നതെല്ലാം സാക്ഷാൽകൃതമാവണമെങ്കിൽ വളരെയേറെ കാലം വേണ്ടിവരും. നമുക്കെങ്ങിനെയാണവ സാധിച്ചെടുക്കാൻ കഴിയുക?

ഉത്തരം: സാമൂഹ്യ പ്രശ്നങ്ങൾ പരിഹരിക്കുമ്പോൾ കുറിക്കുവഴികൾ ആലോചിക്കരുത. നേർക്ക് നേരെത്തന്നെ ആലോചിക്കണം. അനേകം മാർഗങ്ങൾ ആലോചിച്ചിരുന്നത് കൊണ്ടാണ് നമ്മുടെ പല ബുദ്ധിജീവികളും ലക്ഷ്യത്തിലെത്താതായത്. വളരെയൊന്നും തങ്ങൾക്ക് ചെയ്യാൻ കഴിഞ്ഞില്ലെന്ന് ബോധ്യമായപ്പോൾ അവർ ആകെ നിരാശരാവുകയും ആധുനിക കവിത എഴുതാൻ തുടങ്ങുകയും ചെയ്തു. "കഴിഞ്ഞ ഒന്നര വ്യാഴവട്ടക്കാലം തെരുവുകളിൽ ചൂളം വിളിച്ചു നടന്നു നാം; എല്ലാം വെറുതെ, ഇപ്പോൾ നാം നിരാശരായിരിക്കുന്നു. യഥാർത്ഥത്തിൽ നമുക്ക് നിരാശരാവാൻ തന്നെ അർഹതയില്ല," എന്നൊരാൾ എവുതിവെച്ചത് ഇക്കൂട്ടത്തിൽ ഉദാഹരണം മാത്രം.

നമ്മുടെ ലക്ഷ്യത്തിലെത്താനുപയുക്തമായ ഏറ്റവും ഉത്തമമായ മാർഗം നാം കണ്ടുപിടിക്കണമെന്നതാണ് ശ്രദ്ധേയമായ വസ്തുത. എന്താണ് നമുക്ക് ചെയ്യാനുള്ളത്? ഉപരിപ്ലവമായ കാര്യങ്ങൾ മാത്രമാണ് നാം ചെയ്യുന്നതെങ്കിൽ വളരേ വേഗത്തിൽ നിരാശരായി തുടങ്ങിയേടത്ത് തന്നെ നാം തിരിച്ചെത്തും.

സമൂഹത്തെ നയിക്കുകയല്ല ഒരു ബുദ്ധജീവി വേണ്ടത്. ലോകത്തെങ്ങുമുള്ള ബുദ്ധിജീവികൾ ചെയ്ത പരമാബദ്ധങ്ങളിലൊന്നാണിത്. ജനങ്ങളെ നയിക്കാൻ ഒട്ടും പറ്റാത്തവരാണ് ബുദ്ധിജീവികൾ. ഏഷ്യൻ-ആഫ്രിക്കൻ രാഷ്ട്രങ്ങളിലെ ഏതൊരു ഉയിർത്തെഴുന്നേൽപ്പ് എടുത്തുനോക്കിയാലും അവിടെ സമൂഹത്തിൽനിന്നൊറ്റപ്പെട്ടു നിൽക്കുന്ന ഒരു ബുദ്ധിജീവിയെ കാണാൻ കഴിയില്ല. അവിടത്തെ വിപ്ലവനേതാക്കളെല്ലാം തന്നെ സാധാരണ ജനങ്ങൾക്കിടയിൽ നിന്നു വന്നവരാണ്. സമൂഹത്തിൽ നിന്നൊറ്റപ്പെട്ടു കഴിയുന്ന ബുദ്ധിജീവികൾ ഏതൊരു വിപ്ലവത്തിനും വിലങ്ങുതടിയായിരുന്നു.

ഉത്തരഫ്രിക്കൻ വിപ്ലവം വിജയിക്കുകയും ആഫ്രിക്ക സ്വതന്ത്മാവുകയും ചെയ്യുകയാണെങ്കിൽ നേതൃത്വസ്ഥാനങ്ങൾ ഗറില്ലകൾക്കും വിപ്ലവകാരകൾക്കും കൊടുക്കുന്നതിനു പകരം ബുദ്ധിജീവികൾക്ക് കൊടുക്കണെമ്മ് 1960ൽ അവടെ ചേർന്ന ഒരു സമ്മേളനത്തിൽ തീരുമാനിക്കപ്പെടുകയുണ്ടായി. ആരാണീ ബുദ്ധിജീവികളെന്നോ? ഒളിപ്പോരാളികൾ കിടങ്ങുകൾക്കുള്ളിൽ കിടന്നു വീറോടെ പോരാടിക്കൊണ്ടിരുന്നപ്പോൾ ഡോക്ടറേറ്റിനു വേണ്ടി വിദേശങ്ങളിൽ പഠിച്ചവർ. വിപ്ലവം ജയിച്ചാൽ വിപ്ലവകാരി തന്റെ തോക്കും തഴെ വെച്ച് തന്റെ പണിയും നോക്കി പോകണമെന്നും വിദേശങ്ങളിലുള്ള ഡോക്ടർമാരും ഇഞ്ചിനായർമാരും ഭരിച്ചുകൊള്ളണമെന്നും! നിർഭാഗ്യവശാൽ അഭ്യസ്തവിദ്യരും ബുദ്ധിജീവികളും വിപ്ലവകാരികളിൽ നിന്നും നേതൃത്വം പിടിച്ചു പറ്റിയതോടെ വിജയകരമായി വിപ്ലവം നടന്ന എല്ലാ സമൂഹങ്ങലും അഴിമതിയിൽ മുങ്ങിപ്പോവുകയുണ്ടായി. ടുണീഷ്യ ഇതിനു നല്ലൊരു ഉദാഹരണമത്രെ. സമൂഹത്തിന്റെ

രാഷ്ട്രീയ നേതൃത്വം കരഗതമാക്കുകയല്ല ബുദ്ധിജീവികൾ വേണ്ടത്; ജനങ്ങളിൽ ബോധമുണ്ടാക്കുക മാത്രമാണ്. ഒരു ബുദ്ധിജീവിക്കു തന്റെ സമൂഹത്തെ ഉൽബുദ്ധരാക്കാൻ കഴിയുമെങ്കിൽ, ബുദ്ധിജീവികളെപ്പോലും നയിക്കാൻ കെൽപുറ്റ നായകരായിരിക്കും അത് വഴി വളർന്നു വരിക. നായകന്മാരുണ്ടാവാത്തേടത്തോളം കാലം ബുദ്ധിജീവിയുടെ ദൗത്യം അവസാനിക്കുന്നുമില്ല. കല, കവിത, നാടകവേദി, മതം തുടങ്ങിയ പലതുമുണ്ടു അവനു പ്രവർത്തിക്കാനുള്ള രംഗങ്ങളായി. ഈ മേഖലക്ക്പപുറം കടന്നു പ്രവർത്തിക്കുന്നത് വൃഥാവേലയാണ്. യൂറോപ്യരാൽ അന്യവൽക്കരിക്കപ്പെട്ട സമൂഹത്തെ സ്വന്തം അസ്തിത്വത്തിലേക്ക് തിരിച്ചുകൊണ്ടുവരികയും അതിന്നു വിനഷ്ടമായ ബോധം വീണ്ടെടുക്കുകയും വിശ്വാസം, ദൈശീയ ചരിത്രത്തെക്കുറിച്ച ജ്ഞാനം തുടങ്ങിയവ അവരിൽ ഉണ്ടാക്കിയെടുക്കുകയുമാണ് ഒരു ബുദ്ധിജീവിയുടെ ദൗത്യം. ഇത് സാക്ഷാത്ക്കരിക്കാൻ ഏറ്റവും യുക്തമായ മാർഗം അവൻ തെരഞ്ഞെടുക്കേണ്ടതുമുണ്ട്.

കുറച്ചുമാത്രം ത്യാഗമനുഷ്ഠിക്കുകയും കൂടുതൽ പ്രതീക്ഷിക്കുകയും ചെയ്യുന്ന ബുദ്ധിജീവികളിൽ നിന്നു ഭിന്നമായി നാം കൂടുതൽ ത്യാഗമനുഷ്ഠിക്കുകയും കുറച്ചു മാത്രം പ്രതീക്ഷിക്കുകയും ചെയ്യണം. രണ്ടുമൂന്നു തലമുറയെങ്കിലും ഇങ്ങനെ പ്രവർത്തിച്ചാലേ ഫലമുണ്ടാവൂ എന്നെനിക്കു തോന്നുന്നു. ഉദാഹരണമായി, നാം നമ്മുടെ ലക്ഷ്യത്തിലേക്ക് പത്തുവർഷംകൊണ്ടു തന്നെ എത്തിപ്പെട്ടുവെന്നു കരുതുക. എങ്കിൽ നാം വീണ്ടും ഒരു നൂറുവർഷം പിന്നിലേക്ക് തള്ളപ്പെടാനാണ് സാധ്യത. ഏഷ്യയിലും ആഫ്രിക്കയിലും നമുക്കുണ്ടായ കൈപുറ്റ അനുഭവങ്ങളോർക്കുക. അവർ തങ്ങളുടെ ലക്ഷ്യങ്ങൾ വളരെ വേഗത്തിൽ നേടിയെടുത്തപ്പോൾ നേരത്തെയുണ്ടായിരുന്ന ഇളവുകൾ അവർക്ക് നഷ്ടപ്പെട്ടുപോയി. അതുകൊണ്ടാണ് വേഗത്തിലുള്ളതും പാകമാവാത്തതുമായ വിപ്ലവങ്ങളെ ഞാനെതിർക്കുന്നത്.

ചോദ്യം: താങ്കളുടെ അഭിപ്രായത്തിൽ, നമ്മെ നാമാക്കേണ്ടത് നാം തന്നെയോ അതോ മറ്റുവല്ലവരുമോ?

ഉത്തരം: മറ്റാരുമല്ല, നാം തന്നെ. ആഫ്രിക്കൻ ബുദ്ധിജീവികൾ ചെയ്തത് പോലെത്തന്നെ. അവരെ അങ്ങനെയാക്കിയതാരാണ്? ആഫ്രിക്കക്കാരൻ ഫ്രാൻസിൽ അപമാനിക്കപ്പെടുന്നു; അമേരിക്കൻ റസ്റ്റോറണ്ടുകളിൽ നിന്നു പുറത്താക്കപ്പെടുന്നു; ഇംഗ്ലണ്ടിലാവട്ടെ, ഒരു മനുഷ്യനായി അംഗീകരിക്കപ്പെടുന്നു പോലുമില്ല. എന്നിരുന്നാലും അവരിപ്പോൾ ആത്മബോധം കൈവരിച്ചു കഴിഞ്ഞിട്ടുണ്ട്-അവരിൽ ചിലർക്ക് എഴുതാൻ പോലുമറിയില്ലെങ്കിലും.*

ഒരിക്കൽ ഞൻ ഫ്രാൻസിൽ ഒരു മുസ്‌ലിം വോണ്ടറെ കാണാനിടയായി. തന്റെ സാമൂഹ്യസമരത്തിനുപയുക്തമാം വിധം കുറെ ഖുർആൻ സൂക്തങ്ങൾ അദ്ദേഹം ഹൃദിസ്ഥമാക്കിയിരുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട ചരിത്രത്തെക്കുറിച്ചും ചരിത്രത്തിലെ മഹാവ്യക്തിത്വങ്ങളെക്കുറിച്ചും അദ്ദേഹത്തിനു നല്ല പിടിപാടുണ്ടായിരുന്നു. ഓരോ രാജ്യത്തെക്കുറിച്ചും നന്നായി മനസ്സിലാക്കിയിട്ടുള്ള അദ്ദേഹം ലോകപ്രശ്നങ്ങലെ വിശകലനം ചെയ്യുന്നത് കേട്ടപ്പോൾ ഞാൻ അൽഭുതം കൂറുകയുണ്ടായി. അദ്ദേഹത്തെ ഇത് പഠിപ്പിച്ചതാരാണ്? സോർബോണിലെ ഇടതുപക്ഷ പ്രഫസർമാരാണോ അതോ അദ്ദേഹം സ്വയം തന്നെ പഠിച്ചതോ?

ചോദ്യം: ആഫ്രിക്കൻ ബുദ്ധിജീവികളുടെ കാര്യത്തിൽ പലതും നിഷേധിക്കപ്പെട്ടതുകൊണ്ടാണ് അവർക്ക് ബോധമുണ്ടായതെന്ന് പറയാം. പക്ഷെ നമ്മുടെ കാര്യത്തിൽ അങ്ങിനെയല്ലല്ലോ?

ഉത്തരം: നമുക്കൊന്നും നിഷേധിക്കപ്പെട്ടിട്ടില്ല. എന്നത് ശരിയല്ല. നമുക്ക് പലതും നഷ്ടപ്പെട്ടതിനെക്കുറിച്ച് നമുക്കറിവില്ല എന്നതാണ് വസ്തുത. പതിനേവും പതിനെട്ടും നൂറ്റാണ്ടുകളിൽ പാരീസിൽവെച്ച് അപമാനിക്കപ്പെട്ട അതേ കറുത്ത മനുഷ്യൻ തന്നെയാണ്

ഇന്നത്തെയും കറുത്ത മനുഷ്യൻ. പതിനഞ്ചും പതിനാറും നൂറ്റാണ്ടുകളിൽ അമേരിക്കയിലേക്ക് അവർ വെള്ളരിക്കകൾ പോലെ കപ്പലുകളിൽ കയറ്റി

---

* പത്തൊമ്പതൂം നൂറ്റാണ്ടിൽ സമൂഹത്തിലെ വൈരുധ്യാത്മക സ്വഭാവം അതിനെ ഒരു ഘട്ടത്തിൽ നിന്നു മറ്റൊരുഘട്ടത്തിലേക്ക് പ്രവർത്തിപ്പിക്കുന്ന ഘടകമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. വാദം ഇങ്ങനെയായിരുന്നു: ഒരു ചൂഷക വർഗവും ഒരു ചൂഷിത വർഗവും ഉണ്ടാവും, ഒന്ന് തീസീസും മറ്റൊന്ന് ആന്റിതീസീസുമായി വർത്തിക്കുകയും രണ്ടും തമ്മിലുള്ള സംഘട്ടനങ്ങളെ തുടർന്നു സമൂഹം പുതിയൊരു ഘട്ടത്തിൽ പ്രവേശിക്കുകയും ചെയ്യുന്നു.

എന്നാൽ നൂറു കണക്കിനു നൂറ്റാണ്ടുകളായി ഈ വൈരുധ്യങ്ങളോടെ ജീവിച്ചിട്ടും യാതൊരു മാറ്റവും സംഭവിക്കാത്ത സമൂഹങ്ങൾ ലോകത്തെങ്ങുമുണ്ട്. വൈരുധ്യാത്മക ഘടകങ്ങളുള്ളത് കൊണ്ട് മാത്രം ഒരു സമൂഹം പരിവർത്തിപ്പിക്കപ്പെടുന്നില്ല; പതിതാവസ്ഥയെക്കുറിച്ചുള്ള ബോധം അതിന്നനിവാര്യമാണ്

അയയ്ക്കപ്പെടുകയുണ്ടായി. വളരെ കുറഞ്ഞ വിലയ്ക്ക് അവർ വിലയ്ക്കു വാങ്ങപ്പെടുകയും വളരെ കൂടിയ വിലയ്ക്ക് അമേരിക്കയിലും ആസ്ത്രേലിയയിലും വിൽക്കപ്പെടുകയും ചെയ്തു. അന്ന് തങ്ങൾ കച്ചവടച്ചരക്കാക്കപ്പെടുകയായിരുന്നുവെന്ന് ഈ അടിമകൾക്ക് അറിയില്ലായിരുന്നു; എന്നാൽ ഇന്ന് അവർക്കറിയാം.

നിന്ദയും വൈരുധ്യാത്മകഘടകങ്ങളും ഉണ്ടായത് മാത്രം ബോധം നേടിയെടുക്കാൻ സാധിക്കുകയില്ല. മനുഷ്യന്റെ ഇഛാശക്തി ഈ വൈരുധ്യങ്ങളെ കണ്ടെത്തിയല്ലെങ്കിൽ ഒരായിരം വർഷം അതിങ്ങനെത്തന്നെ നിലനിൽക്കും. ഒരു കറുത്തവർഗക്കാരൻ മറ്റു കറുത്തവരെ ഉണർത്തണമെങ്കിൽ അവ്ൻ അപമാനം അനുഭവിച്ചറിയണം. ശത്രുവിനെ ശരിക്ക് മനസ്സിലായാലേ അവനെ നേരിടാനൊക്കൂ. മനസ്സിലായില്ലെങ്കിൽ അവൻ അവനുമായി അടുക്കുകയും ചിലപ്പോൾ ആ സുഹൃദ് ബന്ധത്തിൽ, അവൻ ശത്രുവാണെന്നറിയാതെ, താൻ അഭിമാനം കൊള്ളുകയും ചെയ്തെന്നു വരാം.തന്റെ രാഷ്ട്രത്തെയും ചരിത്രത്തെയും നശിപ്പിച്ച യൂറോപ്യന്റെ കീഴൽപണിയെടുക്കുന്ന ഇറാൻകാരന് അതിലഭിമാനം തോന്നുകയാണെങ്കിൽ, അവനു ശത്രുവില്ല യജമാനനേയുള്ളൂ. യജമാമനൻ തന്റെ പണിക്കാരനിൽ ആത്മബോധമുണ്ടണ്ടക്കുകയില്ല. ആ ശത്രു ആന്റി തിസീസ് ആവുന്ന് അവൻ ശത്രുവാണെന്ന് മനസ്സിലാക്കുമ്പോൾ മാത്രമാണ്.

സമൂഹത്തിന്റെ ഹൃദയത്തിൽ നിന്നു വൈരുധ്യങ്ങളും പോരായ്മകളും അവസാനിപ്പിക്കുകയാണ് ചിന്തകന്റെയും കലാകാരന്റെയും ബാധ്യത. എന്നിട്ട് അവരിൽ ആത്മബോധമുണ്ടാക്കുകയും ചെയ്യുക വൈരുധ്യങ്ങളെക്കുറിച്ചറിയാത്തേടത്തോളം സമൂഹത്തിൽ ചലനമുണ്ടാവില്ല. ഇരുപതാം നൂറ്റാണ്ടിലും ഫ്യൂഡലിസത്തിൽ ജീവിക്കുന്ന സമൂഹങ്ങളുണ്ട്. ചരിത്രഘട്ടത്തിലേക്ക് കടക്കാത്ത സമൂഹങ്ങളുമുണ്ട് - അവർക്ക് വസ്ത്രങ്ങളോ അക്ഷരജ്ഞാനമോ ഇല്ല. ഈ വൈരുധ്യങ്ങളെക്കുറിച്ച് ബോധമില്ലാത്തതുകൊകണ്ടാണ് അവിടെ മാറ്റമുണ്ടാവാത്തത്. അതുകൊണ്ടാണ് ദാരിദ്രം പരിവർത്തനമുണ്ടാക്കാത്തത്; ദാരിദ്രത്തെക്കുറിച്ച ബോധമാണ് പരിവർത്തനമുണ്ടാക്കുന്നത്.

യാതനകളുടെയും അവകാശ നിഷേധത്തിന്റെയും അനുഭവങ്ങളിലൂടെ കടന്നു വന്നവരിൽ നിന്നു സഹായം തേടുകയാണ് ഇന്നത്തെ തലമുറയ്ക്ക് യാഥാർത്ഥ്യബോധമുണ്ടാക്കുന്നതിനുള്ള പലമാർഗങ്ങളിലൊന്ന്. അതായത് മാർക്സിന്റെയും സാർത്രിന്റെയും ഹൈഡഗ്ഗറെയും പഠിക്കുന്നതിനു പകരം ഫാനൻ, മൗലൂദ്, യാസീൻ, ഡോ:രാധാകൃഷ്ണൻ ഛാഡിലെയും കോംഗോവിലെയും ചിന്തകർ തുടങ്ങിയവർ എന്തുപറഞ്ഞുവെന്നു നാം കണ്ടെത്തണം ഈ മഹാന്മാർ നമ്മുടേതു പോലുള്ള ദൗത്യമുണ്ടായിരുന്നവരും അത് സാധിച്ചെടുത്തവരുമാണ്. അവരെ അനുകരിക്കുന്നതിനു പകരം അവരിൽനിന്നും അവരുടെ രാഷ്ട്രങ്ങളിൽനിന്നും നാം പാഠമുൾക്കൊള്ളണം. എമ്മാസെസായറൈ പകർത്തൽ സാർത്രിനെ അനുകരിക്കുന്നതിൽ നിന്നൊട്ടും ഭിന്നമല്ല.അവരെ നമ്മുടെ പാഠങ്ങൾക്കും ഗവേഷണങ്ങൾക്കുംപ്രവർത്തന രീതികൾക്കും ഉപയോഗപ്പെടുത്തുകയാണ് വേണ്ടത്.

ചോദ്യം: നാം പതിമൂന്നും പതിവാലും നൂറ്റാണ്ടുകളിലെ സാംസ്കാരികാന്തരീക്ഷത്തിലാണ് ജീവിക്കുന്നതെങ്കിൽ, ഒരു അറുനൂറ് വർഷങ്ങൾക്ക് ശേഷമുപയോഗിക്കാൻ ഇരുപതാം നൂറ്റാണ്ടിലെ യൂറോപ്യൻ ആശയങ്ങൾ നാം സ്വീകരിക്കേണ്ടതുണ്ടോ?

ഉത്തരം: ഉണ്ട്. എന്നിരുന്നാലും ചിലപ്പോൾ അഞ്ച് നൂറ്റാണ്ട് ഇരുപത് വർഷങ്ങൾകൊണ്ട് പിന്നിടാൻ നമുക്ക് കഴിയും. ആസൂത്രിതമായി മുന്നോട്ട് പോയത് കാരണം കേവലം മുപ്പത് വർഷങ്ങൾക്കൊണ്ട് നൂറ്റാണ്ടുകളെ പിന്നിട്ട ഏഷ്യൻ ആഫ്രിക്കൻ സമൂഹങ്ങൾ നമ്മുടെ മുമ്പിലുണ്ട്. ചിന്താപരമാവ വിപ്ലവത്തിന്റെയും സാമൂഹ്യ മാറ്റത്തിന്റെയും പ്രശ്നങ്ങളെ കലണ്ടറിന്റെ മാനദണ്ഡത്തിനു വിധേയമാക്കാവതല്ല.ഒരു സമൂഹം ഒരു യുഗം പിന്നിടുന്നതിനു ആയിരെ വർഷങ്ങളെടുത്തെന്നു വരും; ചിലപ്പോൾ ഏതാനും വർഷങ്ങൾക്കുള്ളിൽ അത് പിന്നിട്ടെന്നു വരും. പ്രാക്തനാ യുഗത്തിൽ ജീവിക്കുന്ന ഒരു ചിന്തകൻ ഫ്യൂഡലിസം, മുതലാളിത്തം, സോഷ്യലിസം സാമ്രാജ്യത്വം തുടങ്ങിയ ഘട്ടങ്ങളിലൂടെ തന്റെ സമൂഹം കടന്നുവരാൻ കാത്തു നിൽക്കേണ്ടതില്ല. അയാൾക്ക് സമൂഹത്തെക്കുറിച്ചും ചരിത്രത്തെക്കുറിച്ചും ബോധമുണ്ടെങ്കിൽ ആ ഘട്ടങ്ങളെയെല്ലാം മറികടക്കാൻ കഴിയും.ചരിത്രനിർണ്ണയ തത്വമനുസരിച്ച് മുന്നോട്ടുപോവാനും പരിണാമ പഥത്തിന്റെ ദൈർഘ്യം കുറയ്ക്കാനുമെല്ലാം ഒരു ചിന്തകനു കഴിയുന്നതെങ്ങനെയാണ്.

നാം പതിനാലാം നൂറ്റാണ്ടിലാണെന്ന് മനസ്സിലാക്കുകയും ആ നൂറ്റാണ്ടിലെ രീതികളനുസരിച്ച് നമ്മുടെ സമൂഹ്തതിൽ പ്രവർത്തിക്കുകയും ചെയ്താൽ അരനൂറ്റാണ്ട് കാലം കൊണ്ട് ഇരുപതാം നൂറ്റാണ്ടിലെത്താൻ നമുക്ക് കഴിയും. ഇരുപതാം നൂറ്റാണ്ടിനെ ഒപ്പിയെടുക്കുക എന്നല്ല ഇതിനർത്ഥം. “ആഫ്രിക്കയെ മറ്റൊരു യൂറോപ്പോ ആക്കാൻ ഞങ്ങളൊരിക്കലും ഉദ്ദേശിച്ചിട്ടില്ലെന്നു” ഫാനൻ പറയുന്നു അമേരിക്കയെ യൂറോപ്പാക്കാനായിരുന്നു ഉദ്ദേശിച്ചിരുന്നത്. എന്നിട്ടത് അമേരിക്കയായി. ഇപ്പോൾ നാം ആഫ്രിക്കയെ യൂറോപ്പാക്കി മാറ്റിയാൽ നമുക്ക് രണ്ട് അമേരിക്കകളുണ്ടാവും. അത് വേണ്ടതുണ്ടോ?

നമുക്ക് യൂറോപ്പോ അമേരിക്കയോ അല്ല വേണ്ടത്. ഒരു മനുഷ്യ സമൂഹമാണ്. ഒരു മനുഷ്യ സമൂഹത്തെ ഉണ്ടാക്കാനാണ് യൂറോപ്പും അമേരിക്കയും ശ്രമിച്ചിരുന്നത്. അവർ വാചകമടിക്കുകയും ജാടപറഞ്ഞ് ചതിക്കുകയും ചെയ്തു. അവർ അതിനു വിപരീതമായി പ്രവർത്തിക്കുകയും കണ്ണിൽകണ്ട മനുഷ്യരെയെല്ലാം കൊന്നൊടുക്കുകയും ചെയ്തു. നമുക്ക് ഇംഗ്ലണ്ടോ അമേരിക്കയോ ഫ്രാൻസോ ഉണ്ടാക്കേണ്ടതില്ല. ഒരുക്കലുമവ വേണ്ട!

ചോദ്യം: സമൂഹത്തിന്റെ നിർമ്മാണത്തിൽ ഒരു ബുദ്ധിജീവിക്ക് വഹിക്കാനുള്ള പങ്കെന്ത്?

ഉത്തരം: തന്റെ സമൂഹത്തെ മുമ്പോട്ട് നയിക്കുന്നതിൽ ഒരു ബുദ്ധിജീവിക്ക് ഗണ്യമായ പങ്ക് വഹിക്കാൻ കഴിയും. അതല്ലെങ്കിൽ അയാൾ ചരിത്ര നിർണ്ണയ വാദത്തിൽ വിശ്വസിച്ച് കാലത്തിന്റെ വിധിയെഴുത്ത് കാത്തുനിൽക്കേണ്ടിവരും. ഇങ്ങനെയാവുമ്പോൾ മനുഷ്യൻ ഉത്തരവാദിത്തമേൽക്കാതെ വിധി കാത്തുകഴിയുകയാണു ചെയ്യുക. ദൈവവിധിവാദവും ചരിത്രനിർണ്ണയവാദവും തമ്മിലുള്ള വ്യത്യസാമെന്താണ്? ആദ്യത്തേത് ദൈവമാണ് മനുഷ്യനെ ഇങ്ങനെ ആക്കിത്തീർക്കുന്നതെന്ന് വിശ്വസിക്കുന്നു. രണ്ടാമത്തേത്, മനുഷ്യന്റെ ഭാഗധേയത്തെ ചരിത്രനിർണ്ണയവാദവുമായി ബന്ധപ്പെടുത്തുന്നു. എന്റെ അഭിപ്രായത്തിൽ രണ്ടാമത്തേതിനേക്കാൾ ഭാഗധേയം ദൈവനിർണിതമാക്കുന്ന ആദ്യത്തെ നിലപാടാണുത്തമം.

ചോദ്യം: ചിന്താപരമായ സ്വാതന്ത്രം നേടുകയും മുമ്പോട്ട് കുതിക്കുകയും ചെയ്യണമെങ്കിൽ നാം സാങ്കേതികവിദ്യ നേടേണ്ടതുണ്ടോ?

ഉത്തരം: വ്യക്തിത്വമില്ലാത്തവർക്കെങ്ങനെ സാങ്കേതിക വിദ്യ നേടുകയും പാശ്ചാത്യ സാങ്കേതിക വിദ്യയിൽനിന്നു മുക്തിപ്രാപിക്കുകയും ചെയ്യാനൊക്കും? ഏത് സമൂഹമാണിങ്ങനെ ചെയ്തിട്ടുള്ളത്? ജപ്പാനു വ്യക്തിത്വമുണ്ടായതു മുതൽക്കു തന്നെ സാങ്കേതിക വിദ്യയുമുണ്ടായിരുന്നു. ആത്മീയസ്വഭാവമില്ലാത്ത സമൂഹം എല്ലായ്പോയും ഒരു ഉപഭോക്താവ് തന്നെയായാരിക്കും. ആ സമൂഹത്തിനു ഉല്പാദനം നടത്താൻ കഴിയുമെങ്കിൽപോലും മുതലാളിത്ത കരങ്ങളിലെ പണിയായുധം മാത്രമായിരിക്കും അത്.

ചോദ്യം: നമുക്ക് നമ്മുടേതായ സാങ്കേതികശാസ്ത്രം മെനഞ്ഞെടുക്കുകയും അവരുടെ താളത്തിനൊത്ത തുള്ളാതെ നമ്മുടേതായ മാർഗത്തിലൂടെ മുമ്പോട്ട് പോകാനും കഴിയുമോ?

ഉത്തരം: സാമ്പത്തികോല്പാദനം നടത്തണമെങ്കിൽ നാം ആദ്യം സാംസ്കാരികോൽപാദനം സാധിച്ചെടുക്കേണ്ടതുണ്ട്. സാംസ്കാരികമായി പടിഞ്ഞാറിന്റെ കോളനിയായി നിന്നുകൊണ്ട് വ്യവസായികമായ സ്വയം പര്യാപ്തത നേടാനാവില്ല. ഇതസാധ്യമത്രെ. ഒരു നിസ്സാരകാര്യം തെരഞ്ഞെടുക്കാൻ കഴിയാത്ത ഒരു വ്യക്തിക്കെങ്ങനെ പടിഞ്ഞാറിനു മുമ്പിൽ സാങ്കേതിക ശാസ്ത്രപരമായ സ്വാതന്ത്ര്യം നേടാനാവും.?

സാമ്പത്തിക സ്വാതന്ത്രം നേടാൻ ഉദ്ദേശിക്കുന്നവൻ ആദ്യമായി ഒരു മനുഷ്യനെന്ന നിലയിലുള്ള സ്വാതന്ത്രം നേടേണ്ടതുണ്ട്. വേലക്കാരൻ ആദ്യമായേ തന്റെ യജമാനന്റെ വീടു വിടുക; എന്നിട്ടു മറ്റൊരു ജോലി കണ്ടെത്തുക.

അതിനാൽ ആദ്യമായി നാം സാംസ്കാരികോൽപാദനം നടത്തണം; എങ്കിലേ നമുക്ക് സാമ്പത്തികോൽപാദനം നടത്താനാവൂ. അല്ലാത്തപക്ഷെ നാമെല്ലായ്പോയും ഒരുപഭോക്താവ് മാത്രമായിരക്കും. ടെഹ്റാനിലെ ബ്യൂക്ക് കാറിൽ യാത്ര ചെയ്യുന്നവനെ നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? താനാണ് അത് കണ്ടുപിടിച്ചതെന്നാണവന്റെ ഭാവം. പണം കൂട്ടിവെച്ചാൽ ഒരെലിക്ക് പോലും വാങ്ങാവുന്നതാണത്. അത്പോലെ, തങ്ങൾ ചന്ദ്രനിലെത്തിയെന്നു പാശ്ചാത്യർ വീമ്പിളക്കുന്നു, അതിനു നാമെന്തുവേണം?

ചോദ്യം: സാംസ്കാരികോൽപോദനവും സാമ്പത്തികോൽപാദനവും ഒരുമിച്ചു നടക്കുകയില്ലേ?

ഉത്തരം: മനുഷ്യൻ ആത്മബോധം നേടാത്തിടത്തോളം അവന് സാമ്പത്തിക ബോധം ഉണ്ടാവുകയില്ല. ആദ്യമായി അവനൊരു മനുഷ്യനാവട്ടെ; ചിന്തിക്കുകയും തെരഞ്ഞെടുക്കുകയും സൃഷ്ടികർമ്മം നടത്തകയും പാശ്ചാത്യൻ സംഭാഷണങ്ങൾ ഛർദ്ദിക്കുന്നത് നിർത്തുകയും തന്നെക്കുറിച്ച സംസാരിക്കുകയും ചെയ്യട്ടെ. പാശ്ചാത്യരിൽനിന്നു മുക്തി നേടണമെങ്കിൽ ആദ്യം അതിനെ മനസ്സിലാക്കുകയും 'മാനസികമായ സ്വാതന്ത്രം' നേടുകയും ചെയ്യേണ്ടതുണ്ട്.

ചോദ്യം: പക്ഷെ, പാശ്ചാത്യർ നമ്മെ കാത്തുനിൽക്കുമെന്ന് തോന്നുന്നില്ല. അവരുടെ സാങ്കേതിക മുന്നേറ്റം നമ്മുടെ പുരോഗതിയുമായി ആനുപാതിക ബന്ധം പുലർത്തുമോ?

ഉത്തരം: അതേ, ഈ സിദ്ധാന്തം "രണ്ടായിരമാണ്ട് സമ്മേളന"ത്തിലാണ്. ആദ്യം രൂപപ്പെടുത്തപ്പെട്ടത്. അതു മുമ്പോട്ട് വെച്ചത് സമർത്ഥരായ പാശ്ചാത്യൻ സാമൂഹ്യശാസ്ത്രജ്ഞരായിരുന്നു. ഇപ്പോൾ മുതൽ മുപ്പത് വർഷത്തിനനുള്ളിൽ ഏഷ്യൻ രാഷ്ട്രങ്ങളുടെ മൊത്തം ദേശീയോൽപാദനം അഞ്ചിരട്ടിയായി വർദ്ധിക്കുമ്പോൾ പാശ്ചാത്യലോകത്തിന്റെ ഉല്പാദനം മുപ്പത് ഇരട്ടിയായി വർദ്ധിക്കുമെന്ന് അവർ നമ്മോട് പറഞ്ഞു. അതായത് നാമും അവരും തമ്മിലുള്ള വിടവ് ഭാവിയിൽ കൂടുതൽ വർദ്ധിക്കുമെന്ന് 'എടുത്തുചാട്ട'ത്തിന്റെ ഘടകം അവർ കണക്കിലെടുക്കുന്നേയില്ല. ഇപ്പോഴത്തെ വികസനി

രക്കനുസരിച്ചാണ് അവർ അളക്കുന്നത്. ഇപ്പോൾ നിലവിലുള്ള ഘടകങ്ങൾ നാം ഒരു മുപ്പത് വർഷം വരെ ഇങ്ങനെത്തന്നെ നിലനിർത്തുകയാണെങ്കിൽ അവർ പറഞ്ഞത് ശരിയാണ്. എന്നാൽ ഈ ഘടകങ്ങൾ ശാശ്വതമായി നിലനിൽക്കുന്നില്ല. കഴിഞ്ഞ ആയിരം വർഷങ്ങളായി ഒരേ ഉല്പാദനനിരക്കുള്ള ഏഷ്യൻ സമൂഹങ്ങൾ നമ്മുടെ മുമ്പലുണ്ട്. എന്നാൽ കഴിഞ്ഞ പത്തുവർഷങ്ങൾക്കുള്ളിൽ അവർ വമ്പിച്ച എടുത്തുചാട്ടം നടത്തി. മാനസിക രംഗത്തും സമൂഹ്യരംഗത്തുമുണ്ടായ ഈ എടുത്തുചാട്ടം പ്രാതിഭാസികമായ പുരോഗതിയാണ് അവരിലുണ്ടാക്കിയത്. പാശ്ചാത്യൻ സമൂഹ്യശാസ്ത്രജ്ഞമൃന്മാർ പൗരസ്ത്യലോകത്തുണ്ടാകുന്ന ഈ എടുത്തുചാതട്ടത്തെ അംഗീകിക്കുന്നില്ല.

ചോദ്യം: “രണ്ടായിരമാണ്ട് സമ്മേളന”ത്തിന്റെ പ്രവചനങ്ങൾ അംഗീകരിക്കുന്നില്ലെങ്കിൽ, ഭാവിയെ താങ്കളെങ്ങിനെയണു നോ്കകിക്കാണുത്തന്നത്?

ഉത്തരം: ഞാൻ പ്രവചിക്കുന്നില്ല. പ്രവചനം പാശ്ചാത്യസാമൂഹ്യ സാമൂഹ്യ ശാസ്ത്രജ്ഞമൃന്മാരുടെ സ്വഭാവമാണ്. എന്നിരുന്നാലും രണ്ടായിരമാണ്ടാവുമ്പോൾ കൺസ്യൂമെറിസം അവസാനിക്കുമെന്നെനിക്കറിയാം. ചരിത്രത്തിൽ “ആദർശം” ആയിരുന്നു എന്നും ജേതാവ് എന്നും എനിക്കറിയാം. ഇന്ന് നമുക്ക് ഏഷ്യയിലും ആഫ്രിക്കയിലും ആദർശമുണ്ട്. പടഞ്ഞാറിന്റെ തകർച്ചയ്ക്ക് സപെംഗ്ളറുടെ കാലം മുതൽ ഞാൻ സാക്ഷ്യംവഹിച്ചുകൊണ്ടിരിക്കുകയാണ്. ഏഷ്യയുടെ ഗ്രാഫ് മേൽപോട്ടെക്കും പാശ്ചാത്യരുടെ ഗ്രാഫ് താഴോട്ടേക്കും പോവുകയാണ്. വിജയം പൗരസ്ത്യലോകത്തിന്റേതത്രെ.

ചോദ്യം: നമുക്ക് സർവലൗകികതയിലേക്കെത്താൻ കഴിയുമോ?

ഉത്തരം: സർവ്വലൗകികത എന്നത് മഹാകള്ളമാണ്. നമ്മെ ലോകാടിസ്ഥാനത്തിൽ തന്നെ ചൂഷണം ചെയ്യാനും വഞ്ചിക്കാനും അതുപയോഗപ്പെടുത്തി വരുകയാണ്. എന്നെങ്കിലുമത് യാഥാർത്ഥ്യമാവുകയാണെങ്കിൽ “സാർ” എന്നത്പോയി “മിസ്റ്റർ പ്രോലിത്തേറിയേറ്റ്” ആകുമെന്നേയുള്ളൂ.

അമ്പത് കോടി പാശ്ചാത്യരുടെ അത്ര തന്നെ സ്വതന്ത്രമായ വ്യക്തിത്വം ഏഷ്യയിലെയും ആഫ്രക്കയിലെയും പൗരന്മാർക്കുണ്ടായാലേഞാൻ സർവലൗകികതയെ അംഗീകരിക്കൂ. മനുഷ്യ സമത്വം എന്നപേരിലാണ് ഞാനതംഗീകരിക്കുന്നത്. ഞാൻ പ്രകൃതനാണെന്നു മുദ്രകുത്തപ്പെടുകയും മനുഷ്യനാണെന്നംഗീകരിക്കപ്പെടാതിരിക്കുകയും ചെയ്യുന്നേടത്തോളം എനിക്കൊന്നും ചെയ്യാൻ കഴിയില്ല. പാശ്ചാത്യനും ഞാനും തമ്മിലുള്ള ബന്ധം അടിമയും ഫോർമാനും തമ്മിലുള്ള ബന്ധമാണ്; അല്ലെങ്കിൽ ദരിദ്രനും മുതലാളിയും തമ്മിലുള്ള ബന്ധം അടിമയും ഫോർമാനും തമ്മിലുള്ള ബന്ധമാണ്; അല്ലെഹ്കിൽ ദരിദ്രനും മുതലാളിയും തമ്മിലുള്ള ബന്ധം. ദരിദ്രൻ വിയർപ്പൊഴുക്കണം, എങ്കിലേ ധനികനു ലാഭമുണ്ടാക്കാൻ കഴിയു. അത് കൊണ്ടാണ് സാർവലൗകികത പൗരസ്ത-പാശ്ചാത്യ ലോകങ്ങൾ തമ്മിലുള്ള വ്യാജപങ്കാളിത്തമാണെന്ന് പറയുന്നത്. ദരിദ്രനും ധനികലും തമ്മിലുള്ള പങ്കാളിത്തം ശുദ്ധ കള്ളമല്ലേ? എല്ലാവരെയും ചൂഷണം ചെയ്യുക എന്നിട്ട് പള്ളിയിൽ പോയി ഞാൻ എല്ലാവരുടേയും സഹോദരനാണെന്നു പറയുകയും ചെയ്യുന്ന വ്യാജ ഹാജിയെപ്പോലെയാണ് ഇതിലെ ധനകൻ. ഇവിടെ മതസാഹോദര്യത്തിന് എന്തർത്ഥം?

അദ്ധ്വാനിക്കുന്ന തൊഴിലാളി ബൂർഷ്വാസിയാവുമ്പോൾ അവനും ബൂർഷ്വസിതന്നെ. അവൻ മുമ്പ് തൊഴിലാളിയായിരുന്നുവെന്നതിനു പ്രസക്തിയില്ല. എഡ്വേർഡ്ഹീത്ത് ഒരാശാരിയുടെ മകനായിരുന്നു. എന്നാൽ അദ്ദേഹത്തെ നാമിന്നു ഒരാശാരിച്ചെറുക്കനായി കാണുന്നുണ്ടോ? അദ്ധ്വാനി വർഗം ബൂർഷ്വാസിയാവുമ്പോൾ സമൂഹവും ബൂർഷ്വാസിയായി മാറുന്നു. ഉപഭോഗം വർദ്ധിപ്പിക്കാൻ എല്ലാവരെയും ചൂഷണം ചെയ്യുന്ന ഒരു ബൂർഷ്വാ സമൂഹമേ ഇവിടേയുള്ളൂ. എനിക്ക് ചിന്തിക്കുകയും ഞാനാവുകയും ചെയ്യേ

ണ്ടതുണ്ട്. ഞാൻ മനുഷ്യനായിത്തീരുകയും സർവലൗകികസമൂഹത്തിൽ തുല്യപദവി ലഭിക്കുകയും സ്വന്തം തീരുമാനമെടക്കാനുള്ള സ്വാതന്ത്രമുണ്ടാവുകയും ചെയ്യുമ്പോൾ മാത്രം എല്ലാ മനുഷ്യരും സമന്മാരാണെന്നു ഞാൻ അവകാശപ്പെടും. സർവലൗകികത എന്നെ ഒരു മനുഷ്യനായംഗീകരിക്കാത്തേടത്തോളം എനിക്കതിനു കഴിയില്ല. എന്താണീ സർവലൗകികത? പാശ്ചാത്യലോകത്തെ അദ്ധ്വാനിവർഗം പോലും എന്നെ ചൂഷണം ചെയ്യുന്നു!

ചോദ്യം: സാങ്കേതിക പുരോഗതികൊണ്ടാണോ പാശ്ചാത്യ രാഷ്ട്രങ്ങൾ സാമ്പത്തിക മായി സമ്പന്നത പ്രാപിച്ചത്?

ഉത്തരം: എട്ടുമണിക്കൂർ ജോലികൊണ്ടാണ് യൂറോപ്യന്മാർ സമ്പന്നത നേടിയതെന്ന് നിങ്ങൾ കരുതുന്നുണ്ടോ? ഫ്രാൻസിലെ ഒരു ടാക്സി ഡ്രൈവർ ആറു മണിക്കൂർ ജോലി യെടുക്കുകയും പതിനെട്ടു മണിക്കൂർ വിശ്രമിക്കുകയും ചെയ്യുന്നു. സാമ്പത്തികമായ ഉൾകണ്ഠതയിൽ നിന്നവൻ മുക്തനാണ്. അവൻ എടുക്കുന്ന ജോലിയുടെ മെച്ചം കൊണ്ടാണോഉൾക്കണ്ഠയൊഴിവാകുന്നത്. അതോ അവന്റെ രാജ്യം ആഫ്രിക്കയെ കൊള്ളയടിക്കുന്നത് കൊണ്ടോ?ഒരു കുപ്പി വിൻറോസ് പത്തു സെന്റിനാണ് ഫ്രാൻസ് അൾജിയേഴ്സിൽ നിന്നു വാങ്ങുന്നത്; ഛാഡിലെ കാപ്പിത്തോട്ടങ്ങൾ വാടകയ്ക്കെടുക്കു ന്നതാകട്ടെ ഏതാണ്ട് സൗജന്യമായും! ദരിദ്രരും ഉടുതുണിയില്ലാത്തവരുമായ ആഫ്രിക്ക ക്കാർക്ക് തുഛമായ കൂലികൊടുത്ത് ഫ്രാൻസ് കാപ്പി കൃഷി ചെയ്യുന്നു; എന്നിട്ട് മുതലാ ളിത്തമാമ് നല്ലത്, അത് തൊഴിലാളികൾക്ക് നല്ല പ്രതിഫലം വീമ്പിളക്കുകയും ചെയ്യുന്നു. അതേ കാപ്പി ദശലക്ഷക്കണക്കിന് ഡോളറിനാണ് ഫ്രാൻസ് വിൽക്കുന്നത്. സ്വന്തം കീശ യിൽ നിന്നു ഒരു പെനി പോലും ഫ്രാൻസ് ചെലവഴിക്കുന്നില്ല; മുഴുവൻ മോഷ്ടിക്കു ന്നേയുള്ളൂ!

ചോദ്യം: യൂറോപ്യന്മാർ ചിന്താപരമായി വളരെ പുരോഗമിച്ചിട്ടുണ്ട്. എന്ത്കൊണ്ടാ ണിത്?

ഉത്തരം: അവർ പക്ഷാപാതമുള്ളവരാണെന്ന് എനിക്ക് തോന്നുന്നത്. അവർ അവരുടെ മാത്രം ശ്രേഷ്ഠതയിൽ വിശ്വസിക്കുന്നു. കൂടാതെ, സ്വാത്മാകേന്ദ്രീകൃതമായ ഒരു അഹം ബോധനം അവർ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള വ്യക്തി മറ്റുള്ള വരെ മനുഷ്യരായി ഗണിക്കുകയില്ല. പുരാതന ഗ്രീസിന്റെ കാലം മുതൽ ഈ സ്വഭാവം പടിഞ്ഞാറൻ ലോകത്ത് നിലനിന്നിട്ടുണ്ട്. ഹ്യൂമനിസ്റ്റുകളും നൃരവംശശാസ്ത്രജ്ഞരും സോഷ്യലിസ്റ്റുകൾപോലും ഈ സ്വഭാവത്തിനടിപ്പെട്ടുപോയട്ടുണ്ട്. സ്വന്തം വർഗത്തിൽ മാത്രമൊതുങ്ങിയതാണ് അവരുടെ വ്യക്തിബന്ധം സർവലൗകിക വ്യക്തിബന്ധങ്ങളിൽ അവർ വിശ്വസിക്കുന്നില്ല.

സമത്വവും ജനാധിപത്യവുമെല്ലാം പൊക്കിപ്പിടിക്കകയും എല്ലാറ്റിനെക്കുറിച്ചും സംസാരി ക്കുകയും ചെയ്ത പത്തൊമ്പതാം നൂറ്റാണ്ടിലെ സോഷ്യലിസ്റ്റുകളും ഹ്യൂമനിസ്റ്റുകളും ചൂഷണത്തെക്കുറിച്ച് ഒന്നും പറഞ്ഞിട്ടില്ലെന്ന വസ്തുത എനിക്കൊരിക്കലും മറക്കാൻ കഴിയില്ല.

മാനുഷികവും സാമൂഹികവുമായ പ്രശ്നങ്ങൾക്ക് കർശനമായ ശാസ്ത്രീയരീതികളവ ലംബിക്കരുതെന്നത് പ്രത്യേകം പ്രസ്താവ്യമാണ്. ഒരു ശാസ്ത്രീയ പ്രശ്നത്തെ കൈകാര്യം ചെയ്യുമ്പോൾ നാം അതിന്റെ സാധുതയിലും അസാധുതയിലുമാണ് കേന്ദ്രീ കരിക്കുക. എന്നാൽ സാമൂഹിക പ്രശ്നങ്ങൾ കയ്യാളുമ്പോൾ അതിന്റെ കാതലിലാണ് നാം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

പടിഞ്ഞാറിനു ജീവൻ നൽകി ചിലത് പൗരസ്ത്യനാടുകളെ തകർത്ത സംഭവങ്ങളുണ്ട്. ഉദാഹരണമായി, പതിനാറും പതിനേഴും നൂറ്റാണ്ടുകളിൽ പാശ്ചാത്യലോകത്തിനു പുരോ

ഗതി നേടിക്കൊടുക്കുകയും ആസ്ത്രേല്യ, ഫ്രാൻസ്, ഇംഗ്ലണ്ട്, ജർമ്മിനി തുടങ്ങിയ രാഷ്ട്രങ്ങളെ കെട്ടിപ്പടുക്കാൻ സഹായിക്കുകയും ചെയ്ത അതേ ദേശീയത തന്നെ പത്തൊമ്പതാം നൂറ്റാണ്ടിൽ ഇസ്ലാമിക ശക്തിയുടെ തകർച്ചയ്ക്ക് കാരണമായിത്തീർന്നിട്ടുണ്ട്.

ഏതൊരു പ്രശ്നത്തിന്റെയും കാതലാണ് മനസ്സിലാക്കേണ്ടത്. ഒരനാഥ ബാലന് കുറെ സ്വത്ത് കിട്ടിയെന്ന് വെക്കുക. അത് കവർന്നെടുക്കാൻ എനിക്ക് ഉദ്ദേശ്യമുണ്ടെങ്കിൽ, ആകർഷിക്കുന്ന കുറേ വാചകങ്ങൾ പറഞ്ഞ് അവനെ വശത്താക്കാനാണ് ഞാൻ ശ്രമിക്കുക. "ഒരു മനുഷ്യനാവാൻ ഏറ്റവും ഉത്തമമായ മാർഗം വിജ്ഞാനം നേടുകയാണ്." എന്നും പറഞ്ഞ് ഞാനവനെ ലണ്ടനിലേക്കോ മറ്റോ അയക്കുകയും ശാസ്ത്രീയ-ദാർശനിക ഗ്രന്ഥങ്ങൾ വായിക്കാൻ പറയുകയുമാണ് ചെയ്യുക. മതബോധമുള്ളവനാണെങ്കിൽ പള്ളിയിൽ പോയി പ്രാർത്ഥിച്ചുകഴിയാൻ പറയും. അവൻ വിവരമുല്ളവനാണെങ്കിൽ എന്റെ കോളറിനു പിടിച്ചു അവൻ പറയും, "ഹേയ്, കാശിങ്ങെടുക്ക്" എന്ന് ! അത് കൊണ്ട് ഏതൊരു വാചകത്തിന്റെയും പിന്നിലുള്ള ഉദ്ദേശ്യം ശരിക്കും ഗ്രഹിച്ചിരിക്കേണ്ടതാണ്.

ചോദ്യം: ശരിയായ ബോധം നേടിയെടുക്കാൻ ഏതെല്ലാം സ്രേതസ്സിനെ ആശ്രയിക്കണമെന്നാണു താങ്കൾ പറയുന്നത്?

ഉത്തരം: അങ്ങനെയൊരു പ്രത്യേക സ്രോതസ്സുണ്ടെന്നു കരുതുന്നില്ല. ഞാൻ ഒരു യൂണിവേഴ്സിറ്റി വിദ്യാർത്ഥിയായിരുന്നപ്പോൾ ഞാൻ അനേകം പഴയ പുസ്കങ്ങൾ വായിക്കുമായിരുന്നു. അതെല്ലാം എന്റെ തലയിൽ കുറെ മിത്തുകളും അന്ധവിശ്വാസങ്ങളും കുത്തിനിറയ്ക്കുകയുണ്ടായി. യൂറോപ്പിൽ പോയി ബർഗി*ന്റെ വിദ്യാർത്ഥിയാകുവോളം അതായിരുന്നുസ്ഥിതി. അവിടെ നിന്നു കിട്ടിയ വെളിച്ചം നേരത്തെ എന്റെ മനസ്സിലുണ്ടായിരുന്ന അന്ധവിശ്വാസങ്ങളെയും മിത്തുകളെയും മാറ്റുകയുണ്ടായി.

* ലോകത്തിലെ മഹാനായ ഒരു മത ശാസ്ത്രജ്ഞൻ. ഇസ്ലാമിക സാമൂഹ്യശാസ്ത്രത്തിന്റെ ഉപജ്ഞാതാവ്.

ശരിയായ വീക്ഷണവും സമീപനരീതിയും വശപ്പെടുത്തിയാൽ ഏതൊരു കാര്യത്തെയും ഒരു പ്രത്യേക കോണിൽ നിന്നു നോക്കാൻ കഴിയും. നമ്മുടെ സാംസ്കാരികാസ്ഥിവാരം കെട്ടിപ്പടുക്കാനും വർത്തമാന കാലസ്ഥിതികളെയും ഭാവികാലത്തയും മനസ്സിലാക്കാനും ഇത് സഹായിക്കുന്നതാണ്.

ഉദാഹരണമായി അസ്തിത്വവാദത്തെയടുക്കുക. അതിന്റെ ദാർശനികമായ അടിത്തറയാണ്: മനുഷ്യനു അസ്തിത്വമുണ്ട്; അവൻ തന്റെ സവിശേഷതകൾ നേടിയെടുക്കുന്നത് പിന്നീടാണ്. കുറെ മുമ്പ് ഇറാനിയൻ ചിന്തകനായ മുല്ലാസദ്റ(ഹി:979)ഇത് പറഞ്ഞിരുന്നു. നമ്മുടെ ഭൂതകാലത്തെക്കുറിച്ച് ശരിയായ ജ്ഞാനവും ദാർശനിക ബന്ധവുമുണ്ടെങ്കിൽ പാശ്ചാത്യലോകം പറയുന്നതിനെ അപ്പടി അനുകരിക്കേണ്ടി വരില്ല.

ഞാൻ യൂറോപ്പലായിരുന്നപ്പോൾ ഡോ: രാധാകൃഷ്ണൻ ബെൽജിയം സന്ദർശിച്ചിരുന്നു. അദ്ദേഹമവിടെ മതങ്ങളുടെ ചരിത്രത്തെക്കുറിച്ച് ഒരു പ്രഭാഷണം നടത്തുകയുണ്ടായി. ഉജ്വലമായ പ്രഭാഷണം നടത്തിയ അദ്ദേഹത്തിന്റെ മുമ്പിൽ യൂറോപ്പിൽ നിന്നു മുഴുവനുമുള്ള ശാസ്ത്രജ്ഞന്മാർ ചെറിയകുട്ടികളായിട്ടാണ് എനിക്കനുഭവപ്പെട്ടത്. ഡോ: രാധാകൃഷ്ണൻ ഒരു കാര്യം പറയുമ്പോൾ ആ വിഷയത്തിൽ അദ്ദേഹത്തിനു അവഗാഹമായ ജ്ഞാനമുണ്ടായിരുന്നു. അത്കൊണ്ട് അദ്ദേഹത്തോട് ചോദ്യം ചോദിക്കുമ്പോഴെല്ലാം അവർ വളെര ശ്രദ്ധിച്ചിരുന്നു. രാധാകൃഷ്ണനെപ്പോലൊരാൾ സംസാരിക്കുമ്പോഴെല്ലാം യൂറോപ്യർ സ്തബ്ദരായിരുന്നു. യൂറോപ്പിൽ പുതിയൊരു വ്യക്തിത്വം എത്തി എന്നവർക്കു ബോധ്യമായി.

1961 ൽ ഫ്രാൻസിൽ വന്നപ്പോൾ ഇതരർ ഫ്രഞ്ച് വീഞ്ഞും നൃത്തവും അനുകരിക്കുന്നതിൽനിന്നും ഭിന്നമായി അവിടത്തെ ഇന്ത്യൻ എംബസി ഇന്ത്യൻ വിഭവങ്ങളാമ് നൽകുകയുണ്ടായത്.യൂറോപ്യൻ നേതാക്കൾ വന്നപ്പോൾ അവർ ഈ വ്യത്യാസം മനസ്സിലാക്കുകയുണ്ടായി. ഇത് ഫ്രഞ്ചുകാരിൽ അപകർഷബോധം സൃഷ്ടിച്ചു. രണ്ടു നൂറ്റാണ്ട് കാലത്തെ ചൂഷണത്തിനു വിധേയരായ ഇന്ത്യക്കാർ തങ്ങളുടെ സ്വന്തം പൈതൃകത്തിൽ ഉറച്ചു നിൽക്കുകയായിരുന്നു. ഇതാണ് യൂറോപ്യരിൽ മതിപ്പുണ്ടാക്കിയത്.

ഇതിനെയാണ് ഞാൻ തനിമയെന്നും സ്വതന്ത്രചിന്തയെന്നും വിളിക്കുന്നത്. മാർക്സിന്റെ ആശയങ്ങൾ ഒരു നൂറു വർഷം ആവർത്തിച്ചുരുവിട്ടത് കൊണ്ടോ താലോലിച്ചു നടന്നത് കൊണ്ടോ ആർക്കും ഒരു പ്രയോജനവും ലഭിക്കുവാൻ പോകുന്നില്ല. ആഫ്രിക്കയിലും ഏഷ്യയിലും വിജയകരമായി വിപ്ലവം നടത്തിയവരെല്ലാം യുറോപ്യൻ ദർശനങ്ങൾ പഠിച്ച് അതിനെ വിസ്മരിക്കാൻ കഴിഞ്ഞവരായിരുന്നു. അവർ തങ്ങളുടെ സമൂഹത്തെ പഠിക്കുകയും സ്വന്തം സാംസ്കാരികവും ചരിത്രപരവും സാമൂഹികവുമായ വിഭവങ്ങളുടെ അടിസ്ഥാനത്തിൽ പുതിയ പരിഹാരങ്ങൾ നിർദ്ദേശിക്കുകയും പുതിയൊരടിത്തറ കെട്ടിപ്പടുക്കുകയുമാണ് ചെയ്തത്. അത്കൊണ്ടാണവർ വിജയിച്ചത്!

♣♣♣